# പ്രതിഭാവം

പ്രഥമ ഓണപ്പതിപ്പ് 2025



സ്പെഷ്യൽ സ്റ്റോറി

## എന്നിൽ സ്വപ്നങ്ങളുടെ കലർപ്പുണ്ട്

ഡോ. രോഷ്നി സ്വപ്ന / വിസ്മയ കെ. ജി.


04 അഭിമുഖങ്ങൾ

08 കഥകൾ

38 കവിതകൾ

03 ലേഖനങ്ങൾ

പുസ്തകവിചാരം, യാത്ര, കാർട്ടൂൺ


## ഓണവും എഴുത്തും

രാജൻ കൈലാസ് | സുറാബ് | ഇന്ദിരാ ബാലൻ

സതീഷ് കളത്തിൽ

സരോജിനി ഉണ്ണിത്താൻ | ജോയ് വാഴയിൽ | പി. കെ. ഗോപി | വി. ജയദേവ് | കവിയൂർ ശിവദാസ് | സിവിക് ചന്ദ്രൻ | എം. ചന്ദ്രപ്രകാശ് |
ഇടമൺ രാജൻ | സമദ് പനയപ്പിള്ളി | വർഗീസാന്റണി | ഋഷികേശൻ പി. ബി. | ബിജു റോക്കി | പി. സുധാകരൻ | അജിത്രി | സന്ധ്യ ഇ |
സുധീർ നാഥ് | ഡോ. ടി. എം. രഘുറാം | പദ്മദാസ് | ദേവേശൻ പേരൂർ | രജനി മാധവിക്കുട്ടി | കല സജീവൻ | ഡോ. പി. എസ്. രമണി |
രാജൻ സി എച്ച് | കാരൂർ സോമൻ | സാജോ പനയംകോട് | ഡോ. വി. വി. ഉണ്ണികൃഷ്ണൻ | സുരേന്ദ്രൻ മങ്ങാട്ട് | ഇടക്കുളങ്ങര ഗോപൻ |
അബ്ദുള്ള പേരാമ്പ്ര | എം. വി. ഷാജി | ആസിഫ് കാസി | രാജീവ് മാമ്പുള്ളി | കൊന്നംമൂട് വിജു | അശ്വതി അശോകൻ | സഹീറ എം |
ജയചന്ദ്രൻ പൂക്കരത്തറ | സി. എ. കൃഷ്ണൻ | വി. ആർ. രാജ്മോഹൻ | രാജു കാഞ്ഞിരങ്ങാട് | അനുഭൂതി ശ്രീധരൻ | ഗിരിജാ വാര്യർ |
ഡോ. എസ്. ഡി . അനിൽകുമാർ | പ്രസാദ് കാക്കശ്ശേരി | പ്രഭ ദാമോദരൻ | ജയശ്രീ പുളിക്കൽ | പ്രിയാ ജോമോൻ | ബി. അശോക് കുമാർ

# സ്പെഷ്യൽ സ്റ്റോറി

## ഡോ. രോഷ്നി സ്വപ്ന

**കവി ▪ നോവലിസ്റ്റ് ▪ വിവർത്തക ▪ ചലച്ചിത്രനിരീക്ഷക ▪ ചിത്രകാരി ▪ ഗായിക**

35 പുസ്തകങ്ങൾ... 27ഓളം സാഹിത്യ പുരസ്കാരങ്ങൾ... 600ൽ പരം കവിതകൾ...
750ൽപരം ലോകകവിതാ വിവർത്തനങ്ങൾ... 69ൽപരം ചലച്ചിത്ര നിരൂപണങ്ങൾ...
60ഓളം നാടകനിരൂപണങ്ങൾ... 200ഓളം ജേർണലിസ്റ്റിക് ഫീച്ചറുകൾ...

ഇംഗ്ലീഷ്, അർമീനിയ, ഫ്രഞ്ച്, ഹിന്ദി, കന്നട, തമിഴ്, ബംഗാളി, മറാത്തി തുടങ്ങിയ ഭാഷകളിലേക്ക് കവിതകൾ വിവർത്തനം ചെയ്യപ്പെട്ടു.
ഇന്ത്യയിലെ വിവിധ സർവകലാ ശാലകളിലെയും കാലിക്കറ്റ് സർവകലാ ശാലയിലെയും പാഠ്യപദ്ധതികളിൽ കവിതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
'അക്കിത്തം -ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നക്ഷരം' എന്ന ഡോക്യുമെന്ററിയും 'ദൂരം', 'നിശബ്ദം' എന്നീ ഹ്രസ്വചിത്രങ്ങളും സംവിധാനം ചെയ്തു.

മലയാളത്തിനു പുറമെ, ഇംഗ്ലീഷ്, ഹിന്ദി, ഫ്രഞ്ച്, ജർമ്മൻ, ഉർദു, മറാത്തി, ബംഗാളി ഭാഷകളിൽ പ്രാവീണ്യം.



കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഡ്രാമയിൽനിന്നും നാടക സംബന്ധമായ വിഷയത്തിൽ ഡോക്ടറേറ്റ്. കേരള സർവകലാശാലയിൽ നിന്നും മലയാളസാഹിത്യത്തിലും ഇംഗ്ലീഷിലും എം. എ.
മുംബൈ ഭവൻസ് രാജേന്ദ്ര പ്രസാദ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കമ്മ്യൂണിക്കേറ്റീവ് ജേർണലിസത്തിൽ രണ്ടാം റാങ്ക്. ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി(JNU)യിൽനിന്നും ഗ്ലോബൽ സ്റ്റഡീസ്, രീതിശാസ്ത്രം(Methodology), ലാംഗ്വേജ്, ലിറ്ററേചർ, കൾച്ചറൽ എന്നിവയിൽ പഠനം. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇന്റർഡിസിപ്ലിനറി, റിസേർച് മെത്തേഡ് എന്നീ വിഷയങ്ങളിൽ ഫാകൾട്ടി ഡെവലപ്പ്മെന്റ് കോഴ്സുകൾ പൂർത്തിയാക്കി.
കേരള ചലച്ചിത്ര അക്കാഡമിയിൽനിന്നും ഫിലിം അപ്രീസിയേഷൻ കോഴ്സ്.
കേരള സാഹിത്യ അക്കാഡമിയിൽ നിന്നും ജൂനിയർ ഫെല്ലോഷിപ്പ്
നിലവിൽ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല സാഹിത്യപഠന വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ.

മലയാള കഥാകൃത്തും പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് സുപ്രണ്ടുമായിരുന്ന പി. മോഹൻദാസ്, ആകാശവാണി മ്യൂസിക് ആർട്ടിസ്റ്റും നാടക പിന്നണിഗായികയുമായിരുന്ന കർണാടക സംഗീതജ്ഞ ജാനകി മോഹൻദാസ് എന്നിവരാണ്, മാതാപിതാക്കൾ. സംവിധായകനും നടനും എഴുത്തുകാരനും തിയേറ്റർ പ്രാക്റ്റീഷനറും കേരള സാഹിത്യ അക്കാഡമി അവാർഡ് ജേതാവുമായ എമിൽ മാധവി ആണ് ജീവിതപങ്കാളി.



പി. മോഹൻദാസ്, ജാനകി മോഹൻദാസ്



എമിൽ മാധവിയ്ക്കൊപ്പം.

# ഉള്ളടക്കം




എഡിറ്റോറിയൽ
7 പ്രതിഭാവം ഓണപ്പതിപ്പ്
ബി. അശോക് കുമാർ



ഓണവും എഴുത്തും
8 എന്നിൽ സ്വപ്നങ്ങളുടെ കലർപ്പുണ്ട്
ഡോ. റോഷ്നി സ്വപ്ന/ വിസ്മയ കെ. ജി.



കവിത
20 പൂവിളി
ഗിരിജാ വാര്യർ



ലേഖനം
22 ഓണത്തിന്റെ പ്രതിഭാവം
പദ്മദാസ്
ബാലാമണിയമ്മയുടെ 'മഴുവിന്റെ കഥ' യിലൂടെ



ലേഖനം
24 നിറം മങ്ങിയ ഓണക്കോടികൾ
സി. എ. കൃഷ്ണൻ
ഓണകാലത്തെ അമ്മയോർമ്മ



കഥ
26 ഒരു ചാറ്റ് ജിപിടി ചരമക്കുറിപ്പ്
വി.ആർ.രാജമോഹൻ



കവിത
29 ഓണം വന്നേ
പ്രഭ ദാമോദരൻ



കവിത
30 പാടാം വീണ്ടുമാ കഥകൾ
സതീഷ് കളത്തിൽ



ഓണവും എഴുത്തും
32 ഓൺലൈൻ അഭിമുഖം
രാജൻ കൈലാസ്



ചെറുകഥ
35 വെറുതെ കടിക്കുന്ന ഉറുമ്പുകൾ
ബി. അശോക് കുമാർ



കവിത
36 ഇന്നോണം
രാജൻ കൈലാസ്



കവിത
37 ഒറ്റോണം
അജിത്രി



കവിത
38 കുമ്മാട്ടി
പദ്മദാസ്



കവിത
39 ഓണം വന്നു
രാജു കാഞ്ഞിരങ്ങാട്



ചെറുകഥ
40 മേൽവിലാസം തേടുന്നവർ
ഡോ. പി.എസ്. രമണി



കവിത
42 ഓണം ഇല്ലാത്തവർക്കായ്
അനുഭൂതി ശ്രീധരൻ

# ഉള്ളടക്കം




കവിത
**42** ഉള്ളിലെ ഓണം
പ്രിയാ ജോമോൻ



കവിത
**43** ആവയോർമദ്ധ്യേ
ഹൃഷികേശൻ പി ബി



കവിത
**44** ഓണസദ്യയുടെ ക്ലീഷേകൾ
ഡോ. അനിൽ കുമാർ എസ്. ഡി.



ഓണവും എഴുത്തും
**46** ഓൺലൈൻ അഭിമുഖം
സുറാബ്



കവിത
**49** വേഷം മാറിയ കവിത
കൊന്നമൂട് വിജു



ലേഖനം
**50** ശബ്ദമില്ലാത്ത വാക്കുകളുടെ കവിതകൾ
ദേവേശൻ പേരൂർ



കവിത
**53** ജറബറ
പ്രസാദ് കാക്കശ്ശേരി



കവിത
**54** ഒരമ്മയുടെ ദുഃഖം
സരോജിനി ഉണ്ണിത്താൻ



കവിത
**57** വിസ്മൃതഭാഷ
ജോയ് വാഴയിൽ



കവിത
**60** ജീർണ്ണരൂപങ്ങളുടെ ശിരോലിഖിതം
പി. കെ. ഗോപി



കവിത
**61** മനുഷ്യന് പിടികിട്ടുന്നില്ലെന്നുമാത്രം
ബിജു റോക്കി



മൊഴിമാറ്റ കവിത
**63** അലഞ്ഞു തിരിയുന്ന പറവകൾ
അബ്ദുള്ള പേരാമ്പ്ര
ടാഗോർ കവിതകൾ



മൊഴിമാറ്റ കവിത
**64** മ്യൂസിക്കൽ ചെയർ
ഡോ. ടി.എം. രഘുറാം
തമിഴ്: തമിഴാച്ചി തങ്കപാണ്ഡ്യൻ



കവിത
**65** നീലയിൽ നീലയില്ല
ജയശ്രീ പള്ളിക്കൽ



കവിത
**66** സെക്കൻഡ് ഷോ
വി ജയദേവ്



കവിത
**68** തീ + പ്രസവം
സാജോ പനയംകോട്

## ഉള്ളടക്കം



കവിത
70 പഴയ പ്രാന്തൻ വീണ്ടും
സിവിക് ചന്ദ്രൻ


കവിത
72 മരണത്തിന്റെ
പി എച്ച് ഡി
വർഗീസാന്റണി
വി. പി. വാസുദേവനെകുറിച്ച്


കവിത
74 നദിയുടെ ഭൂപടം
പി സുധാകരൻ


കവിത
76 ചെടിയോ മരമോ
ആവുമ്പോൾ
സന്ധ്യ ഇ


കവിത
78 നിങ്ങൾ C/o മയ്യഴി
രാജൻ സി എച്ച്


കവിത
80 പിന്നെയും
ഇടക്കുളങ്ങര ഗോപൻ


കവിത
81 കണക്കെടുപ്പ്
കല സജീവൻ


കവിത
82 ഒച്ച തുടർച്ചകൾ
രാജീവ് മാമ്പുള്ളി


കവിത
83 പദപ്രശ്നം
ഇന്ദിരാ ബാലൻ


ഓണവും എഴുത്തും
84 ഓൺലൈൻ അഭിമുഖം
ഇന്ദിരാ ബാലൻ


രണ്ട് ചെറുകഥകൾ
86 പാഠം ഒന്ന് : എന്റെ അമ്മ
ഒരു കഥയ്ക്കു വേണ്ടി
സമദ് പനയപ്പിള്ളി


കവിത
87 സന്ധ്യ
ജയചന്ദ്രൻ പൂക്കരത്തറ


കവിത
88 ആക്രി
എം. വി. ഷാജി


കവിത
90 പ്രണയത്തിന്റെ ചിറകൊച്ച
എം ചന്ദ്രപ്രകാശ്


കവിത
91 പ്രണയാത്മകം
രജനി മാധവിക്കുട്ടി


കവിത
92 നഖങ്ങൾ
ഡോ. വി. വി. ഉണ്ണികൃഷ്ണൻ

# ഉള്ളടക്കം


കവിത
93 പൊര പൊതക്കൽ
ആസിഫ് കാസി


ചെറുകഥ
94 ആധാരം
സുരേന്ദ്രൻ മങ്ങാട്ട്


ചെറുകഥ
96 നിലക്കാത്ത മണിയൊച്ച
സഹീറ എം


കഥ
98 കൈയറത്താം പൂ
അശ്വതി അശോകൻ


കവിത
103 എനിക്ക് പിന്നിൽ പറക്കാതെ നിൽക്കുന്ന ഒരു പക്ഷിയുണ്ട്
രോഷ്നി സ്വപ്ന


മൊഴിമാറ്റ കഥ
104 ഉണർവോടു വിളയാടും പറവൈകൾ
ഇടമൺ രാജൻ
തമിഴ്: പി. കരുണാകര മൂർത്തി



പുസ്തകവിചാരം
112 കാഴ്ച്ചയുടെ അകവും പുറവും
കവിയൂർ ശിവപ്രസാദ്
ദർശനാ ടാക്കീസ്: ഇ. വി. റെജി


യാത്രാ വിവരണം
114 നാടകലോകത്തെ വിസ്മയ ഗോപുരം
കാരൂർ സോമൻ


കാർട്ടൂൺ
118 കുഴിറോഡ്
സുധീർ നാഥ്

## എഡിറ്റേഴ്സ് റൂം

പ്രതിഭാവം
പ്രഥമ ഓണപ്പതിപ്പ്

2025 സെപ്തംബർ(ചിങ്ങം)
ലക്കം1
prathibhavam.com

എഡിറ്റർ:
സതീഷ് കളത്തിൽ

മാനേജിങ് എഡിറ്റർ:
ബി. അശോക് കുമാർ

അസോ. എഡിറ്റർ:
വിസ്മയ കെ. ജി.

സബ് എഡിറ്റർ:
അഭിത സുഭാഷ്

എക്സിക്യൂട്ടിവ് എഡിറ്റേഴ്സ്:
നിവേദ ശിവകുമാർ
അഖിൽ കൃഷ്ണ

ചീഫ് അഡ്മിനിസ്ട്രേറ്റർ:
നവിൻ കൃഷ്ണ

ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ:
സായി ശ്രുതി

മാനേജിങ് അഡ്മിനിസ്ട്രേറ്റർ:
സാജു പുലിക്കോട്ടിൽ

**എഡിറ്റോറിയൽ:**
പ്രതിഭാവം,
കോമളാലയം,
ശങ്കരയ്യ റോഡ്,
പി. ഓ. പൂത്തോൾ,
തൃശൂർ- 680 004.
+91 70124 90551 | 94467 61243
editor@prathibhavam.com,
prathibhavam2025@gamil.com

**അഡ്മിനിസ്ട്രേഷൻ:**
ക്രിസ് സൊല്യൂഷൻസ്,
ഡോർ നമ്പർ: 21/181,
കാനാട്ടുക്കര,
തൃശൂർ- 680011
+91 6379916598
admn.krizsolutions@gmail.com

A non- paid circulation of Kriz solutions

ഏവർക്കും ഓണാശംസകൾ

## എഡിറ്റോറിയൽ
ബി. അശോക് കുമാർ



# പ്രതിഭാവം
## പ്രഥമ ഓണപ്പതിപ്പ്



ഓണചിത്രം
സങ്കല്പ: എഐ അവതാർ

പ്രതിഭാവം ഓൺലൈൻ പിരിയോഡിക്കലിന്റെ പ്രഥമ ഓണപ്പതിപ്പിലെ ഇല്ലുസ്ട്രേഷൻ ഭൂരിഭാഗവും എഐയുടെ സഹായത്തോടെ ചിത്രീകരിച്ചിരിക്കുന്നു. കാല്പനിക ആഖ്യാനങ്ങളുടെ ഭാഗമായി ഇതിൽ ഉപയോഗിച്ചിരിക്കുന്ന വ്യക്തിരൂപങ്ങൾക്ക് ജീവിച്ചിരിക്കുന്നവരോ മരിച്ചുപോയവരോ ആയി ഏതെങ്കിലും വിധത്തിൽ സാദൃശ്യം തോന്നുന്നുവെങ്കിൽ അതു തികച്ചും യാദൃശ്ചികമാണ്. ഇന്റർനെറ്റ്/ വിക്കിപീഡിയ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ ചിത്രങ്ങളുടെ അംശങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ഈ പതിപ്പ് ഡിജിറ്റലായി(സോഫ്റ്റ് കോപ്പി/പിഡിഎഫ്) വ്യക്തികൾക്കു വിതരണം ചെയ്യുന്നതും പ്രതിഭാവം ഓൺലൈനിലും ഇതര ഓൺലൈൻ/ സോഷ്യൽ മീഡിയ ഫ്ലാറ്റ് ഫോമുകളിലും പ്രസിദ്ധീകരിക്കുന്നതുമാണ്. കൂടാതെ, ഓഫീസ് ആവശ്യങ്ങൾക്കായി ലിമിറ്റഡ് പ്രിന്റഡ് കോപ്പികൾ പേമെന്റ് ഈടാക്കാതെ വിതരണം ചെയ്യുന്നതുമാണ്.

ഡിസൈൻ: ക്രിസ് സൊല്യൂഷൻസ്
ലേ ഔട്ട്: അഖിൽകൃഷ്ണ
ഇല്ലുസ്ട്രേഷൻ(എഐ): സൂര്യ(സതീഷ് കളത്തിൽ)
പ്രിൻറിംഗ്: ഭാവന പ്രിന്റ് ഫാക്ടറി, തൃശൂർ. Mob: 9778183768

മുഖചിത്രം: ഡോ. രോഷ്നി സ്വപ്ന
ഫോട്ടോ: നവീൻകൃഷ്ണ



പ്രിയരേ...

മലയാളത്തിലെ പ്രശസ്ത എഴുത്തുകാർ വിരുന്നൊരുക്കിയ, പ്രതിഭാവത്തിന്റെ പ്രഥമ ഓണപ്പതിപ്പ് ഹൃദയപൂർവ്വം നിങ്ങളുടെ കൈകളിലേക്ക് എത്തിയിരിക്കുകയാണ്.

രണ്ടായിരാമാണ്ടിൽ അച്ചടി മാധ്യമമായി തുടങ്ങിയ 'പ്രതിഭാവം' പ്രതിമാസ പത്രം, 2025 ജനുവരി 1 മുതൽ ഒരു ഓൺലൈൻ ആനുകാലികമായി നിലകൊള്ളുന്നു. ഇതിനോടകം, മലയാളത്തിലെ മുഖ്യധാരാ എഴുത്തുകാർ ഉൾപ്പെടെ നിരവധി പേരുടെ മികവുറ്റ രചനകൾ പ്രസിദ്ധീകരിക്കുവാൻ പ്രതിഭാവത്തിനു സാധിച്ചിട്ടുണ്ട്.

ഇരുപത്തിയഞ്ച് വർഷങ്ങൾക്കുമുൻപ്, തൃശ്ശൂർ നഗരത്തിലെ ശങ്കരയ്യറോഡിൽ പ്രവർത്തിച്ചിരുന്ന 'റെഡ് സ്റ്റാർ' ക്ലബിന്റെ ഒരു ലഘുമാസികയിലൂടെയാണ്, പ്രതിഭാവത്തിന്റെ തുടക്കം. സതീഷ് കളത്തിൽ എഡിറ്ററായി ആരംഭിച്ച ഈ മാസിക 1999 സെപ്റ്റംബർ 08 ന്, പ്രമുഖ ചരിത്രകാരനും ശ്രീ കേരളവർമ കോളേജിലെ ചരിത്ര വിഭാഗം തലവനും ആയിരുന്ന പ്രൊഫ. പി. കെ. ടി. രാജ ഉദ്ഘാടനം നിർവഹിച്ചു.




പ്രതിഭാവം മാസിക പ്രൊഫ. പി. കെ. ടി. രാജ ഉദ്ഘാടനം ചെയ്യുന്നു | സതീഷ് കളത്തിൽ സംസാരിക്കുന്നു. ക്ലബ്ബ് പ്രസിഡന്റ് പി. കെ. ബാബുരാജ്, ഗോവിന്ദൻ, ജോസ് എന്നിവർ സമീപം.

പിന്നീട്, ക്ലബിന് ഈ പ്രസിദ്ധീകരണം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരികയും സതീഷ് അതിനെ ഏറ്റെടുക്കുകയും സ്വതന്ത്രമായ ഒരു പ്രതിമാസ പത്രമാക്കി രണ്ടായിരാമാണ്ട് ജനുവരിയിൽ പ്രസിദ്ധീകരണം പുനഃരാരംഭിക്കുകയും ചെയ്തു. മലയാളത്തിന്റെ പ്രിയ എഴുത്തുകാരി ഗീതാ ഹിരണ്യന്റെ, പ്രസിദ്ധീകൃതമായ അവസാനകാലകൃതി എന്നു വിശേഷിപ്പിക്കാവുന്ന 'സുഖം' കവിത പ്രതിഭാവത്തിന്റെ ആദ്യ എഡിഷനിൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് ചാരിതാർഥ്യമായി. സാമ്പത്തിക പരാധീനതകൾ മൂലം ഈ എഡിഷനും നിർത്തേണ്ടതായി വന്നു.




പ്രതിഭാവം പത്രം ആദ്യ എഡിഷൻ

ഇരുപത്തഞ്ചാണ്ടുകൾക്കുശേഷം വീണ്ടും ആരംഭിച്ച പ്രതിഭാവത്തിന്റെ ഈ മൂന്നാം ഘട്ടത്തിൽ, കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനകാലയളവിൽ, മികച്ച എഴുത്തുകാരുടെയും വായനക്കാരുടെയും പിൻബലത്തിൽ പ്രതിഭാവത്തിനു ശ്രദ്ധേയമായ ഒരു ഓൺലൈൻ ആനുകാലികമായി മാറുവാൻ കഴിഞ്ഞിട്ടുണ്ട് എന്നത്, ഞങ്ങൾക്ക് അത്യധികം ആഹ്ലാദം നല്കുന്നു.

ഈ അവസരത്തിലാണ്, ഞങ്ങൾ നിങ്ങൾക്കു മുൻപിൽ പ്രതിഭാവത്തിന്റെ ഒന്നാം ഓണപ്പതിപ്പ് സമർപ്പിക്കുന്നത്. ഈ പതിപ്പ് നിങ്ങൾ ഗൗരവമായി വിലയിരുത്തുമെന്നും തുടർന്നും മികച്ച എഴുത്തുകളും വായനയും ആശംസകളും അംഗീകാരങ്ങളും വിമർശനങ്ങളും ഉൾപ്പെടെയുള്ള പ്രോത്സാഹനങ്ങളും സർവാത്മക പിന്തുണയും നല്കി ഒപ്പം ഉണ്ടാകുമെന്ന് കാംക്ഷിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഹൃദയപൂർവ്വം എല്ലാവർക്കും ഓണാശംസകൾ നേർന്നുകൊണ്ട്,

ബി. അശോക് കുമാർ,
മാനേജിങ് എഡിറ്റർ.

സ്പെഷ്യൽ സ്റ്റോറി

ഓണവും എഴുത്തും:

ഡോ. രോഷ്നി സ്വപ്ന/വിസ്മയ കെ. ജി.



# എന്നിൽ സ്വപ്നങ്ങളുടെ കലർപ്പുണ്ട്

എഴുതുന്നത് എപ്പോഴും കവിതയാകണമെന്നില്ല, സാഹിത്യമാവണമെന്നില്ല. എങ്കിലും അത്രയ്ക്കൊന്നും അച്ചടക്കമില്ലാത്ത, ചിന്തകളെയോ അനുശീലനങ്ങളെയോ ആലോചനകളെയോ അടുക്കിവെച്ചുകൊണ്ടുള്ള, ക്രമരാഹിത്യത്തിന്റെ ഒരു നിഗൂഢതലം എന്നിലുണ്ട്. ആ തലത്തിൽ ഇരുന്നാണ് ഞാൻ എഴുതാറ്.

ഓണം 2025

മലയാളത്തിലെ പ്രിയഎഴുത്തുകാരി ഡോ. രോഷ്നി സ്വപ്ന, തന്റെ ചെറുപ്പകാലത്തെ ഓണം ഓർമ്മകളും എഴുത്തുജീവിതത്തിലെ സുപ്രധാന വിഷയങ്ങളും പ്രതിഭാവത്തിനോടു പങ്കുവെയ്ക്കുന്നു.

**ഓണം 2025. തിരിഞ്ഞു നോക്കുമ്പോൾ ഓണത്തിനു വന്ന പുതുമകൾ?**

ഓണത്തെക്കുറിച്ച് സവിശേഷമായ ഓർമ്മകൾ ഒന്നുമില്ല. ചെറുപ്പം മുതൽ ഓണാഘോഷങ്ങളുമായി കാര്യമായ ബന്ധമൊന്നുമില്ല. അച്ഛന്റെ എഴുത്ത്/ കല തുടങ്ങിയ പൊതുജീവിതമായും അമ്മയുടെ സംഗീത പരിപാടികളുമായും ബന്ധപ്പെട്ട അവരുടെ സുഹൃത്തുക്കളായ കലാകാരന്മാരുടെയും എഴുത്തുകാരുടെയും സന്ദർശനങ്ങളാണ് ഓർമ്മകളിൽ അധികവും. ആ അനുഭവങ്ങൾ ഒരു വെയിൽ വെളിച്ചം പോലെ മൂടുന്നുണ്ട്. അത്രമാത്രം.

**ഓണവുമായി ബന്ധപ്പെട്ട എഴുത്തുകളിൽ മനസ്സിൽ തങ്ങി നിൽക്കുന്നത്?**

എം ടി യുടെ ഒരു ഓണക്കഥ വായിച്ച സങ്കടം ഓർമ്മയുണ്ട്. ഒരു ചെറിയ കുട്ടിയുടെ ദാരിദ്ര്യമായിരുന്നു വിഷയം.

**ഓണക്കളികളിൽ/ ആഘോഷങ്ങളിൽ പ്രിയപ്പെട്ടത്?**

എല്ലാ മനുഷ്യരും ഒന്ന് പോലെ എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. അതെത്രമാത്രം പ്രായോഗികമാണ് എന്നോർക്കുമ്പോൾ വിഷമവും. തൃശൂർക്കാരിയായതു കൊണ്ട്, പ്രിയപ്പെട്ട ഓണാഘോഷം പുലിക്കളി.

**ഓണവിഭങ്ങളിൽ പ്രിയപ്പെട്ടത്?**

തൈരും മോരും കലർന്ന കറികൾ. കേരളത്തിന്റെ പരമ്പരാഗത സദ്യ ഇഷ്ടമാണ്. നന്നായി പാചകം ചെയ്യാനും ഇഷ്ടമാണ്. ഓരോ വിഭവത്തിനും ഓരോ സാംസ്കാരിക ചരിത്രമുണ്ട്. അതിന്റെ രുചി, നിറം, സുഗന്ധം എന്നിവ രൂപപ്പെടുന്നതിൽ കൈവന്ന ചരിത്രം അന്വേഷിക്കാറുണ്ട്.

**ആദ്യത്തെ എഴുത്ത്?**

ആറാം ക്ലാസിൽ പഠിക്കുമ്പോൾ. ഡിക്കെൻസിന്റെ 'എ ടെയിൽ ഓഫ് റ്റു സിറ്റീസ്' എന്ന കൃതിയുടെ ആസ്വാദനം.

**ആറാം ക്ലാസിൽ..? ഫ്രഞ്ചുവിപ്ലവം പശ്ചാത്തലമാക്കുന്ന ഒരു വിശ്വസാഹിത്യത്തെകുറിച്ച്?**

ഡാഡി എഴുത്തുകാരനായിരുന്നു. ലോക ക്ലാസിക്കുകളുടെ വലിയ കൂമ്പാരം തന്നെ വീട്ടിലുണ്ട്. ഭാഷ  അറിയാതെ അതൊക്കെ എടുത്ത് ഒഴിവു സമയങ്ങളിൽ വായിക്കുന്നതായിരുന്നു അന്നത്തെ പണി.

'മനസ്സിലായില്ലെങ്കിൽ ഒന്നുകൂടി വായിക്കൂ, വീണ്ടും വീണ്ടും വായിക്കൂ...' എന്ന് ഡാഡി പറയും. ഇംഗ്ലീഷ് വായിക്കുക ബുദ്ധിമുട്ടില്ല. പക്ഷേ ഇംഗ്ലീഷ് സാഹിത്യത്തിലേക്ക് കടക്കാൻ ആ പ്രായത്തിൽ വാതിലുകൾ തുറന്നിട്ടത് ഡാഡിയാണ്. ഡാഡിയുടെ സഹായത്തോടെയാണ് വായിക്കാൻ ശ്രമിച്ചത്.

പലതും മനസ്സിലായില്ല. വായിച്ചവയെക്കുറിച്ച് ചെറിയ കുറിപ്പുകൾ എഴുതി വെയ്ക്കുന്ന ശീലം അന്നേ തുടങ്ങിയതാണ്. അങ്ങനെ ആറാം ക്ലാസ് അവധിക്ക് എഴുതിയ ഒരു ചെറിയ കുറിപ്പാണ് ആ നോവലിന്റേത്. ഡാഡിയുടെ സുഹൃത്തും കഥാകൃത്തും കവിയുമായ ഡി. വിനയചന്ദ്രൻ മാഷ് വീട്ടിൽ വന്നപ്പോൾ ആ കുറിപ്പ് വായിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് അത് ബാലപംക്തിയിലേക്ക് അയച്ചത്.

**ആദ്യത്തെ പുസ്തകം?**

അരൂപികളുടെ നഗരം. ഡി സി ബുക്സിന്റെ 2007ലെ ഒ. വി. വിജയൻ നോവൽ പുരസ്കാരത്തിന് തെരഞ്ഞെടുത്ത നോവലാണ്. മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യ പ്രസിദ്ധീകരണങ്ങളിൽ നിരന്തരം കവിതകൾ വന്നുതുടങ്ങി, ഏകദേശം 10 വർഷം കഴിഞ്ഞു. ആദ്യ പുസ്തകം എപ്പോൾ... എങ്ങനെ... എന്ന സംശയമുണ്ടായിരുന്നു.

1994ൽ തുടങ്ങിയ എഴുത്തുകാലം. ഇതിനിടയിൽ എപ്പോഴോ പൂർത്തിയാക്കിയ നോവൽ. അക്കാലത്താണ്, ഒ. വി. വിജയൻ സ്മാരക നോവൽ പുരസ്കാരത്തിലേക്ക് എഴുത്തുകാരുടെ ആദ്യ നോവൽ ക്ഷണിച്ചുകൊണ്ടുള്ള ഡി സി ബുക്സിന്റെ അറിയിപ്പ് കാണുന്നത്. എഴുതിക്കഴിഞ്ഞ ഇരുനൂറോളം പേജുകൾ കയ്യിലുണ്ട്.

കവിതകൾ പുസ്തകമാക്കാനുള്ള കാലമായി എന്ന് വായനക്കാർ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്ന കാലംകൂടിയായിരുന്നു അത്. ആദ്യം മടിച്ചു. കവിതയിലാണ് മനസ്. ആദ്യ പുസ്തകം കവിതയല്ലേ ആകേണ്ടത് എന്ന ഇഷ്ടക്കൂടുതൽ... അന്ന് സ്ഥിരമായി കവിയരങ്ങുകൾ ഉണ്ട്. കവിതായാത്രകൾ ഉണ്ട്. നോവൽ എഴുതിപ്പോയതാണ്.

കവി സെബാസ്റ്റ്യനും അശോകൻ ചരുവിലും ആ നോവൽ നിർബന്ധമായി അയക്കണം എന്നും പറഞ്ഞു. ഒന്നും നോക്കാതെ, പൂർത്തിയായ പേജുകൾ ഡി സിയ്ക്ക് അയച്ചു. മമ്മിയാണ് അക്ഷരതെറ്റുകൾ തിരുത്തിയത്. സാനു മാഷ് വായിച്ചതിനു ശേഷമാണ് അയച്ചത്.

അതിനും മുൻപ്, പ്രശസ്ത ചലച്ചിത്ര ക്യൂറേറ്ററും നാഷണൽ ഫിലിം ആർക്കൈവ് ഓഫ് ഇന്ത്യയുടെ സ്ഥാപകനുമായിരുന്ന പി കെ നായർ ക്യൂറേറ്റ് ചെയ്ത ഒരു ചലച്ചിത്രാസ്വാദന കോഴ്സിൽ പങ്കെടുത്തപ്പോൾ അദ്ദേഹത്തിന് അരൂപികളുടെ നഗരത്തിലെ ആദ്യ അദ്ധ്യായമായ 'നഗരം' വായിക്കാൻ കൊടുത്തിരുന്നു. പിറ്റേന്നു ക്ലാസിലേക്ക് വന്നയുടൻ പി കെ സർ ചോദിച്ചത്, "സ്വപ്ന തർകോവ്സ്കിയുടെ സിനിമകൾ കണ്ടിട്ടുണ്ടോ?" എന്നാണ്. "ഇല്ലെങ്കിൽ കാണണം. താൻ എഴുതുന്ന നോവലിൽ തർകോവ്സ്കി ഇടപെടും." എന്നും പറഞ്ഞു. അവിടെ വച്ചാണ് ഞാൻ തർകോവ്സ്കിയെ അറിയുന്നത്. അവിടം മുതലാണ് മുമ്പെങ്ങും ഇല്ലാത്തപോലെ, ജീവിതത്തിനും എഴുത്തിനുംമേലെ കാഴ്ചയുടെ അവ്യവസ്ഥിത രൂപങ്ങൾ എന്നിൽ കുടിയേറാൻ തുടങ്ങിയത്.

നോവൽ അയച്ചു കുറച്ച് ദിവസങ്ങൾക്കു ശേഷം ഷോർട് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നൊരു അറിയിപ്പ് ഡി സിയിൽ നിന്നും വന്നു. 2007 മാർച്ചിൽ. കണ്ണൂർ ടൌൺ ഹാളിൽ വെച്ചാണ് പരിപാടി. അന്നത്തെ വൈകുന്നേരം ഞാനടക്കം അഞ്ച് പേരുടെ നോവലുകൾ വെളിച്ചം കണ്ടു.

**സ്വന്തം എഴുത്തുകളിലെ ആത്മവിമർശം?**

ഡിഗ്രി വരെ ഗദ്യമാണ് എഴുതിയത്. കഥകളും കുറിപ്പുകളും മറ്റും. അതിനു ശേഷമാണ് കവിതയിലേക്ക്. ആത്യന്തികമായി കവിതയിലാണ് ഞാൻ.

എഴുതിക്കൊണ്ടേയിരിക്കുക എന്നതാണ് എന്റെ രീതി. എഴുതിയതിൽ അധികവും പുറത്ത് കാണിക്കാനോ കൊടുക്കാനോ തല്പര്യപ്പെടാറില്ല. എഴുതുന്നത് എപ്പോഴും കവിതയാകണമെന്നില്ല, സാഹിത്യമാവണമെന്നില്ല. എങ്കിലും അത്രയ്ക്കൊന്നും അച്ചടക്കമില്ലാത്ത, ചിന്തകളെയോ അനുശീലനങ്ങളെയോ ആലോചനകളെയോ അടുക്കിവെച്ചുകൊണ്ടുള്ള, ക്രമരാഹിത്യത്തിന്റെ ഒരു നിഗൂഢതലം എന്നിലുണ്ട്. ആ തലത്തിൽ ഇരുന്നാണ് ഞാൻ എഴുതാറ്.

എഴുത്തിനോട് വല്ലാത്ത ഒരു ആവേശമുണ്ട്. അനുഭവങ്ങളുടെ, നിരീക്ഷണങ്ങളുടെ, ചിന്തയുടെ ഒക്കെ ഇടങ്ങളിൽ എഴുത്ത് രൂപപ്പെടാറുണ്ട്. ഒരു പക്ഷേ എഴുതുന്നതിനേക്കാൾ കൂടുതൽ വായനയ്ക്കാണ് സമയം കണ്ടെത്താറ്. ഓരോ പുസ്തകവും ഞാൻ എഴുതേണ്ടിയിരുന്ന പുസ്തകം എന്ന ആഗ്രഹത്തോടെയാണ് വായിക്കുക.



ഓരോ കവിതയെയും സ്വയം വിമർശിക്കാൻ ശ്രമിക്കാറുണ്ട്. സ്വന്തം കാലുകളുടെ അടയാളങ്ങളിലേക്ക് അത് വേരൂന്നുന്നത് നോക്കി നില്ക്കാറുണ്ട്. എഴുതിയവയെ മുഴുവൻ വെളിപ്പെടുത്താറില്ല. ഉപേക്ഷിച്ചവയാണ് കൂടുതൽ.

ഒരിക്കൽ എഴുതിയാൽ, അഞ്ചോ ആറോ വർഷം കഴിഞ്ഞ് മുഴുവനാകുന്ന കവിതകളും നോവൽ ഭാഗങ്ങളും ഇപ്പോഴും കയ്യിലുണ്ട്. തന്റെ എഴുത്തിനെ കുറിച്ചുള്ള ബോധ്യങ്ങൾ സമഗ്രമായി തന്നെ നമുക്കുള്ളിൽ ഉണ്ടാവണം എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. അബോധത്തിൽ സംഭവിക്കുന്ന ഒന്നല്ല എനിക്ക് എഴുത്ത്. പക്ഷേ സ്വപ്നങ്ങളും അതിതീവ്രമായ ഭ്രമാത്മക ചിന്തകളും മാജിക്കും എന്റെ ചിന്തയിലൂടെ കടന്നു പോകാറുണ്ട്. അത് പലപ്പോഴും 'എഴുത്ത്' ആവണമെന്ന നിർബന്ധം എനിക്കില്ല. ഒരു ക്യാൻവാസിലേക്ക് ചിത്രമായി പകർത്താനും അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ എന്നിൽ നിന്ന് പുറത്തേക്ക് പകർത്താനും കഴിയുന്ന പല മീഡിയങ്ങളിലേക്കും ഞാൻ പകർന്നു പോകാറുണ്ട്.

എഴുതുന്നത് ഞാൻ നിലനിൽക്കുന്നു എന്ന് എന്നെ തന്നെ വിശ്വസിപ്പിക്കാൻ ആണ് എന്നതാണ് സത്യം. സമയം എന്നത് എന്റെ ചിന്തയിൽ വരുന്ന ഒന്നേ അല്ല. എല്ലാ സമയങ്ങളും എന്റേത് തന്നെയാണ്. എന്നെ സംബന്ധിച്ച്, ഒരാൾ കവിതയെഴുതുന്നു, ഒരാൾ സംഗീതത്തിൽ ജീവിക്കുന്നു, ഒരാൾ ചിത്രകാരനാകുന്നു, കലാകാരൻ/ കാരി ആകുന്നു എന്നതിൽ അവർ ആ കലയ്ക്കു വേണ്ടി എത്ര സമയം മാറ്റിവയ്ക്കുന്നു/ അധ്വാനിക്കുന്നു/ ഹോംവർക്ക് ചെയ്യുന്നു എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. അത് അയാളുടെ/ അവളുടെ കലയിലെ റിസൾട്ടിൽ പ്രതിഫലിക്കുക തന്നെ ചെയ്യും.

അതുപോലെതന്നെ, പുതിയ ഭാവുകത്വത്തെയോ പഴയ ഭാവുകത്വത്തെയോ വേണ്ടത്ര അളവിൽ/ രീതിയിൽ തിരിച്ചറിയാത്ത എഴുത്തിനെയും കലയെയും ഒരുതരത്തിലും സഹിക്കാൻ പറ്റാത്ത ആളാണ് ഞാൻ.

**ജീവിതത്തിൽ, എഴുത്ത് അഭിഭാജ്യഘടകമെന്നു തിരിച്ചറിഞ്ഞത് എപ്പോൾ/ എങ്ങനെ?**

90കളുടെ മധ്യത്തിൽ. സംഗീതം എന്റെ ജീവനും കവിത ആത്മാവുമാണെന്ന് തിരിച്ചറിഞ്ഞ കാലം. മൂന്നര വയസ്സ് മുതലേ കർണാടക സംഗീതവും ചിത്രം വരയുമാണ് ഞാൻ അഭ്യസിച്ചത്. അമ്മ സംഗീതജ്ഞയായിരുന്നു. വീട് നിറയെ സംഗീതോപകരണങ്ങളും മുകൾ നിലയിലെ മുറിയിൽ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഉണ്ടായിരുന്നു.

ഡാഡിയും സുഹൃത്തുക്കളും ചേർന്ന് വായനക്കൂട്ടവും ഫിലിം ക്ലബ്ബുകളും നടത്തിയിരുന്നത് കണ്ടാണ് വളർന്നത്. കലയെ അത്രമേൽ സ്നേഹിക്കുന്ന ഒരു കൂട്ടം മനുഷ്യർക്കിടയിലാണ് ഞാൻ വളർന്നത്. എപ്പോഴും പുതിയ പുസ്തകം, പുതിയ കഥ, ആഴ്ചപ്പതിപ്പുകൾ, സിനിമകൾ എന്നിവയെക്കുറിച്ചാണ് കേൾക്കുക. മറ്റൊരു ചിന്ത അന്നില്ല. കുട്ടികൾക്കൊപ്പം കളിക്കുന്നതിനെക്കാൾ ഞാൻ ആ പുസ്തകങ്ങൾക്കിടയിൽ ഉറങ്ങുന്നത് ശീലിച്ചു.

ജീവിതത്തിൽ എന്തിനാണ് പ്രാമുഖ്യം കൊടുക്കേണ്ടത് എന്ന് അന്ന് തന്നെ തോന്നിപ്പിച്ചിരുന്നിരിക്കാം. അതോടൊപ്പം കാരണമില്ലാത്ത ഏകാന്തതയും കൂടെയുണ്ടായിരുന്നു. എത്ര വേദികളിൽ പാടിയിട്ടും ആ ഏകാന്തത എന്നെ വിട്ട് പോയില്ല, കവിത എന്നിലേക്ക് ആഴത്തിൽ വേരോടുംവരെ.

സംഗീതത്തിലോ സാഹിത്യത്തിലോ ചിത്രം വരയിലോ സിനിമയിലോ ഒക്കെ ആയിരിക്കും ജീവിതം കൊളുത്തിക്കിടക്കുക എന്ന് കരുതിയിരുന്ന ഒരു കാലത്തെ പകുതിയായി കീറിമുറിച്ചു കൊണ്ടാണ് പലതും സംഭവിച്ചത്. നിരന്തരമായുള്ള പറിച്ചു നടലുകൾ എന്നെ ഏകാകിയാക്കി. ഡാഡിയുടെ ജോലി സംബന്ധമായ സ്ഥലം മാറ്റങ്ങൾ, അതിർത്തികളിലെ സ്കൂളുകളിലെ പഠനകാലങ്ങൾ, വ്യത്യസ്ത സംസ്കാരങ്ങളിലുള്ള കുട്ടികൾ, അവിടങ്ങളിലെ മനുഷ്യർ എല്ലാംതന്നെ എന്നെ എഴുത്തിലേക്ക് എത്തിച്ച ഘടകങ്ങളാണ്.

കൃത്രിമമായ ബോധങ്ങളിൽ നിന്ന് യഥാർത്ഥ സ്വത്വത്തിലേക്ക് എത്താനുള്ള ഒരേയൊരു മാധ്യമമാണ് എനിക്ക് കവിത എന്ന് ഈ കാലത്താണ് തിരിച്ചറിയുന്നത്. എട്ടാം ക്ലാസ് വരെ, ലോകക്ലാസിക് പുസ്തകങ്ങൾ എന്നെ ഉഴുതുമറിച്ചു. ഏറിയ പങ്കും അന്നത്തെ വായന തന്നെയാണ്, പില്ക്കാലത്ത്, ജീവിതത്തെ മനസ്സിലാക്കിത്തന്നതും.

ഇന്ന് കവിതയിൽ ഞാൻ ജീവിക്കുകയാണ്. കവിതയെഴുത്തിൽ 25 വർഷങ്ങൾ കഴിഞ്ഞു. ഇപ്പോഴും എന്നെ മുഴുവനായി സംതൃപ്തിപ്പെടുത്തുന്ന കവിത എഴുതിയിട്ടില്ല. ആ അപൂർണ്ണതയിൽ ജീവിക്കാനാണ് ഇഷ്ടം. എന്നിൽ നിന്ന്, കാലത്തിൽ നിന്ന് അടർന്നു പോകുന്ന ഒരു കവിതയും എന്നെ സന്തോഷിപ്പിക്കുന്നില്ല. അവിടെ പാരമ്പര്യവാദമോ ഭാഷയുടെ വ്യാകരണ നിയമങ്ങളോ ഇല്ല. ഭാവുകത്വവും ഫോമും മാത്രമാണ് എന്നെ സംബന്ധിച്ച് പ്രധാനം.

കവിതകൾ ആദ്യം അച്ചടിച്ചു തുടങ്ങിയത് മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ്, ഏകദേശം 1994 മുതൽ. 2007 ലാണ് ആദ്യ പുസ്തകത്തിന്റെ വരവ്. അതിനു ശേഷം, ജീവിതത്തിന്റെ ഭാഗമായി എഴുത്ത് ഒഴുകുന്നു.

ഓരോ കവിതയെയും സ്വയം വിമർശിക്കാൻ ശ്രമിക്കാറുണ്ട്. സ്വന്തം കാലുകളുടെ അടയാളങ്ങളിലേക്ക് അത് വേരൂന്നുന്നത് നോക്കി നില്ക്കാറുണ്ട്. എഴുതിയവയെ മുഴുവൻ വെളിപ്പെടുത്താറില്ല. ഉപേക്ഷിച്ചവയാണ് കൂടുതൽ.

**ഇഷ്ടപ്പെട്ട കൃതികൾ? എഴുത്തുകാർ?**

ഗബ്രിയേൽ ഗർസിയ മാർക്വേസിന്റെ ഏകാന്തതയുടെ നൂറ് വർഷങ്ങൾ(One Hundred Years of Solitude), ഹൊസേ ഡി സൂസ സരമാഗോയുടെ കൃതികൾ, ബൈബിൾ, ഷേക്സ്പിയർ കൃതികൾ, ടി. എസ്. എലിയറ്റ്, വ്ളാദിമിർ മയക്കോവ്സ്കി, ബോർഹസ്, ചാൾസ് ബോദ്ലെയർ, റയിനർ മരിയ റിൽക്കെ, ഗാർഷ്യ ലോർക, ജോൺ കീറ്റ്സ്, അന്ന അഖ്മതോവ, സാറാ കെയ്ൻ, റോബർട്ടോ ബൊളാനോ, ഇറ്റാലൊ കൽവീനൊ, മിറോസ്ലാവ് ഹോലുബ് എന്നിവരുടെ ഗദ്യകൃതികൾ...

എഴുത്തച്ഛൻ, ആശാൻ, ആറ്റൂർ, അംബേദ്കർ, ടാഗോർ, സൂഫി കവി മിർസ ഗാലിബ്, കബീർ, അക്കാ മഹാദേവി, ബസവണ്ണ എന്നിവരുടെ കവിതകൾ, സി. എൻ. ശ്രീകണ്ഠൻ നായരുടെ നാടകങ്ങൾ... അങ്ങനെ ഒരുപാടുണ്ട്.

ഒക്ടാവിയോപാസിന്റെ കവിതകളും പ്രോസും ഏതു കാലത്തും എന്നെ ആനന്ദിപ്പിക്കുന്നു. സൺസ്റ്റോൺ(പിദ്ര ഡി സോൾ) പോലൊരു കവിത ലോകത്തിനാവശ്യമാണ്. അതുപോലെ തന്നെയാണ്, ഹോമർ കൃതികൾ, എലിയറ്റിന്റെ ആഷ് വെനെസ് ഡേ, വേസ്റ്റ് ലാൻഡ് തുടങ്ങിയ കൃതികൾ. സരമാഗോയുടെ 'നോട്ട് ബുക്ക്' എന്റെ വായനയെ മാറ്റിയിട്ടുണ്ട്.

പുസ്തകങ്ങൾ, അതെഴുതപ്പെട്ട കാലത്ത് നിന്ന് നമ്മളെ മറ്റൊരു കാലത്തേക്ക് നയിക്കും. സിദ്ധാന്തങ്ങളിൽ, വാൾട്ടർ ബെഞ്ചമിൻ, ഫെഡറിക്ക് നീഷെ, ഴാക്ക് ദെറിദ, ക്ലോദ് ലെവി- സ്ട്രോസ്, ഷാൺ- പോൾ സാർത്ര്, അൽബേർ കാമ്യു, എഡ്വേർഡ് സൈദ്, ഉംബർട്ടോ എക്കോയുടെ പുസ്തകങ്ങൾ, ആമോസ് ഓസിന്റെ പുസ്തകങ്ങൾ തുടങ്ങി ഒരുപാടുണ്ട്.

ഇതിനൊക്കെ ഇപ്പുറമാണ് നമ്മുടെ എഴുത്തുകൾ നില്ക്കുന്നത് എന്ന ബോധ്യമുണ്ടാവണം. വായിക്കുന്നത് കൊണ്ട് എഴുതാൻ സാധിക്കുമെന്നില്ല. പക്ഷെ വായനയുടെ ഊർജം ആവർത്തനങ്ങളെ ഒഴിവാക്കും. സമകാലികരിൽ നല്ല കവികളും എഴുത്തുകാരും ഏറെയുണ്ട്.





ലോകത്തിന്റെ ആയുധം മറവിയാണ്. മറവി കൊണ്ടാണ് മനുഷ്യനെ ലോകം അടിമപ്പെടുത്തുന്നത്. മറക്കാൻ ശ്രമിക്കുന്നത് ഓർമ്മയിലേക്കുതന്നെ തിരിച്ചുവരും. ഉറവയിലേക്ക് പുഴ തിരിച്ചെത്തും പോലെ.

**ഏറ്റവും ഇഷ്ടപ്പെട്ട കൃതി? എഴുത്തുകാരൻ/ കാരി?**

തിരഞ്ഞെടുക്കാൻ പ്രയാസമാണ്. കഴിഞ്ഞ ദിവസം വാങ്ങിയ ഓർഹാൻ പാമുകിന്റെ 'Memories of Distant Mountains' എന്ന പുസ്തകമാണ് ഈ നിമിഷം എന്റെ കയ്യിൽ ഉള്ളത്. ഓരോ പുസ്തകവും പ്രിയപ്പെട്ട എന്തോ ഒരനുഭവം തരുന്നത് കൊണ്ടാണല്ലോ നാം വാങ്ങിക്കുന്നത്/വായിക്കുന്നത്. ആശാനെയും ബോർഹസിനെയും ഞാൻ ആവർത്തിച്ചു വായിക്കാറുണ്ട്. ചില ഉർദു കവിതകളും.

ആന്ദ്രേ തർകോവ്സ്കിയുടെയും വുഡി അലന്റെയും നൂറി ബിൽജേ സെലാന്റെയും കെ. ജി. ജോർജിന്റെയും കിയാരൊസ്തമിയുടെയുമൊക്കെ സിനിമകൾ ആവർത്തിച്ചു കാണുമ്പോഴും നടക്കുന്നതും വായന തന്നെ. ഫ്രഞ്ച് തത്വചിന്തകനായ ഗാസ്റ്റൺ ബാച്ചിലാർഡിന്റെ 'The Poetics of Space' എന്ന പുസ്തകത്തിൽ റെയ്നർ മറിയ റിൽക്കേയുടെ ഒരു ചിന്ത പങ്കുവെക്കുന്നുണ്ട്.

"These trees are magnificent
but even more
magnificent is the sublime
and moving space
between them,
as though with their growth it too increased."



റെയ്നർ മറിയ റിൽക്കേ

എങ്കിൽപ്പിന്നെ എന്തിനെഴുതുന്നു എന്ന് ചോദിക്കാം. ജീവിതവും കവിതയും തമ്മിലുള്ള അന്തരമെന്തെന്ന പ്രശ്നത്തിന് ആസ്ട്രിയൻ ദാർശനികനായ വിറ്റ്ജൻസ്റ്റൈനിന്റെ ഒരു നിരീക്ഷണം ശ്രദ്ധേയമാണ്. ദർശനവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തിയാലും ബാക്കിയാവുക ജീവിതം എന്ന സമസ്യയാണെന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്.



ലുഡ്‌വിഗ് വിറ്റ്ജൻസ്റ്റൈൻ

"Since water still flows,
though we cut it with swords
And sorrows returns."

ജീവിതം ഒരൊഴുക്കാണ്. ആ ഒഴുക്കിന്റെ വേഗമാണ് കവിത, അയവാണ് കവിത.

ലോകം പതിനൊന്നിനെ രണ്ടാക്കി മുറിക്കുകയാണ്. ഒഴുകുന്ന വെള്ളത്തിന്റെ ഒഴുക്കിനെ ഒരു വാൾ മുറിക്കും പോലെ. ലോകത്തിന്റെ ആയുധം മറവിയാണ്. മറവി കൊണ്ടാണ് മനുഷ്യനെ ലോകം അടിമപ്പെടുത്തുന്നത്. മറക്കാൻ ശ്രമിക്കുന്നത് ഓർമ്മയിലേക്കുതന്നെ തിരിച്ചുവരും. ഉറവയിലേക്ക് പുഴ തിരിച്ചെത്തും പോലെ.

**വിവർത്തന വഴിയിൽ?**

ഭാഷ സംവദിക്കുന്നത് മനുഷ്യനിൽനിന്ന് മനുഷ്യനിലേക്കാണ്. പ്രദേശങ്ങളിൽ നിന്ന് ദേശങ്ങളുടെ അകങ്ങളിലേക്കാണ്. ബഹുസ്വരതയിൽ നിന്ന് ഏകത്തിലേക്ക് അത് രൂപാന്തരപ്പെടുകയും പടരുകയും ചെയ്യുന്നു. സംസ്കാരത്തിൻറെ വിനിമയത്തിന് മറ്റൊരു ദിശയിലേക്ക് പടർന്നു കൊണ്ട് ജീവിതത്തെ വെളിപ്പെടുത്തുന്നു ഭാഷ. There is a great deal to know about writing level in one's own tongue. തീരെ ചെറിയ ക്ലാസുകളിൽ പഠിക്കുന്ന കാലത്ത് ഡാഡിയുടെ പുസ്തകശേഖര ങ്ങൾക്കിടയിൽ നിന്നാണ് 'ദി ബുക്ക് ഓഫ് അവേഴ്സ്', 'ദി ബുക്ക് ഓഫ്  ഇമേജസ്', 'വേസ്റ്റ് ലാൻഡ്', 'സൺസ്റ്റോൺ', 'ക്യൂബൻ കവിതകൾ', 'നെരൂദ' എന്നീ പുസ്തകങ്ങൾ കിട്ടുന്നത്.

ഇംഗ്ലീഷ് ഉൾക്കൊണ്ട് വായിക്കാനും എഴുതാനും അറിയാത്ത ആ കാലത്ത് എന്തിനെന്നറിയാതെ പുസ്തകങ്ങൾ ഞാൻ ഒപ്പം കൊണ്ടുനടന്നു.

കൗമാരകാലം ഹൈറേഞ്ചിൽ ആയിരുന്നു. കാരണങ്ങൾ ഇല്ലാത്ത വിഷാദം പകരുന്ന കോടമഞ്ഞിന്റെ തണുപ്പിൽ ഏറിയകൂറും ഞാൻ ആശുപത്രിവാസങ്ങളിൽപ്പെട്ടു. വെളുത്ത മഞ്ഞുടുപ്പുകൾ ഇട്ട കന്യാസ്ത്രീകൾ നടത്തുന്ന 'സേവനാലയ' എന്ന ആശുപത്രിയുടെ വരാന്തയുടെ അറ്റത്തെ മുറിയിൽ 'സ്ഥിരസന്ദർശകയായിരുന്നു' അന്ന് ഞാൻ. കൂട്ടിനു  ചില പുസ്തകങ്ങളും കട്ടിലിൽ ഉണ്ടാവും. ആശുപത്രി എന്നതിനേക്കാൾ, റോസാപ്പൂക്കളുടെ മണമുള്ള ഒരു സ്കൂൾ പോലെയായിരുന്നു അവിടം. മലമുകളിൽ നിന്നുള്ള മഴയും കനത്ത കാറ്റും ഏറ്റ്, ചില്ല് ജനാലകളിലൂടെ നോക്കിയിരുന്ന്, ആ പുസ്തകങ്ങൾ വായിക്കുന്നതായിരുന്നു, അന്നത്തെ ഹോബി.



ആശുപത്രിയിൽ നിന്ന് വീട്ടിൽ എത്തിക്കഴിഞ്ഞാൽ, നെരിപ്പോടുകൾ ഉള്ള, മരപ്പലകകൾ അടിച്ച ചുവരുകളും അകത്തളങ്ങളും കടന്ന്, നീണ്ടുകിടക്കുന്ന കോറിഡോറിന്റെ അറ്റത്തെ ജനാലപ്പടി. ചില്ലുജനാലകളിലൂടെ ദൂരെ തേയിലക്കാട്ടിലും കുന്നിലും പെയ്യുന്ന മഴയുടെ കനം നെഞ്ചിലേക്ക് കൊളുത്തിയെടുത്തുവെച്ച് ഞാൻ ആ പുസ്തകങ്ങൾ വായിച്ചു. അങ്ങനെ കവിതയും ചിത്രവും കൂടെക്കൂടി. കവിത വരുംമുമ്പ് കോടമഞ്ഞും തണുത്ത മലങ്കാറ്റും മഴയും ആശുപത്രി കാലങ്ങളും എന്നെ ഏകാകിയാക്കി. ആലോചനകളുടെ മഴക്കാലങ്ങളിൽ ഭാവനയുടെ വെളിവിലേക്ക് ഞാൻ എടുത്തെറിയപ്പെട്ടു. ഹൈറേഞ്ചിലെ പച്ചയുടെ പകർച്ചയിൽനിന്ന് ഞാൻ പ്രകൃതിയെ വരച്ചെടുത്തു. അന്ന് കവിതയെഴുത്ത് ഉണ്ടായിരുന്നില്ല. പക്ഷെ, അന്നും കൂടെ എപ്പോഴും ഉണ്ടായിരുന്നത് കവിതയായിരുന്നെന്ന് പിന്നീട് എത്രയോ കാലങ്ങൾ കഴിഞ്ഞാണ് തിരിച്ചറിഞ്ഞത്. ഉടലിനെ മഞ്ഞു മൂടിയ ആ വായനക്കാലത്തെ ചലിപ്പിച്ചത് കവിതകളും ചിത്രങ്ങളും സിനിമകളും തന്നെയായിരുന്നു. 'വാക്ക്' എന്നതിന്റെ അന്തരാർത്ഥങ്ങൾ ഗ്രഹിക്കാനോ പ്രകടിപ്പിക്കാനോ അറിയാത്ത കൗമാരകാലത്ത് മനസിൽ നിന്ന് പുറത്തു ചാടിയ വരികളിൽ പലതും വീണ്ടും എന്നെ സന്ദർശിക്കാൻ എത്തി. കറുത്ത തുണി കൊണ്ട് കണ്ണുകൾ മൂടിക്കെട്ടിയ നാല് പെൺകുട്ടികളെ സ്വപ്നം കണ്ട പ്രഭാതത്തിൽ, തണുത്ത മഞ്ഞിനു കീഴിൽ പതുങ്ങിയിരുന്നു ഞാൻ മാർകേസിനെ വായിച്ചത് ഓർക്കുന്നു. അക്കാലത്തെ ഭൂപ്രകൃതി അങ്ങനെ ആയിരുന്നു. ചുറ്റും മഞ്ഞ്, നനത്ത വെയിൽ. ഇടക്ക് ചില കാറ്റ്. കാക്കകളുടെ മുന്നറിയിപ്പ്

ഞാൻ അന്ന് ആറാം ക്ലാസ്സുകാരി. തോമസ് ഹാർഡിയുടെ 'ദി റിട്ടേൺ ഓഫ് ദി നേറ്റീവ്' ലെ അനിശ്ചിതത്വത്തിന്റെ യാത്രകൾ ഉള്ളിൽ വഹിക്കുന്ന കഥാപാത്രത്തിന്റെ പ്രണയവും ഉന്മാദവും. ജീവിതത്തിലേക്കയാൾ തോറ്റുകൊണ്ട് നടത്തുന്ന ശ്രമങ്ങളും പരാജയങ്ങളും. നവംബർ രണ്ടിന് ആളിക്കത്തുന്ന തീക്കൂനകളും എന്റെ കണ്ണുകളിൽ അപ്പോഴുമുണ്ടായിരുന്നു.

പലകകൾ ചേർത്തുവെച്ച നെരിപ്പോടുകൾ ഉള്ള ആ ബ്രിട്ടീഷ് ഭവനത്തിൽ, കണ്ണാടി ജനലുകൾ ഉണ്ടായിരുന്നു. അവ അടച്ചു ചേർത്ത്, അതിനുള്ളിലൂടെ ഞാൻ ദൂരെയുള്ള മലകളിലേക്ക് നോക്കി. അന്ന് എന്റെ കയ്യിൽ 'ഏകാന്തതയുടെ നൂറു വർഷങ്ങൾ' ഉണ്ടായിരുന്നു. ഉടൽ മുഴുവൻ പ്രണയത്തിന്റെ മുൾക്കുരിശുകൾ തറഞ്ഞു കയറിയ ആ വായന സാർത്ഥകമായതു വീണ്ടും പത്തോ പന്ത്രണ്ടോ വർഷങ്ങൾക്കു ശേഷമാണ്.

മരം പൊഴിക്കുന്ന പൂക്കൾക്കു മേൽ മനുഷ്യന്റെ സ്വപ്നം ചിത്രശലഭങ്ങളുടെ ജന്മമാകുന്ന മാന്ത്രികതയിൽ ഞാൻ പനിച്ചു കിടന്നത് ഏഴു പകലുകളും രാത്രികളും. അന്ന് ഞാൻ എന്റെ നോട്ടുബുക്കിൽ എഴുതി വച്ച ഒരു വരിയുണ്ട്,

"the unfold cross
along my soul."

വാക്കിന്റെ അന്തരാർത്ഥങ്ങൾ ഗ്രഹിക്കാനോ പ്രകടിപ്പിക്കാനോ അറിയാത്ത ഒരു പന്ത്രണ്ടുകാരിയുടെ മനസ്സിൽ നിന്ന് പുറത്ത് ചാടിയ വരികൾക്ക് മുന്നിൽ ഞാൻ പകച്ചു നിന്നു. യേശുവോ കുരിശോ ആത്മാവോ ഈ നോവലിൽ നിന്ന് എന്നെ വന്നു വിളിച്ചിരുന്നില്ല. വ്യാകരണ നിയമങ്ങളില്ലാത്ത വരികൾ കവിതയാണെന്ന് അന്നെനിക്കറിയില്ലായിരുന്നു. ആത്മഭാഷണം പോലെ വായിച്ചെടുത്ത ആ പുസ്തകം എന്നിലേക്ക് പകർന്നു തന്ന ആഖ്യാനത്തിന്റെ ഇടിമുഴക്കത്തിൽ നിന്ന് പിന്നീട് പുറത്ത് കടക്കാൻ ഞാൻ ഒരുപാടു കഷ്ടപ്പെട്ടു. മനുഷ്യനെ നിരായുധനാക്കുന്നതെന്ത് എന്ന ചോദ്യത്തിന് ഉത്തരം തന്ന ഒരുപാടു പുസ്തകങ്ങളിലെ ചില മുഖങ്ങൾ...

എഴുത്തിന്റെ ഭാഷയ്ക്ക് ആത്മമുഖച്ഛായയുടെ കൃത്യമായ രാഷ്ട്രീയബോധം ഉണ്ടാകുമെന്നും അത് ഓരോ നിമിഷവും എഴുത്തുകാരനെ/ കാരിയെ സ്വയം നിർണ്ണയിക്കാൻ നിരന്തരം പ്രേരിപ്പിക്കുമെന്നും എന്നതാണ് വാസ്തവം. വിവർത്തനം ചെയ്ത് തുടങ്ങിയത്, പിന്നെയും പല കാലങ്ങൾ കഴിഞ്ഞാണ്; കവിതയെഴുതുന്ന ഇടവേളകളിൽ കണ്ണാടി നോക്കും പോലെ! വീട്ടിലെ സമൃദ്ധമായ പുസ്തകശേഖരത്തിൽ കവികളെ ആവർത്തിച്ചു വായിക്കുന്ന ശീലംകൂടെ ഉണ്ടായിരുന്നു. കവിതക്കൊപ്പം ഷേക്സ്പിയറിന്റെ അരികു ചുവന്ന, നേർത്ത താളുകളുള്ള നാടകപുസ്തകം, മാർകേസിന്റെ നോവലുകൾ, കസാൻദ് സാക്കീസ്, റൂമി, വിക്ടർ ഹ്യൂഗോ, ജെയിൻ ഓസ്റ്റിൻ, ചാൾസ് ഡിക്കൻസ്, ഓ. എൻട്രി, മാർക് ത്വയിൻ, ദാലി, കഫ്ക്ക, കാമു, നീഷേ, സാർത്... അങ്ങനെ വിശ്വമഹാഗ്രന്ഥങ്ങൾ! പല ലോകങ്ങൾ!



മലയാളകൃതികൾക്ക് ഒപ്പം ഡാഡി സൂക്ഷിച്ച ഈ പുസ്തകങ്ങളും 'സോവിയറ്റ് ലിറ്ററേച്ചർ' പോലുള്ള പ്രസിദ്ധീകരണങ്ങളും മാതൃഭാഷയിൽ എന്ന പോലെ മറ്റൊരു ഭാഷയോടും പ്രണയം പടർത്തി. ബൈബിളിന്റെ പല രൂപത്തിലുള്ള പുസ്തകങ്ങൾ വീട്ടിലെ ലൈബ്രറിയിൽ ഉണ്ടായിരുന്നു.

ജർമൻ എക്സ്പ്രഷനിസ്റ്റ് പെയിൻറിംഗുകൾ, വാൻഗോഗിന്റെയും പിക്കാസോയുടെയൊക്കെ പെയിൻറിംഗുകളുടെ സമഗ്ര സമാഹാരങ്ങൾ, ക്ലാസിക്- മ്യൂറൽ ചിത്രസംസ്കാരങ്ങളെകുറിച്ചും ചൈനീസ് ചിത്രഭാഷയെ കുറിച്ചുമുള്ള പുസ്തകങ്ങൾ, ഇല്ലസ്ട്രേറ്റഡ് വുഡി അലൻ, അലൻ റനെ, ബർഗമാൻ, സത്യജിത് റായ് എന്നീ ചലച്ചിത്രകാരന്മാരെകുറിച്ചുള്ള പുസ്തകങ്ങൾ...

എനിക്ക് ഉറപ്പായിരുന്നു, ജീവിതം സംഗീതത്തിലോ സാഹിത്യത്തിലോ ചിത്രകലയിലോ സിനിമയിലോ കൊളുത്തിക്കിടക്കുമെന്ന്!

വായനയുടെ കാലങ്ങൾ തുടർന്നു. എന്നിട്ടും സ്കൂളിനു ശേഷം സയൻസും ചരിത്രവും എടുത്തു. ഡിഗ്രി കാലം കഴിച്ചു കൂട്ടി.

കവിതകളെഴുതി കൊടുമുടി കയറിയ കാലങ്ങളിൽ എങ്ങനെയോ മയകോവ്സ്കിയുടെ കവിതകൾ വീണ്ടും വായിച്ചു. ഒറ്റപ്പെട്ട ഒരു കാലഘട്ടത്തിൽ എനിക്ക് മയക്കോവ്സ്കി മാത്രമായിരുന്നു കൂട്ട്.

'എന്റെ ചിന്തയിൽ കവിത എന്നാൽ ഭാഷ മാത്രമല്ല' എന്ന് തിരുത്തി എഴുതിയ കവികളിൽ ഒരാളാണ് മയക്കോവസ്കി. പലയിടങ്ങളിൽ ജീവിതത്തെക്കുറിച്ച് പറയാൻ കവിതയിലൂടെ പോരാടിയ കവികൾ വേരോടെ എൻറെ കൂടെ വരാൻ തുടങ്ങിയ കാലത്താണ് പുനർവായനയിലൂടെ ലോക കവിതകളിലേക്ക് ഞാൻ വീണ്ടും ഇറങ്ങിയത്. കവിത എന്നത് കവിത എന്നതിനപ്പുറത്ത് മറ്റു ചിലതുകൂടി ആണ് എന്ന് തിരിച്ചറിഞ്ഞ കാലത്താണ്, ഞാൻ വായിച്ച കവിതകൾ പരിഭാഷയിലൂടെ എന്റെ ഭാഷയിലേക്ക് പകർത്തിയത്.

പിന്നീട്, ഡബ്ലിയു ബിയേറ്റ്സ്, ടി. എസ്. എലിയറ്റ് തുടങ്ങിയ കവികളിലേക്കും സാഫോ, എമിലി ഡിക്കിൻസൺ, സിൽവിയ പ്ലാത്ത് എന്നീ കവികളിലേക്കും അഡോണിസ്, സാമിഹ് അൽ ഖാസിം, നിസാർ ഖബ്ബാനി, കാസിം ഹദ്ദാദ്, മഹമൂദ് ദർവീശ് എന്നിവരിലൂടെ ഇറാനിയൻ- പലസ്തീനിയൻ കവിതകളിലേക്കും യാത്ര ചെയ്തു. ജനോസ് ഹേ, മിക്ലോദ് റദ്നോദി, ചാൾസ് റസ്നിക്കൊഫ് തുടങ്ങിയവരിലൂടെ ഹംഗറി കവിതകളിലേക്കും പടർന്നു, എന്റെ വായന.

ചാൾസ് ബോദ് ലയറിന്റെ 100 കവിതകൾ ആറു വർഷം കൊണ്ട് വിവർത്തനം ചെയ്തെടുത്തു. ദാർശനികതയിലും പ്രമേയസ്വീകരണത്തിലും എന്നെ അമ്പരപ്പിച്ചു കളഞ്ഞ കവിയാണ് ബോദ് ലയർ.

ഇതിനിടയിൽ ഇന്ത്യയിലെ മറ്റു ഭാഷാ കവികളായ മംഗലേഷ് ഡബ്രാൾ, അരുൺ കലെ സുദീപ്സെൻ, എച്ച് എൽ. പുഷ്പ ഹേമ പൊട്ടൻ ഷെട്ടി, മീന കന്തസ്വാമി, കുട്ടി രേവതി, സൽമ, സുകീർത്ത റാണി തുടങ്ങിയ ഇന്ത്യൻ കവികളുടെ കവിതകളും മലയാളത്തിലേക്ക് പരിഭാഷ ചെയ്തു.

ശരൺകുമാർ ലിംബാളെയുടെ കവിതകൾ വിവർത്തനം ചെയ്ത കാലം, വായനയുടെയും അനുഭവത്തിന്റെയും മറ്റൊരു ലോകം തന്നെ തുറന്നുകാട്ടി. ഇന്ത്യൻ ദളിത് കവിതാപാരമ്പര്യത്തിലെ ഏറ്റവും ശക്തനായ കവിയായ ലിംബാളെയുടെ വഴികൾ, ഓരോ വായനയിലും വിവർത്തനത്തിൽ വെല്ലുവിളിയായി നിൽക്കുകയും ചെയ്തു.

"അപൂർണ്ണമായ ഈ ചരിത്രത്തിൽ ഞാൻ വിശ്വസിക്കുന്നില്ല" എന്നദ്ദേഹം പറയുന്നു. "ദളിത് കവിത, ഭാഷാ സമരത്തിന്റെയും വിപ്ലവത്തിന്റെയുമാണ്. ആർക്കും അത് അവഗണിക്കാനാവില്ല. ദളിത് കവിതയുടെ ഒച്ച കേൾക്കാതിരിക്കാൻ ആർക്കുമാവില്ല.

ദളിത് കവിത നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നത് നിലനിൽപ്പിന്റെയും അതിജീവനത്തിന്റെയും രാഷ്ട്രീയത്തെക്കുറിച്ചാണ്. അത് അത്ര എളുപ്പത്തിൽ ഉള്ള ഒരു സംസാരമല്ല. ആയിരക്കണക്കിന് വർഷങ്ങൾ നിശബ്ദരാക്കപ്പെട്ടവരാണ്, ദളിതർ. അവർക്ക് ശബ്ദം ഉണ്ടായിരുന്നില്ല. ഒരു പക്ഷെ, ശബ്ദം ഉണ്ടായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞിരുന്നില്ല. ഇപ്പോഴാണ് അവർക്ക് ശബ്ദം ലഭിച്ചിരിക്കുന്നത്. കവിതയിലൂടെ അത് ആർത്ത് വിളിക്കുന്നു. ഒരു കവിയുടെ മനസ്സിൽ നിന്നല്ല അത് ജനിക്കുന്നത്, തെരുവുകളിൽ നിന്നും ഓടകളിൽ നിന്നുമാണ്. മുഖ്യധാരയുമായി ഉറക്കെ സംസാരിക്കാനും യാഥാർത്ഥ്യങ്ങൾ വിളിച്ചു പറയാനും ഇപ്പോൾ ഞങ്ങൾക്കറിയാം. തെരഞ്ഞെടുപ്പുകളുടെ, തീരുമാനങ്ങളുടെ രീതിശാസ്ത്രങ്ങളെക്കുറിച്ച് ഇപ്പോൾ ഞങ്ങൾക്കറിയാം. കാലങ്ങളായി പുറത്ത് കേൾക്കാതിരുന്ന ശബ്ദം ഇപ്പോൾ തുളച്ചുണരുന്നുണ്ട്. ആഴങ്ങളിൽ അടിച്ചമർത്തിവെച്ച ഒച്ചകളാണ് ഇപ്പോൾ കാറ്റിൻറെ സംഗീതമായി പുറത്തുവരുന്നത്."



അദ്ദേഹത്തിന്റെ കവിതകൾ വിളിച്ചു പറയുന്ന സത്യങ്ങളാണ് ഇവ. എമിൽ മാധവിയോടൊപ്പം 'വൈറ്റ് പേപ്പർ' എന്ന അദ്ദേഹത്തിന്റെ സമാഹാരത്തിലെ കുറച്ചു കവിതകൾ വിവർത്തനം ചെയ്ത ശേഷം ജീവിതം ഒരിക്കലും പഴയത് പോലെയാകുന്നില്ല.

പ്രാചീന ഗ്രീക്ക് കവയിത്രിയായ സാഫോവിന്റെ കവിതകളുടെ വിവർത്തന വേളയിൽ എനിക്ക് എണ്ണമറ്റ ചിറകുകൾ മുളച്ചു. എന്റെ കവിതയ്ക്ക് അപ്പുറം ആ ചിറകുകൾ എന്നെ പറത്തിക്കൊണ്ടു പോയി.

"നിന്നെ തൊടുമ്പോൾ
ഞാനാണോ അഗ്നി?
അതോ നീയോ?"

എന്ന് സാഫോ ചോദിക്കുന്നുണ്ട്. സ്ത്രീയെയും പുരുഷനെയും പ്രണയത്തിന്റെ പൊൺകയറിൽ കൊരുത്ത്, ആത്മഹത്യയുടെ മധുരസ്മരണ പോലെ അണിയുകയാണ് സാഫോ. നാടകീയമായി പറഞ്ഞാൽ പകർന്നാട്ടത്തിന്റെ സൂക്ഷ്മ സ്പർശം. സ്ത്രീയോട് പുരുഷനായും പുരുഷനോട് സ്ത്രീയായും പകർന്നാടുന്ന സാഫോയുടെ കവിത, ലിംഗപരമായ വിഭജനങ്ങൾക്ക് അതീതമാണ്.

"നിന്റെ ഉടലിൽ
കണ്ണാടിച്ചില്ലുപോലുള്ള
സുതാര്യതയിൽ
ഞാൻ ജീവിതത്തിനും
അപ്പുറമുള്ള ഉദയാസ്തമയങ്ങൾ കാണുന്നു
എന്റെ കണ്ണുകൾക്ക്
മുന്നിൽ നിന്ന് നിന്റെ അല്പ്പശരീരം
മാഞ്ഞു പോകുന്നു
നീങ്ങിപ്പോകുന്നു
കാറ്റിൽ
ഓർമ്മകൾ എന്റെ കണ്ണുകളോട് അടക്കാൻ ആവശ്യപ്പെട്ടു
ഞാൻ തൊട്ട ഉടലിനും അപ്പുറമായിരുന്നു
നീ ഒളിപ്പിച്ചു വച്ച ശരീരം
അവിടേക്ക്
നടന്നെത്താൻ എനിക്ക് എന്റെ കവിത മാത്രമേ ഉള്ളു"

എത്ര മനോഹരമാണ് കവിത. സ്ത്രീയിൽ തീർക്കുന്ന വിഹാര പ്രപഞ്ചം. ഞാൻ ഒരുവളായും മറ്റൊരുവളായും ആടിതിമിർക്കുകയായിരുന്നു, സാഫോ കവിതകളുടെ വിവർത്തന വേളയിൽ.

'കലയുടെ, കവിതയിലെ പൊരുളിൽ ഉടല് ഇല്ല. ഉയിര് മാത്രമേ ഉള്ളു' എന്ന് ഞാൻ ഒരിക്കൽകൂടി തിരിച്ചറിഞ്ഞു. കണ്ണുകൾ അടച്ചാൽ എനിക്ക് കാണാൻ ആകാത്ത ഉടൽ, ഞാൻ ഒളിപ്പിച്ചുവെച്ചിരിക്കുന്ന ഉടൽ, അത് എങ്ങനെ മറ്റൊരാൾക്ക് ഗോചരം ആകും?

"Shine on me, sunshine
Rain on me, rain
Fall softly, dewdrops
And cool my brow again.
Storm, blow me from here
With your fiercest wind
Let me float across the sky
Til I can rest again."

എന്ന് മഴയോട് പറയുന്നു കവയിത്രി, മായ ഏഞ്ചലോ. പ്രണയത്തെ മരണം പോലെ മനോഹരമാക്കി, സിൽവിയ പ്ലാത്ത്.

'മരണം ഒരു കലയാണ്' എന്ന് പലതിന്റെ ഉള്ളിൽ ഇരുന്നു മന്ത്രിച്ചത്, ഉടലിനപ്പുറം കുതിച്ച ആത്മബോധമാണ്. ജീവിതത്തെ നിഷേധിക്കാതെ... ജീവിത്തെ സ്നേഹിക്കുന്നതിനാൽ, അതിനെ വിട്ടുപോകാൻ തീരുമാനിക്കുന്ന അതിതീവ്രമായ സർഗാത്മകതയായിരുന്നു, സിൽവിയയെ ആത്മഹത്യയിലേക്ക് നയിച്ചിട്ടുണ്ടാകുക. കാരണം, കല ഒരിക്കലും ജീവിതത്തെ നിഷേധിക്കുന്നില്ല, ജീവിതത്തെ നീട്ടിവെക്കുകയാണ്. അത് മരണമായാലും ആത്മഹത്യയായാലും സർഗാത്മകം ആയിരിക്കുക. അതാണ് നീതി. സ്ത്രീക്കും പുരുഷനും അത് ഒരുപോലെ ആയിരിക്കാം. കണ്ണുകൾ തുറന്നും കണ്ണുകൾ അടച്ചും ഉള്ള യാത്രയാണ് അത്. ഫരീദ എന്ന ഇറാനി കവയിത്രി പറയുന്നുണ്ട്,



"നീ എന്റെ മുന്നിൽ നടന്നോ
ഞാൻ നിന്റെ മുന്നിൽ നടന്നോ
എന്നതല്ല പ്രശ്നം,
നമുക്ക് മുന്നിലോ പിന്നിലോ നടന്ന
ഇപ്പോൾ ഇല്ലാത്ത ഒരു പാടു ഉടലുകൾ ഉണ്ട്
നീ നിന്റെ മുടിയിഴകളിൽ തിരുകുന്ന പൂക്കൾ ഒരു പക്ഷെ
കൊല്ലപ്പെട്ട
ആത്മഹത്യ ചെയ്ത
ബലാത്സംഗം ചെയ്യപ്പെട്ട
ഒരുപാട് ഉടലുകളുടെ മൃതു- വിസ്മൃതികളിൽ വിതറിയ
പൂക്കൾ പുനർജനിച്ചതാകാം
എന്റെ ഉടലും
നിന്റെ ഉടലും അല്ലാത്ത ഒരുവൾ
നമുക്കിടയിൽ അദൃശ്യയായി നടന്നു
നീങ്ങുന്നുണ്ടാവാം.
അവൾ പാടുന്നത് മരണത്തെ കുറിച്ചോ പ്രണയത്തെ കുറിച്ചോ
യുദ്ധത്തെ കുറിച്ചോ"

ഇത് ഒരു തിരിച്ചറിവാണ്. ജീവിതത്തിൽ നിന്ന് കലയിലേക്ക്, ഭാവനയുടെ നരക ഭൂമിയിലേക്ക് നടന്നു പോകുമ്പോൾ കാണുന്ന നഗ്നതകൾ ആണ്. ആത്മഭ്രംശനങ്ങളിൽ നിന്ന് മാത്രമല്ല കലയും കവിതയും ജനിക്കുന്നത്, ബാഹ്യശരീരം എന്നത് കാഴ്ചയെന്ന കേവലതയിൽ നിന്ന് ഉയരുന്ന സങ്കല്പം മാത്രമാണ്. സരമാഗുവിന്റെ 'അന്ധത' എന്ന പുസ്തകത്തിൽ പറയുന്നതു പോലെ, 'അന്ധരായ ഒരു സമൂഹം തിരിച്ചറിയുന്ന കലക്ക് ഏതു ശരീരമാണ് നാം കല്പ്പിച്ചു നല്കുക? ഞാൻ നിലനില്ക്കുന്നത്, ഞാൻ നിലനില്ക്കുന്നത് കൊണ്ട് മാത്രം ആണെന്ന് തിരിച്ചറിയുമ്പോൾ ആസക്തികൾ അവളിൽ നിന്ന് അലിഞ്ഞു പോകുകയും ജീവിതത്തിന്റെ അതിസൌന്ദര്യമാർന്ന സർഗാത്മകത അവളിലേക്ക് ഇറങ്ങി വരികയും ചെയ്യുന്നു. അവിടെ ലിംഗഭേദങ്ങളോ ജാതിയോ നിറങ്ങളോ ഒന്നും ഉണ്ടാവില്ല. മറ്റുള്ളവരുടെ സ്വപ്നങ്ങളെ നമുക്കും കാണാൻ സാധിക്കുന്ന ഒരു ലോകം സാധ്യമാകും. നിലനില്പ്പിന്റെ അപാര സാധ്യതയാണ് അത്. ആസക്തികളിൽ അല്ല കല പൂക്കുന്നത്; ഒരു പക്ഷെ, ഉന്മാദങ്ങളിൽ ആയിരിക്കാം.

'എന്നെ പുറത്താക്കുന്ന ഒരു ഭാഷയിലാണ് ഞാൻ എഴുതുന്നത്.'

എന്ന് അറബ് കവി അഡോണിസ് പറയുമ്പോൾ, അദ്ദേഹത്തിന് സമ്മാനിക്കുന്ന തീവ്രമായ സർഗാത്മക ജീവിതം തന്നെ ആണ് അങ്ങനെ പറയിപ്പിക്കുന്നത്. അഥവാ, അദ്ദേഹം നേടിയത്.

ഒരു പക്ഷെ, ആ അരക്ഷിതാവസ്ഥയിൽ നിന്ന് അദ്ദേഹം തിരിച്ചു സുരക്ഷിതനാകാൻ ആഗ്രഹിക്കുന്നില്ലായിരിക്കാം. സിൽവിയ പ്ലാത്തിന്റെ ജീവിതവും ഈ ഉണ്മാദമാണ് നിറച്ചത്. അത് ഒരിക്കലും ആസക്തമല്ല. ആസക്തികൾ അസ്വാതന്ത്രത്തിന്റെ തടവറകൾ ആവുന്നുണ്ട്, പലപ്പോഴും.

**എഴുത്തുയാത്രയുടെ സംക്ഷിപ്തം?**

സ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന അവസാന വാക്കാണ് എനിക്ക് കവിത. ഓരോ കവിതയും ഓരോ ജന്മമാണ്. ഞാൻ നിലനില്ക്കുന്ന ലോകത്തിൽ മാഞ്ഞുകിടക്കുന്ന ഒരുപാട് ചരിത്രങ്ങളുണ്ടെന്നും അവയിൽനിന്ന് അദൃശ്യമായ തൂക്കുപാലങ്ങൾ എനിക്കു ശേഷമുള്ള കാലത്തേക്ക് കൊളുത്തി വെച്ചിട്ടുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു.

ഈ പാലം തകർക്കാൻ ശ്രമിക്കുന്ന അടയാളങ്ങളെ തിരിച്ചറിയുമ്പോൾ, അതിനെതിരെ സ്വയം മൂർച്ചയുള്ള ഒരു കത്തിയായി കവിത എന്റെ കണ്ണുകൾ തുളച്ചു പുറത്തുചാടുന്നു.

കാലത്തിൽ നിന്ന് അടർത്തിയെടുത്ത ഒരു കവിതയും എന്നെ ആനന്ദിപ്പിക്കുന്നില്ല. ഒരുപക്ഷേ, കാലവുമായി ഞാൻ നടത്താൻ ശ്രമിക്കുന്ന നിരന്തരമായ സംഭാഷണത്തിന്റെ ഭാഗങ്ങളാവാം എന്റെ എഴുത്തുകൾ.



അനുഭവങ്ങളുടെ ആഴങ്ങളെയും പരപ്പുകളെയും അറിവിന്റെ അടരുകളെയും ചതുരങ്ങളിലാക്കി അളന്നുകൊണ്ടിരിക്കുമ്പോൾ, ഈ അതിരുകൾ തകർക്കേണ്ട ഉത്തരവാദിത്തം കവിക്ക് കൂടിയുണ്ട്.

അവനവനത്തെന്നെ ബലികൊടുക്കുകയല്ലാതെ അതിനു മറ്റു വഴികളില്ല. എനിക്കറിയാവുന്നത് കവിതയുടെ നിഗൂഢാത്മകമായ ഒരു ഭാഷയാണ്. നോവലെഴുതുമ്പോഴും ഞാൻ എഴുതുന്നത് ഒരു വലിയ കവിതയാണ്. ലോകഭാഷയിൽ നിന്ന് 800ഓളം കവിതകൾ വിവർത്തനം ചെയ്തു. ഒരു ജന്മത്തിൽ പല ജീവിതങ്ങൾ ജീവിക്കുംപോലെയാണത്. നോവലുകളുടെ എഴുത്തുവഴി തുറന്നുകിട്ടാൻ ഒരുപാട് യാത്രകൾ ചെയ്യാറുണ്ട്. ഓരോ രചനയും ഓരോതരം സ്വാതന്ത്ര്യമാണ് തരുന്നത്.



**എഴുതിയതിൽ/ പ്രസിദ്ധീകരിക്കപ്പെട്ടതിൽ ഏറ്റവും പ്രിയപ്പെട്ടത്?**

ഒരു പക്ഷെ ഇനി വരാനുള്ള പുസ്തകമായിരിക്കും എന്ന് തോന്നുന്നു. ഓരോ കവിതയും/പുസ്തകവും നമ്മുടെ ജീവിതത്തിന്റെ അത്രമേൽ ആഴത്തിൽ നിന്നു കുഴിച്ചെടുക്കുന്നതാണ്. ഏറ്റവും പ്രിയപ്പെട്ടത് എന്ന ഒരു കണ്ടെത്തൽ എളുപ്പമല്ല. എങ്കിലും ശ്രദ്ധ എന്ന നോവൽ എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്. 2002ൽ ശ്രദ്ധ എഴുതിത്തുടങ്ങിയപ്പോൾ ആഖ്യാനത്തെ കുറിച്ച് ചിന്തിച്ചിരുന്നില്ല. നാം ഇതുവരെ എത്തിയിട്ടില്ലാത്ത ഒരു കാലത്തു നിന്നാണ് ശ്രദ്ധയുടെ ഓർമ്മകൾ ആരംഭിക്കുന്നത്. ഓർമ്മകളുടെയും മറവികളുടെയും ഭാഷ വ്യത്യസ്തമായിരിക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നു. ശ്രദ്ധ ഒരാളുടെ മാത്രം ആശങ്കകളല്ല. ഒരുപക്ഷെ ഇക്കാലത്ത് ജീവിക്കുന്ന എല്ലാവരുടെയും ആകുലതകളാണ്. എല്ലാ കലാപങ്ങൾക്കും കലാപകാരികൾക്കും എപ്പോഴും ഒരേ മുഖമാണ് എന്നും അത് മനുഷ്യനും പ്രകൃതിക്കും അതിജീവനത്തിനും എതിരാണ് എന്നും നോവലിൽ പറയാൻ ശ്രമിച്ചിട്ടുണ്ട്.

നോവലിൽ യഥാർത്ഥ സംഭവങ്ങൾ പരാമർശിക്കുന്നുണ്ട്. ഓരോ കലാപവും, കൂട്ടക്കൊലയിൽ മറച്ചുവയ്ക്കുന്ന, മനുഷ്യചരിത്രത്തിൽ നിശബ്ദരാക്കപ്പെടുന്നവരുടെ കഥയാണ് ശ്രദ്ധ. നാം ജീവിച്ചിരിക്കുന്ന കാലഘട്ടം പ്രതിലോമ അംശങ്ങളെ ഉൾക്കൊള്ളുന്നുവെന്നതാണ് സത്യം.

**എഴുത്തിനു പുറമെ?**

സിനിമ, കല, സംഗീതം- എന്നെ പിടിച്ചു നിർത്തുന്ന മൂന്ന് അദൃശ്യ ശക്തികൾ ആണിവ. എഴുത്തിൽ കാഴ്ചയുടെ സ്വാധീനമുണ്ടല്ലോ എന്ന് ചിലരെങ്കിലും ചോദിക്കുമ്പോൾ എന്റെ ഉള്ളിലെ ആ രഹസ്യം പതുങ്ങിയിരിക്കും. എന്നെ കാഴ്ചയുടെ ഭ്രമാത്മകതയിലേക്ക് കൊണ്ട് പോയ കുട്ടിക്കാലത്തെ പ്രകൃതിയും ഞാൻ കണ്ട സിനിമകളും പെയിന്റിങ്ങുകളും പുസ്തകങ്ങളും നിഗൂഢമായ ഒരാനന്ദമായി നിൽക്കുന്നു. കണ്ടുകൊണ്ടേയിരിക്കുമ്പോൾ വെളിപ്പെടുന്ന ഒരു മായികതയുണ്ടല്ലോ. എത്ര കണ്ണാടി നോക്കിയാലും മതിയാകാതെ, ആത്മഹത്യ ചെയ്യുന്ന ഒരു ചൈനീസ് കഥാപാത്രംപോലെ, എനിക്ക് എന്നെത്തന്നെ മറികടക്കേണ്ടതിനാലാണ് ഞാൻ സിനിമ കാണുന്നത്.

എത്രയോ സംവിധായകരുടെ ലോകങ്ങളിലൂടെ കടന്നുപോകാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അവരിൽ എന്തുകൊണ്ടൊക്കെയോ കൂടെ നില്ക്കുകയും 'മറികടന്നു പോകൂ' എന്ന് ഉള്ളിൽ നിന്ന് എപ്പോഴും വിളി ച്ചുപറയുകയും ചെയ്യുന്ന രണ്ടു പേരുണ്ട്, ആന്ദ്രേ തർകോവ്സ്കിയും ഇംഗ്മാർ ബർഗ്മാനും.

ആവർത്തിച്ച് കണ്ട ലോകസിനിമകൾ എഴുത്തിലേക്ക്, എഴുത്തിന്റെ ശരീരത്തിലേക്ക് അദൃശ്യമായി കടന്നു വന്നിട്ടുണ്ട്. കവിതകളിലാണ് കൂടുതൽ. എക്കാലത്തും എന്റെ മാസ്റ്റർ എന്ന് തർകോവ്സ്കിയെക്കുറിച്ചാണ് എനിക്ക് പറയാൻ തോന്നുക. കാണുകയും കൂടുതൽ കാണുകയും ഉപേക്ഷിക്കുകയും ചെയ്യാൻ തർകോവ്സ്കി എന്നെ പ്രേരിപ്പിക്കുന്നു. ഐവാൻസ് ചൈൽഡ്ഹുഡും(Ivan's childhood), മിററും (The Mirror), സാക്രിഫൈസും (sacrifies) ആവർത്തിച്ചുകണ്ടത് സിനിമാ പഠനകാലത്താണ്.

ഉടലിനെ മഞ്ഞുമൂടിയ വായനക്കാലത്തെ ചലിപ്പിച്ചത്, സിനിമകൾ തന്നെയായിരുന്നു. എന്റെ വരികളിലൊക്കെ തർകോവ്സ്കിയുടെ ആന്തരികസ്പർശം എവിടെയോ ഉണ്ടായിരുന്നു. ഇന്നുമുണ്ട്. കവിതയുടെ കുരിശ് മുതുകിൽ ചുമക്കുമ്പോൾ ഏറ്റം ആനന്ദത്തോടെ ഞാനറിഞ്ഞ തർകോവ്സ്കി ചിത്രങ്ങൾ കൂടെ വരുന്നു.




ഐവാൻസ് ചൈൽഡ്ഹുഡ് പോസ്റ്റർ



ഇംഗ്മാർ ബർഗ്മാൻ



**ശലഭജന്മങ്ങളാകുന്ന എന്റെ സ്വപ്നങ്ങളിൽ എങ്ങനെയാണോ മാർകേസും മയകോവ്സ്കിയും ആശാനും ഇടശ്ശേരിയും നികോലാസ് ഗിയനും നെരൂദയും ഗുലാം അലിയും നയ്യാനൂറും ചുള്ളിക്കാടും എന്നെ ചേർത്തുനിർത്തിയത്, അതേ അടുപ്പത്തിൽ, അതേ അകലത്തിൽ, ലൂയിബുനുലിന്റെ ഭ്രമാത്മകസ്വപ്നങ്ങളും ഫെല്ലിനിയുടെ വിചിത്രഭാവനകളും പസോളിനിയുടെ കവിതകളും ഋത്വിക് ഘട്ടക്കിന്റെ നിശബ്ദതകളും എന്നോടൊപ്പം നിലനില്ക്കുന്നു.**



ഉടൽ മുഴുവൻ പ്രണയത്തിന്റെ മുൾകുരിശുകൾ തറഞ്ഞു കയറിയ വായനകൾക്കൊപ്പം, മരംപൊഴിക്കുന്ന പൂക്കൾക്കു മേൽ മനുഷ്യന്റെ സ്വപ്നം. ചിത്രശലഭങ്ങളുടെ മേൽ മനുഷ്യന്റെ സ്വപ്നം. ശലഭജന്മങ്ങളാകുന്ന എന്റെ സ്വപ്നങ്ങളിൽ എങ്ങനെയാണോ മാർകേസും മയകോവ്സ്കിയും ആശാനും ഇടശ്ശേരിയും നികോലാസ് ഗിയനും നെരൂദയും ഗുലാം അലിയും നയ്യാനൂറും ചുള്ളിക്കാടും എന്നെ ചേർത്തുനിർത്തിയത്, അതേ അടുപ്പത്തിൽ, അതേ അകലത്തിൽ, ലൂയിബുനുലിന്റെ ഭ്രമാത്മകസ്വപ്നങ്ങളും ഫെല്ലിനിയുടെ വിചിത്രഭാവനകളും പസോളിനിയുടെ കവിതകളും ഋത്വിക് ഘട്ടക്കിന്റെ നിശബ്ദതകളും എന്നോടൊപ്പം നിലനില്ക്കുന്നു.

'മനുഷ്യനെ നിരായുധനാക്കുന്നതെന്ത്?' എന്ന ചോദ്യത്തിന് ഒരു പക്ഷെ, എന്റെ ഉത്തരങ്ങൾ ഈ സിനിമകൾ തന്നെയാവാം. പക്ഷെ, ഈ സിനിമകൾ ഞാൻ കാണുകയല്ല; ഈ സിനിമകൾ എന്നെ കാണുകയായിരിക്കണം. ചലച്ചിത്ര അക്കാദമിയിലെയും പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെയും തണുത്ത പ്രകൃതിയോടൊപ്പം സിനിമ അറിഞ്ഞ കാലങ്ങളിൽ ഈ ഏകാകികൾ എന്റെ ചെവിയിൽ ഒച്ചവെച്ചു. വ്യാകരണനിയമങ്ങളില്ലാത്ത വായനയും സിനിമ കാണലും കവിതയാണെന്നു തിരിച്ചറിയാതെ ഒരുപാടു വരികളെന്നെക്കൊണ്ട് ഒരുപാട് എഴുതിച്ചു. എന്റെ കവിതകൾക്ക് കാണാനാവുന്ന ഒരടരു കൂടി കൈവന്നത് സിനിമയുമായുള്ള എന്റെ രഹസ്യപ്രണയം കൊണ്ടാണ്. ഇനിയും ഒരുപാട് എഴുത്തുകാരും സിനിമകളും ജീവിതവും പറയാനുണ്ട്. ചിലത് ഏറ്റവും പുതിയ പുസ്തകമായ 'ഇലകൾ ഉമ്മ വക്കും വിധം' എന്ന പുസ്തകത്തിലൂടെ പറഞ്ഞിട്ടുണ്ട്.

ഫോട്ടോസ്: നവിൻകൃഷ്ണ

ഗിരിജാ വാര്യർ | കവിത






# പൂവിളി

ഓണനിലാവിലൊളിക്കും കാശി-
ത്തുമ്പേ, തെറ്റീ, മുക്കുറ്റീ...
അത്തം വന്നതറിഞ്ഞീലേ പൂ-
ക്കൊട്ട നിറയ്ക്കാൻ പോന്നോളൂ!

വേലിയിറമ്പത്തെ കൃഷ്ണക്കിരീടത്തിൽ
താളം തുള്ളുന്നു പൊൻവെയിലും;
കാക്കപ്പൂവിനു സദ്യ വിളമ്പാൻ
കാത്തിരുന്നീടുമിളങ്കാറ്റും.

ശംഖുപുഷ്പത്തിന്റെ തോളിൽ ചാഞ്ഞു
കിന്നാരം ചൊല്ലുന്നു ചെമ്പരത്തി;
നാളത്തെ പൂക്കളച്ചേലിൽച്ചേരാം
മിന്നുന്നൊരോണക്കിനാവായീ!

കണ്ണാന്തളിക്കെന്തേ നാണം? ചൊല്ലൂ,
കണ്ണിലെ കൃഷ്ണമണിപോലെ;
നിന്നെയെതിരേൽക്കാൻ നിൽപ്പൂ ചാരേ,
ചെണ്ടുമല്ലിപ്പൂക്കൾ നീളേ.

മഞ്ഞപ്പുടവ ഞൊറിഞ്ഞൂ മേലേ
കിങ്ങിണിച്ചേലുകൾ തീർത്തൂ
മുറ്റത്തഴകു പടർത്തീ പൊന്നിൻ
പത്തരമാറ്റു കോളാമ്പി.

നിത്യകല്യാണി ചിരിച്ചൂ, ദൂരെ
സ്വസ്ഥമായ് നിൽക്കുമിവളേ
നിത്യവും കാണുന്നതല്ലേ കുഞ്ഞേ
ചിത്തത്തിലെന്നെയും ചേർക്കൂ.

കുഞ്ഞിന്റെ ചുണ്ടിലൊരീണം
പൊന്നിൻ ചിങ്ങനിലാവുപോൽ പൂത്തൂ
ഉള്ളം തെളിഞ്ഞവൾ പാടീ, കണ്ണി-
ലോണപ്പൂച്ചന്തങ്ങൾ തിങ്ങീ.

പൂവേ പൊലി പൂവേ പൊലി പൂവേ...


Surya

# ഓണത്തിന്റെ പ്രതിഭാവം

**പദ്മദാസ്**

ലേഖനം





"നീലവാനിനു താഴേ പച്ചനാക്കില വെച്ച
പോലൊരു നാടുണ്ടെൻ കണ്ണെപ്പോഴുമോടും ദിക്കിൽ"

'മഴുവിന്റെ കഥ' യിൽ ബാലാമണിയമ്മ വരച്ചിട്ട കേരളം. പുതുസമൂഹത്തിന്റെ ഭാവന അതിനെ സമുദ്രതീരത്തെ പച്ചക്കയ്പ്പക്കയോടാണുപമിച്ചത്!

-സമാധാനം! ആ പച്ചപ്പെങ്കിലും പുതുഭാവനയിലും നിലനിർത്തിയല്ലോ. -

കേരളീയർക്ക് തനതെന്നവകാശപ്പെട്ട് ആഘോഷിക്കാനാവുന്ന ഉത്സവമാണ് തിരുവോണം. എല്ലാ മലയാളമാസങ്ങളിലും ഉത്രാടത്തിനും അവിട്ടത്തിനുമിടയിൽ തിരുവോണമുണ്ടെങ്കിലും മലയാളി നെഞ്ചേറ്റുന്ന 'തിരു-ഓണം', കാറൊഴിഞ്ഞ്, തുമ്പയും മുക്കുറ്റിയും നിന്നു ചിരിയ്ക്കുന്ന ചിങ്ങമാസത്തിലെ തിരുവോണം ഒന്നു മാത്രം.

-"ആരുടെ ചവിട്ടടികൾ ചൂടിയെൻ മണ്ണിന്റെ രോമകൂപങ്ങളിൽ മുക്കുറ്റി വിരിയുന്നു" എന്ന്, അതിനെയും ചിങ്ങത്തിന്റെ ജൈവികതയുടെ ബലിസ്പർശമുള്ളതാക്കി കവി സച്ചിദാനന്ദൻ! -



ഒരു പക്ഷേ, കവികളായിരിക്കും ഓണത്തെ മലയാളി മനസ്സിൽ ശാശ്വതമായി അടയാളപ്പെടുത്തിയത്. ഓണവർണ്ണനകൾക്കപ്പുറം, വിശിഷ്ടരായ ചില കവികൾ ഓണത്തിന്റെ രാഷ്ട്രീയമോ പ്രതിഭാവമോ കൂടി കാണിച്ചു തന്നതിനെ, ആ കവിതകളിലൂടെത്തന്നെ നമുക്കൊന്നു പരിശോധിച്ചു നോക്കാം.

കളവ് ലവലേശമില്ലാതെ, സത്യവും സമ്പൽസമൃദ്ധിയും വാണിരുന്ന ഒരു നാട്. നീതിമാനായ ഭരണാധികാരി. പറഞ്ഞ വാക്കിന്റെ ഉറപ്പ് ഒന്നിനു വേണ്ടി മാത്രം, ചതിയുമായെത്തിയ വാമനത്വത്തോട് യഥേഷ്ടം അളന്നെടുത്തു കൊള്ളാൻ പറഞ്ഞ് നാടുവാഴി പാതാളത്തിലേയ്ക്കു പിന്മാറിയ നാട്. ബാലാമണിയമ്മ പറയുന്ന ആ 'ബലവദ്വിനയം' കവിതയല്ലെങ്കിൽ പിന്നെ എന്താണ്? ചരിത്രം സ്വർണ്ണമുദ്രാങ്കിതമാക്കിയ ആ വലിയ കവിതയുടെ സ്രഷ്ടാവിനെയാണ് നാം ചിങ്ങത്തിൽ മുറ്റങ്ങൾ തോറും പൂവിട്ടു വരവേൽക്കുന്നത്. ലോകത്തെവിടെയെങ്കിലുമുണ്ടാകുമോ, നിഷ്ക്കാസിതനായ ഒരു ഭരണാധികാരിയെ, അദ്ദേഹത്തിന്റെ പ്രജാക്ഷേമതല്പരതയെ മാത്രം മുൻനിർത്തി, ആബാലവൃദ്ധം ജനങ്ങൾ, പത്തു ദിവസം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളോടെ വരവേൽക്കുന്ന സ്നേഹസമന്വിതമായ ഒരു പൊതുജന ആഘോഷം?

ബലി പരാജിതനായ രാജാവോ വിജയിയായ രാജാവോ? 'മാനുഷരെല്ലാരും ഒന്നു പോലെ' കഴിയുന്ന അവസ്ഥയിൽ തന്റെ രാജ്യത്തെയെത്തിച്ച ഭരണനൈപുണ്യമുള്ള നീതിയുക്തനായ ഒരു ഭരണാധികാരി വെറുതെയങ്ങൊഴിഞ്ഞു കൊടുത്തതാണോ തന്റെ രാജ്യം, വെറുമൊരു വാമനത്വത്തിനു മുന്നിൽ? അവതാരലക്ഷ്യസാക്ഷാത്ക്കാരം, അഹന്താശമനം, സുരാസുരവൈരം എന്നിവ അടിയൊഴുക്കായി നിൽക്കുമ്പോഴും അതിൽപ്പരം ചിലതില്ലേ മഹാബലിയുടെ മിത്തിൽ? നമ്മുടെ കവികൾ എന്തു പറയുന്നെന്നു നോക്കാം.

മഹാബലിയുടെ രാജ്യപരിത്യാഗസന്നദ്ധത, വാമനനോടുള്ള വാഗ്ദാനപാലനമെന്നതിലുപരി, അദ്ദേഹത്തിന്റെ ബലം തന്നെയായിരുന്നു എന്ന് ബാലാമണിയമ്മ പറയുന്നത്, പരശുരാമന്റെ മഴു കേരളോല്പത്തി ചെയ്ത കഥയെ പുനർനിർവ്വചിച്ച 'ഒരു മഴുവിന്റെ കഥ' എന്ന കവിതയിലാണ്. ഇങ്ങനെയാണാ വരികൾ:

"എങ്കിലുമാശ്വാസമുണ്ടെൻ നാടിച്ചമയുന്ന-
തെൻ പൗരർ മോദിപ്പ,തിസ്സാഹസികനായല്ല,
മുറ്റുമീറയാൽ ചെയ്ത തെറ്റുകളെണ്ണിശ്ശാന്തി-
യറ്റു നാൾ പോക്കുന്നൊരിപ്പടയാളിയ്ക്കായല്ല;
തലയിൽച്ചവിട്ടുന്ന കാലി,ലീശനെക്കണ്ട
ബലവദ്വിനയത്തിൻ സൗമ്യമൂർത്തിക്കായല്ലോ!"



**ക്ഷാത്രവീര്യത്തിന്റെ പ്രതികാര വിക്രമങ്ങൾ ജനപാലനത്തിന്റെ വിനയത്തിനു മുന്നിൽ മുട്ടുമടക്കുന്ന മലയാളത്തിന്റെ ഒരേ ഒരു കഥ!**

മാതൃഹന്താവായ, ക്ഷത്രിയവംശനിർമ്മാർജ്ജകനായ പരശുരാമനല്ല, ത്യാജബുദ്ധിയായ മഹാബലിയെന്ന അസുരരാജാവാണ് ഞങ്ങളുടെ ആദർശപുരുഷൻ എന്നു പറയുന്ന ഒരു കേരളജനതയെ ആണ് ബാലാമണിയമ്മ 'മഴുവിന്റെ കഥ' യ്ക്കൊടുവിൽ നമുക്കു കാണിച്ചുതരുന്നത്. ശൂരത്വമാർന്ന പരശുരാമന്റെ ബ്രാഹ്മണഹത്യയെ മുൻനിർത്തി, വിനയമെന്ന വികാരത്താൽ കാൽച്ചവിട്ടേൽക്കുന്ന ബലിയുടെ ഒരു ആദർശമാതൃക വ്യത്യസ്തമായ രണ്ടു പുരാണകഥകളിൽ നിന്ന്, 'അയിരിൽ നിന്നു ലോഹ' മെന്ന പോലെ വേർതിരിച്ചെടുക്കുന്നു, ആദർശവതിയായ ബാലാമണിയമ്മയെന്ന ഗ്രാമീണകവി! ക്ഷാത്രവീര്യത്തിന്റെ പ്രതികാരവിക്രമങ്ങൾ ജനപാലനത്തിന്റെ വിനയത്തിനു മുന്നിൽ മുട്ടുമടക്കുന്ന മലയാളത്തിന്റെ ഒരേ ഒരു കഥയാണ് 'മഴുവിന്റെ കഥ'!

ക്രൗര്യം വിതച്ച തന്റെ കർമ്മവിപാകത്താൽ പിഴ പറ്റിയവന്റെയും, പ്രജാപാലനത്താലും രാജ്യസംത്യാഗത്താലും പിഴ പറ്റാത്തവന്റെയും, രണ്ട് അവതാര ചെയ്തികളെ അടുത്തടുത്തു വെച്ചു തന്നുകൊണ്ട് (Juxtaposing) ഇതിലാരെ വേണം നിങ്ങൾക്കെന്ന് കേരളീയരോടു ചോദിക്കുക മാത്രമല്ല ബാലാമണിയമ്മ ചെയ്യുന്നത്, ഇനി പറയുന്ന വരികളാൽ വരേണ്യതയുടെ അനഭിലഷണീയതയെ ശരിവെയ്ക്കുക കൂടിയാണ്.

"ഓർത്തു പോകുന്നേൻ, പിഴയതിലും പറ്റീ; ബ്രാഹ്മ,-
ക്ഷാത്രശക്തികൾ ചേർന്നാലസ്വാസ്ഥ്യമല്ലാതുണ്ടോ?"

പശ്ചാത്താപവിവശനായ പരശുരാമന്റെ ആത്മവിചാരണയായാണ് ഈ വരികൾ അവതരിപ്പിക്കപ്പെടുന്നതെങ്കിലും, അതിൽ കവിയുടെ ജനപക്ഷം തന്നെയല്ലേ വെളിപ്പെടുന്നത്?

**ഇതുപോലെതന്നെയാണ്, കളവിനും വഞ്ചനയ്ക്കും ബലിയെന്ന ചക്രവർത്തിയുടെ ആദർശസീമകളിൽ കാലു വെയ്ക്കാൻ പോലുമാവില്ലെന്നു പറഞ്ഞു കൊണ്ടാണ്, അക്കിത്തം തന്റെ ആദർശപുരുഷത്വത്തിന്റെ തുംഗശൃംഗത്തിൽ മഹാബലിയെ, കയറ്റി വെയ്ക്കുന്നത്:**



"ആവില്ലാ കള്ളത്തിനും പൊളിക്കും ചതിക്കും നി-
ന്നാദർശസീമയ്ക്കുള്ളിൽ ചവിട്ടാനിന്നും സ്വാമിൻ" എന്നാണ്, 'ബലിദർശന'ത്തിലെ അക്കിത്തത്തിന്റെ വാക്കുകൾ!

ഓണത്തിനു മാവേലിയുടെ വേഷം കെട്ടാൻ നമുക്ക് ഒരു കുടവയറൻ തന്നെ വേണം എന്ന ബാലിശമായ ചിന്ത കൈവിടാത്തവരാണിന്നും മലയാളികൾ. ഓലക്കുട ചൂടി വരുന്ന, കുടവയറുള്ള മാവേലിയുടെ വരഞ്ഞു പതിഞ്ഞ രൂപത്തെ, ബലിഷ്ഠമായ വരികൾ കൊണ്ടു പകരം വെച്ച്, ആജാനുബാഹുവായ മഹാബലിയെ പൗരുഷമൂർത്തിയാക്കുന്നു അക്കിത്തം തന്റെ 'ബലിദർശന'ത്തിൽ; ഇങ്ങനെ:

"മാറത്തുണ്ടിരുമ്പിന്റെ ധീരത, വാടാമലർ -
മാലയും; തിളങ്ങും തോൾവളകൾക്കുമേൽ കാണ്മേൻ
അമ്പൊടുങ്ങീടാത്തൂണീരങ്ങൾ തൻ ഭാരം, കാതി-
ലാടിടും മകരകുണ്ഡലകാന്തിതൻ പിന്നിൽ
കൈയിൽപ്പൊൻപിടിവില്ലും ശംഖവും വാളും ചേർന്ന
മെയ്യഴകിദ്ദോർവീര്യമെന്നുള്ളിൽത്തറയ്ക്കുമ്പോൾ..."

ധീരതയും പൗരുഷവുമാർന്ന ആദർശമാതൃകയ്ക്ക് കടൽ കടന്നു പോകേണ്ടതില്ലെന്നു പറയുന്നു അക്കിത്തം, 'ബലിസ്മരണ' യിൽ.



'ഓണപ്പാട്ടുകാർ' എന്ന കവിതയിൽ, വൈലോപ്പിള്ളി അചഞ്ചലനും കർമ്മധീരനും വാഗ്ദാനപാലകനുമായ ബലിയെ ഇങ്ങനെ അവതരിപ്പിക്കുന്നു:

"കാണുക, ദേവകൾ തൻ പരിഹാസം
പോലെ നിലാവൊളി ചിന്നിയ
പാരിൻ സാനുതലങ്ങളിലൂടെ നിവർന്നു
നടന്നു വരുന്നൊരു തേജോരൂപം!"

ചവിട്ടിതാഴ്ത്തപ്പെട്ട രാജാവല്ല; പ്രജാക്ഷേമം മുറുകെപ്പിടിച്ച ഒരു ഭരണാധികാരിയാണ് വൈലോപ്പിള്ളിയുടെ കവിതയിൽ നെഞ്ചുവിരിച്ച് ഭൂമിയുടെ അതിർത്തിയിൽ നിന്ന് നിവർന്നു നടന്നു വരുന്നത്. ഒരുപക്ഷേ ചവിട്ടിത്താഴ്ത്തിയ അവതാരപുരുഷനോടല്ല; വാഗ്ദാനപാലനത്തിന്നായി സ്വയം പിൻവാങ്ങി താഴ്ന്നു പോയവനോടാണ് ഇവിടെയും കവിക്ക് മതിപ്പ്

"ധരയുടെ ശിരസി ലസിച്ചു നരപോൽ
ദേവപുരോഹിത ദുഷ്പ്രഭുവർഗ്ഗം" എന്ന വരികളിലും തന്റെ കൂറ് ആരോടെന്ന് കവി തുറന്നു പറയുന്നു.

"ഇവയിലുമേറെ യഥാർത്ഥം ഞങ്ങടെ
ഹൃദയനിമന്ത്രിത സുന്ദരതത്ത്വം" എന്ന ആത്മവിശ്വാസത്താൽ കൂടി നീതനായ കവിയായിരുന്നല്ലോ വൈലോപ്പിള്ളി. അന്തരാത്മാവ് നിമന്ത്രിക്കുന്ന സത്യധർമ്മാദികൾ ഉച്ചൈസ്തരം ഘോഷിക്കുന്നതിൽ ഇടശ്ശേരിയും വൈലോപ്പിള്ളിയ്ക്ക് ഒപ്പം തന്നെയുണ്ടായിരുന്നു, കവിതയിൽ, ബലിഷ്ഠമായ തന്റെ വാക്കുകളോടെ.



"വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം.
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം."

**എന്നു പറഞ്ഞു കൊണ്ടാണ്, നീതിമാനായ ഇടശ്ശേരിയും ഇവർക്കൊപ്പം കൂടിയത്.**

'മാതൃഹന്താവിൻ മഴു' പേറുന്ന ശൂരനു വേണ്ടിയല്ല; 'തലയിൽച്ചവിട്ടുന്ന കാലിലീശനെക്കണ്ട//ബലവദ്വിനയത്തിൻ സൗമ്യമൂർത്തി' യായ, കാൽ വെയ്ക്കാൻ തല കുനിച്ചു കൊടുത്ത, നീതിമാനും, വിനയവാനുമായ മഹാബലി എന്ന സൗമ്യോദാരനായാണ്, നാം ശ്രാവണമാസത്തിലെ തിരുവോണത്തിനു കാത്തുനിൽക്കുന്നതെന്ന് നിസ്സംശയം 'മഴുവിന്റെ കഥ'യിൽ വിളിച്ചോതിക്കൊണ്ട്, ബാലാമണിയമ്മ തന്റെ ആദർശപുരുഷനെ കവിതയിൽ അടയാളപ്പെടുത്തുന്നു!

ലേഖനം

## ഓണമോർമ്മയിൽ ഒരു അമ്മയോർമ്മ

സി. എ. കൃഷ്ണൻ

# നിറം മങ്ങിയ ഓണക്കോടികൾ



ഓണക്കോടിയെക്കുറിച്ചോർക്കുമ്പോൾ ആദ്യം കണ്ണിൽ കടന്നു വരിക ആ മുണ്ടുംപെട്ടിയാണ്! അമ്മയുടെ മുണ്ടുംപെട്ടി!

ഞാൻ അത് ഇന്നും അമൂല്യ വസ്തുവായി ഇവിടെ എന്റെ അകായിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഒരാൾക്ക് എടുത്ത് മാറ്റാൻ മാത്രം വലിപ്പമുള്ള ഒരു മരപ്പെട്ടിയാണത്. ഒരു വീട്ടിലേക്കുള്ള വസ്ത്രങ്ങൾ മുഴുവൻ സൂക്ഷിച്ച പെട്ടി. ഒരു തലമുറയുടെ മുഴുവൻ സംരക്ഷണപ്പെട്ടി!

അമ്മയായിരുന്നു സൂക്ഷിപ്പുകാരി. ആഘോഷവേളകളിലും വല്ലേടത്തും വിരുന്നു പോകുമ്പോഴും ഉടുക്കാനുള്ള തുണികൾ സൂക്ഷിക്കാനുള്ളതാണത്. കുട്ടികളുടെ കുപ്പായം, അച്ഛന്റെ മുണ്ട്, അമ്മയുടെ സെറ്റുമുണ്ട്. അത്രയുമായാൽ ഒരു വീട്ടിലെ അന്നത്തെ വസ്ത്രശേഖരമായി. കൈത പൂത്തപ്പോൾ ആരോ കൊണ്ടുകൊടുത്ത രണ്ട് കഷണം കൈതപ്പൂവാണ് ആ പെട്ടിയിലെ സുഗന്ധവാഹിനി. പിന്നെ ഒരു പാറ്റഗുളികയും.

അതിന്റെ മണം ആസ്വദിക്കാൻ പെട്ടി തുറക്കുന്നതും കാത്ത് കാവൽ നിന്നിട്ടുണ്ട്. തലയിൽ തൊട്ടു പുരട്ടുന്ന ഒരു ചില്ലുകുപ്പിയിലെ ചുവന്ന സെന്റ്, ഇത്തിരി കുങ്കുമവുമായി ഒരു കുങ്കുമച്ചെപ്പ്, കമലവിലാസിന്റെ ചാന്തുകുപ്പി, മുഖത്തിടാനുള്ള കുട്ടിക്കൂറയുടെ ചെറിയൊരു പൗഡർ ഡെപ്പി, വിശേഷങ്ങൾക്ക് മാത്രം പുറത്തെടുക്കാനുള്ള ചന്ദ്രിക സോപ്പ്, പെൺകുട്ടികളെ അണിയിക്കാൻ മാറ്റിവെച്ച റബ്ബർവളകൾ, കുപ്പിവളകൾ, റിബ്ബൺ.

പിന്നെ എപ്പോഴോ എവിടെനിന്നോ കിട്ടിയ മുഷിഞ്ഞ കുറച്ച് നോട്ടുകളുടേയും ചില്ലറത്തുട്ടുകളുടേയും സമ്പാദ്യം. ഈ അമൂല്യ സമ്പാദ്യങ്ങളുടെയെല്ലാം കലവറയും സൂക്ഷിപ്പു കേന്ദ്രവും ആ മുണ്ടുംപെട്ടിയായിരുന്നു!

തുണികളൊന്നും ഇസ്തിരിയിടുന്ന സൂത്രം അന്നില്ല. തുണി കീറിയാൽ അത് പല തവണ തുന്നിച്ചേർക്കും. അതിനുള്ള സൂചിയും നൂലും പ്രത്യേകം കരുതിവെച്ചിരിക്കും. കലണ്ടർഷീറ്റാണ് സൂചി കുത്തിവെക്കാനുള്ള സ്ഥലം! ചില രാഷ്ട്രീയനേതാക്കളുമൊക്കെ കീറിത്തുന്നിയ കുപ്പായവുമണിഞ്ഞ് നടന്ന കാലം എന്റെ ഓർമ്മയിലുണ്ട്. എന്നാൽ, ഞങ്ങളുടെ അമ്മമാരും സഹോദരങ്ങളും അവരുടെ കീറിയ ഉടുവസ്ത്രങ്ങൾ കൂട്ടിത്തുന്നിയതിന്റെ ചന്തം മറ്റൊന്നായിരുന്നു!

കാരമാണ് അന്നത്തെ തുണി അലക്കാനുള്ള ഇന്ധനം. ഇത്തിരികൂടി നിലവാരം കൂടിയപ്പോൾ, ഇയ്യപ്പൻ കമ്പനിയുടെ സി. പി. ബാർസോപ്പും 501 ബാർ സോപ്പുമായി ഉയർന്നു.

അമ്മയാണ് അന്നത്തെ അലക്കുയന്ത്രം; അലക്കുകല്ലിലാണ് തല്ലിത്തിരുമ്മൽ! ഇത്തിരി കഞ്ഞിവെള്ളത്തിൽ, കുരുവി മാർക്ക് നീലം കലക്കിയത് പിഴിഞ്ഞാൽ വസ്ത്രത്തിന് പകിട്ടേറും.

ഇടക്കാലത്തൊരിക്കൽ റീഗൽ തുള്ളിനീലത്തിന്റെ പരസ്യമെത്തി. 'തുള്ളിനീലം, ഹായ് തുള്ളിനീലം...' റീഗലിന്റെ ഈ പരസ്യം നീട്ടിപ്പാടിയാണ്, ആദ്യമായി ഓൾ ഇന്ത്യ റേഡിയോവിൽ പരസ്യം പ്രത്യക്ഷപ്പെടുന്നത്!

ടിനോപാൽ എന്നൊരു പൊടിയും ഓർമ്മയുണ്ട്. വെള്ള വസ്ത്രത്തിന് വെൺമ കൊടുക്കുന്ന സൂത്രമായിരുന്നു അത്! അരിയന്നൂരിൽ നിന്ന് ബോംബെക്കു പോയ രാമചന്ദ്രനാണ് പിന്നീട് ഈ മേഖലയിലേക്ക് തന്റെ ഉജാലയെ കൊണ്ടുവന്ന് കയ്യടക്കിയത്. കുട്ടിശ്ശങ്കരമേനോൻ അന്ന് ഉജാലക്ക് വേണ്ടി ആളുകളെക്കൊണ്ട് കവിതകളെഴുതിച്ച് അത് പരസ്യങ്ങളാക്കിയതും മറക്കാനാവില്ല.

അന്ന് സ്കൂളുകളിലൊന്നും യൂണിഫോമില്ല. ഓണത്തിനെടുത്ത പുതിയ കുപ്പായമിട്ട് ഓണാവധി കഴിഞ്ഞ് ആദ്യം സ്കൂളിൽ പോകുന്നതൊരു ഗമയായിരുന്നു. കോടിയുടുത്തു വരുന്ന കൂട്ടുകാർക്കൊക്കെ ഞങ്ങൾ 'കോടിപ്പിച്ചു' കൊടുത്ത് ഇഷ്ടം കാട്ടി!

ഒരു ഫുൾകൈ ഷർട്ടിനു വേണ്ടി, രണ്ട് പോക്കറ്റുള്ള കുപ്പായത്തിനു വേണ്ടി ഒക്കെ വാശി പിടിച്ച കാലമാണത്. ഇന്നത്തെ കുട്ടികൾ ലോകാരാധ്യരായ ഫുട്ബോൾ, ക്രിക്കറ്റ് താരങ്ങളെയൊക്കെ വർണ്ണക്കുപ്പായങ്ങളിൽ നെഞ്ചിലേറ്റി അഭിരമിക്കുന്നത് കാണുമ്പോൾ അവരോട് അസൂയ തോന്നാറുണ്ട്. കോൺഗ്രസ്സുകാർ അന്നൊക്കെ ഓണത്തിനു മുമ്പ് വലിയ തുണിക്കെട്ടും ചുമലിലേറ്റി ഖദർ വിൽപ്പനക്ക് വീട്ടിൽ വന്നത് ഓർമ്മയുണ്ട്. സ്വാതന്ത്ര്യസമരക്കാലത്തെ വിദേശവസ്ത്ര ബഹിഷ്കരണത്തിന്റെ ഓർമ്മ പുതുക്കലായിരുന്നു അത്.



ഒരു തലമുറയുടെ മുഴുവൻ സംരക്ഷണപ്പെട്ടി! അമ്മയായിരുന്നു സൂക്ഷിപ്പുകാരി. ആഘോഷവേളകളിലും വല്ലേടത്തും വിരുന്നു പോകുമ്പോഴും ഉടുക്കാനുള്ള തുണികൾ സൂക്ഷിക്കാനുള്ളതാണത്. കുട്ടികളുടെ കുപ്പായം, അച്ഛന്റെ മുണ്ട്, അമ്മയുടെ സെറ്റുമുണ്ട്. അത്രയുമായാൽ ഒരു വീട്ടിലെ അന്നത്തെ വസ്ത്രശേഖരമായി.

ഓണം 2025

മുതിർന്ന പത്രപ്രവർത്തകൻ സി. എ. കൃഷ്ണൻ, ചെറുപ്പകാലത്തെ തന്റെ ഓണകാലത്തെ അമ്മ ഓർമ്മകൾ പ്രതിഭാവത്തിനോടു പങ്കുവെയ്ക്കുന്നു.



കാർത്ത്യായനിയമ്മ: ലേഖകന്റെ അമ്മ

തത്തമംഗലത്തു നിന്ന് ചെട്ട്യാന്മാരും ദേശമംഗലത്തു നിന്ന് വാണിയന്മാരും തുണിയുമായി വീടുകൾ കയറിയിറങ്ങി. അന്ന് കുത്താമ്പുള്ളിയുടെ ശുക്രൻ ഉദിച്ചിരുന്നില്ല. ഇപ്പോൾ തൃശ്ശൂർക്കാർക്കിടയിൽ കല്യാൺ, ജയലക്ഷ്മി, പുളിമൂട്ടിൽ പരസ്യങ്ങളുടെ പ്രളയകാലമാണ്. വസ്ത്രക്കാഴ്ചകളുമായി ഓൺലൈൻ യുദ്ധങ്ങൾ നിരവധി വേറെയുണ്ട്!

തൃശ്ശൂരിൽ ചാക്കോളയും ഫാഷനും എലൈറ്റുമൊക്കെയാണ് ഈ രംഗത്ത് ആദ്യകാലത്ത് തരംഗമുണ്ടാക്കിയത്. ഞങ്ങൾ ആണുങ്ങൾക്കായി മൊയ്തീൻഷായും! അവരുടെ ചിത്രക്കലണ്ടറുകൾ ചുമരിൽ തൂങ്ങിയാടിയ ഒരു കാലമുണ്ട്. അതിനു മുമ്പ് മണിയനേശന്റെ നെരപ്പലകയിട്ട ഒറ്റ മുറിയിലെ ചില്ലലമാരയിലും മേശപ്പുറത്തുമായിരുന്നു ഞങ്ങളുടെ നാടിന്റെ വസ്ത്രോത്സവം നടന്നത്!

ഇപ്പോൾ, തിരിഞ്ഞു നോക്കുമ്പോൾ എന്നും കോടി ഉടുക്കുന്നവർക്ക് എന്ത് ഓണപ്പുടവ, എന്ത് മുണ്ടുംപെട്ടി? അലക്കിപ്പിഴിഞ്ഞൊരു മല്ലുമുണ്ട് കണ്ട കാലം മറന്നുപോയിരിക്കുന്നു.

എന്റെ ഈ മുണ്ടുംപെട്ടി ഇന്ന്, നികുതിക്കടലാസ്സുകളും ഇലക്ട്രിസിറ്റി ബില്ലുകളും മരുന്നു കുറിപ്പടികളുമൊക്കെ നിക്ഷേപിക്കാനുള്ള സൂക്ഷിപ്പു കേന്ദ്രമാണ്. അവയക്കും വേണമല്ലോ ഒരിടം!

[redacted]



ലേഖകൻ

# വി.ആർ.രാജമോഹൻ

കഥ



പ്രവാസ ജീവിതത്തിന്റെ തിരക്കിനിടയിൽ കൈമോശം വന്ന എഴുത്തിനെ തിരിച്ചുപിടിക്കാൻ രാധാമോഹന് അവസരമൊരുക്കിയത് തലസ്ഥാന നഗരിയിലെ ശതാബ്ദി പിന്നിട്ട പഴയകാല പത്രത്തിന്റെ ഓണപ്പതിപ്പുകളായിരുന്നു. സ്വാതന്ത്ര സമര കാലത്ത് പിറവിയെടുത്ത ആ പ്രസിദ്ധീകരണം വരിക്കാരില്ലാതെ ഏതാണ്ട് നിലച്ച മട്ടിലെത്തിയിരുന്നു. അങ്ങനെയിരിക്കെയാണ് കുടുംബത്തിലെ നാലാം തലമുറയിൽപ്പെട്ട സഹോദരനും സഹോദരിയും ഒരഭിനിവേശത്താൽ സാഹിത്യത്തിന് മുൻതൂക്കം നൽകുന്ന, വർഷത്തിൽ ഒരിക്കൽ മാത്രം പുറത്തിറക്കുന്ന ഓണപ്പതിപ്പ് എന്ന ആശയവുമായി മുന്നോട്ട് വന്നത്.

> **ആ ഒരൊറ്റ കാരണം കൊണ്ടു തന്നെ അയാൾ ആ കത്തിനെ തീർത്തും അവഗണിച്ചു. ഫലം ഉദ്ദേശിച്ചതു തന്നെയായിരുന്നു.**

പത്രാധിപർ ആയിരുന്ന തങ്ങളുടെ മുതുമുത്തച്ഛന്റെ അടുത്ത സുഹൃത്തുക്കളായിരുന്ന സാഹിത്യകാരന്മാരുടെ പിൻതലമുറക്കാർ പലരും സാഹിത്യ രംഗത്തെ സജീവ സാന്നിധ്യങ്ങളാണെന്നുള്ളതിനാൽ സഹോദരങ്ങൾ അമിത പ്രതീക്ഷ വെച്ചു പുലർത്തി. എന്നാലിരുവരേയും പാടെ നിരാശയിലാഴ്ത്തിക്കൊണ്ട് അവരിലൊരാൾ പോലും രചനകൾ നൽകി സഹായിക്കുവാൻ തയ്യാറായില്ല.

അതോടെ മറ്റൊരു പോംവഴിയെന്ന നിലയിൽ അവർ പലവിധ കാരണങ്ങളാൽ എഴുത്ത് നിർത്തിയവരെ തേടിയിറങ്ങാൻ നിർബന്ധിതരാവുകയായിരുന്നു. അങ്ങിനെയാണ് പ്രവാസിയായി മാറിയതോടെ എഴുത്തിന് അവധികൊടുത്ത രാധാമോഹനെ അവർ കണ്ടെത്തുന്നത്. വലിയ പ്രചാരണത്തോടെ ഓണപ്പതിപ്പിൽ അയാളുടെ കഥ പ്രസിദ്ധീകരിക്കപ്പെടുന്നു. എഴുത്തിന്റെ ലോകത്ത് തിരിച്ചെത്തിയ രാധാമോഹൻ വളരെ പെട്ടെന്നാണ് വീണ്ടും ശ്രദ്ധേയനാവുന്നത്.

തുടക്കകാലത്ത് കാൽപ്പനികതയും ഗൃഹാതുരത്വവുമൊക്കെ ആവശ്യത്തിലേറെ കുത്തിനിറച്ച കഥകളായിരുന്നു രാധാമോഹനിൽ നിന്നും പുറത്ത് വന്നത്. കേവലമായ ഭാവനയിൽ പിറന്ന ആ കഥകൾ അത്രകണ്ട് മഹത്തരമാണെന്ന് അയാൾ പോലും അവകാശപ്പെട്ടിരുന്നില്ല. ഓണപ്പതിപ്പിലെ കഥകൾ ശ്രദ്ധിക്കപ്പെടാൻ കാരണമായത് പ്രവാസജീവിതവുമായി ബന്ധപ്പെട്ട നേരനുഭവങ്ങളുടെ ശക്തമായ ആവിഷ്ക്കാരമെന്ന നിലക്കാണ്.

എഴുത്തിനെ കൂടുതൽ ഗൗരവമായി സമീപിക്കുവാൻ അയാൾ ബോധപൂർവ്വം നടത്തിയ പരിശ്രമത്തിന്റെ ഫലമായിരുന്നു അത്. മലയാള സാഹിത്യലോകത്ത് രാധാമോഹനെന്ന പേര് അടയാളപ്പെടുത്തപ്പെട്ടതിന് പിന്നിൽ അത്രമാത്രം അധ്വാനമുണ്ടായിരുന്നു. തന്നെ കൈപിടിച്ചുയർത്തിയ തിരുവനന്തപുരത്തെ പ്രസി ദ്ധീകരണത്തോട് രാധാമോഹന് തീർത്താൽ തീരാത്ത കടപ്പാട് ഉണ്ടായത് അതൊന്നുകൊണ്ട് മാത്രമാണ്. ഇക്കാലമത്രയും തിരുവനന്തപുരത്ത് നിന്നുള്ള ആ പ്രസിദ്ധീകരണത്തിനല്ലാതെ മറ്റാർക്കും വേണ്ടി അയാൾ ഒരു വരിപോലുമെഴുതിയതേയില്ല.

ഇതിനിടയിൽ രാധാമോഹന്റെ കഥകളെ വല്ലാതെയിഷ്ടപ്പെടുന്ന ഒരു വായനാസമൂഹം മലയാളികൾക്കിടയിൽ രൂപപ്പെട്ട കാര്യം മറ്റുപ്രസിദ്ധീകരണങ്ങളുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. എന്ത് വിലകൊടുത്തും രാധാമോഹന്റെ ഒരു കഥ അടുത്ത ഓണപ്പതിപ്പിൽ ഉറപ്പാക്കണമെന്ന് അവർ നിശ്ചയിച്ചുറപ്പിച്ചു. വാർഷികപ്പതിപ്പുകളുടെ ചുമതലക്കാർ ഒളിഞ്ഞും തെളിഞ്ഞും അതിനായി ശ്രമിക്കുന്ന വിവരം അയാളും അറിഞ്ഞു. തിരുവനന്തപുരത്തുകാരെ പിണക്കാതെ മറ്റുള്ളവരുമായി നല്ലൊരു ബന്ധം കാത്ത് സൂക്ഷിക്കണമെന്ന ബുദ്ധിപരമായ ആലോചന അയാളിലുണ്ടായി. ഏതു നിമിഷവും ആ പ്രസിദ്ധീകരണങ്ങളും തന്നെ ബന്ധപ്പെടുമെന്ന് അറിയാവുന്നതിനാൽ അയാൾ അവരുടെ രാഷ്ട്രീയത്തിന് അടിസ്ഥാനമാക്കിയുള്ള രചനകൾക്ക് വേണ്ടിയുള്ള മുന്നൊരുക്കങ്ങൾക്ക് തുടക്കമിട്ടു.

ഈ സമയത്താണ് അടുത്ത തവണ തങ്ങളെ പരിഗണിക്കണമെന്ന് അഭ്യർത്ഥനയുമായി പത്രാധിപന്മാരിലൊരുവൻ രാധാമോഹന് നേരിട്ട് കത്തയക്കുന്നത്. തിരുവനന്തപുരത്തെ പ്രസിദ്ധീകരണത്തിൽ മാത്രമായി എഴുത്ത് തുടരുന്നത് മൂലം അവരുടെ രാഷ്ട്രീയ ലൈൻ പിൻപറ്റുന്നയാൾ എന്ന് ബ്രാൻഡ് ചെയ്യപ്പെടാനിടയുണ്ടെന്ന സ്നേഹബുദ്ധ്യാലുള്ള ഉപദേശവും രാധാമോഹന് നന്നേ സുഖിച്ചു. തന്നെയുമല്ല ആ പ്രസിദ്ധീകരണത്തിന് എത്ര നാൾ ഭാവിയുണ്ടാകുമെന്ന് സംശയിച്ചതിലും അയാൾക്ക് അസ്വാഭാവികത തോന്നിയില്ല. കാരണം ഇതേ ആശങ്കകൾ രാധാമോഹന്റെ മനസ്സിലേക്ക് പലപ്പോഴായി കടന്ന് വന്നിട്ടുള്ളവയായിരുന്നു.

പക്ഷെ രാധാമോഹനെ കുപിതനാക്കിയത് കത്തിനൊടുവിൽ പത്രാധിപരെഴുതിയ അങ്ങേയറ്റം അവഹേളനപരമായ പരാമർശമായിരുന്നു. തങ്ങളുടെ പ്രസിദ്ധീകരണത്തിലേക്ക് ചുവടുമാറ്റുവാൻ തയ്യാറായില്ലെങ്കിൽ പഴയ രചനകളിൽ ആശയചോരണമുണ്ടെന്ന ആക്ഷേപമുന്നയിക്കാൻ മടിക്കില്ലെന്നൊരു ഭീഷണി ആ പത്രാധിപർ തട്ടിവിട്ടിരു ന്നു. അത് അയാളെ സംബന്ധിച്ചിടത്തോളം താങ്ങാനാവുന്നതിനുമപ്പുറമായിരുന്നു.

# ഒരു ചാറ്റ് ജിപിടി ചരമക്കുറിപ്പ്

ആ ഒരൊറ്റ കാരണംകൊണ്ടു തന്നെ അയാൾ ആ കത്തിനെ തീർത്തും അവഗണിച്ചു. ഫലം ഉദ്ദേശിച്ചതു തന്നെയായിരുന്നു. അങ്ങനെയൊരു അപരാധം രാധാമോഹൻ ചെയ്യാനിടയില്ലെന്ന് സാഹിത്യ ലോകം പൊതുവെ വിലയിരുത്തിയെങ്കിൽ തന്നെയും അയാളുടെ സാഹിത്യ ജീവിതത്തിൽ അത് കരിനിഴൽ വീഴ്ത്താതിരുന്നില്ല. നേരനുഭവങ്ങൾ മാത്രമാണ് തന്റെ രചനയുടെ പിന്നിലെന്ന് പൊതുസമൂഹത്തോട് വിളിച്ച് പറയുവാൻ അയാൾക്ക് കഴിഞ്ഞതുമില്ല.

അനിഷ്ട സംഭവങ്ങൾ അരങ്ങേറിയപ്പോഴും താൻ തിരിച്ച് പിടിച്ച എഴുത്തിനെ കൈവിടാൻ രാധാമോഹൻ ഒരുക്കമായിരുന്നില്ല. പക്ഷെ അധികം വൈകാതെ പ്രവാസ ജീവിതമെല്ലാം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങുന്നതാണ് അഭികാമ്യമെന്ന് അയാൾ തീരുമാനമെടുത്തു. അപ്പോൾ മനസ്സിലുണ്ടായിരുന്നതാകട്ടെ, നാട്ടിലെത്തി എല്ലാ പ്രസിദ്ധീകരണങ്ങളേയും ഒരുപോലെ തൃപ്തിപ്പെടുത്തിക്കൊണ്ട്, സാഹിത്യ പ്രവർത്തനത്തെ ഒരു സ്ഥിരം ജോലിയായി സ്വീകരിക്കുകയെന്ന ആഗ്രഹം മാത്രമായിരുന്നു. അതിനായുള്ള കരുതൽ ശേഖരമെന്ന നിലയിൽ നാട്ടിലേക്ക് തിരിക്കും മുമ്പ് ഗൾഫിലെ സാധാരണക്കാരായ തൊഴിലാളികളുടെ ജീവിതാനുഭവങ്ങൾ പരമാവധി ശേഖരിക്കുവാൻ തീരുമാനിച്ചു. അവ രേഖപ്പെടുത്തുവാനായി എല്ലാ ഒഴിവ് ദിവസങ്ങളിലും ഗൾഫിലെ വിവിധ ഭാഗങ്ങളിലേക്ക് യാത്ര പോകുന്നത് പതിവാക്കി.

അങ്ങനെ സ്വരുക്കൂട്ടിയ കാര്യങ്ങൾ പകർത്തിയെഴുതുന്നതിനിടയിലാണ് പൊടുന്നനെ മനസ്സിലൊരു ചിന്ത ഉടലെടുത്തത്, ഒന്നാഞ്ഞ് പിടിച്ചാൽ ഇതിനെയൊരു മനോഹരമായ നോവലാക്കി മാറ്റാനാവുമല്ലോയെന്ന്. നാട്ടിലെ ചെറുപ്പക്കാരായ പല എഴുത്തുകാരും പെട്ടെന്നാണ് നോവലിസ്റ്റുകളായി പരിണമിക്കുന്നത്, ചില കേമന്മാർ അക്കാദമി പുരസ്ക്കാരങ്ങൾ നേടിയെടുക്കുന്നു. ഇത്തരമൊരു അറിവ് രാധാമോഹനെ ആഹ്ളാദിപ്പിക്കുകയായിരുന്നില്ല, മറിച്ച് അതീവ ഖിന്നനാക്കുകയാണുണ്ടായത്.

അതിനേക്കാളൊക്കെ രാധാമോഹന് സഹിക്കാൻ കഴിയാതെ പോയത്, ആ ഗണത്തിൽപ്പെട്ട ഒരുവന്റെ കഥ ന്യൂജെൻ പുതുമുഖ സംവിധായകരിലൊരാൾ സിനിമയാക്കിയെന്നതാണ്. അതറിഞ്ഞ ദിവസം അയാൾ ഭാര്യയോട് പറഞ്ഞു, 'ആ സിനിമക്കെങ്ങാനും ചലച്ചിത്രപുരസ്ക്കാരം ലഭിച്ചാൽ പിന്നെ ഞാൻ ജീവിച്ചിരുന്നിട്ട് കാര്യമില്ല.' അപ്രതീക്ഷിതമായ തിരിച്ചടികൾ സൃഷ്ടിച്ച നിലനിൽപ്പിനായുള്ള പൊരുതലാണോ വിചിത്രമായ മാനസികാവസ്ഥയിലേക്ക് രാധാമോഹനെ കൊണ്ടുചെന്നെത്തിച്ചതെന്ന് ന്യായമായും സംശയിക്കാം.



എന്നിരുന്നാലും മൂന്ന് പതിറ്റാണ്ടിലേറെ മണലാരണ്യത്തിൽ പണിയെടുത്തുണ്ടാക്കിയ സമ്പാദ്യം കൊണ്ട് നാട്ടിൽ പണിത വീട്ടിൽ മനഃസമാധാനമായി താമസിക്കാൻ നോക്കാതെ ആത്മഹത്യയെ കുറിച്ച് ചിന്തിക്കുന്ന ഭർത്താവിനെ കുറിച്ചോർത്ത അവരുടെ മനസ്സിൽ ദുഃഖത്തിന് പകരം അമർഷമാണ് ആദ്യം ഉണ്ടായത്.

നല്ല ചിന്തകളാൽ സമൃദ്ധമായിരുന്ന ഭർത്താവിൽ പൊടുന്നനെയുള്ള മാറ്റത്തിൽ രാധാമോഹന്റെ ഭാര്യയും സങ്കടത്തിലായി. ആ സങ്കുചിതത്വ മനോഭാവം അവർക്ക് ഉൾക്കൊള്ളാനേ കഴിഞ്ഞില്ല. അത് എന്തുകൊണ്ടായിരിക്കുമെന്ന് ആലോചിക്കവെ, പണ്ട് ഓണപ്പതിപ്പിൽ കഥകൾ പ്രസിദ്ധീകരിച്ച് വന്നിരുന്ന പഴയ നാളുകളിലെ സന്തോഷം അവരോർത്തു പോയി. അന്നെല്ലാം നാട്ടിലേക്ക് ഫോൺ വിളിച്ച് ബന്ധുക്കളോടും സുഹൃത്തുക്കളോടും അത് വാങ്ങി വായിക്കണമെന്ന് ആവശ്യപ്പെട്ടതൊക്കെ അവരുടെ മനസ്സിലേക്ക് ഓടിയെത്തി. നാട്ടിലെത്തിയാലുടൻ ഏതുവിധേനയും ഭർത്താവിനെ പ്രബുദ്ധീകരിക്കാതെ വയ്യെന്ന് അവർ ഉറപ്പിച്ചു. അതിനായി എന്തൊക്കെ ചെയ്യാനാകുമെന്ന അന്വേഷണം പുരോഗമിക്കുന്നതിനിടയിലാണ് അശനിപാതമെന്നോണം നിർമ്മിത ബുദ്ധിയുടെ ഉദയം.

വെറുതെ ഒരു വിഷയം നല്കിയാൽ സാങ്കേതിക സംവിധാനം കഥയും കവിതയും ലേഖനവുമൊക്കെ എഴുതി നൽകുമെന്ന വാർത്ത രാധാമോഹനെ പിടിച്ചുലക്കാതിരുന്നില്ല. മുമ്പ് തനിക്കെതിരെ ഉയർന്ന സാഹിത്യ ചോരണ ആരോപണത്തെ എങ്ങിനെയൊക്കെയോ അതിജീവിക്കുവാൻ അയാൾക്ക് കഴിഞ്ഞിരുന്നു. എന്നാൽ ചാറ്റ്ജിപിടിയും ജെമിനിയും മെറ്റയും സാർവത്രികമാകുന്നതോടെ തന്നെപ്പോലുള്ളവരുടെ അവസ്ഥയോത്ത് അയാൾ അസ്വസ്ഥചിത്തനായി.

ആശയങ്ങളെ വിപുലീകരിച്ചും വൈവിധ്യവൽക്കരിക്കുകയും ചെയ്യുന്ന സാങ്കേതികവിദ്യയെ കുറിച്ച് വായിച്ച ഒരു വാർത്താശകലത്തിലെ വാചകങ്ങൾ രാധാമോഹന്റെ തലച്ചോറിൽ അഗ്നിസ്ഫുല്ലിംഗങ്ങൾ പായിച്ചു. 'വലിയ വായനാ ശീലമുള്ള ബുദ്ധിജീവിയെ പോലെയാണ് ചാറ്റ് ജിപിടി. ആരെന്ത് സംശയം ആരാഞ്ഞാലും ഏതിനെക്കുറിച്ച് അഭിപ്രായം ചോദിച്ചാലും ആധികാരികമായ മറുപടി നൽകാൻ അതിന് കഴിയും. ഭാഷയിലെ സങ്കീർണ്ണമായ വ്യാകരണപ്പിശകുകൾ തിരിച്ചറിയുവാനും ഏത് ഭാഷയിലേക്ക് വേണമെങ്കിലും അതിമനോഹരമായി മൊഴിമാറ്റം നടത്തുവാനും എന്തിനേറെ ആഴത്തിൽ പഠനമാവശ്യമായ പടുകൂറ്റൻ പ്രബന്ധങ്ങൾ തയ്യാറാക്കുവാനും അതിന് അനായസേന സാധിക്കും.'

ആരേയും ആകർഷിക്കുംവിധം ഒഴുക്കോടെ ഏതുവിധത്തിലുള്ള കഥകൾ പറയുവാനും ചാറ്റ് ജിപിടിക്കാകുമെന്ന് അറിഞ്ഞതോടെ സങ്കടമെല്ലാം അവസാനിപ്പിച്ച് രാധാമോഹൻ ഒന്ന് മാത്രം ചോദിക്കാൻ ആഗ്രഹിച്ചു.

'എം.കെ.രാധാമോഹൻ എന്ന ഈ ഞാൻ യഥാർത്ഥത്തിൽ ആരാണ്?

വെറുമൊരു പ്രവാസി മാത്രമാണോ? എന്നെങ്കിലും ഞാനൊരു കഥാകാരനായിരുന്നുവോ? തന്റെ ചരമക്കുറിപ്പ് പത്രങ്ങളിൽ വരുന്നത് എങ്ങനെയായിരിക്കും?'

രാധാമോഹന് ആകാംക്ഷയായി. ചാറ്റ്ജിപിടിയിലേക്ക് ഒരു സന്ദേശമയച്ചു.

'എഴുത്തുകാരൻ രാധാമോഹന്റെ ചരമക്കുറിപ്പ് തരുമോ?'

അയാൾ ചാറ്റ് ജിപിടിയിൽ കണ്ണുംനട്ടിരുന്നു...



പ്രഭ ദാമോദരൻ

കവിത






# ഓണം വന്നേ

അത്തം മുതൽക്കെ
ഞാനത്തിമരത്തിലെ
എത്തിപ്പടർന്നൊരാ
പൂവിറുത്ത്
ഉമ്മറകോലായിലിത്തിരി
വട്ടത്തിൽ
ചന്തം തികഞ്ഞൊരു
പൂക്കളമൊരുക്കി വെയ്ക്കെ
ഉത്രാടപൂവിളി
തൊട്ടുവിളിച്ചെന്നെ
പൊന്നിൻതിരുവോണം
ഇങ്ങെത്തിയല്ലോ.

ആർപ്പും കുരവയും
ആമോദമൊക്കെയും
ആർത്തുല്ലസിക്കും
നാട്ടുവരമ്പിലൂടെ
പൂക്കളിറുത്തു
നടക്കും നേരം
കാളിയമർദ്ദനമാടുന്നപോലെ
കാവിലെ പൂങ്കലയെത്തി നോക്കി.

ചേലൊത്ത പൂക്കളോ
ചാരത്തു വന്നപ്പോൾ
പൂക്കൈതപ്പൂവിനും
നാണം വന്നു.

ഒരു കുട്ട പൂവിനാൽ
തരളിതമായൊരു
കൈയ്യിലെ പൂവട്ടി
പാട്ടുപാടി.

ഓണം വന്നോണം
വന്നോണം വന്നേ...
മാലോകർക്കെല്ലാം
ഇന്നോണം വന്നേ...

# പാടാം വീണ്ടുമാ കഥകൾ



സതീഷ് കളത്തിൽ കവിത





പാടാം വീണ്ടുമാ കഥകൾ;
പണ്ടീ നാട്ടിൽ നടന്ന കഥകൾ.
മാലോകർ നെഞ്ചിൽ കുടിവെച്ച കഥകൾ;
മാവേലി മന്നന്റെ വീര ധീര കഥകൾ.

അത്തലില്ലാത്ത കുടികളുടെ നാട്;
അടിയാനും കുടിയാനുമൊന്നായ് നടന്ന നാട്.
ത്രിലോകം പുകൾകൊണ്ട നാട്;
സുതലംപോലെയുള്ള നാട്.
ഇന്ദ്രസേനൻ വാണിരുന്ന നാട്;
ഇന്ദ്രനെ പൊറായ്മ കൊള്ളിച്ച നാട്.

മൂന്നടി ഇടം യാചിച്ചു ഭഗവാൻ,
തലത്താഴ്ത്തിക്കൊടുത്തു സേനൻ;
ഇന്ദ്രനേയും വെന്നൊരാ സേനൻ.
തൃപ്പാദമൊന്നു വിറച്ചു;
ഇന്ദ്രസേനൻ നിറഞ്ഞു ചിരിച്ചു.

പാടാം വീണ്ടുമാ കഥകൾ;
പണ്ടീ നാട്ടിൽ നടന്ന കഥകൾ.
ആസുരനല്ലാത്തൊരസുരൻ
ഭൂലോകം വാണ കഥകൾ.
മാബലി മന്നന്റെ ധീര വീര കഥകൾ;
മലയാളനാടിന്റെ കഥകൾ!

'പാടാം വീണ്ടുമാ കഥകൾ'
എഐ സോങ്ങ് കേൾക്കാൻ
സ്കാൻ ചെയ്യുക

# ഓണവും എഴുത്തും: അഭിമുഖം

## രാജൻ കൈലാസ്/ സതീഷ് കളത്തിൽ



വിശിഷ്ടമായ ആഹാരം കഴിക്കാനുള്ള കാത്തിരിപ്പാണ് അന്നത്തെ ഓണം.
- രാജൻ കൈലാസ്



"വായനയിൽ ഏറ്റവും കൂടുതൽ കവിതകളാണ്. ചങ്ങമ്പുഴയും പി. കുഞ്ഞിരാമൻ നായരും വൈലോപ്പിള്ളിയും ഇടശ്ശേരിയും അയ്യപ്പപ്പണിക്കരും അക്കിത്തവും എൻ. എൻ. കക്കാടും സുഗതകുമാരി ടീച്ചറും കടമ്മനിട്ടയും എന്നെ ഏറെ സ്വാധീനിച്ച കവികളാണ്."

മലയാളത്തിലെ മുതിർന്ന എഴുത്തുകാരൻ രാജൻ കൈലാസ്, തന്റെ ചെറുപ്പകാലത്തെ ഓണം ഓർമ്മകളും എഴുത്തുജീവിതത്തിലെ സുപ്രധാന വിഷയങ്ങളും പ്രതിഭാവത്തിനോടു പങ്കുവെയ്ക്കുന്നു.

ഓണം 2025

**ഓണം 2025. തിരിഞ്ഞു നോക്കുമ്പോൾ ഓണത്തിനു വന്ന പുതുമകൾ?**

അറുപത് വർഷം മുമ്പുള്ള എന്റെ കുട്ടിക്കാലത്തെ ഓണവുമായി ബന്ധപ്പെടുത്തിയാണ് ഞാൻ സംസാ രിക്കുന്നത്. അന്നത്തെ ഓണം, പ്രതീക്ഷയുടെ പ്രതീകമായിരുന്നു. ഇന്ന് ഓണം ഒത്തിരി കൃത്രിമമാണെന്ന് പറയാം. ഒരുപാട് കച്ചവട പ്രാധാന്യമുള്ള ഒന്നായി മാറി ഇന്ന് ഓണം. പണ്ടത്തെ കാലത്ത് പല പച്ചക്കറികളും കാണാൻ കഴിയുന്നത് തന്നെ വിശേഷാവസരങ്ങളിലാണ്. പ്രത്യേകിച്ച് ഓണത്തിന്.

വിശിഷ്ടമായ ആഹാരം കഴിക്കാനുള്ള കാത്തിരിപ്പാണ് അന്നത്തെ ഓണം. പരിപ്പും പപ്പടവും പായസവും കൂട്ടിയുള്ള ഓണസ്സദ്യ. പപ്പടം കടയിൽ കിട്ടില്ല. എന്റെ നാട്ടിൽ പപ്പടം ഉണ്ടാക്കുന്ന ഒരു അമ്മച്ചിയുടെ വീട്ടിൽ പോയാണ് പപ്പടം വാങ്ങിക്കുക. അന്നൊക്കെ പുതിയ ഉടുപ്പും നിക്കറും കിട്ടുന്നതും ഓണത്തിന് മാത്രമാണ്. അതാണ് ഞാൻ പറഞ്ഞ പ്രതീക്ഷയുടെ ഓണം.

കേരളകൗമുദിയുടെ കഴിഞ്ഞവർഷത്തെ ഓണപ്പതിപ്പിൽ വന്ന എന്റെ 'ഓണശ്ശങ്ക' എന്ന കവിത ഈ ആശങ്കകളെ പങ്കുവയ്ക്കുന്ന ഒന്നാണ്.


ഓണശ്ശങ്ക

രാജൻ കൈലാസ്

പഴയൊരോലക്കുടയും പിടിച്ചാണ്
മഴ നനഞ്ഞിപ്പൊഴെത്തുന്നു മാവേലി.
പഴയപോലെ നടന്നു നടന്നിനി
പ്രജകളെക്കണ്ടു പോകുവാനാവില്ല!
പനകളൊക്കെമറഞ്ഞു, 'കുടപ്പന-
ക്കുന്നി'ലും പനയൊന്നുമേ കാണില്ല!
കുട പണിയുവാനാളില്ല, റിയില്ല...
കുട പിടിക്കാതെയെത്തുമോ മാവേലി?
പൊന്നു 'മാവേലിക്കര'യിൽ ജനിച്ചതാ-
ണെന്ന ഗർവ്വിലാണിപ്പൊഴുമിക്കവി!
എന്റെ പൊങ്ങച്ചസഞ്ചിയിലിപ്പോഴും
പഴയ മാവേലിക്കാലവും സ്വപ്നവും!
നമ്മൾ ചൊല്ലും 'മഹാബലി' തന്നെയോ
പിന്നെ ലോപിച്ച 'മാവേലി'യായതും?

ദൂരെദൂരെ 'മഹാബലിപുര'മെന്നു
പേരുകേട്ടതീ മന്നന്റെ ദേശമോ?
ഇന്നു പാതാളലോകത്തിലാണപോൽ
എന്റെ മാവേലി വാഴുന്നതെങ്കിലും
ആ മഹാപുണ്യഭാവനോടൊത്തുപോ-
യവിടെയൊപ്പമിരിക്കാൻ കൊതിച്ചുപോയ്.

പണ്ടു മാവേലി വാണൊരു നാടെന്ന
'കേട്ടുകേൾവി'യിലന്തിച്ചിരുന്ന ഞാൻ,
ഇന്നു മാവേലിയെത്തും 'തിരുവോണ'-
മെന്നു ചിന്തിച്ചു കാതോർത്തിരിക്കവേ,
സദ്യ പാർസലായെത്തി, യിപ്പോഴെങ്ങാൻ
വന്നുകേറുമോ മാവേലി! ശങ്കയായ്!

**ഓണവുമായി ബന്ധപ്പെട്ട എഴുത്തുകളിൽ മനസ്സിൽ തങ്ങി നിൽക്കുന്നത്?**

മനസ്സിൽ പച്ച പിടിച്ചു കിടക്കുന്ന വായനകൾ ധാരാളം ഓർമ്മയിലുണ്ടെങ്കിലും, ഏതൊരു മലയാളിയെയും പോലെ ഓണക്കാലത്ത് എന്റെ മനസിലും നാവിലും ആദ്യം തത്തിക്കളിക്കുക, 'മാവേലി നാടുവാണീടും കാലം, മനുഷ്യരെല്ലാരും ഒന്നുപോലെ...' എന്ന വരികളാണ്.

**ഓണക്കളികളിൽ/ ആഘോഷങ്ങളിൽ പ്രിയപ്പെട്ടത്?**

ഓണക്കളികളിൽ ഏറെ പ്രിയം പുലികളിയോടാണ്. ദേഹത്ത് വാഴക്കച്ചി കെട്ടിയും പാളയിൽ വരച്ച പുലിമുഖം മുഖത്ത് വെച്ചുമാണ് അന്നൊക്കെ പുലികളെ ഒരുക്കുക. വേട്ടക്കാരന്റെ കയ്യിൽ തെങ്ങോലയുടെ മടൽ ചെത്തിയുണ്ടാക്കുന്ന ഒരു തോക്കും!

ഓരോ വീട്ടിലും പുലികളിയുമായി കയറിയിറങ്ങുമ്പോൾ, പൈസയൊന്നുമല്ല കിട്ടുക, തിന്നാനുള്ള എന്തെങ്കിലും ഒക്കെയാകും. മിക്കവാറും ഉപ്പേരിയോ പഴമോ... അങ്ങനെ എന്തെങ്കിലും.

ഓണാഘോഷങ്ങളിലും കൂടുതൽ പ്രിയം പുലികളിയോടു തന്നെ. പിന്നെ, തിരുവാതിരയും ഓണപ്പാട്ടും ഒക്കെ ഇഷ്ടമാണ്.

## ആദ്യമായി അച്ചടിച്ച കവിത, 'യുഗപ്പിറവി'

**ഓണവിഭവങ്ങളിൽ പ്രിയപ്പെട്ടത്?**

പായസം. കുട്ടിക്കാലത്ത് ഓണത്തിനും വിവാഹങ്ങൾക്കും പിന്നെ ചില പിറന്നാളുകൾക്കും മാത്രം കിട്ടുന്ന ഒന്നായിരുന്നു, പായസം.

**കുട്ടിക്കാലത്തെ ഓണക്കാലത്തു കണ്ട സിനിമ/ നാടകം എന്നിവയിൽ ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നത്?**

ഓണക്കാലത്ത് സിനിമ കാണുക എന്നത് എന്റെ കുട്ടിക്കാലത്ത് ഒരു വിദൂര സ്വപ്നമായിരുന്നു. എന്റെ നാട്ടിൽ അന്നു തീയേറ്ററുകൾ ഇല്ല. ഒരു ഓല മേഞ്ഞ തീയേറ്റർ ഉണ്ടായിരുന്നത് 15 കി. മി. ദൂരെയായിരുന്നു. നടന്നു പോവുകയും വേണം. അന്ന് സിനിമ കാണലോ നാടകം കാണലോ ഒന്നുമില്ല. അങ്ങനെയൊരാഗ്രഹം മനസ്സിൽ ഇല്ലായിരുന്നു എന്നതാണ് സത്യം. ആദ്യമായി ഒരു സിനിമ കാണുന്നത് തന്നെ എന്റെ കോളേജ് കാലത്താണ്, 1970 കളിൽ.

**ആദ്യത്തെ എഴുത്ത്?**

ആദ്യത്തെ കവിത എന്നാണ് ഉദ്ദേശിച്ചതെങ്കിൽ, ഏതെന്നു കൃത്യമായി പറയാൻ പറ്റില്ല. നാട്ടിലെ പല കയ്യെഴുത്തു മാസികളിലും മറ്റും എഴുതിയതൊക്കെ ഇന്ന് കാണാനില്ല.

ആദ്യമായി അച്ചടിച്ച കവിത, 'യുഗപ്പിറവി'. പന്തളം എൻ എസ് എസ് കോളേജിലെ മാഗസിനിൽ, 1976ൽ. ആ കവിത പിന്നീട് ജനയുഗം വാരികയിലും അച്ചടിച്ചു വന്നു. അന്നൊക്കെ 'അച്ചടിമഷി പുരളുക' എന്ന് പറഞ്ഞാൽ, അതൊരു മഹാസംഭവം ആയിരുന്നല്ലോ...



**ഏറ്റവും ഇഷ്ടപ്പെട്ട കൃതി? എഴുത്തുകാരൻ/ കാരി?**

വായനയിൽ ഏറ്റവും കൂടുതൽ കവിതകളാണ്. ചങ്ങമ്പുഴയും പി. കുഞ്ഞിരാമൻ നായരും വൈലോപ്പിള്ളിയും ഇടശ്ശേരിയും അയ്യപ്പപ്പണിക്കരും അക്കിത്തവും എൻ. എൻ. കക്കാടും സുഗതകുമാരി ടീച്ചറും കടമ്മനിട്ടയും എന്നെ ഏറെ സ്വാധീനിച്ച കവികളാണ്.



അയ്യപ്പപ്പണിക്കർ സാറുമായുള്ള അടുപ്പവും കവിതാ ചർച്ചകളും എന്റെ കവിതയുടെ ദിശ തിരിച്ചുവിട്ട അനുഭവങ്ങളാണ്. മലയാള കവിതയിൽ ഉണ്ടായ മാറ്റങ്ങളും പുതു കവിതയിലേക്കുള്ള വഴികളും ഒരു ബാങ്ക് ജോലിക്കാരനായ ഞാൻ ഗൗരവത്തോടെ അറിയുന്നതും അങ്ങനെയൊക്കെയാണ്. അദ്ദേഹത്തെപ്പോലെ, മലയാളകവിതയിൽ ഇത്രയധികം പരീക്ഷണങ്ങൾ നടത്തിയ മറ്റൊരു കവിയുണ്ടോ എന്നു സംശയമാണ്. ചിത്രങ്ങൾ കൊണ്ടും സംഖ്യകൾ കൊണ്ടും വരെ അദ്ദേഹം കവിത കുറിച്ചു, വരച്ചു!

പണിക്കർ സാറിലൂടെയാണ് ദേശമംഗലം രാമകൃഷ്ണൻ മാഷുമായുള്ള അടുപ്പവും ഉണ്ടാവുന്നത്. കവിതയുടെ മറ്റൊരു തലം കാട്ടിത്തന്ന ജ്യേഷ്ഠകവിയാണ് എനിക്ക് ഡി. വിനയചന്ദ്രൻ മാഷ്.

സുഗതകുമാരി ടീച്ചർ കവിത കൊണ്ടു മാത്രമല്ല, പ്രകൃതിസ്നേഹം നിറഞ്ഞ ജീവിതം കൊണ്ടും എന്നെ ഏറെ സ്വാധീനിച്ച വ്യക്തിത്വമാണ്. ആറന്മുള വിമാനത്താവളത്തിനെതിരെ നാട്ടുകാരും പ്രകൃതി സ്നേഹികളും നടത്തിയ സമരത്തിൽ ടീച്ചറിനൊപ്പം എനിക്കും പങ്കെടുക്കാൻ കഴിഞ്ഞതിന്റെ ഓർമ്മകൾ ഇന്നും മനസ്സിൽ ബാക്കി നിൽക്കുന്നു.

കവിതകളെ മാറ്റി നിർത്തിയാൽ, എന്റെ ജീവിതത്തെയും കാഴ്ചപ്പാടുകളെയും ഏറ്റവും അധികം സ്വാധീനിച്ച കൃതിയാണ്, ഫുക്കുവോക്കയുടെ 'ഒറ്റവൈയ്ക്കോൽ വിപ്ലവം'. ജപ്പാൻകാരനായ മസനോബു ഫുക്കുവോക്ക, ജൈവ കൃഷിയിൽ ആധുനിക പരിഷ്കാരങ്ങൾ നടപ്പാക്കിയ ആളാണ്. പ്രകൃതിയോടും മണ്ണിനോടും യുദ്ധം ചെയ്യാത്ത, മണ്ണിനോട് ഇണങ്ങിയ, ജൈവകൃഷിയെ പറ്റിയുള്ള ആധികാരികമായ ഒരു പുസ്തകമാണത്.

ആചാര്യ ലക്ഷ്മണശർമ്മയുടെ Practical Nature Cure എന്ന പുസ്തകം എന്റെ ജീവിതം തന്നെ തിരിച്ചുവിട്ട, എന്റെ ആരോഗ്യം വീണ്ടെടുത്തു തന്ന മഹത്തായ ഒരു പുസ്തകമാണ്.




**എഴുതിയതിൽ ഏറ്റവും പ്രിയപ്പെട്ടത്?**

ഉത്തരം ഒന്നല്ല, രണ്ടെണ്ണമുണ്ട്. 'ബുൾഡോസറുകളുടെ വഴി', 'പെൻസിൽ കൊണ്ട് എഴുതുമ്പോൾ' എന്നീ കവിതകൾ. നശിപ്പിക്കപ്പെട്ട എന്റെ നാടിന്റെ ചിത്രമാണ്, ബുൾഡോസറുകളുടെ വഴിയിൽ ഞാൻ വരച്ചിട്ടത്. എനിക്ക് എഴുത്തുമായുള്ള ആത്മബന്ധം സൂചിപ്പിക്കുന്ന കവിതയാണ്, പെൻസിൽ കൊണ്ട് എഴുതുമ്പോൾ. ഇവയിൽ ഏതാണ് ഏറ്റവും പ്രിയപ്പെട്ടത് എന്നു പറയാൻ കഴിയില്ല.

ഏതൊരു എഴുത്തുകാരനെ/ കലാകാരനെ സംബന്ധിച്ചായാലും അയാളുടെ ഓരോ എഴുത്തും/ കലയും അയാൾക്ക് പ്രിയപ്പെട്ടതു തന്നെയാകും. ചില സൃഷ്ടികൾ, 'അത്രയ്ക്കു പോരാ' എന്ന ആത്മദർശനം നടത്തുന്നവരും കുറവല്ല.

എന്റെ നാടിന്റെ രാഷ്ട്രീയ പശ്ചാത്തലം പറയുന്ന 'വള്ളികുന്നത്തെ കമ്മ്യൂണിസ്റ്റുകൾ', പുത്തൻ കാലത്തിന്റെ ഭ്രമാത്മക കാഴ്ചകളെ അവതരിപ്പിക്കുന്ന 'അകം കാഴ്ചകൾ', കറുപ്പിന്റെ സൗന്ദര്യം പറയുന്ന 'കറുപ്പ്', നഷ്ടപ്പെട്ടുപോയ നന്മകളെ ഓർമ്മിക്കുന്ന 'ഉപ്പ്', പുറത്തിറങ്ങാൻ പോകുന്ന 'പക്ഷി രാഷ്ട്രം' സമാഹാരത്തിലെ പകം, വൃത്തി, അതിരുകൾ, പക്ഷി രാഷ്ട്രം, ഒന്നാം ക്ലാസും നൂറടിയും, മറവി തുടങ്ങി പല കവിതകളും എനിക്ക് ഒത്തിരി സംതൃപ്തി നല്കിയ രചനകളാണ്.

**എഴുത്തുയാത്രയുടെ സംക്ഷിപ്തം?**

എന്റെ എഴുത്ത് യാത്രയെക്കുറിച്ച് പറയുമ്പോൾ, അതത്ര വിപുലമായ ഒന്നല്ല എന്ന് ആദ്യമേ പറയാം. ബാങ്കിലെ തിരക്കുപിടിച്ച ജോലിക്കിടയിൽ കുറച്ചെങ്കിലും ഇങ്ങനെ എഴുതാൻ പറ്റിയത് ഭാഗ്യമായി എന്നു കരുതുന്നു. ആകെ അഞ്ച് കവിതാ സമാഹാരങ്ങളാണ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. എന്റെ കവിതകളുടെ ഇംഗ്ലീഷ് പരിഭാഷ ഡോ. അലക്സ് പൈക്കട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവരെ എഴുതിയത് ഏകദേശം ഇരുനൂറോളം കവിതകൾ മാത്രമാണ്.

**ലഭിച്ച അംഗീകാരങ്ങൾ?**

ആദ്യമായി ലഭിച്ച പുരസ്കാരം 'നാളെ' ബുക്ക്സ് ഏർപ്പെടുത്തിയിരുന്ന ഡോ. കെ. ദാമോദരന്റെ പേരിലുള്ള പുരസ്കാരമാണ്. ലീലാമേനോൻ പുരസ്കാരം, ഡി. വിനയചന്ദ്രൻ പുരസ്കാരം എന്നിവയും അമേരിക്കയിൽ നിന്നുള്ള 'ഫൊക്കാനാ' അവാർഡും ലഭിച്ചു.

**എഴുത്തിനു പുറത്തുള്ള അഭിരുചികൾ?**

കവിതയെ മാറ്റി നിർത്തിയാൽ പിന്നെ, എന്റെ ജീവിതവുമായി ബന്ധമുള്ള വിഷയങ്ങൾ പ്രകൃതിയും യാത്രകളുമാണ്. പ്രകൃതിയുമായി ഇണങ്ങുന്ന ജീവിതവും സസ്യഭക്ഷണരീതിയും ഒരിക്കലും മാറില്ല എന്നു പറഞ്ഞ പല രോഗങ്ങളും എനിക്ക് മാറ്റിത്തന്നു. പ്രകൃതിയിലേക്കുള്ള ഈ യാത്രക്കിടയാണ്, 'ഫുക്കുവോക്ക' യെ വായിക്കുന്നത്.




'ഒറ്റ വൈയ്ക്കോൽ വിപ്ലവം'
പുസ്തകത്തിന്റെ കവർ

യാത്രകളിൽ ഏറെ തൃപ്തികരമായത്, കേദാർനാഥ്, ബദരീനാഥ് യാത്രയാണ്. വിസ്മയവും ഒപ്പം ഭയവും ഉള്ളിൽ നിറച്ച ഒരു യാത്രയായിരുന്നു അത്.

എഴുത്തുകാരായ കുരീപ്പുഴ, ടി. ജി. വിജയകുമാർ എന്നിവരോടൊപ്പം കംബോഡിയ, വിയറ്റ്നാം യാത്ര നടത്തിയതും വ്യത്യസ്തമായ, ഞെട്ടിപ്പിക്കുന്ന അനുഭവങ്ങൾ ആയിരുന്നു. കംബോഡിയയിലെ പോൾപോട്ട് എന്ന ക്രൂരനായ ഭരണാധികാരിയുടെ മനുഷ്യവേട്ടയുടെ സ്മാരകങ്ങൾ, അവിടുത്തെ 'കില്ലിംഗ് ഫീൽഡ്', ജയിലുകൾ ആക്കി മാറ്റിയ സ്കൂളുകൾ ഒക്കെ വല്ലാത്ത ഞെട്ടൽ ഉണ്ടാക്കി. ആഹാരം കഴിക്കാൻ പോലും തോന്നാത്ത അവസ്ഥ! കംബോഡിയയിലെ, പ്രസിദ്ധമായ 'അങ്കോർ വാട്ട്' മഹാക്ഷേത്രം ശില്പഭംഗിയുടെ, ചുവർചിത്രങ്ങളുടെ, വിസ്മയത്തിന്റെ കൊടുമുടിതന്നെയാണ്. അതുപോലെ വിസ്മയിപ്പിച്ച ഒന്നാണ്, വിയറ്റ്നാമിലെ യുദ്ധസ്മാരകങ്ങൾ. പ്രത്യേകിച്ചും, ഭൂമിക്കടിയിലെ സൈനിക താവളങ്ങൾ. ഒളിയുദ്ധത്തിന്റെ അതിശയകരമായ ഒട്ടേറെ കാഴ്ചകൾ!




ഓണത്തിന്റെ അനുബന്ധമായി ഒരു കാര്യംകൂടി പറയട്ടെ, നാട് ഭരിച്ച നീതിമാനായ ഒരു രാജാവിന്റെ ഓർമ്മയാണല്ലോ ഓണം. എന്റെ നാട് മാവേലിക്കരയാണ്. മാവേലിക്കരയ്ക്ക് ആ പേര് വന്നത് എങ്ങനെ എന്നറിയില്ല. മാവേലിക്കരയിലെ 'മാവേലി' മഹാബലിതന്നെ ആണെന്നും അതല്ല, പില്ക്കാലത്ത് 'മഹാബലി' ആയ ബുദ്ധനാണെന്നും പറഞ്ഞു കേട്ടിട്ടുണ്ട്.

എന്തായാലും, 'മഹാബലി' എന്ന ആ നാമം നമ്മെ ഓർമിപ്പിക്കുന്നത്, മനുഷ്യരെല്ലാരും ഒന്നുപോലെ കഴിഞ്ഞിരുന്ന ഒരു നല്ലകാലത്തെയാണ്. അങ്ങനെയുള്ള ഒരു ഭരണാധികാരിയെ ഓർക്കുന്നതും ആഘോഷിക്കുന്നതും എത്രയോ സന്തോഷകരമാണ്, ആശ്വാസമാണ്. അതിലുപരി, മഹത്വരവുമാണ്.

ബി. അശോക് കുമാർ

ചെറുകഥ

# വെറുതെ കടിക്കുന്ന ഉറുമ്പുകൾ






എന്നും ഉറക്കം ഉണരുന്നത് ഉറുമ്പുകടിയുടെ വിങ്ങലിൽ ആണ്. കൃത്യം ആറുമണിക്ക് ഉറുമ്പ് കടിക്കും. പണ്ട് കോഴി കൂവുന്നത് പോലെ. ധർമ്മം നിർവ്വഹിച്ച്, ഉറുമ്പ് എങ്ങോ പോകും. ഇന്ന് അൽപ്പം നേരത്തെതന്നെ ഉറുമ്പു കടിച്ചു. അടുക്കളയിൽ പാത്രങ്ങൾ അമ്മയോട് കലപില കൂട്ടുന്നു.

"സമയം അഞ്ചു മണി, ഇന്നെന്താണ് പ്രത്യേകത?" ഉണ്ണി കിടന്നു ചിന്തിച്ചു.

"ഉറുമ്പിനു കലണ്ടർ വേണ്ട. ഇന്ന് തിരുവോണം." അമ്മക്ക് ഉണ്ണിയെ അറിയാം. ഇന്ന് കടിച്ച ഉറുമ്പിന് വീര്യം അല്പം കൂടുതലെന്ന് ഉണ്ണിക്ക് തോന്നി. സാധാരണയിൽ കവിഞ്ഞ വേദന. ഉറുമ്പ് ശരവേഗത്തിൽ മറഞ്ഞുപോയപ്പോൾ ഉണ്ണിക്ക് അച്ഛന്റെ ഓർമ്മ വന്നു. എന്നും രാവിലെ എഴുന്നേലക്കാൻ പറയുന്ന, ഇടയ്ക്ക് വീടിന് പുറത്തിറങ്ങാൻ പറയുന്ന അച്ഛനെ. അമ്മയെ സഹായിച്ചു നേരം വൈകി ഓടുന്ന, ചിരിക്കാൻ മറന്ന അച്ഛൻ. ജൂണിലെ പതിവിലേറെ മഴ പെയ്തനാൾ. എത്ര വൈകിയാലും തിരിച്ചുവരാറുള്ള അച്ഛൻ ഓർമ്മയായി. ആരേയും ശല്യപ്പെടുത്താത്ത ജീവിതം അവർ തുടർന്നു. രാത്രിയിലെ ജോലി ഉറക്കത്തെ ശല്യപ്പെടുത്തുന്നുമുണ്ട്. ചിന്തകളുടെ ഭാരം വീണ്ടും ഉണ്ണിയെ ഉറക്കത്തിലേക്ക് തള്ളിവിട്ടു. ഉറുമ്പുകൾ സ്നേഹത്തോടെ അവനെ തഴുകി. അസഹനീയമായ ഒരു വിങ്ങൽ. ഉണ്ണി ചാടി എഴുന്നേറ്റു. 'ആരാണ് ഉറുമ്പുകൾക്ക് മർമ്മം പറഞ്ഞുകൊടുക്കുന്നത്?' ഉണ്ണി ഓർത്തു. നേരം വെളുത്തു. ചുറ്റും ഉറുമ്പുകൾ.

"അമ്മേ..." ഉണ്ണി ഭയചകിതനായി. അമ്മ വന്നു. ബെഡ്ഷീറ്റ് മാറ്റി.

"ഉറുമ്പുകൾ സ്നേഹമുള്ളവയാണ്. എന്തെല്ലാം സഹായമാണ് അവ ചെയ്യുന്നത്. നീ രാത്രിയിൽ കിടക്കയിൽ ഇരുന്നു കഴിച്ച ഭക്ഷണത്തിന്റെ ബാക്കി കൊണ്ടുപോകാൻ വന്നതല്ലേ. നിനക്കാണെങ്കിൽ കല്യാണവും വേണ്ട." അമ്മ പറഞ്ഞ വാക്കുകളിൽ നൊമ്പരവും നിഴലിച്ചു. അമ്മ ക്ഷീണിതയായിയെങ്കിലും എല്ലാ കാര്യങ്ങളും ചെയ്യും.

'എന്തിനാണ് ഈ ഉറുമ്പുകൾ വെറുതെ കടിക്കുന്നത്?' ഉണ്ണി വ്യാകുലനായി.

"അച്ചൻ പറയാറുള്ളത് ഓർമ്മയില്ലേ? ഇടക്കൊക്കെ പുറത്തേക്കിറങ്ങൂ." അമ്മ പറഞ്ഞു. പതുക്കെപ്പതുക്കെ നടന്നകന്നു.

"വീടിന് വെളിയിൽ പോയാൽ ഉറുമ്പുകളെപ്പോലെ സ്നേഹഭാവത്തോടെ വെറുതെ കടിക്കുന്ന നാട്ടുകാരും ബന്ധുക്കളും." ഉണ്ണിക്ക് അസ്വസ്ഥത തോന്നി.

"അമ്മേ... കഴിക്കാറായോ" മറുപടി വന്നതേയില്ല. പ്രകൃതി അതിനനുസരണം പ്രവർത്തി തുടർന്നു.

രാജൻ കൈലാസ് | കവിത

# ഇന്നോണം






ചാണകത്തിണ്ണയിൽ
ഇലയിട്ടിരിക്കവേ
അഞ്ചാറു കറികളും സ്നേഹവും
കൂട്ടിയെന്നമ്മ വിളമ്പിയോരോണം,
കാത്തുകാത്തുള്ളൊരു
പുത്തനുടുപ്പെന്റെ
കൈയിൽപ്പിടയ്ക്കുന്നൊരോണം!

ദേഹത്തു തുമ്പയും
വച്ചുകെട്ടിപ്പിന്നെ
പുലികളിയാവുന്നൊരോണം
ഉണക്കവാഴക്കച്ചികെട്ടിയുരുട്ടിയ
പന്തടിച്ചുത്സാഹമോണം!

ഓണമെന്നാലിന്നു
കോടികൾ വിൽക്കേണ്ട
കോർപ്പറേറ്റുത്സവംമാത്രം!

സുന്ദരിച്ചേച്ചിമാർ
പാട്ടും കളിയുമായ്
മാഞ്ചോട്ടിലുത്സവമോണം
പിറ്റേന്നു ലേശം പുളിച്ച സാമ്പാർ കൂട്ടി
നല്ല പഴങ്കഞ്ഞിയോണം!
ഓർമ്മതന്നുപ്പേരിയോണം,
മനസ്സിലെ-
ഊഞ്ഞാലിലാടുന്നൊരോണം!

കസവുമുണ്ട, ത്തപ്പൂവൊക്കെയും
കപ്പലിൽ
ചൈനയിൽ നിന്നല്ലോ വന്നു...
മാവേലിയപ്പനെ ആരോപിടിടിച്ചൊരു
തുണിക്കടമുന്നിൽ തളച്ചു!

മക്കളും പിള്ളേരും
ഫേസ്ബുക്കിൽ വാട്സപ്പിൽ
ഓണം കളിച്ചിരിക്കുന്നു....
ഞാനുമീ ടി വിക്കു മുന്നിലാണിപ്പൊഴും
സദ്യയ്ക്കു പാഴ്സലും കാത്ത്...!



പാഠം 64

അരുമ മകൾക്കു തരികയില്ലേ?

പുലരിയോടൊത്തെന്നും
പൂന്തോപ്പിലെത്തുന്ന
പൂമ്പാറ്റക്കുഞ്ഞുങ്ങളെന്തു ചന്തം!
അവരുടുത്തീടുമപ്പാവാട വിറ്റിടും
കടയേതെന്നമ്മക്കറിഞ്ഞുകൂടേ?
അതുപോലെയൊന്നമ്മേ
തിരുവോണക്കോടിയായ്
അരുമ മകൾക്കു തരികയില്ലേ?

120

ഒന്നാം ക്ലാസിലെ(1981) ഒരു ഓണക്കവിത. 1973ലാണ് ഈ കവിത പാഠ്യപദ്ധതിയിൽ വന്നത്.
Credit | Wikipedia






# ഒറ്റോണം

**അജിത്രി**

ഉരുൾപൊട്ടിയ പോലെ
കരിമ്പാറ പിളർത്തി
ഉയിരും കൊണ്ട്
ഒരാൾ ഓടുന്നുണ്ട്
അങ്ങ് പാതാളത്തിലേക്ക്...

ഇണ ചേർന്നവരെ
പിരിച്ചടർത്തി
ഒരു വാമനച്ചിരി
ഓണാട്ട് കരയുടെ
കസവു
തുണിയുരിയുന്നുണ്ട്.

ഭ്രാന്തൻ കയറിയ
കുന്ന് ഉച്ചിയിൽ നിൽപ്പുണ്ട്.
ഓണപ്പൊട്ടൻ
വട്ടക്കണ്ണെഴുതുന്നു.
ഒറ്റിയവന്റെ
ചവിട്ടേറ്റ്
ഒരാൾ ബലിയാവുന്നു.
മറ്റൊരാൾ ബലിദാനിയും!

'ഓണമുണ്ട വയറേ
ചൂളം പാടി കിട...'
എന്നൊരു വാക്ക്
പാറി പോവുന്നുണ്ട്.

പൊള്ളിയടർന്ന
ഓർമകളിൽ
ഒരു തുമ്പപ്പൂ
ഉള്ളുതുറന്ന്
ചിരിച്ചിരിപ്പുണ്ട്.

'ഉച്ചിയിൽ
തല ഉണ്ടോ
എന്ന് തപ്പി നോക്കുന്നവർക്കും
വെന്തു
മലർന്നൊരു
മനസ്സുണ്ടാവട്ടെ' എന്ന്
തുമ്പ വെയിലേറ്റിരുന്ന്
പാടുന്നുണ്ട്.

പദ്മദാസ് കവിത



# കുമ്മാട്ടി




കുമ്മാട്ടി വന്നു!
ചുവപ്പും മഞ്ഞയും ചായമടിച്ച,
മരം കൊണ്ടുള്ള തള്ളയുടെ മുഖംമൂടി.
ദേഹമാസകലം കനത്തിൽ കെട്ടി വെച്ച
കുമ്മാട്ടിപ്പുല്ല്.

"വാളൻപുളിങ്ങ നിക്കണ് കണ്ടാൽ
എത്തിച്ചു പൊട്ടിക്കും കുമ്മാട്ടി;
കുണ്ടൻ കിണറ്റില് കുറുവടി പോയാൽ
കുമ്പിട്ടെടുക്കും കുമ്മാട്ടി!"

പിള്ളേരുടെ പാട്ടിനൊത്ത്
ഈറൻവിട്ടു പോവും മുമ്പേ വളച്ചു കെട്ടിയ
പുത്തൻ മുളവില്ലിന്റെ കൊട്ടലിനൊത്ത്
പ്രായത്തിൽ മുതിർന്ന
കുമ്മാട്ടി ആടി, ചാടി, ഓടി,
വട്ടം കറങ്ങി, ഒടുവിൽ
വയ്ക്കോക്കുണ്ടയെ നമസ്കരിച്ചു പിൻവാങ്ങി.

അച്ഛനോടു വഴക്കിട്ട്,
ഇനി ഈ പടി കയററുതെന്നു വിലക്കപ്പെട്ട
വീട്ടുമുറ്റത്ത് രാമദാസൻ!
മരത്തിന്റെ പൊയ്മുഖത്തോടെ,
തൃണാച്ഛാദിതമായ ദേഹത്തോടെ!
കുമ്മാട്ടി, കുമ്മാട്ടി...
ചേട്ടനെ തിരിച്ചറിയാതെ,
അനിയത്തിമാർ ആഹ്ലാദത്തിൽ ഉറക്കെക്കൂവി!

ചാടിക്കളിയ്ക്കൊടുവിൽ
നാലു പഴംനുറുക്കും
കുറച്ചുപ്പേരിയും
ഒരു വല്യപ്പടവും കിട്ടി
കുമ്മാട്ടിയ്ക്ക്,
ഒടുക്കം കയറിയ വീട്ടിൽ നിന്ന്!
ഓണത്തിന്റെ ഉച്ചയൂണ്!

അച്ഛനറിയാതെ അമ്മ പലപ്പോഴും വിളിച്ചിട്ടും
വാശിയാൽ ഓണമുണ്ണാൻ പോലുമെത്താതെ
വിലക്ക് പാലിച്ച രാമദാസന്,
അമ്മയുടെ കൈയിൽ നിന്ന് ഓണമൂട്ട്!

മുഖം മൂടിക്കകത്തു നിന്ന്
രണ്ടു തുള്ളി കണ്ണുനീർ
ചരൽ മുറ്റത്തിറ്റിച്ച്
വിലക്കുള്ള പടി ഒരിക്കൽക്കൂടി
വേഗത്തിൽ കടന്ന്, കൂട്ടർക്കു മുമ്പേ,
തിരിഞ്ഞു നോക്കാതെ തിരിച്ചുപോയി
വീടിനു വേണ്ടി ചെറുപ്പത്തിലേ
നല്ലവണ്ണം കഷ്ടപ്പെട്ട രാമദാസൻ;
അല്ല, കുമ്മാട്ടി.

ആടാനും പാടാനും
ചാടാനും മാത്രമായി ആണ്ടിലൊരിക്കൽ മാത്രം
വീട്ടുമുറ്റത്ത് ക്ഷണിക്കപ്പെടാതെ വന്ന അതിഥി!

രാജു കാഞ്ഞിരങ്ങാട്
കവിത

# ഓണം വന്നു



നൽത്തിരുവോണം വന്നു
നെൽക്കതിർക്കുല തന്നു
മൽസഖീ, കണി കാണാൻ
കദളിക്കൂമ്പുണർന്നു
കയ്പ്പവല്ലികൾ പൂത്തു
കൈതോലക്കാറ്റുണർന്നു
പൊയ്മുകിൽ പോയ് മറഞ്ഞു
പൊൻ തിരുവോണം വന്നു
പോയ്പ്പോയ കാലത്തിന്റെ
ഓർമ്മകളുണർത്തുന്നു
മാങ്കൊമ്പിൽ മഞ്ഞക്കിളി
മൈനകൾ മൂളീടുമ്പോൾ
ആർപ്പുവിളിച്ചീടുന്നു
പൂവേ പൊലി പൊലി
എന്നൊരു കുഞ്ഞു ബാല്യ-
മെന്നന്തരംഗത്തിൽ നിന്നും



ഡോ. പി.എസ്. രമണി

ചെറുകഥ



# മേൽവിലാസം

എ‘എത്രയും പ്രിയമുള്ള...’

ഴുതിത്തുടങ്ങിയതാണ്. പക്ഷെ, ആർക്കാണ് എഴുതുക? എത്രയോ കാലമായി ഒരു കത്തെഴുതിയിട്ട്; സ്വന്തം മേൽവിലാസത്തിൽ ഒരു കത്ത് വന്നിട്ടും. വല്ലാത്ത ഒരു ഗൃഹാതുരത്വമാണ് എഴുത്ത്; അതിലേറെ ഹരവും. ആർത്തിയാണ് എഴുതാൻ. അതെങ്ങനെയാണു പറഞ്ഞറിയിക്കുക? ആരോട്..?

‘പ്രിയപ്പെട്ട അമ്മുവിന്...’

അല്ലെങ്കിൽ,

‘എന്ന് സ്വന്തം അമ്മു’

അങ്ങോട്ടായാലും ഇങ്ങോട്ടായാലും അഭിസംബോധനാസുഖമുള്ള, തന്റേതെന്നു ഫീൽ തരുന്ന, കുർളിമ്മയുള്ള ഒരെഴുത്ത്...

തനിക്കാരുണ്ട്, ഇങ്ങനെയൊന്നു കിട്ടാനും കൊടുക്കാനും... അത്രയ്ക്കും പ്രിയപ്പെട്ടവരായി...

ഹൃദയത്തിൽ എന്തെന്നോ എന്തിനെന്നോ അറിയാത്ത നൊമ്പരം കുമിഞ്ഞുക്കൂടുന്നു.

അമ്മിണി അസ്വസ്ഥയായി അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ഈ വീട്ടിൽ എവിടെ നോക്കിയാലും എഴുത്തുകളാണ്. ഇൻലന്റുകൾ, കവറുകൾ, കാർഡുകൾ; സ്വദേശിയും വിദേശിയുമായ കത്തുകൾ- പരിചിതരും അപരിചിതരുമായ ആളുകളിൽ നിന്ന്, നാട്ടിൽ നിന്നും അന്യനാടുകളിൽ നിന്നും. ഇവയിൽ ഒന്നിനുപോലും വികാരങ്ങളുടെ, ബന്ധങ്ങളുടെ ആത്മാംശമില്ല. സ്നേഹസ്പർശമില്ല. ക്ഷേമാന്വേഷണങ്ങളും കുശലം പറച്ചിലുകളുമില്ല. ഒരുപക്ഷെ, തനിക്കറിയാത്ത ജനപഥങ്ങളുടെ, സംസ്കൃതികളുടെ സാക്ഷ്യങ്ങളാകാം അവ.

എന്നാലും...

തനിക്ക് എഴുത്ത് ഒരു സങ്കല്പമാണ്, അനുഭവമാണ്. ജീവന്റെ തുടിപ്പാണ്; ഉയിർപ്പും ഉണർവുമാണ്. അലഞ്ഞു തളരുന്ന മനസിനെ തഴുകിയൊഴുകുന്ന കുളിർതെന്നലാണ്.

അങ്ങനെയൊന്നു തനിക്കെഴുതുവാൻ ആരാണുണ്ടാവുക? വരികൾക്കിടയിൽ മനസുകാണാൻ കഴിയുന്ന... കൊതിക്കുന്ന ആരെങ്കിലും... തന്റെ വികാര- വിചാരങ്ങൾ തൊട്ടറിയാൻ, തനിക്കു തൊട്ടറിയാൻ കഴിയുന്ന ആരെങ്കിലും ഉണ്ടാകുമോ?

വെറുതെ ഒരാത്മനിവേദനത്തിന്. അല്ലാതെ, ഇക്കാലത്ത് എഴുത്തിനെന്തു പ്രസക്തി...

പണ്ട്, എഴുത്തും വായനയും അറിയാത്ത, അയല്പക്കത്തെ റോസിക്ക് എഴുത്തെഴുതികൊടുത്തിരുന്നത് ഓർമ്മയിൽ തെളിയുന്നു. അകലെ, ഏതോ നാട്ടിൽ ജോലി ചെയ്തിരുന്ന ചേട്ടനുള്ള എഴുത്തുകൾ. എഴുതി കൊടുക്കുന്നതും മറുപടിക്കത്ത് വായിച്ചു കേൾപ്പിക്കുന്നതും തന്റെ ജോലി. അവൾക്ക് എഴുതിക്കൊടുത്ത കത്തുകളിലെ വരികൾ കടുകുമണികൾ പോലെ, ഓർമ്മയിൽ ചിതറിക്കിടക്കുന്നുണ്ടിപ്പോഴും.

‘എത്രയും പ്രിയപ്പെട്ട വല്യാങ്ങള അറിയുവാൻ കുഞ്ഞുപെങ്ങൾ എഴുതുന്നത്.’

പിന്നെ, അമ്മച്ചിക്ക് വയ്യാത്തതും കൊമ്പിപ്പയ്യ് പെറ്റതും തുടങ്ങി, ഏറ്റവും ഒടുവിൽ, ഇടവകപ്പള്ളിയിലെ പെരുന്നാളിന്, കൂടുതുറന്ന് തൊഴാൻ പാകത്തിന് എത്തണമെന്ന അപേക്ഷ വരെ ഉണ്ടാകും.

ഇതുപോലെ നിഷ്ക്കളങ്കമായ ഭാഷയിൽ ഒരെഴുത്ത്... ഇങ്ങനെയൊന്ന് ആർക്കെങ്കിലും എഴുതിയാൽ തന്നെ ഇതുപോലൊരു മറുപടി ലഭിക്കുമോ..? ഉള്ളിലെ വിമ്മിഷ്ടത്തിനു കനം വെയ്ക്കുന്നു.

പേനയും പേപ്പറുമായി എഴുതാനിരുന്നിട്ട് ഒത്തിരി നേരമായി. എന്താണെഴുതേണ്ടത്? ഒരു സ്വപ്നാടനത്തിൽ നിന്നെന്നപ്പോലെ, അമ്മിണി ‘എഴുത്തുവിചാരങ്ങ’ ളിൽ നിന്നുണർന്നു. മുറ്റത്തെ പ്ലാവിൽ ഇത്തവണ നിറയെ ചക്കയുണ്ട്. വല്യ അമ്മച്ചി പ്ലാവൊന്നുമല്ല. ചക്ക കൈയെത്തിപ്പിടിക്കാം. ആരെങ്കിലും കണ്ണുവെയ്ക്കുമോ എന്ന പേടിയുണ്ട്. അതിനടുത്ത് ഒരു മാവുണ്ട്. പടർന്നുപ്പന്തലിച്ചു നില്പാണ്. എന്നും ഇവരോടൊക്കെ ഒരുപാട് വർത്തമാനം പറയും, കൊഞ്ചിക്കും. എന്നിട്ടും, മാവ് മാത്രം പൂത്തില്ല.



# തേടുന്നവർ

'മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ.'

അന്വർത്ഥമായ പ്രയോഗം. പക്ഷെ, പഴയ ബിംബങ്ങൾ എറിഞ്ഞുടയ്ക്കപ്പെട്ടു. ആഘോഷങ്ങളുടെ സഹജമായ ഹൃദയതാളം കൈമോശം വന്നു. ആഘോഷങ്ങളും ആരവങ്ങളും കൃത്രിമവും യാന്ത്രികവുമായി.

ദേഷ്യവും അതിലേറെ സങ്കടവും തോന്നി- ഒത്തിരി വഴക്ക് പറഞ്ഞു; അടിക്കുകയും ചെയ്തു. ഒടുവിൽ, ഒരു ദിവസം നോക്കുമ്പോൾ, ദാ... രണ്ടുമൂന്ന് പൂങ്കുലകൾ! ഞാൻ മാവിനെ കെട്ടിപ്പിടിച്ച് ഉമ്മവെച്ചു. പക്ഷെ, തുടർന്നുള്ള ദിവസങ്ങളിൽ നല്ല മഴയായിരുന്നു. തോരാത്ത മഴ. മാമ്പൂ എല്ലാം കൊഴിഞ്ഞുപ്പോയി; എന്റെ സ്വപ്നങ്ങൾ പോലെ...
അതിൽപിന്നെ, മഴയോടു പിണങ്ങി നടന്നു. എന്നാലോ, കുറച്ചു ദിവസം പെയ്യാതെ മഴ മാറി നിന്നപ്പോൾ മനസ്സിടിഞ്ഞു. 'ഒന്നുവന്നിട്ടു പൊയ്ക്കൂടേ...' എന്നായി പരിഭവം, മഴയോട്.
അതു കേട്ട് മാനം ചിരിച്ചു. 'മാവ് വെട്ടിക്കളഞ്ഞാലോ' എന്നുവരെ ചിന്തിച്ചു. പക്ഷെ, അതിൽ നിറയെ കിളികളും അണ്ണാറക്കണ്ണന്മാരും ഓടിച്ചാടി നടക്കുന്നുണ്ട്. അവർക്കു വേണ്ടിയെങ്കിലും എന്റെ മാവ് പൂക്കും; പൂക്കാതിരിക്കില്ല.
അമ്മിണി, മാവിനെയും മഴയെയും താല്ക്കാലത്തേക്കു മാറ്റിവെച്ച് നിർത്തിയിടത്തുനിന്നും എഴുതാൻ ആരംഭിച്ചു. മുറ്റത്തെ ചെറിയ കുളം നിറയെ മീനാണ്. ഒരു കൊറ്റി അതിനടുത്തു വന്ന് എന്നും തപസ്സിരിക്കും. അതിന്റെ നീണ്ട കൊക്ക് കാണുമ്പോൾ, എന്റെ മീനുകളെ കൊത്തിയെടുത്തു പറക്കുമോ എന്നു പേടിക്കും.

പിന്നെ...
ഓണം അടുത്തു വരുന്നു. ഓരോ ഓണത്തിനും ഒരെഴുത്തിലെ വരികൾ, അന്ന് പാടിപ്പഠിച്ച കവിതയിലെ ഈരടികൾ അന്നത്തെ ഈണത്തിൽ തന്നെ ഓർമ്മയിലെത്താറുണ്ട്. ഈ ഓണത്തിനും പതിവു തെറ്റിയില്ല.

''ഓണമായ് വരാത്തതെന്തിനിയുമണ്ണൻ നോക്കു-
കാണുവാൻ കൊതിപ്പെരുത്തമ്മിണിയെഴുതുന്നു.'

അതേ... ഓരോ എഴുത്തും വിരഹവും നൊമ്പരവുമുണർത്തുന്നു; ഒപ്പം, പ്രതീക്ഷകളും പ്രത്യാശകളും പകർന്ന്, മനസ്സിൽ പ്രകാശം വിതറുന്നു. പണ്ടത്തെ ഓണമല്ലല്ലോ ഇന്ന്. എല്ലാമിന്നു കമ്പോളവല്ക്കരിക്കപ്പെട്ടിരിക്കുന്നു; ഒപ്പം, ഓണവും. മാവേലിയും വാമനനുംവരെ ന്യൂജെൻ!
'ഓണത്തനിമ' എന്നൊന്ന് ഇല്ലാതായിരിക്കുന്നു.

പൂക്കളില്ലാതെ പൂക്കളം തീർക്കാൻ കഴിയുന്ന കാലം;
പൂക്കൂടയും പേറി പൂവിറുക്കാൻ നടന്ന നാളുകളെ
പഴങ്കഥയായി തീർത്ത കാലം; ഇന്നു ജീവിതങ്ങൾ,
പൊരുത്തങ്ങൾക്കൊപ്പം പൊരുത്തപ്പെടുന്ന കാലം!
അല്ലാ... അതാണല്ലോ, ജീവിതം! ഇനിയും ഏറെ എഴുതാനുണ്ട്. അടുത്ത കത്തിലാവാം. അവിടെ എന്തൊക്കെയുണ്ട് വിശേഷങ്ങൾ? സുഖമാണല്ലോ അല്ലേ? വിസ്തരിച്ച് ഒരു മറുപടി അയക്കണേ...

എന്ന്,
സ്നേഹപ്പൂർവ്വം,
അമ്മു.





# ഓണം ഇല്ലാത്തവർക്കായ്

കവിത | അനുഭൂതി ശ്രീധരൻ

ശമ്പളോം
പെൻഷനുമില്ലാത്തവർക്കെന്തൊരോണം
പറയുവാനുള്ളതോർത്താൽ
ഇന്നലെ നിത്യദാരിദ്ര്യമോർത്താലവ-
രിങ്ങോ കടുത്തൊരനാഥ കാലം.
ഇഷ്ടങ്ങളെല്ലാം വെടിഞ്ഞതാർക്കൊക്കയോ
കഷ്ടപ്പെടാതങ്ങു ജീവിക്കുവാൻ
ഉഷ്ണവും ശീതവുമോർക്കാതെ
ജീവിതം കെട്ടിപ്പടുക്കുവാൻ പാടുപെട്ടോർ.
കൂലിപ്പണിക്കാർ, വഴിപ്പണിക്കാർ,
പിന്നെ,- യാശാപ്രവർത്തകർ, അസംഘടിതർ...
വീട്ടമ്മമാർ, വഴിവാണിഭക്കാർ, വെയിൽ
കൂട്ടമായെങ്ങും നടന്നലഞ്ഞോർ;
ജീവിതാന്ത്യത്തിലനവധി രോഗവും
പേറിക്കിതച്ചും ചുമച്ചുമുള്ളോർ.
ശമ്പളം, റ്റിഎയും ഡിഎയും ബോണസും
കൊണ്ടുപിടിച്ചു കൊടുത്തിടുന്നോർ;
ഒന്നോർക്കണേ, വാങ്ങി വാങ്ങിപൊടിപ്പവർ
തങ്ങൾതൻ സോദരദൈന്യതയെ.

പ്രിയാ ജോമോൻ | കവിത



# ഉള്ളിലെ ഓണം

പുലരിതൻ പൊൻചിരി തൂവിയാ
പുലർക്കാറ്റാലാലോല നൃത്തമാടി.
കാറ്റിൻ കാതിൽ കളകളം തീർത്ത്,
കിളികൾ പാടി പൊന്നോണഗീതം.
പുഴകൾ തീർത്ത കുളിരോളത്തിനൊപ്പം
പൂത്തൊട്ടിയുമുതിർത്തൊരോണഗീതം.
തുമ്പിൽ മഞ്ഞണി താരകങ്ങളുതിർത്ത്,
തുമ്പയുമോതിയൊരോണഗീതം.
പുതുക്കോടിതൻ ഗന്ധം പരത്തി,
പൊൻ പുളകങ്ങളെല്ലാമോടിയെത്തി.
ഉള്ളിലൊരായിരമോണമുണർന്നു;
ഉള്ളിലെയോണമോ, പോയ്മറഞ്ഞു!

ഹൃഷികേശൻ പി ബി കവിത



# ആവയോർമദ്ധ്യേ

പെയ്യുവാൻ പാടില്ലാത്ത
നേരത്തു പെയ്യും, തീരെ
യില്ലയൗചിത്യം മേഘ-
യ്ക്കെന്നു ഞാൻ, വീണാലവ-
ളുരുളാൻ മിടുക്കിയാ-
ണാനന്ദക്കണ്ണീർക്കണം.

ഞാൻ മേഘനാദൻ, തീരെ-
പ്പരുക്കൻ സ്വരം, മിണ്ടാ-
റില്ല, വാക്കുകളൊക്കെ
മൗനത്തിൽ കുളിപ്പിച്ചു,
പൗഡറും പൊട്ടും കുത്തി-
ച്ചുടുപ്പിൻ മോടിയ്ക്കൊത്തു
കിങ്ങിണിത്തള കെട്ടി-
ച്ചഴകിൽ ചിരിച്ചൊന്നു
കുണുക്കി, പുറത്തേയ്ക്കു
പതുക്കെ വിചാരങ്ങൾ.

താഴത്തേയ്ക്കിറങ്ങിയാൽ,
വാക്കുകൾ പരിസരം
മുഴുവൻ തല്ലിത്തകർ-
ത്തുടച്ചു, മറിച്ചിട്ടു,
കണ്ടതൊക്കെയും പൊട്ടി-
ച്ചവിടം മൊത്തം യുദ്ധ-
ക്കളമായതു പോലെ.

അക്കാലത്തൊരു ദിന-
മവിചാരിതമായി-
ട്ടുൾക്കടൽക്ഷോഭം തീർത്ത
ന്യൂനമർദ്ദവുമുണ്ടായ്.
പരക്കെയോർക്കാപ്പുറ-
ത്തൊക്കെ വീശിയ മിന്നൽ-
ച്ചുഴലി കൊടുങ്കാറ്റായ്
ത്തീർന്നു, മുന്നറിയിപ്പു
വന്നപ്പോൾ കാണാൻവിട്ടു
പോയതും, പതിവുള്ള
ജാഗ്രത മൂടിപ്പുത-
ച്ചുറങ്ങിക്കിടന്നതും,
കാര്യകാരണമായി.

കനത്ത നാശം വിത-
ച്ചതിരൂക്ഷമായ് മഴ-
യെങ്കിലും, റിലീഫ് ക്യാമ്പി-
ലാവയോർമദ്ധ്യേ കാണായ്,
ഇറങ്ങിത്തുടങ്ങുന്ന
പുഴയിൽ, നക്ഷത്രങ്ങൾ.

■ ആവയോർമദ്ധ്യേ(സംസ്കൃതം):
നമ്മളുടെ രണ്ടു പേരുടെയും ഇടയിൽ

Surya

ഡോ. അനിൽ കുമാർ എസ്. ഡി. കവിത



തൂശനില നിരത്തിത്തിരിയുമ്പോൾ,
'മാറാലയുണ്ടോയെന്നു നോക്കെടാ',
അമ്മ ശാസിക്കുന്നു.

നാരങ്ങാ അച്ചാർ തൊട്ടുപിരട്ടുമ്പോൾ
സ്ഥാനം തെറ്റിപ്പോയതായ്
അച്ഛൻ കലമ്പുന്നു.

കൊണ്ടാട്ടം മുളക് വെച്ചു പോകുമ്പോൾ
രണ്ടെണ്ണം വെച്ചീടാൻ
മുത്തശ്ശി ശഠിക്കുന്നു.

പൊട്ടാത്ത പപ്പടം
കിട്ടാത്ത മാതുലൻ
പൊട്ടത്തരത്തിന്റെ
തെറിക്കത്ത് പൊട്ടിക്കുന്നു.

അരയാത്ത ഇഞ്ചിയിൽ
കടിക്കുന്ന അച്ചാറിനെ,
മുറിയാത്ത പല്ലാൽ
ചവച്ചു തോൽപ്പിക്കുമപ്പൂപ്പൻ
ചുമയ്ക്കുന്നു.



# ഓണസദ്യയുടെ ക്ലീഷേകൾ



മധുരിക്കും മാമ്പഴപ്പുളിശേരിയെ,
പഞ്ചാരയുള്ള രക്തത്തെയോർത്ത്,
പഞ്ചാരമാമി കൊതിയാൽ
വെറുക്കുന്നു.

പുകയുന്ന പായസം
പച്ചവിറകിനെ പഴിക്കുന്നു;
വെറിയില്ലാപ്പകലിന്റെ
ഈർപ്പത്തിൽ ചേട്ടത്തി
കണ്ണീരിൽ വേവുന്നു.

നാട്ടുമാവിലിട്ട ഊഞ്ഞാലിൽ
ആകാശത്തെ തൊട്ടുതൊട്ടില്ലയെന്ന്
മുട്ടയിട്ടവൻ, മുട്ടുപൊട്ടിക്കരയുന്നു.

വിളമ്പിയ ചോറു മുഴുക്കാതെ
പരിഭവിച്ചു, കണ്ണീരു വീഴ്ത്തുന്ന
കോങ്കണ്ണിയപ്പച്ചിയും
ഓണമുണ്ണാതെ പടിയിറങ്ങുന്നു.

എനിക്കൊപ്പമോണമുണ്ടോർക്കെല്ലാം
കർക്കടകത്തിൽതന്നെ
ബലിയൂട്ടി ദർഭമോതിരമൂരി
കൈകഴുകി പിണ്ഡവും ചുമന്ന്,
പടിയിറങ്ങുന്നു ഞാൻ.

ഉള്ളിൽ തിളയ്ക്കുമോർമ്മയിൽ,
ഉള്ളിലെ നോവിന്റെ പെരുമഴയിലിരുന്ന്,
കണ്ണീരിൻ രസം കൂട്ടി
ഓണവുമുണ്ണുന്നു.

നോവുമോർമ്മകൾ കൊരുത്തിട്ട
എന്റെയോണവില്ലിൽ
ചിരിക്കുന്ന മഞ്ഞുതുള്ളികൾ
നീരുറഞ്ഞതോ?
എന്റെ കണ്ണീരുറഞ്ഞതോ?

# ഓണവും എഴുത്തും: അഭിമുഖം

## സുറാബ്/ സതീഷ് കളത്തിൽ



ഞാനേറെ വായിക്കുന്നത് കവിതകളാണ്. അതിലാണ് ജീവിതത്തിന്റെ ഇതിവൃത്തം ഉള്ളത്. പ്രകൃതിയും വിചാരവികാരങ്ങളും ആസ്വാദനത്തിൽ എളുപ്പമായത്.

ഓണം 2025

മലയാളത്തിലെ മുതിർന്ന എഴുത്തുകാരൻ സുറാബ്, തന്റെ ചെറുപ്പകാലത്തെ ഓണം ഓർമ്മകളും എഴുത്തുജീവിതത്തിലെ സുപ്രധാന വിഷയങ്ങളും പ്രതിഭാവത്തിനോടു പങ്കുവെയ്ക്കുന്നു.

**ഓണം 2025. തിരിഞ്ഞു നോക്കുമ്പോൾ ഓണത്തിനു വന്ന പുതുമകൾ?**

ഒരുപാടുകാലം ഓണം എനിക്കു മരുഭൂമിയിലായിരുന്നു. അപ്പോഴൊക്കെ തോന്നിയിട്ടുണ്ട് ഇതായിരിക്കും പഴഞ്ചൊല്ലായി പറയുന്ന 'ഓണംകേറാമൂല' എന്ന്. പിന്നീടുള്ള അനുഭവം നേരെ മറിച്ചായിരുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ഓണം ആഘോഷിക്കുന്നത് നാടുവിട്ടവരാണ്. പ്രവാസികളാണ്. ഈ ഓണത്തിനു തുടങ്ങിയ ആഘോഷം അടുത്ത ഓണംവരെ നീണ്ടു നിൽക്കും.

എന്റെ പ്രവാസകാലത്താണ്, കപ്പടാമീശയും കുടവയറുമില്ലാത്ത, മെലിഞ്ഞ ഒരു മാവേലിയെ ആദ്യമായി കണ്ടത്. കട്ടിമീശയുള്ള, കുടവയറുള്ള തടിച്ച നാരാണേട്ടനാണ് സ്ഥിരമായി മാവേലി വേഷം കെട്ടാറ്. അക്കൊല്ലം നാരാണേട്ടന് അത്യാവശ്യമായി ഓണക്കാലത്ത് നാട്ടിൽ പോകേണ്ടി വന്നു. തലേന്നു വരെ മാവേലിയാവാൻ ആരെയും കിട്ടിയില്ല. ആ കൊല്ലം മാവേലിയായത് ഒരു പാക്കിസ്താനി..! കമ്പനിയിലെതന്നെ പാറാവുകാരൻ, സെഹത്തുള്ള ഖാൻ. അങ്ങനെ, നീണ്ടു മെലിഞ്ഞ സെഹത്തുള്ള ഖാൻ മാവേലിയായി!

പ്രവാസകാലത്ത് ആർക്കും എന്തുവേഷവും കെട്ടാം. നാടുവിട്ടു ജീവിക്കാൻ വന്നവരിൽ ഭൂരിഭാഗവും വേർതിരിവില്ലാത്ത മനുഷ്യരാണ്.

**ഓണവുമായി ബന്ധപ്പെട്ട എഴുത്തുകളിൽ മനസ്സിൽ തങ്ങി നിൽക്കുന്നത്?**

ഓണം വന്നോണം വന്നോണം
ഓണനിലാവിന്റെ മേളം
ഓടിക്കളിക്കുന്ന കാലം
ഓർമ്മയിൽ പൂക്കുന്ന മേളം...

പൂവിൻ കതിരുകൾ പാടി
പൂമ്പാട്ട് കേട്ടങ്ങ് മൂളി
തുമ്പച്ചെടിക്കൊരു നാണം
മാവേലി മുത്തശ്ശന്റോണം...

ഊഞ്ഞാലിലാടുന്ന പെണ്ണേ
പാച്ചോറ് തിന്നാൻ വരുന്നോ?
വെറ്റിലടക്കയും നൽകാം
തുമ്പപ്പു ചോറ് വിളമ്പാം

അണ്ണാറക്കണ്ണനും ഊണ്
അയലത്തെ ചെക്കനും ഊണ്
കാണം വിറ്റതറിഞ്ഞോ?
ഓണം ഉണ്ടതറിഞ്ഞോ?

പച്ചോല പാമ്പിനു താളം
ഓലപ്പീപ്പിയിൽ പൂരം
അത്തം പത്തിനു തിത്തയ്
തക താളം തുള്ളിവാ കാറ്റേ...

ഇതു ഞാൻ ചെറുപ്പത്തിൽ എഴുതിയ ഓണക്കവിതയാണ്. ഇക്കവിത മനസ്സിനെ ഏറെ പിടിച്ചുലച്ചതാണ്. പിന്നീട്, ഗൾഫിലുള്ള സമയത്ത്, ഉമ്മുൽ ഖൊയിൻ റേഡിയോയിൽ, പിന്നണി ഗായിക മനീഷ സംഗീതം ചെയ്ത് പാടി പ്രക്ഷേപണം ചെയ്തതു കേട്ടിട്ടുണ്ട്, ഒരു പ്രത്യേക താളത്തിൽ.

**ഓണക്കളികളിൽ/ ആഘോഷങ്ങളിൽ പ്രിയപ്പെട്ടത്?**

ഓണം എന്നാൽ അന്നൊക്കെ നിലത്ത് ചമ്രംപടിഞ്ഞിരുന്നു തൂശനിലയിൽ സമൃദ്ധമായി ഊണ് കഴിക്കുക, അയൽപക്കത്തെ ശാരദേട്ടി ഉണ്ടാക്കിത്തരുന്ന ഉണ്ണിയപ്പം തിന്നുക, കൂട്ടുകാർക്കൊപ്പം വീടിനടുത്തുള്ള കുളത്തിൽ എടുത്തു ചാടുക, പരസ്പരം വെള്ളം തെറിപ്പിക്കുക, ആഴത്തിലേക്ക് മുങ്ങിപ്പോകുക തുടങ്ങിയ സ്ഥിരം കലാപരിപാടികൾ തന്നെ.

കോട്ടയത്തുനിന്നും കണ്ടത്തിൽ മേയാൻ വന്ന താറാവിൻ കൂട്ടത്തോടൊപ്പം നീന്തി കളിക്കും. യമുനയും ശാന്തയും പൂ പറിക്കാൻ പോകും. അവരോടൊപ്പം തട്ടവും അലിക്കത്തുമിട്ട ഉമ്മല്ലിയും പോകും. മാവിൽ കെട്ടിയ ഊഞ്ഞാലിൽ അവർക്കു മുന്നേ ഞങ്ങൾ സ്ഥലം പിടിക്കും. ടാക്കീസിൽ പുതിയ പടം കളിക്കുന്നുണ്ടാകും. അധികവും ബ്ലാക്ക് ആന്റ് വൈറ്റ്. കറുപ്പിലും വെളുപ്പിലും ജീവിച്ച നവോത്ഥാന കാലം. ഒരിക്കലും തിരിച്ചു കിട്ടാത്ത ബാല്യം.

ഓണക്കളികളിൽ ഏറ്റവും പ്രിയപ്പെട്ടത് ഓണത്തല്ലാണ്. കൂട്ടത്തിൽ കൂടുതൽ പഠിക്കുന്ന ഒരു കുട്ടിയുണ്ടാകും. അവനായിരിക്കും ക്ലാസിലെ ഹീറോ. മാഷമ്മാരും ടീച്ചർമ്മാരും ഹീറോയെ വാനോളം പുകഴ്ത്തും. ഞങ്ങൾ പഠിപ്പിൽ അത്ര മോശമല്ലെങ്കിലും ഇത്തരം പൊക്കലും തടവലും ഞങ്ങൾക്കു കിട്ടാറില്ല. ആ ഒരു ഈർഷ്യ അവനോട് എന്നും ഞങ്ങൾക്കുണ്ട്. അതൊക്കെ തീർക്കുന്നത് ഓണത്തിന്റെ വരവോടെയാണ്. ആഹ്ലാദത്തോടെ കളത്തിലിറങ്ങും. ഓണത്തല്ലോടെ അതൊക്കെ അടിച്ചു തീർക്കും. ഓണക്കളിയിൽ തല്ലിച്ചതക്കും. ഓന്റെയൊരു പഠിപ്പ്...



## മണിയറ - അച്ചടിക്കപ്പെട്ട ആദ്യ രചന
## തബല - ആദ്യത്തെ പുസ്തകം

**ഓണവിഭങ്ങളിൽ പ്രിയപ്പെട്ടത്?**

ഞാനൊരു ഭക്ഷണ പ്രിയനല്ല. എല്ലാ വിഭവങ്ങളും കഴിക്കും. ഭക്ഷണത്തിൽ വേർതിരിവില്ല. എങ്കിലും, സദ്യയിൽ അവിയലാണ് ഏറെ രുചി. പിന്നെ മോരു കറിയും.

**കുട്ടിക്കാലത്തെ ഓണക്കാലത്തു കണ്ട സിനിമ/ നാടകം എന്നിവയിൽ ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നത്?**

കുട്ടിക്കാലത്ത് സിനിമയെക്കാൾ കൂടുതൽ കണ്ടത് നാടകങ്ങളാണ്. എന്റെ നാട് ഒരു നാടക മണ്ണാണ്. വായനശാലകളെക്കാൾ നാടകശാലകളുള്ള ദിക്ക്. അമ്പലപ്പറമ്പിൽ അരങ്ങേറുന്ന നാടകങ്ങളും കഥാ പ്രസംഗങ്ങളും പാതിരാവും ഗ്യാസ്ലൈറ്റും വെളിച്ചവും പകർന്നു തന്ന ആസ്വാദനങ്ങൾ. അക്കാലത്തു കണ്ട നദി, കള്ളിച്ചെല്ലമ്മ എന്നീ കളർ പടങ്ങളും വാഴ്‌വേമായം, അരനാഴിക നേരം എന്നീ ബ്ലാക് ആന്റ് വൈറ്റും ഓർമ്മകളുടെ ഇരുട്ടിൽ ഇന്നുമുണ്ട്, കറുപ്പും വെളുപ്പും കലർന്ന തിരശ്ശീലയിൽ.

**ഏറ്റവും ഇഷ്ടപ്പെട്ട കൃതി? എഴുത്തുകാരൻ/ കാരി?**

വായനയിലെ തെരഞ്ഞെടുപ്പ് ബുദ്ധിമുട്ടാണ്. ബഷീറിന്റെ ബാല്യകാല സഖി, എം ടി യുടെ മഞ്ഞ്, വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, പി യുടെ കവിയുടെ കാൽപ്പാടുകൾ, എൻ എൻ പിള്ളയുടെ ഞാൻ എന്നിങ്ങനെ ഏറെയുണ്ട്. ഞാനെറെ വായിക്കുന്നത് കവിതകളാണ്. അതിലാണ് ജീവിതത്തിന്റെ ഇതിവൃത്തം ഉള്ളത്. പ്രകൃതിയും വിചാരവികാരങ്ങളും ആസ്വാദനത്തിൽ എളുപ്പമായത്.

**ആദ്യത്തെ എഴുത്ത്?**

1972മുതൽ എഴുതിത്തുടങ്ങി. ആദ്യത്തെ എഴുത്ത് ഒരു കുട്ടിക്കവിതയാണ്.

മിന്നിമിനുങ്ങും മിന്നാമിനുങ്ങേ
മിന്നിമറയും മിന്നാമിനുങ്ങേ
മിന്നുന്നതെല്ലാം പൊന്നല്ലെന്ന്
മിന്നിമറയും നീയോർത്തോ...

**അച്ചടിക്കപ്പെട്ട ആദ്യ എഴുത്ത്?**

ആദ്യമായി അച്ചടിമഷി പുരണ്ടത് ഒരു കവിതയാണ്. 'മണിയറ.' കൊച്ചിയിൽനിന്നും ഇറങ്ങിയിരുന്ന, 'ഹിമ്മത്ത്' മാസികയിൽ എഴുപത്തി മൂന്നിലാണ് അതു പ്രസിദ്ധീകരിച്ചത്.

**ആദ്യത്തെ പുസ്തകം?**

1992ൽ നടൻ ജോയ് മാത്യുവിന്റെ ബോധി ബുക്സ് പ്രസിദ്ധീകരിച്ച 'തബല' എന്ന കവിതാസമാഹാരം.

**ജീവിതത്തിൽ, എഴുത്ത് ആത്മാവിഷ്കാരത്തിനുള്ള ഒരു അഭിഭാജ്യഘടകമാണെന്നു തിരിച്ചറിഞ്ഞത് എപ്പോൾ/എങ്ങനെ?**

അങ്ങനെ ഒരു ഘട്ടം വേർതിരിച്ചോ ഓർത്തോ പറയാനാവില്ല. എനിക്ക് എഴുത്ത് ബോധപൂർവ്വമല്ല. അത് സംഭവിക്കുകയാണ്. മുമ്പെഴുതിയതൊക്കെ ഇപ്പോൾ എടുത്ത് വായിക്കുമ്പോൾ ഇനി തിരുത്താനാവില്ലല്ലോ എന്ന സങ്കടം വരും. പിന്നെ ഒരു സമാധാനം. ആരേയും നന്നാക്കാനൊന്നും എഴുത്തിൽ ഞാൻ ശ്രമിച്ചിട്ടില്ല.

പലരും പറയുന്നതു കേട്ടിട്ടുണ്ട്, സ്വയം നവീകരണത്തിനു എഴുതുന്നു എന്നൊക്കെ. ചിലർ പറയും, എഴുത്ത് രാഷ്ട്രീയ പ്രവർത്തനമാണ് എന്ന്. അതെന്തായാലും, എനിക്ക് എഴുത്ത് ഭാഷയുടെ തെളിമയാണ്. വായന അതിനു വളമാകുന്നു എന്നേ എനിക്കറിയൂ.

തുടക്കത്തിൽ ചുമ്മാ ഒരു രസത്തിന് എഴുതുന്ന ആളുകളുണ്ട്. ചിലർ തുടക്കംമുതൽ അതു ഗൗരവമായിതന്നെ എടുക്കുന്നു. രസത്തിന് എഴുതി സീരിയസ് ആകുന്നവരും സീരിയസ് ആയി, ആ സീരിയസ്നെസ് നഷ്ടപ്പെട്ട് എഴുത്തു നിർത്തിയവരും ഒഴുക്കിനൊപ്പം പോകുന്നവരും ഉണ്ട്. പലർക്കും എഴുത്ത് ജീവിതാവസാനംവരെയുള്ള തപസ് ആണ്. ഈയൊരു ഗണത്തിലാണ് ഞാനെന്നേ എനിക്ക് പറയാൻ പറ്റൂ. [redacted]




1985ൽ ഷാർജയിൽ നടന്ന ചെറുകഥാ ക്യാമ്പിൽ കഥ അവതരിപ്പിക്കുന്ന സുറാബ്. കേരള പ്രവാസി സംഘം സംസ്ഥാന ആക്ടിങ് സെക്രട്ടറിയായിരുന്ന പയ്യോളി നാരായണൻ, ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് ഭഗത് സിങ്, പ്രൊഫ. കെ. കെ. ഗീവർഗീസ് എന്നിവർ വേദിയിൽ ഇടതുനിന്നും.



സുറാബ് ഭാര്യ ഖൈറുന്നിസയോടും മക്കളായ സവാദ്, സജാദ്, ഫിദ എന്നിവരോടുമൊപ്പം ദുബായിലെ അബ്രയിൽ: 2001ലെ കാഴ്ച.

കൊന്നമൂട് വിജു | കവിത




# വേഷം മാറിയ കവിത

പെൺവേഷം കെട്ടി
ആൾക്കാരുടെ കണ്ണിൽ പൊടിയിട്ട്
നടക്കുകയായിരുന്നു ആൺകവിത

കവലയിലും കടകളിലും
ബസ്സിലും ബസ് സ്റ്റോപ്പിലും
കവിതയെക്കുറിച്ചുള്ള
വർത്തമാനങ്ങൾ മാത്രം

പെട്ടെന്നൊരു ദിനം
കവിത അപ്രത്യക്ഷമായി
ക്രമേണ കവിതാ വർത്തമാനങ്ങളും
ആളുകളൊക്കെ കവിതയെ
സ്വപ്നത്തിൽപോലും ഓർക്കാതായി
ഒരു കുറവും ആർക്കും
അനുഭവപ്പെട്ടതുമില്ല

ആരും അന്വേഷിച്ചില്ലെങ്കിലും
ഒളിവിൽ പോയ കവിത
പെട്ടെന്ന് മറ്റൊരുദിനം
കവലയിൽ പ്രത്യക്ഷപ്പെട്ടു
കണ്ടവർക്കൊക്കെ
വല്ലാത്തൊരു കൗതുകം
പെൺവേഷത്തിന്
മോഡിക്കുറവൊന്നുമില്ല
നോട്ടത്തിനും
പക്ഷേ
മൂക്കിനുതാഴെ രോമം
കുതിരപ്പുല്ലുപോലെ
വളർന്ന് തളിർത്തു നിൽക്കുന്നു

അന്നത്തെ അന്തിചർച്ച
അതിഗംഭീരമായിരുന്നു




ദേവേശൻ പേരൂർ



ലേഖനം

# ശബ്ദമില്ലാത്ത വാക്കുകളുടെ കവിതകൾ



സ്നേഹം സ്ഫുരിക്കുന്ന ഏതു നോട്ടത്തിലുമുണ്ട് കലയുടെ വിചിത്ര ചിത്രങ്ങൾ.

“നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾതൻ കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും” എന്ന ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിവാക്കിലുണ്ട്, തുളുമ്പി നിൽക്കുന്ന കാണലിന്റെ കലാസൗന്ദര്യം.

‘ആർട്ട് ഓഫ് ദി ലുക്ക്’ എന്നത് ദൃശ്യാവതരണത്തിന്റെ സൗന്ദര്യാത്മകവും ആശയവിനിമയപരവുമായ ശക്തിയെയാണ് സൂചിപ്പിക്കുന്നത്. വാക്കുകളില്ലാതെയുള്ള കവിത നെയ്യലാണ്, കണ്ണുകൾ കൊണ്ട് കമിതാക്കൾ നിർമ്മിക്കുന്നത്. നോട്ടത്തെ തീവ്രമായ അനുഭവങ്ങളാക്കുന്നത് പ്രണയവും കാമവും ഭക്തിയും ചിലപ്പോഴൊക്കെ ദാരിദ്ര്യവുമായിരിക്കും.

പ്രണയികളുടെ നോട്ടം ആഴമേറിയതും അർത്ഥവത്തായതുമാണ്. അത് ഹൃദയത്തിന്റെ നിശ്ശബ്ദ ഭാഷയാണ്. കണ്ണുകളുടെ നിശ്ശബ്ദമായ കൈമാറ്റത്തിൽ വികാരങ്ങൾ കരകവിയുന്നു. ആർദ്രത, വാഞ്ഛ, ആഗ്രഹം, തൃഷ്ണ ചിലപ്പോൾ പറയാൻ കഴിയാത്ത വേദന പോലും ആ ഒറ്റനോട്ടത്തിൽ അവർ വിനിമയം ചെയ്യുന്നുണ്ട്.

ഏതൊരാൾക്കൂട്ടത്തിലും ഒറ്റ നോട്ടം കൊണ്ടു തന്നെ കമിതാക്കളുടെ നക്ഷത്രക്കണ്ണുകൾ ഉടക്കുന്നു. പ്രണയത്തിന്റെ പാരസ്പര്യം ആളുകളെ തീവ്രമായ ശ്രദ്ധയിലേയ്ക്ക് കൊണ്ടുപോകുന്നതു കൊണ്ടാവാം ഇത്.

അപ്പോൾ കണ്ണുകൾ ആത്മാവിന്റെ കണ്ണാടികളായി ജ്വലിക്കും. രണ്ട് ഹൃദയങ്ങൾ പങ്കിടുന്ന ശബളമായ കാഴ്ചയായി അത് പരിണമിക്കുകയും ചെയ്യുന്നു.

പലപ്പോഴും കാമുകീ കാമുകൻമാർ സംസാരം കൊണ്ടല്ല, അർത്ഥഗർഭവും നിശ്ശബ്ദവുമായ നോട്ടങ്ങൾ കൊണ്ടാണ് സമയത്തെ മറികടക്കുന്നത്. അത് ചിലപ്പോൾ കാലത്തെ തന്നെ നിശ്ചലമാക്കുന്നു. ഒരു കാമുകന്റെ നോട്ടത്തിന് കാമുകിക്ക് ആശ്വാസം നൽകാൻ കഴിയും, ചിലപ്പോൾ അഭിനിവേശം ജ്വലിപ്പിക്കാം, അല്ലെങ്കിൽ നിശ്ശബ്ദതയിൽ ധാരാളം സംസാരിക്കാം. ഒരു കാമുകി അവളുടെ കാമുകനിലും ഇതു തന്നെയാണ് സൃഷ്ടിക്കുന്നത്. വാക്കുകൾക്ക് കുറവുണ്ടാകുമ്പോൾ പോലും പ്രണയത്തെ സജീവമായി നിലനിർത്തുന്നത് മൃദുവായ നോട്ടത്തിന്റെ ഈ അഗ്നിയാണ്.

സ്നേഹത്തോടെ ഒരാളെ നോക്കുക എന്നതിനർത്ഥം നീ എന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരാളാണ് എന്ന് പറയലാണ്.

കാമുകരുടെ നോട്ടത്തിൽ ഒരു ഭക്തി നിർഭരതയുണ്ട്. പരമ്പരാഗതമായ പ്രണയ സങ്കൽപ്പത്തിൽ കാമുകനും കാമുകിയും ദേവീ ദേവൻമാരാണ്. കാമുകിയെ ദേവീ എന്നും കാമുകനെ ദേവാ എന്നുമാണ് പാട്ടിലും കവിതയിലും അഭിസംബോധന ചെയ്യുന്നത്. പ്രണയം ഭക്തിഭരം കൂടിയാണ് എന്നു വരുന്നു.

**കമിതാക്കളുടെ നോട്ടങ്ങൾ സൗമ്യമാണ്, പക്ഷേ ശക്തമാണ്. അത് കോപത്തെ മയപ്പെടുത്തുകയും അകലത്തെ മായ്ച്ചുകളയുകയും ചെയ്യും. പലപ്പോഴും ഓർമ്മകളെ ഉണർത്തുകയും ചെയ്യുന്നു. പങ്കിട്ട സ്വപ്നങ്ങളുടെയും രഹസ്യ പുഞ്ചിരികളുടെയും ഹൃദയത്തിൽ കൊണ്ടുനടക്കുന്ന പറയാത്ത വാഗ്ദാനങ്ങളുടെയും വാക്കുകളുടെ സ്രവങ്ങളാകുമത്. കണ്ണുകൾ കൊണ്ട് ഉണ്ടാക്കുന്ന ഒരു നിശ്ശബ്ദ സ്പർശമാണത്.**

**മനഃശാസ്ത്രത്തിന്റെ ഭാഷയിൽ കണ്ണുകൾ ആത്മാവിലേക്കുള്ള ജാലകങ്ങളാണ്. രണ്ട് ഹൃദയങ്ങൾക്കിടയിലുള്ള പാലമാണത്.**

എലിസബത്ത് ബെന്നറ്റിനെ മിസ്റ്റർ ഡാർസി കാണുന്ന തീവ്രമായ നോട്ടമായാലും കാതറിനു നേരെയുള്ള ഹീത്ത് ക്ലിഫിന്റെ വേട്ടയാടുന്ന നോട്ടമായാലും സാഹിത്യത്തിലെ 'കാമുകരുടെ നോട്ടം' വാക്കുകൾക്ക് തുല്യമല്ലാത്ത ഒരു ഭാരം വഹിക്കുന്നുണ്ട്. അത് ഒരു പ്രതീകമായാണ് പ്രവർത്തിക്കുന്നത്. ആഗ്രഹം, അംഗീകാരം, സങ്കടം അല്ലെങ്കിൽ പറയാത്ത സ്നേഹം എന്നിവ നോട്ടത്തിന്റെ ഭാഗഭാക്കുകളാകുന്നു.

ലോക പ്രശസ്ത ക്ലാസിക് നോവലുകളിൽ 'കാണലിന്റെ കല' പല മട്ടിൽ ആവിഷ്കൃതമാവുന്നുണ്ട്.

ജെയ്ൻ ഓസ്റ്റിന്റെ, 'പ്രൈഡ് ആൻഡ് പ്രിജുഡീ' സിൽ മിസ്റ്റർ ഡാർസി , എലിസബത്തിനെ നോക്കുമ്പോൾ അത് അയാളുടെ ആരാധനയുടെയും വൈകാരിക സംഘർഷത്തിന്റെയും പ്രകടിത ഭാവമാകുന്നു. എലിസബത്തിന് അമിത ശ്രദ്ധ നൽകുന്നതിന്റെ അപകടം അയാൾക്ക് തോന്നിത്തുടങ്ങുന്നു. അവന്റെ നോട്ടം സാവധാനത്തിലുള്ള ഏറ്റുപറച്ചിലായിരുന്നു.



എലിസബത്തും മിസ്റ്റർ ഡാർസിയും: പ്രൈഡ് ആൻഡ് പ്രിജുഡീസിലെ ഒരു രംഗം.

എമിലി ബ്രോണ്ടെയുടെ 'വുതറിംഗ് ഹൈറ്റ്സ്', ഹീത് ക്ലിഫിന്റെയും കാതറിന്റെയും നോട്ടങ്ങൾ വന്യവും ആത്മീയവും ആസക്തി നിറഞ്ഞതുമാണ്. ടോൾസ്റ്റോയിയുടെ അന്നാ കരേനിനയിൽ അന്നയെക്കുറിച്ചുള്ള വ്രോൺസ്കിയുടെ ആദ്യ നോട്ടം വിസ്മയത്തോടും പെട്ടെന്നുള്ള ആഗ്രഹത്തോടും കൂടിയുള്ളതായിത്തീരുന്നു. അവൻ അവളെ ആദ്യമായി കണ്ടു, അയാളിൽ എന്തോ ചില ചലനങ്ങൾ സൃഷ്ടിച്ചു. ടോൾസ്റ്റോയ് ആ നോട്ടം ഉപയോഗിച്ചിരിക്കുന്നത് തൽക്ഷണ വൈകാരിക ആഘാതം കാണിക്കാനെന്നോണമാണ്. വിലക്കപ്പെട്ടതും ജീവിതത്തെ മാറ്റിമറിക്കുന്നതുമായ ഒരു പ്രണയത്തിന് തുടക്കം കുറിക്കുന്നുണ്ടായിരുന്നു ആ നോട്ടം.



അന്നാ കരേനിന നോവലിൽ വ്രോൺസ്കിയും അന്നയും.

ഭക്തന്റെ നോട്ടം വ്യക്തമായ കാഴ്ചയല്ല, അതിനേക്കാൾ അതിരില്ലാത്ത ദൈവികമെന്നു വിളിക്കാവുന്ന ഒരു അത്മാനുഭവമാണ് അത് എന്നുവരുന്നു. ഭക്തർ ദർശനം കണ്ണുകൾ കൊണ്ടല്ല, മനോലോചനം കൊണ്ടാണ് നിർവഹിക്കുന്നത്. അതായത് ഭക്തിയും ജ്ഞാനവുമാണ് ദൈവത്തെ കാണാനുള്ള കണ്ണ് എന്ന് ഭക്തർ മനസ്സിലാക്കുന്നുണ്ട്.

"കണ്ടാലൊട്ടറിയുന്നു ചിലരിതു
കണ്ടാലും തിരിയാ ചിലർക്കേതുമേ.
കണ്ടതൊന്നുമേ സത്യമല്ലെന്നതു
മുമ്പേ കണ്ടിട്ടറിയുന്നിതു ചിലർ.
മനുജാതിയിൽത്തന്നെ പലവിധം
മനസ്സിന്നു വിശേഷമുണ്ടോർക്കണം."

(അധികാരിഭേദം- ജ്ഞാനപ്പാന)

ഭക്തർ സത്യത്തെ കാണുകയല്ല, സത്യത്തെ അനുഭവിക്കുകയാണ്. കാഴ്ച കാഴ്ചയെ തന്നെ മറികടക്കുന്ന ചൈതന്യവത്തായ ഒരു അനുഭൂതിയാക്കി മാറ്റുന്ന പോലെ.

ദരിദ്രന്റെ നോട്ടം ആത്മീയമായ അനുഭൂതിയിലേയ്ക്കായിരിക്കില്ല. ആസക്തി നിറഞ്ഞ കാമനകളിലേയ്ക്കും അല്ല. ഭൗതികമായ ഇല്ലായ്മകളിലേയ്ക്കും പശിയുടെ കാഠിന്യത്തിൽ നിന്ന് സമൃദ്ധിയുടെ നിറവിലേയ്ക്കുമായിരിക്കും. സമൃദ്ധിക്കും ദാരിദ്ര്യത്തിനും ഇടയിൽ ആന്ദോളനം ചെയ്യുന്ന ഒരു ചക്ഷുസ്സുണ്ടാവും, അയാൾക്ക് എപ്പോഴും. വിക്ടർ ഹ്യൂഗോയുടെ പാവങ്ങളിലെ(ലേ മിസേറാബ്ല്) ജീൻ വാൽജീന്റെ നോട്ടത്തിലതു കാണാം. ശിവരാമകാരന്തിന്റെ ചൊമന ദുഡിയിലെ ചോമന്റെ കാഴ്ചയിലുമുണ്ട്, കലാസൗഭഗമല്ലാത്ത നോട്ടത്തിന്റെ തീക്ഷ്ണതകൾ.




കന്നഡ എഴുത്തുകാരനും ജ്ഞാനപീഠപുരസ്കാര ജേതാവുമായ ശിവറാം കാരന്തിന്റെ 'ചോമനദുഡി' കന്നഡ നോവലിന്റെ മുഖ ചിത്രം.

എ അയ്യപ്പൻ എഴുതുന്നു, "കാറപകടത്തിൽപ്പെട്ടു മരിച്ച വഴിയാത്രക്കാരന്റെ ചോരയിൽ ചവുട്ടി ആൾക്കൂട്ടം നില്ക്കേ മരിച്ചവന്റെ പോക്കറ്റിൽ നിന്നും പറന്ന അഞ്ചുരൂപയിലായിരുന്നു എന്റെ കണ്ണ്."

ഇങ്ങനെ കലാസൗഭഗങ്ങളുടെ കാഴ്ചയെ, ദാരിദ്ര്യത്തിന്റെ തീവ്രത, ദൈന്യതയുടെ കളിത്തൊട്ടിലാക്കുന്നു. നോട്ടം അതിന്റെ തൃഷ്ണാഭാരത്താൽ പലതായി ചിതറി നിൽക്കുന്നു.

സ്പർശവും മാസ്മരികതയാണ്. കാമുകിയുടെ കൈവിരലുകൾ തൊടുമ്പോൾ കാമുകനിൽ കിനാവ് ചുരത്തുന്നത് അതാണ്. ജാതാനുരാഗമൊരുവന്റെ മിഴിക്ക് വേദ്യമായ ഏതോ വിശേഷസുഭഗത്വമരുളുമ്പോഴത് കനക മൈലാഞ്ചി നീരിൽ തുടുത്ത വിരലായി ഭവിക്കും.

പ്രണയിനികളുടെ പ്രഹർഷം സ്പർശത്തിന്റെ ഒരു വൈദ്യുതാലിംഗന ജ്വലനമുണ്ടാക്കും. അത് ഭാഷണത്തെയും നോട്ടത്തെയും കവിഞ്ഞ് കൈവരുന്ന അടുപ്പത്തിന്റെ, മാന്ത്രിക ലോകത്തിന്റെ വാഗ്ദാനമായി മാറും. കാണലിനു ശേഷമുള്ള കാമനകൾ തൊടുന്നതിലായിരിക്കും. എന്നാൽ ആലിംഗനത്തിനു മുമ്പുള്ള സ്പർശം ആലിംഗനത്തെക്കാൾ മധുരോദാരമാകും. തീവ്രമായ അടുപ്പങ്ങളിലേയ്ക്കുള്ള ജാലകങ്ങൾ തുറക്കുന്നത് വിറയാർന്ന സ്പർശനത്താലാണെന്ന് ആരറിവൂ.

മൗനത്താൽ കൈപിടിക്കുമ്പോഴാണ്, തുള്ളിയായൊരു വിരൽസ്പർശം ചിറകറ്റ മിഴികളിലെ പ്രണയച്ചൂടിന്റെ സ്പന്ദനമായി മാറുന്നത്. തൊടുമ്പോൾ കാലം ഒരു നിമിഷം സ്ലോമോഷനായി കാമുകർക്കു ചുറ്റും ചൂഴ്ന്ന് നിൽക്കും. വായുവിന്റെ ചലനം ഒരു മധുരമായ സംഗീതം പോലെ കേൾക്കുന്ന സന്ദർഭമാണത്. അതിന് ചൂടോ തണുപ്പോ ഇല്ല. ആത്മാവിന്റെ ഉള്ളിലേയ്ക്കാണ് ഒറ്റസ്പർശത്തിന്റെ അലകൾ അപ്പോൾ ഉയർത്തുന്നത്.

പ്രണയിതാക്കളുടെ വിരലുകൾ പരസ്പരം കോർത്തുചുറ്റുമ്പോൾ, അവർക്കിടയിൽ അഗാധമായ ഒരു ബന്ധത്തിന്റെ ഒരു കഥാകഥനം ആരംഭിക്കുകയായി. ഒരു വാക്കും ഉപയോഗിക്കാതെ, നോട്ടത്തിനു ശേഷമുള്ള സ്പർശമാവും പരസ്പര പ്രേമസുധാനുരാഗം വിളിച്ചുപറഞ്ഞ ആദ്യത്തെ മഹാകാവ്യം. മൗനത്തിന്റെ പരാവർത്തനം മനസ്സിന്റെ ഇടകലരുകളുടെ മാസ്മരികതയെ അപ്പോൾ ഇതൾ വിരിയിക്കുന്നു.

ഡി എച്ച് ലോറൻസ് സ്പർശനത്തെ ഒരു പ്രധാന ആശയവിനിമയ മാർഗമായി കണ്ട എഴുത്തുകാരനായിരുന്നു. ഇന്ദ്രിയങ്ങൾ ആളുകളിൽ മറഞ്ഞിരിക്കുന്ന അർത്ഥങ്ങളും ആഗ്രഹങ്ങളും വെളിപ്പെടുത്തുന്ന സാമഗ്രികളാണ് എന്ന് അദ്ദേഹം പറഞ്ഞു.



സ്പർശനത്തിന്, കൈകൾക്ക് അത്യന്താപേക്ഷിതമായ സ്ഥാനമുണ്ട്. ലോറൻസിന്റെ രചനകളിൽ അവയ്ക്ക് ഒരു പ്രധാന പ്രതീകാത്മക സ്വഭാവവും ഉണ്ട്. സ്പർശനത്തിലൂടെയും നമ്മുടെ ചുറ്റുമുള്ളവയുമായി സമ്പർക്കം പുലർത്തുന്നതിലൂടെയും അബോധാവസ്ഥയിലുള്ള ആഗ്രഹങ്ങൾ പ്രകടിപ്പിക്കുന്നതിലൂടെ കൈകൾക്ക് 'സ്വന്തമായ ഒരു ജീവൻ' ഉണ്ടെന്ന് ലോറൻസ് എഴുതി. കൈകളുടെ ചലനം വിവരിക്കുമ്പോൾ അദ്ദേഹം സ്പർശനപരവും ഘടനാപരവുമായ ചിത്രങ്ങൾ സൃഷ്ടിച്ചു. വിരലുകളുടെ പരസ്പരബന്ധം, ചർമ്മത്തിന്റെയും പ്രതലങ്ങളുടെയും സംവേദനം, തന്റെ കഥാപാത്രങ്ങളിൽ സ്പർശനത്തോടൊപ്പമുള്ള ആനന്ദം അല്ലെങ്കിൽ അസ്വസ്ഥത എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.




തൊടുക എന്നത് ചരിത്രത്തിൽ മറ്റു പല അർത്ഥങ്ങളും അടയാളങ്ങളും അവശേഷിപ്പിക്കുന്നു. മലയാളിയുടെ വിമോചനത്തിന്റെ ഒരു സ്പർശബിന്ദു തന്നെയാണ് തൊടൽ. "തൊട്ടു കൂടാത്തവർ തീണ്ടിക്കൂടാത്തവർ ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ" എന്ന് ചരിത്രത്തിന്റെ ആ നീചസന്ധിയെ ആശാൻ കുറിക്കുന്നുണ്ടല്ലോ.

കാണാൻ പറ്റാത്തവർ, തൊടാൻ പറ്റാത്തവർ എന്നിങ്ങനെ മനുഷ്യ സമുദായത്തെ അകറ്റി നിർത്തിയ ഒരു സാമൂഹ്യസ്ഥലിയെ കണ്ടും പരസ്പരം തൊട്ടും തന്നെയാണ്, കേരളം മനുഷ്യത്വത്തിന്റെ പ്രകാശഗോപുരമായി മാറിയത്. അപ്പോൾ മനുഷ്യ സമുദായത്തിന്റെ സൗന്ദര്യനിർമ്മിതിയിൽ സ്പർശത്തിന് വലിയ സ്ഥാനമുണ്ടെന്നു വരുന്നു.

തൊടുമ്പോഴുള്ള ഓരോ ഭാവവും അക്ഷരങ്ങളിലാഴ്ത്താൻ കഴിയാത്തതാവും. മഴത്തുള്ളിയെപ്പോലെ ഹൃദയത്തെ ഈറനണിയിക്കും. ചില നേരം കനൽക്കോരി നിറയ്ക്കും. കാണലും തൊടലും ഒരു ഭാഷയല്ല, ശബ്ദമില്ലാത്ത വാക്കുകളുടെ കവിതയാണത്. സത്യവചനം ആത്മാവിന്റെ വാതിൽ തുറക്കുന്നത് പോലെ, ഒരു ഭാവം.

പ്രസാദ് കാക്കശ്ശേരി | കവിത



# ജറബെറ



തുമ്പ തേടി തൊടിയിലാകെ
ഇമ്പമോടെയലഞ്ഞിട്ടും
കമ്പ് നീട്ടി കാട് നീക്കി
തുമ്പതൻ ചിരി തെരഞ്ഞിട്ടും
കണ്ണിലൊന്നും പെടുന്നില്ല
കൺകുളിരായ് വെളുക്കുന്ന
മാൺപെഴും തുമ്പക്കഴുത്ത്.

പണ്ട് പാതാളത്തിലാഴ്ത്തി
പാരിടത്തിൻ പ്രജാക്ഷേമ
പൂനിലാ, ധവളശോഭ
പ്രേമമോടെ വരുംനാളിൽ
പാർത്തൊതുങ്ങിയപകർഷ -
പ്രാക്കുതട്ടുമെളിമയെ
ശിരോഭൂവിൽ വിതാനിച്ച
സ്നേഹധന്യസമഭാവം
കൺപാർക്കാൻ വരുന്നില്ലേ
ഇളം തളിർ തിരി തെല്ലും?

കിടയ്ക്കാതെ കടിത്തുമ്പ-
ക്കാടിയേൽക്കുമരിശത്താൽ
നീറിടുമ്പോളിളിക്കുന്നു
'ജറബെറ' നിറച്ചാർത്തായ്
പരുക്കിട്ട മനക്കോണിൻ
വിളുമ്പത്ത് വെളുക്കണെ!


Surya

സരോജിനി ഉണ്ണിത്താൻ

കവിത

# ഒരമ്മയുടെ ദുഃഖം





# ഒരമ്മയുടെ ദുഃഖം

സരോജിനി ഉണ്ണിത്താൻ

പശ്ചിമ വാനിലഹസ്സിൻ ചുടുനിണം
ചിന്തിപ്പടരുന്ന കാഴ്ച കാൺകേ,
വേപഥു വാർന്നിതാ സന്ധ്യ സുമംഗലി
കൊട്ടിയടച്ചു ശയന കക്ഷം.
കാർകൂന്തൽ ചിക്കി വരവായി രാത്രിയും
താരകളെങ്ങോ മറഞ്ഞു നില്പ്പൂ.
മരതകമാലകൾ മാറിലണിഞ്ഞ
കേദാരം ചൂഴുമീയാലയത്തിൽ
ഓമൽകിടാങ്ങടെ ചെഞ്ചോരയാരക്ത-
മാക്കിയ പൂഴിയിലിത്തമസ്സിൽ
മേവുന്നു ഞാനമ്മ, കൂട്ടിന്നിവൾക്കൊരു
കൈത്തിരി കത്തിക്കാൻ പേടിയത്രേ.
വാസരമേറെയായിപ്പുര വാതിലിൽ
ശങ്കിച്ചു നില്ക്കുന്നു നിദ്ര പോലും.
കാറ്റിലുടയാട മെല്ലെച്ചലിക്കുമ്പോൾ
ഞെട്ടുന്നിതെന്നുടെയന്തരംഗം.
ചാവുപറയുവാൻ വിങ്ങിയണയുന്ന
തപ്ത നിമിഷങ്ങളെന്നു നണ്ണി.
അങ്കണത്തൈമരച്ചില്ലയിലന്തിക്കു
പൈങ്കിളി പാടുന്നു മൃത്യുഗീതം.
പ്രാതഃ സമീരണനെൻ കാതിലോതുന്നു
രാവിൽ നടന്ന നൃശംസതകൾ.
അശ്രുക്കൾ തൂകിയാലാറു, മഴലല്പ-
മെന്നാൽ കെടുത്തുമതെന്റെ മാനം.
വീര പ്രസുവെന്നു മാലോകർ വാഴ്ത്തുന്ന
കേരളോർവ്വിയാകുമമ്മയല്ലോ,
സിംഹിനി, ഞാൻ മുന്നമെത്രയോ പുത്രരെ
പോരിനയച്ചു തിലകം ചാർത്തി!
ആത്മജർ ശോണിതം വാർന്നു പിടയുമ്പോ-
ളിന്നു ഞാൻ കണ്ണുകൾ പൂട്ടിവാഴ്വൂ.
ഖഡ്ഗമുണ്ടെന്നുടെ കയ്യിലെന്നാകിലു-
മാരുടെ കണ്ഠമരിയണം ഞാൻ?
അർഭകരന്യോന്യമാഹവം ചെയ്യവേ-
യാരുടെ ചേരിയിൽ ചേരുമമ്മ?
എന്നെന്റെ മക്കളറിയുമെന്നുൾത്താപ-
മെന്നിനിക്കൈവരുമാത്മ ശാന്തി?

# വിസ്മൃതഭാഷ

**ജോയ് വാഴയിൽ**

ഇന്നലെപ്പൂവനി,യിന്നു ശവപ്പറ-
മ്പെന്നതോ കാലനിയോഗം?
ചിന്തകൾ വല്ലീനികുഞ്ജങ്ങളായ് പടർ-
ന്നുണ്മ മനോജ്ഞമലരുകളായ് വിടർ-
ന്നെന്തു സുഗന്ധം പരന്നതാ നാൾകളിൽ.
എത്ര പവിത്രസസ്യങ്ങൾ,
എത്ര സുചിത്രസത്യങ്ങൾ,
എത്ര വിചിത്രരസങ്ങൾ-
എല്ലാം കളിച്ചുവളർന്നതാണിന്നിലം,
എല്ലാം പൊടിച്ചുവിളഞ്ഞതാണിന്നിലം.
എല്ലാം മറഞ്ഞോരകാലനിർഭാഗ്യത്തി-
ലില്ലായ്മയിൽ മൂകമായതുമിന്നിലം.

കാട്ടുതീ കത്തിയെരിഞ്ഞു മലരുകൾ,
കായ്കളും, തണ്ടു,മിലകളും ചാമ്പലായ്
ഭാഷാവനികയൊടുങ്ങുന്നതിന്നു മു-
മ്പിങ്ങു പുലർന്ന കാമനകൾ,
ഉയിരിൽപ്പൊടിച്ചുവളർന്ന വികാരങ്ങൾ,
ഉയരേയ്ക്കുണർന്നു വിരാജിച്ച ചിന്തകൾ,
അവയൊക്കെയെങ്ങുപോ-
യെങ്ങുപോയെങ്ങുപോയ്?
ഇവിടെയെമ്പാടുമീ വിസ്മൃതിച്ചാരത്തി-
ലെരിയുന്നുവോ കനൽപ്പൊട്ടുകളിപ്പൊഴും?
പുകചൂഴ്ന്ന കണ്ണിലിരുണ്ടതാം കാഴ്ചകൾ,
കത്തുന്ന വാക്കിന്റെ തൊണ്ടയിലൊടുങ്ങിയ
ശബ്ദങ്ങൾ, തേങ്ങലിൽ വേർപെട്ട ചീന്തുകൾ,-
ഇവയോ കിനാവുകൾക്കന്ത്യം?

നക്ഷത്രമൊന്നൊടുങ്ങുന്ന പ്രപഞ്ചത്തി-
ലവശിഷ്ടധൂളിയിൽ നിന്നൊരു പുത്തനാം
നക്ഷത്രമുയിരാർന്നു മിന്നും ചിരേണ,യാ
വിൺവെളിച്ചത്തിലുയിർപ്പെട്ടു പാറിടും
ജീവൻ ത്രസിക്കുന്ന ചൈതന്യരേണുക്കൾ
നാളെ,-യാ നാളെയെക്കാത്തു കഴിയുന്ന
നന്മകൾ, നേരുകൾ നിശ്ശൂന്യമാകയോ?
വിസ്മൃതിയേയുമൊടുക്കുവാൻ പോന്നതാം
വിസ്മയതീർത്ഥമൊഴുകുന്നതിൻ നവ-
ജീവനസംഗീതമിങ്ങുയരുന്നുവോ?

ഭാവന പുഷ്കലമാക്കുവാൻ, വിസ്മൃത-
ഭാവങ്ങൾ സ്പന്ദിച്ചുണർന്ന നിനവുകൾ
അസ്പഷ്ടലോകങ്ങൾ വിട്ടുയർന്നീടവേ,
വൈഖരീനാദമുയിർത്തുടിയാകവേ,
കാലമേ, ജീവനുണരുന്നുവോ നിന്നി-
ലാരു നീ, മായാസരിത്തായ ഭാഷയോ?

○

**ചിത്രീകരണം▸**



ജോയ് വാഴയിൽ കവിത

# വിസ്മൃതഭാഷ






പി. കെ. ഗോപി കവിത



# ജീർണ്ണരൂപങ്ങളുടെ ശിരോലിഖിതം



അരിമണികളിലൊക്കെ
ആരുടെയോ
പേരെഴുതിയിട്ടുണ്ടുപോലും!

ഓരോ തുള്ളി ജലത്തിലും
കാറ്റിന്റെയും
കടലിന്റെയും മുകിലിന്റെയും
മേൽവിലാസം കുറിച്ചിട്ടുണ്ടത്രെ.

ഓരോ മൺതരിയിലും
ശിലയുടെയും മലയുടെയും
പുഴയുടെയും പ്രളയങ്ങളുടെയും
ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടത്രെ.

ഓരോ നിശ്വാസത്തിലും
കാലത്തിന്റെയും
നാഴികമണിയുടെയും
ഹൃദയത്തിന്റെയും കഥ
അലിഞ്ഞുചേർന്നിട്ടുണ്ടുപോലും.

ഞാൻ നിന്നിലും നീ എന്നിലും
അജ്ഞാത വാതലിലൂടെ പ്രവേശിച്ച്
പ്രണയവും വിരഹവും
നിലവിളിയും മന്ദഹാസവുമെല്ലാം
പങ്കിടുന്നവരാണെന്ന്
പറയാതെ അറിയാമല്ലോ, അല്ലേ?

എന്നെ നിന്നിലും നിന്നെ എന്നിലും
ആലേഖനം ചെയ്തു വിട്ടിട്ടും
എന്തിനാണ് പ്രതികാരം?
എന്തിനാണ് മാരകായുധം?
അവകാശത്തർക്കം?

വിശ്വവ്യാപകമായ
അജ്ഞതക്കോട്ട പൊളിക്കാൻ
കഴിയാത്തവന്റെ
കൈത്തണ്ടയിലും നെഞ്ചിലും
ദൈവങ്ങളുടെ നീലരൂപം
പച്ച കുത്തിയിട്ടെന്ത്?

കോളിളക്കങ്ങൾ നിലയ്ക്കുമ്പോൾ
നിലയവാദ്യക്കാർ
അവതരിച്ചാൽ പോരാ,
ലക്ഷ്യമില്ലാത്ത അവതാരവേഷങ്ങൾ
വഴിയരികിലെ കാറ്റിലും മഴയിലും
ജീർണ്ണിക്കുന്നതു കാണുമ്പോൾ
ചോദിക്കുന്നു:
ആരുടെ പേരാണ് അവയുടെ ശിരസ്സിൽ
കൊത്തിവെച്ചിരിക്കുന്നത്?

ബിജു റോക്കി കവിത



# മനുഷ്യന് പിടികിട്ടുന്നില്ലെന്നുമാത്രം

വലിയ പാളയിലകളുമായി
തേക്കും വെള്ളച്ചാമ്പയും
എത്രയോ തണൽ
താഴെ കോരിയൊഴിച്ചിരിക്കുന്നു.
ഒന്നിനെയും അനുകരിക്കാതെ
സവിശേഷമായ വളവുകളും
തിരിവുകളുമോടെ
കൊമ്പുകൾ യാത്ര ചെയ്യുന്നു.

അരികിൽ കുഞ്ഞരിമണി
ഇലകളുമായി നെല്ലിമരം.
തണൽ താരതമ്യേന കഷ്ടി.
തായ്ത്തടിയെ ഒളിപ്പിക്കും
ഇലസമൃദ്ധിയില്ല.

എങ്കിലും കിളികൾക്കിഷ്ടം നെല്ലിമരമാണ്.
ഇരട്ടവാലനും ഇരട്ടത്തലച്ചിയും
നാട്ടുവേലതത്തയും
തരി തണലില്ലാത്ത
നെല്ലിമരത്തിലേക്കെത്തുന്നു.
തണലോ നെല്ലിക്കകളോ
അവരെ പ്രലോഭിപ്പിക്കുന്നേയില്ല.
അവരെ പാട്ടുപാടിക്കുന്ന എന്തോ
നെല്ലിയിൽ ഒളിച്ചുവെച്ചിട്ടുണ്ട്.
മനുഷ്യന്റെ ബുദ്ധിയിൽ
പിടികിട്ടുന്നില്ലെന്ന് മാത്രം.

Surya


Surya

അബ്ദുള്ള പേരാമ്പ്ര

മൊഴിമാറ്റ കവിതകൾ

# അലഞ്ഞു തിരിയുന്ന പറവകൾ



**രബീന്ദ്രനാഥ് ടാഗോറിന്റെ 'സ്ട്രേ ബേർഡ്സ്' കവിതാ സമാഹാരത്തിൽ നിന്നും...**




## 1

ഇരുണ്ട രാത്രിയെ പോലെയാണ്
സൃഷ്ടിയുടെ നിഗൂഢതകൾ.
അറിവിനെക്കുറിച്ചുള്ള മിഥ്യാധാരണകൾ
പുലർച്ചെ കാണുന്ന മഞ്ഞ് പോലെയും.

## 2

ഈ പുലർച്ചെ
ഞാനെന്റെ
ജാലകത്തിനരികിലിരിക്കുന്നു.
ഈ ലോകത്തെ പോലെ,
കടന്നുപോകുന്നവരെ ഞാൻ കാണുന്നു.
അവർ തലയാട്ടുന്നു.
ഒരു നിമിഷം നിൽക്കുന്നു.
ശേഷം,
എന്നെ കടന്നുപോകുന്നു.

## 3

എന്റെ ചെറുവിചാരങ്ങൾ
ഇലകളുടെ
മർമര ശബ്ദം പോലെയാണ്.
അവ
എന്റെ ഹൃദയത്തിൽ
ആഹ്ളാദം ചൊരിയുന്നു.

## 4

നീ കാണുന്നതൊന്നും
നിന്നെയല്ല.
നിന്റെ നിഴൽ മാത്രം.

## 5

എന്റെ ആശകളെല്ലാം
വിഡ്ഢികളാണ്.
ഞാൻ പാടുമ്പോളവ
ആക്രോശിക്കുന്നു.
എന്നാലും ഗുരുവേ,
ഞാൻ ജാഗ്രതകൊള്ളുന്നു.

ഡോ. ടി.എം. രഘുറാം മൊഴിമാറ്റ കവിത



തമിഴ് കവിത: തമിഴാച്ചി തങ്കപാണ്ഡ്യൻ

# മ്യൂസിക്കൽ ചെയർ





കാലിയായിരിക്കുന്ന ഇരിപ്പിടങ്ങൾ
എന്നും പരിഭ്രമം സൃഷ്ടിക്കുന്നു.
ഇരിയ്ക്കാമല്ലോ എന്നു അടുത്തു ചെന്നപാടെ
ആ സ്ഥാനം മറ്റൊരാൾക്കാണു
എന്നു പ്രസ്താവിക്കുന്ന തൂവാലയവിടെക്കാണും.
തനിക്കായി കാത്തിരിക്കുന്നുവെന്നു കരുതി
വേഗത്തിലോടിച്ചെന്നാൽ
മറി കടക്കുന്നൊരു
കൈമുട്ടു നമ്മെയിടിക്കും.
സ്വയമൊന്നുഴിഞ്ഞു നിവരും മുൻപ്
കൊഴുത്തു തടിച്ചൊരാൾ
ഒളിമ്പിക് വിജയിയുടെ
ചിരിയുമായവിടെ ഇരിപ്പുണ്ടാവും.
ദുർഗ്ഗന്ധം പരത്താത്ത ഒരു സഹയാത്രികൻ വരുംവരെ
അസ്വസ്ഥതനാകാതെ ഒഴിഞ്ഞ സീറ്റിനടുത്തു
ഇരുന്നു മയങ്ങാൻ കഴിയാറില്ല.
ജോലിയിൽ നിന്നു വിരമിച്ചു പോയവരുടെ
പേരു കുറിച്ചിട്ട കസേരകളിൽ ചിലതു
കാലിയാണെങ്കിലും
പെട്ടെന്നു മടിയില്ലാതെ ചെന്നു
കയറിയിരിയ്ക്കാൻ കഴിയാറില്ല .
ജീവിച്ചു മൺ മറഞ്ഞു പോയവരുടെ കസേരകൾ
മിക്കതും കാലിയായവയാണു.
പൊടിപടലം പോലെ അതിൽ പരന്നിരിക്കുന്ന
അദൃശ്യ ബിംബങ്ങളിൻ മീതെയായി
അല്പം ഭയത്തോടെ അധിക നേരം
ഇരിയ്ക്കാൻ സാധിക്കുമോ ആവോ?
പാപ വിമുക്തി നൽകുന്ന, ആവശ്യപ്പെടുന്ന
കസേരകളും കാലിയായവതന്നെയാണു.
പക്ഷെ ഒരിയ്ക്കലും
അതിൽ ഇരിയ്ക്കാൻ തോന്നിയിട്ടേയില്ല.
പവിത്രമായ് കരുതപ്പെട്ട കസേരകൾ പലതും
ഇരിയ്ക്കാൻ ആരുമില്ലാതെ തിളക്കത്തോടെ നില്ക്കുന്നു.
അതിന്റെ പുതുമയും പത്രാസും
ചുഴി മണലിനെ ഓർമ്മിപ്പിക്കുന്നു.
കാലിയാണല്ലോയെന്നു കരുതി
ഏതിലും വെറുതെയങ്ങു കയറിയിരിയ്ക്കാൻ
ഒരു സാമാന്യനെക്കൊണ്ടാവില്ല.
ഉദ്യാനങ്ങളിൽപ്പോലും
കാക്കയുടെ കാഷ്ഠമല്ലയോ
നമുക്കു മുൻപായി സ്ഥാനം പിടിച്ചിരിക്കുന്നത്.
മുൻപേക്കൂട്ടി അധികാരം സ്ഥാപിച്ചുറപ്പിക്കാത്ത
ഏതെങ്കിലുമൊരു കസേര
ശ്മശാനത്തിലെ മരത്തടിയിൽ നിർമ്മിച്ചതാകാം
എന്ന ശുഭസന്ദേശം കൊണ്ടുവരുന്ന ദേവദൂതൻ
ഇവിടെയെത്തുമ്പോൾ ഇരുത്താൻ
ഒരു ഭംഗിയുള്ള കാലിയായ കസേരയ്ക്കു
എവിടെ പോകാനാണു?
ഭാഗ്യമെന്നു തന്നെ പറയാമല്ലോ
മേൽപറഞ്ഞ ദേവദൂതനു
ചിറകുകളുണ്ടല്ലോ!




ജയശ്രീ പള്ളിക്കൽ

കവിത

# നീലയിൽ നീലയില്ല



കളർ തീമിൽ
കല്യാണത്തിന്
പോകാൻ
എല്ലാവർക്കും
നീല വസ്ത്രങ്ങൾ
വാങ്ങാനാണ്
നല്ല പാതി ഏല്പിച്ചത്.
ആദ്യം അവൾക്കു
തന്നെ വാങ്ങി
മേഘ നിറത്തിലൊരു സാരി...
അപ്പോൾ അവൾക്കത്
നീലയല്ല പോലും!
മയിലിന്റെ
നീലമാണത്രേ
ഓൾടെ നീല!




ചെക്കന് കടൽ
നിറത്തിലൊന്ന്
ഒപ്പിച്ചപ്പോ
പോരാത്രേ!
കായാമ്പൂ നിറമാണ്
ഓന്റെ നീല!
പെണ്ണിന് മഷി
നീലയിൽ
ഒന്ന് തരപ്പെടുത്തിയപ്പോൾ
ഓൾക്ക് ഇന്ദ്രനീലം
തന്നെ വേണത്രെ!
നീലയിലൊന്നും
നീലയില്ലെന്ന്
ഞാനിപ്പഴല്ലേ
അറിയുന്നത്!

വി ജയദേവ് കവിത



എന്നും രാത്രിയാകുമ്പോൾ
വന്നു വിളിക്കുമായിരുന്നു.
സെക്കൻഡ് ഷോയ്ക്ക്
പോകാമെന്ന് കൊതിപ്പിക്കും.

അപ്പോഴൊന്നും അപ്പോഴോടുന്ന
ഫസ്റ്റ് ഷോ കഴിഞ്ഞിട്ടുണ്ടാവില്ല.
നായകൻ ഇനിയൊരിക്കലും
തിരിച്ചുവരില്ലെന്ന് കൃത്യമായി
പറയാറായിട്ടില്ല. നായിക
വഴിക്കണ്ണുമായി കാത്തിരിപ്പ്
തുടങ്ങിയിട്ടില്ല. അതെല്ലാം
കഴിഞ്ഞ് ഒരു മെലോഡ്രാമയിലേക്ക്
കുത്തനെ തല കുത്തിവീഴണം.

നായകൻ തിരിച്ചു വരുമെന്ന്
ഫസ്റ്റ് ഷോയുടെ ഇരുട്ട്
ഇപ്പോഴും വിശ്വസിക്കുകയാണ്.
നായികയെ നല്ല വെളിച്ചത്തിൽ
ക്ലോസ് അപ്പിലാണ്
കാണിക്കുന്നതെങ്കിലും.

മുടിഞ്ഞ മൾടിലയെർ
നരേഷന്റെ ഏർപ്പാടാണ്.
ഇരുട്ടുസ്ക്രീനിന്റെ
പല കോണുകളിൽ നിന്നും
കഥയുടെ വെളിച്ചം
അടിക്കുന്നതെയുള്ളൂ.

അപ്പോഴാണ് അടുത്ത ടാക്കീസിൽ
സെക്കൻഡ് ഷോയ്ക്കുള്ള
ഒടുക്കത്തെ പ്രലോഭനം.
കണ്ടെച്ചും വാ, കഥ
പറഞ്ഞു തന്നാൽ മതി
എന്നൊക്കെപ്പറഞ്ഞാൽ
ങ്ഹെ, ഒരു കൂസലുമില്ല.




# നാക്കൽസ്



# ഷോ

ഇപ്പോൾ സെക്കൻഡ് ഷോയ്ക്കുള്ള
പാട്ട് വച്ച് തുടങ്ങും,
ഇപ്പോച്ചെന്നാലേ അങ്ങോട്ടെത്തൂ
സമയത്തിനും കാലത്തിനും.
നോട്ടീസിൽ പറയുന്ന
കഥയെന്തുവാ എന്നൊക്കെ ചോദിച്ചു
സമയം കൂട്ടിയെടുക്കും.

അത് വല്ലാത്ത ഒരു കഥയാ
അല്ലെങ്കിൽ പല കഥകളാ
പല കോണുകളിൽ നിന്ന്
വായിക്കണം, ടൈമിന്റെ
സിംഗൂലാരിറ്റിയെ ഭേദിക്കുന്നത്.

ഓ ഓ അതൊരു ഭയങ്കര
വർക്ക് ആണല്ലോ എന്നത്ഭുതം കൂറും.
ബോറടിക്കുന്നേൽ അകത്തു കയറി
കുറച്ചുനേരം ഇരിക്ക് എന്ന് ക്ഷണിക്കും.
മടിച്ചുമടിച്ചാവും കയറുന്നത്.
ഫസ്റ്റ് ഷോ കഴിഞ്ഞ് ആള് പിരിഞ്ഞാലും
മഷിയിട്ടു നോക്കിയാൽ കാണില്ല.

അപ്പോഴേക്കും സെക്കൻഡ് ഷോ
തുടങ്ങിക്കഴിഞ്ഞിട്ടുണ്ടാകും.
എന്നും രാത്രിയാകുമ്പോൾ
വന്നു വിളിക്കുമായിരുന്നു.
സെക്കൻഡ് ഷോയ്ക്ക്
പോകാമെന്ന് കൊതിപ്പിക്കും.

സാജോ പനയംകോട് കവിത




# തീ + പ്രസവം

രാത്രിയിൽ
അണിഞ്ഞൊരുങ്ങി
മരണത്തിന്റെ നൃത്തം.
പുക തുപ്പും
നിലാവിന്റെ വെളിച്ചം.
ചോരകൊണ്ടൊരു ആകാശം.
തുന്നിതീർത്തു കഴിഞ്ഞു...

'ഗർഭപാത്രത്തിനകത്ത് ശാന്തത'
എന്ന അശാന്തതയാണത്; കാണുകയും ചെയ്യാം,
നമ്മുടെ അടുത്ത്, അഴുക്കുചാലിൽ
ഒരു നഗരം
മരണവാർഡുകണക്ക്, എഴുന്നേൽക്കാൻ
ശ്രമിക്കുന്ന പോലെ.



മക്കളെ മക്കളെ
എന്ന് നിലവിളിക്കുന്ന
ഒരാംബുലൻസ് ദിശ
തെറ്റി, ശ്വാസം തെറ്റിക്കുന്ന
സിഗ്നലിൽ മുറിഞ്ഞ
സുഖവുമായി
തലകുത്തി നിൽക്കുന്നു.
അയ്യോ എന്നയീ രാത്രി,
പ്രാണവേദന പോലും
മറന്ന് ഓടിയോടി വരുന്നുണ്ട്.




ആകാശം തീക്കട്ടകളെ
താഴേക്ക്
വലിച്ചെറിയുമ്പോഴല്ലോ
അടിവയർ നോവുന്നത്?
യോനി തുറന്നേക്കാം,
ഒരു രാജ്യത്തിന്റെ
മെലിഞ്ഞ ഭൂപടം വന്നേക്കാം.
അത് ചോദിക്കും
ഞാനാര് അമ്മ?
എനിക്ക് എന്ത് പേരിടും?
ചോര പൊതിഞ്ഞ
ആ ജീവനോട്
ഞാനെന്തുപറയും;
ഈ ബങ്കറിലെ
പ്രസവവാർഡിനെ കുറിച്ച്...?

നെഞ്ച് നനയുന്നത്,
മുല നിറയുന്നത്
മഴ കൊണ്ടല്ല;
അപ്പുറത്തു നിന്നൊഴുകി
വരുന്ന ചുടുചോരകൊണ്ടെന്ന്
പറയാനവൾ, കരിഞ്ഞ
ചുണ്ടുകൂർപ്പിക്കുന്നത്
പൂർത്തിയാക്കാൻ,

കണ്ണറ്റുപോയ
ഒരു പിഞ്ചുകുഞ്ഞ്
ഒരു പൂക്കാലം കവച്ചു വച്ച്
ഓടുന്ന കാഴ്ചയിൽ
അവൾ കത്തിത്തീർന്നു.
തൊട്ടുമുമ്പ്
എന്തോ ഒന്ന്
എന്ന് വിളിച്ചുവല്ലോ...

ഒരു ചരിത്രം തകർന്ന
കെട്ടിടാവശേഷിപ്പിന്റെ
വാരിയെല്ലിൽ തന്റെ മുറി
തേടിപ്പിടിക്കാൻ
മുറിവു പോലെ
നോക്കുന്നു,
തീ പോലെഴുന്നേൽക്കുന്നു.

യുദ്ധം തീർന്നിട്ടില്ല...

സിവിക് ചന്ദ്രൻ കവിത





# പഴയ പ്രാന്തൻ വീണ്ടും

മറ്റെന്ത് വരം
തരാ, നൊന്നു
പോയ്ത്തരിക
യല്ലാതെ?
അത്താഴം
കഴിച്ചിട്ടുറങ്ങ
ണമെനിക്ക്,
പകൽ മുഴുവന-
ലച്ചിലായിരുന്നല്ലോ.

വരം തന്നേ തീരൂ, അത്ര ശാഠ്യ-
മെങ്കിലെന്റിടം കാലിലെ മന്ത്
വലം കാലിലാക്കി-
ത്തന്നോളൂ,
മറ്റെന്ത്  കഴിയും
നിനക്ക്, ചുടല
ഭദ്രകാളി..?
മറ്റൊന്നും
വേണ്ട, വേണ്ടെനിക്ക്, ഞാനാ
പഴയ നാറാണത്ത്
പ്രാന്തനിപ്പോഴു-
മെപ്പോഴും.




പു.ക.സ. സംസ്ഥാന സെക്രട്ടറിയായിരുന്ന
വി. പി. വാസുദേവന് ആദരാഞ്ജലികൾ
Surya

വർഗീസാന്റണി | കവിത

# മരണത്തിന്റെ പി എച്ച് ഡി

ഗ്ലൂക്കോസിന്റെ വിഷമത്തുള്ളികൾ
വീണുകൊണ്ടേയിരുന്നു...

മയക്കം ചിറകടിച്ചപ്പോൾ
മാഷ് അത്ഭുതത്തോടെ എന്നെ കണ്ടുപിടിച്ചു.

"ഏതാണ് ഏറ്റവും വലിയ ലോകാത്ഭുതം?"
"ദൈവം."
മാഷ് ചിരിച്ചു,
വിചാരിച്ചത് കേട്ടപോലെ.
"വിശ്വാസിയാണപ്പോൾ!"
"അല്ല, അതേ..."
"അതെന്താണങ്ങനെ?"
"ബോധത്തിലില്ല, അബോധത്തിലുണ്ട്."

നഴ്സ് വന്നു.
കാലിയായ കുപ്പി കുപ്പയിലിട്ടു.

മാഷ് വീണ്ടുംചോദിച്ചു:
"വീട്ടിലാരാണ് കൂട്ട്?
മകളെന്നു വരും?
ഭൂമിയുടെ കറക്കം ഇടതോട്ടോ വലതോട്ടോ?
മുന്നോട്ടോ? പിന്നോട്ടോ?"

വീടിന് ഉത്തരമില്ലായ്മയുടെ
നിശ്ശൂന്യനിശബ്ദനിലനില്പ്.
നാടിന് ഭൂതപ്രേതപാതാളഗമനം.

ജനലിലൂടെ നോക്കിയപ്പോൾ
അതിഥിത്തൊഴിലാളികൾ
ചക്രവാളത്തിൽ
ചോരയുടെ വാർണിഷടിക്കുന്നതു കണ്ടു.

ചുമരിൽ കുട്ടിയാൽ നയിക്കപ്പെടുന്ന
ചിരിക്കുന്ന ഗാന്ധിച്ചിത്രം.
മേശപ്പുറത്ത് വായിച്ചുവെച്ച
പുസ്തകച്ചട്ടയിൽ
അംബേദ്കർ ഗൗരവംപൂണ്ടു.






കവിയും പ്രഭാഷകനും പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സെക്രട്ടറിയുമായിരുന്ന വി. പി. വാസുദേവനെകുറിച്ച് വർഗീസാന്റണി എഴുതിയ കവിത.

തുറന്നിരിക്കുന്ന ബാഗിന്റെ കള്ളിയിൽ
ഇ. എം. എസ്. വിക്കിക്കൊണ്ടിരുന്നു.
മോന്തായത്തിലിരുന്ന് പ്രാവുകൾ കുറുകി;
പല്ലികൾ ചിലച്ചു.
ഉത്തരമില്ലായ്മയുടെ
തന്ത്രികൾ മുറുകി.

ചോദ്യം ശാസ്ത്രീയമോ രാഷ്ട്രീയമോ
എന്ന സന്ദേഹത്തിനിടയിൽ
മാഷ് വീണ്ടും മയങ്ങി.

അവസാനം കണ്ടപ്പോൾ ചോദിച്ചു,
"കുട്ടിക്ക് അരിക്കാശിനെന്താ വഴി?"
"പി.എച്ച്.ഡി. പ്രബന്ധങ്ങൾ
എഡിറ്റുചെയ്തു കൊടുക്കുന്നുണ്ട്."
"എനിക്കും എടുക്കണം പി.എച്ച്.ഡി."
"ഇനിയെന്തിനാ മാഷേ?"
"വേണം."
"എന്താ വിഷയം?
ആരാ ഗൈഡ്?"

മാഷ് ആലോചനയിലാണ്ടു...
കുറച്ചു കഴിഞ്ഞപ്പോൾ ഉറുമ്പരിക്കുന്ന
ഒരു തമാശ പുറത്തുവന്നു.

രാവിലെ ചഞ്ചലഭാഷിണി വിളിച്ചു,
"ഹലോ ഹലോ ഹലോ..."
'ങ്ഹേ...എന്തുപറ്റി?'
"പ്രത്യേകിച്ചൊന്നുമുണ്ടായിരുന്നില്ല.
രാവിലെ കുളിച്ചു.
കഴിച്ചു."

ടീച്ചറോട് വർത്താനം പറയുകയായിരുന്നു:
"പേരുവെട്ടി വന്നാൽ
താമസം മാറണംട്ടോ
ഇനി താമസിക്കണ്ട.

വൈലോപ്പിള്ളിയുടെ ഓർമ്മസൈക്കിളുന്തി
പ്രേംജിയുടെ ഓർമ്മക്കുടചൂടി
വടക്കുംനാഥനെ വട്ടം കറക്കണം.
നെഹ്റു പാർക്കിലിരുന്ന്
പഴയ കവിത ഓർക്കണം.
പുതിയ കവിത വാർക്കണം.
കെട്ട സാമ്പിളിനു തീകൊടുക്കണം.

നിലച്ച പൂരത്തിന് കീ കൊടുക്കണം.
ഇലഞ്ഞിത്തറയിലുറയണം.
തൈപ്പൂയക്കാവടിയാടണം.
'വൈലോപ്പിള്ളിസ്മരണകൾ'
എഴുതിത്തീർക്കണം.
'ഇ. എം. എസ്. അനുഭവം സംവാദം'
എഴുതിത്തുടങ്ങണം.
'ഒഡീസിയസ്സിന്റെ പാട്ട്'
പുതിയ പതിപ്പിറക്കണം.
എം.ആർ.സിയെയും കെ.വി.ആറിനെയും
ഇടയ്ക്കിടയ്ക്ക് കാണണം.
എം.ആർ.ബിയുടെ വീടിനടുത്ത്
പഴയൊരു വീടെടുക്കണം.
തേക്കിൻകാട്ടുസഖാക്കളോട്
പ്രസംഗിക്കണം..."

വാക്കുകൾ കുഴഞ്ഞു...
വേഗതയുടെ മേൽനോട്ടത്തിൽ
മരണത്തിന്റെ പി എച്ച് ഡി
എടുക്കണമെന്നു പറഞ്ഞ
കരിഞ്ചിരിയുടെ
പരംപൊരുൾ വിരിഞ്ഞു.

**പി സുധാകരൻ** | **കവിത**



ഏതു ഭാഷയിലാണീ
നദിയെ നിർവ്വചിക്കേണ്ടത്?
ഉച്ചിയിൽ സൂര്യൻ തിളങ്ങുന്ന
പർവ്വതങ്ങളിൽ
മഞ്ഞുറഞ്ഞ നീലവര,
ഏതോ  പാറക്കെട്ടിൽ
ചിതറിത്തെറിക്കുന്നു.
ഉള്ളിലുരുകുന്ന വെള്ളിത്തിളക്കം
ജനസാഗരത്തിൽ
കലങ്ങിയൊഴുകുന്നു.
ചിരാതുകളുടെ വെളിച്ചത്തിൽ
ഗംഗ;
ജടാധാരിയുടെ ശിരസ്സിലൊളിച്ച പ്രണയം!
ഹൃദയരേഖ.

അനശ്വരരുടെ കൊടുമുടിയിൽ നിന്നും
കുതറിത്തെറിച്ച നർമ്മദയെ
വെണ്ണക്കല്ലിൽ തീർത്ത കരയിൽ നിന്നും
നോക്കുമ്പോൾ തെളിയുന്നു,
ജലസമാധി വരിച്ച
ആത്മാക്കളുടെ രോദനം.
ഗോതമ്പുപാടങ്ങളിലെ തീ,
ഏകാകിയായൊരു കിളിയുടെ ചിറകടി,
നയാഗ്രയുടെ ദൂരകാഴ്ചകൾ...
അതിരുകളുടെ ഭൂമിശാസ്ത്രമില്ലാതെ
മറുകര തേടുന്ന സാൽമണുകൾ.

ഏതു താഴ്‌വാരങ്ങളെയാണ്
അഗസ്ത്യന്റെ കമണ്ഡലുവിൽ നിറഞ്ഞൊഴുകിയ
കാവേരി മോഹിച്ചിരിക്കുക?
ഏതു ജടയിലാണവൾ
സ്വപ്നങ്ങളെ ഒളിവിൽ പാർപ്പിച്ചിരിക്കുക?
ഒഴുകുന്നുണ്ട്,
ഇനിയും പറയാൻ ബാക്കിവെച്ച കഥ;
പേരറിയാത്തൊരു നദിപോലെ;
പാതിയിൽ മുറിഞ്ഞ വാക്കുകൾപോലെ.

# നദിയുടെ ഭൂപടം

ഹൗറ പാലത്തിനടിയിൽ
മറഞ്ഞുകിടപ്പുണ്ട്,
ഉറഞ്ഞ കാലവും
മറഞ്ഞ ചരിത്രവും
പിന്നെ,
നിശ്ചലനായൊരു തോണിക്കാരന്റെ പാലവും.

ഏതു ഭാഷയിലാണീ
നദിയെ നിർവ്വചിക്കേണ്ടത്?
നിന്റെ സിരകളിലൊഴുകുന്ന
അദൃശ്യപ്രവാഹത്തെ,
സ്മൃതികളുടെ കമണ്ഡലുവിലേയ്ക്ക്
തിരിച്ചൊഴുകാത്ത നദികളെ,
അനന്തകാലത്തെ തടവിൽ പാർപ്പിച്ച
നിമിഷപ്രവാഹത്തെ...
പറയൂ,
ഏതു ഭാഷയിലാണീ
നദിയെ നിർവ്വചിക്കേണ്ടത്?
നമ്മുടെ  ഉൾക്കടലുകളിൽ
ഒഴുകിത്തീരുന്ന
അനാദിയായ നീലിമയെ...
ഭൂപടത്തിലില്ലാത്ത നദികളെ...

Surya

സന്ധ്യ ഇ

കവിത





# ചെടിയോ മരമോ ആവുമ്പോൾ

ഒരു ചെടിയും മരവും
മറ്റൊന്നിനെ കുറ്റം പറയാറില്ല
ഒന്നിലും മതിമറക്കാറില്ല
സ്വയം മറന്നു കുതിക്കാറില്ല
അനശ്വരതയെക്കുറിച്ച്
വേപഥു കൊള്ളാറില്ല
സങ്കടക്കടലിൽ മുങ്ങിമരിക്കാറില്ല

സമീപത്തെത്തുമ്പോൾ
തണുത്ത കൈകൾ നീട്ടിത്തൊടും
വിരിഞ്ഞ പൂക്കൾ നീട്ടി
സ്വാഗതം ചൊല്ലും
തലേന്നത്തെ നിലാവിനെയും
രാത്രിയിൽ പെയ്ത മഞ്ഞിനെയും
അന്നത്തെ പുലരിയെയും
വെളിച്ചത്തെയും കുറിച്ച്
വാചാലരാവും
വൈകി വന്ന കാറ്റിനെക്കുറിച്ച്
തമാശ പറയും
അവയുടെ മണ്ണിൽ അപ്പോഴും
നനവുള്ള നീർച്ചാലുകൾ നാളെയെന്ന
ശുഭപ്രതീക്ഷ തരും
വരിതെറ്റാതെ പോകുന്ന ഉറുമ്പിൻ കൂട്ടം
ചിട്ടയെന്തെന്നു പഠിപ്പിക്കും
വിളഞ്ഞു പാകമായി മാത്രം താഴോട്ടു വീണ
ഒരു പഴം
രംഗം മധുരിപ്പിക്കും
കൊമ്പിലിരുന്ന്
അനന്തസാധ്യതകളുടെ
വിശാലമായ ആകാശത്തെക്കുറിച്ച്
പാടുന്ന കിളികൾ
യാത്രയിലേക്ക് ക്ഷണിക്കും

കഴിഞ്ഞ നാൾ ഉറക്കം കെടുത്തിയ
താരതമ്യങ്ങൾ, അസൂയകൾ,
ആശങ്കകൾ, ഉൽകണ്ഠകൾ,
വിമർശനം, അഹന്ത, വിഷാദം,
സമയക്കുറവ്, കൂടുതൽ,
യുദ്ധം, ബോംബ്, മിസൈലുകൾ,
കവർച്ച, കൊലപാതകം,
അതിർത്തിത്തർക്കം, പലായനം,
ബലാത്സംഗവാർത്തകൾ
അപ്പോൾ എങ്ങോ പോയ്മറയും

ചെടികൾ, മരങ്ങൾ
മനുഷ്യരെപ്പോലെയല്ല
ഇരുട്ടിൽ ആക്രമിക്കുകയോ
വെളിച്ചത്ത് പരിഹസിക്കുകയോ ഇല്ല
ജാതിയെ, മതത്തെ, നിറത്തെ
ഓർമ്മിപ്പിക്കാറില്ല
അവർക്കൊന്നിനെയും ഭയമില്ല
അധികാരമോ അംഗീകാരമോ വേണ്ട
അവസരങ്ങൾക്കായി കാത്തു നില്ക്കാറില്ല
അവരെ വിശ്വസിക്കാം
ഉപാധികളില്ലാതെ സ്നേഹിക്കാം

അവർ സ്വപ്നം കാണാൻ പഠിപ്പിക്കുന്നു
വിടർത്തിയിട്ട കൈകൾ
ആശ്രയമെന്ന ഉറപ്പു തരുന്നു
തളിർക്കുന്ന ഇലകളിൽ പ്രതീക്ഷയുടെ
മന്ത്രമാലേഖനം ചെയ്തിരിക്കുന്നു
ആഴത്തിൽ പടരുന്ന വേരുകളിൽ
ബന്ധത്തിന്റെ കരുത്ത്
ഉൾച്ചേർത്തിരിക്കുന്നു
ഓർമ്മയുടെ പാടുകൾ
അവശേഷിപ്പിക്കാതെ
ഭൂമിയിലേക്കു മടങ്ങേണ്ടതെങ്ങനെയെന്നു
പറയുന്നു

ചെടിയോ മരമോ ആയി മാറുകയെന്നാൽ
മരണഭയമില്ലാതെയാവുകയെന്നാണ്...
ജീവനകല ആസ്വദിക്കുകയെന്നാണ്...

രാജൻ സി എച്ച് കവിത



മയ്യഴിയിലെത്തിയാൽ
ഞാൻ നിങ്ങളെയോർക്കും,
നിങ്ങളെ നേരിലറിയില്ലെങ്കിലും.
ഏതെങ്കിലുമൊരു ബാറിൽ കയറും.
മുന്തിയ വിസ്കിയേതെങ്കിലുമെടുക്കാൻ
വെയിറ്ററോട് പറയും.
മയ്യഴിപ്പുഴയിലെ ഞണ്ടാണോ
കറിവെച്ചതെന്ന് ചോദിക്കും.
ഗ്ലാസിലെത്തിയ പെഗ് മുന്നിൽ വെച്ചിരിക്കും.
ഞണ്ടുകറിയുടെ എരിവിൽ കണ്ണുനിറയും.
ഗസ്തോൻ സായ്പിനെയോർക്കും.
നിങ്ങളവിടെ വരാറുണ്ടോയെന്ന്,
വെയിറ്ററോട് ചോദിക്കും.
ഇല്ലെന്ന് കേൾക്കും.
മുന്നിലൊഴിച്ചുവെച്ച പെഗ്
കുടിച്ചു ലവലില്ലാതെ
മുന്നിലെത്തിയ ആൾക്ക് കൊടുക്കും.
അല്പം ലഹരിയിലെന്ന്
തിരിച്ചിറങ്ങും.
മയ്യഴിയിലെ ഒരു ബാറിലും
രഹസ്യമായിപ്പോലും
നിങ്ങൾ കയറിയിട്ടില്ലേ?
നിങ്ങള് വന്നിരുന്നോയെന്ന്
ഞാനോരോ ബാറിലും തിരക്കി.
സെന്റ് തെരേസാ ദേവാലയത്തിലെ
മണിമുഴക്കമായി അലഞ്ഞു.
നിങ്ങളപ്പോഴൊക്കെ ദില്ലിയിലായിരുന്നു.
ഹരിദ്വാരിലോ ആവിലായിലോ ആയിരുന്നു.
പാരീസിലോ പരദേശങ്ങളിലോ ആയിരുന്നു.
ഒരിക്കൽ ഞാൻ
വെള്ളിയാങ്കല്ലിൽവരെ പോയി.
ലഹരിയിൽ വീണുകിടക്കുമൊരൊരാളെന്നു തോന്നി.
നിറയെ വ്രണം പൊട്ടിയൊലിക്കുന്നതായി തോന്നി.
കടലടിച്ചു നനച്ച പാറമേൽ
ഒരാത്മാവുമുണ്ടായിരുന്നില്ല.
ഭാവനയിൽ ഞാനുമൊരു
കുരിശു വരച്ചു.
പുത്തലത്തെ ഒന്നൂറെ നാല്പതു തെയ്യങ്ങളെ
കെട്ടിയാടുന്നതായി, തലയ്ക്കുമേലെ
പരുന്തുകൾ പാറി.



പ്രഭാതം മുതൽ പ്രഭാതം വരെ
അഴിമുഖം മുതൽ ശ്മശാനം വരെ
ശയനപ്രദക്ഷിണം ചെയ്തു.
അപ്പോഴാണ്
ശയനപ്രദക്ഷിണം ചെയ്തൊരു
ചരക്കുവാഹനത്തിന്റെ ചക്രം
നിങ്ങളുടെ സ്വകാര്യതയുടെ
മതിൽ തകർത്തത്.
അന്നാണ് കുട നന്നാക്കുന്ന ചോയി
നിങ്ങളെ അന്വേഷിച്ചു വന്നത്.
നിങ്ങളയാളേയും കഥയിലാക്കി.

ഞാനെത്തുമ്പോളേക്കും
നിങ്ങൾ പിന്നെയും മയ്യഴി വിട്ടിരുന്നു.
നിങ്ങളെ എന്തായാലും
കാണണമെനിക്കൊരിക്കൽ.
ഏതെങ്കിലുമൊരു കഥയിൽ
എന്നെയുമൊന്ന് കുരുക്കിയിടുമോ
എന്നറിയണ്ടേ?
ആ കഥയിലൊഴുകണമിനിയും
മയ്യഴിപ്പുഴ;
നിങ്ങളും.

# നിങ്ങൾ/ C/O മയ്യഴി



ഇടക്കുളങ്ങര ഗോപൻ കവിത

# പിന്നെയും






ഞങ്ങൾ പട്ടണത്തിൽ
കറങ്ങി നടക്കുകയായിരുന്നു.
അതുമാത്രമാണെന്റെ ഓർമ്മയിൽ.
ഏത് പട്ടണമായിരുന്നു?
കൂടെ ആരായിരുന്നു?
അതോ, പട്ടണത്തിൽ അല്ലായിരുന്നോ?
കൂടെ ആരും ഇല്ലായിരുന്നോ?
ഒരു നിലാവ് കൂടെ നടക്കുന്നുണ്ടായിരുന്നു.
അത് നിലാവായിരുന്നോ?
എങ്കിൽ എന്റെ നിഴൽ ഉണ്ടായിരിക്കുമല്ലോ!
അതിനെ ഞാൻ കണ്ടിരുന്നോ?
ഹേയ്, അതൊരു നിഴലേ അല്ലായിരുന്നു.
കവലയിൽ ഒരാൾ പ്രസംഗിച്ചിരുന്നോ?
അയാൾക്കു മുന്നിൽ ആൾക്കൂട്ടമുണ്ടായിരുന്നോ?
ഉച്ചഭാഷിണിയുടെ ശബ്ദത്തിനിടയിൽ,
അവൾ എന്താണ് ഉറക്കെ ചോദിച്ചത്?
ഓർക്കുന്നു, കൂടെ അവൾ ഉണ്ടായിരുന്നു.
ഏതവൾ?
അവൾക്ക് പേരില്ലേ?
അതോ, അവൾ അല്ലായിരുന്നോ?
ഒച്ചകൾ ഒടുങ്ങുമ്പോൾ ഒരു നിലവിളിശബ്ദം കേട്ടു.
ഇരുട്ടല്ലേ, വെളിച്ചമുണ്ടായിരുന്നോ?
ഇരുട്ടു തന്നെ.
അതെന്റെ കണ്ണു കുത്തിപ്പൊട്ടിച്ചു.
സത്യത്തിൽ ഒച്ചകൾ ഒടുങ്ങിയിരുന്നോ?
അതെന്റെ പ്രശ്നമാകാം.
ഇരു ചെവിയിലും
ഒറ്റ പ്രഹരം ഒച്ചയൊടുക്കിയിരുന്നു.
ഇരുട്ടല്ലേ, ആരാണന്നറിയില്ല.
ശബ്ദവും നിലച്ചിരുന്നു.
ചുമ്മാ തോന്നലാവാം, വെളിച്ചമുണ്ടാകും,
ശബ്ദവും നിലച്ചു കാണില്ല.
എന്റെ ഓർമ്മകളുടെ പരിധിയിൽ
എല്ലാമൊടുങ്ങിയതാവാം.
ഇരുപത്തിയാറാം വയസ്സിലായിരുന്നല്ലോ...
അതോ ഇരുപത്തിനാലിലോ?
തോന്നലുകൾ ഒടുങ്ങാത്തതാണിപ്പോൾ പ്രശ്നം.
അതിനെന്തു മരുന്നു കഴിക്കണം?

കല സജീവൻ | കവിത



# കണക്കെടുപ്പ്




ഒരു യാചകി
മാറാപ്പു തട്ടിക്കുടഞ്ഞ്
വിലപ്പെട്ടതെന്തെങ്കിലുമുണ്ടോയെന്ന്
തപ്പിനോക്കുന്ന തിടുക്കത്തോടെ
വൈകുന്നേരങ്ങളിൽ ഞാനെന്നെ
അപ്പാടെ കുടഞ്ഞിടുന്നു

ദിവസം മുഴുവനുമുള്ള അലച്ചിലിനിടയിൽ
കിട്ടിയ വകയെല്ലാം
തെരുവോരത്ത്
നിരത്തിനോക്കലാണ് പിന്നെ

പരിഹാസം കൊണ്ട് വക്കു കോടിയ ചിരികൾ
ആർത്തിയുടെ തുപ്പൽ വഴുക്കുന്ന വാക്കുകൾ
നിസ്സംഗമായ ചില നാട്യങ്ങൾ
കണ്ടിട്ടും കാണാതെ പോകുന്ന തിരക്കുകൾ
എല്ലാം വൈകും മുമ്പ് പെറുക്കിക്കളയണം

തിളക്കമുള്ളതെന്തോ ഒന്നുണ്ടായിരുന്നല്ലോ
നിന്റെ കണ്ണുകൾ പോലെ
അതാണു വേണ്ടത്

ഉച്ചമയക്കത്തിൽ കണ്ട
കിനാവിന്റെ
കസവുനൂലിഴ
അതുമാത്രം മതിയെനിക്ക്

ഒരു രാത്രി താണ്ടുവാൻ ധാരാളം

വർഷങ്ങളും

രാജീവ് മാമ്പുള്ളി കവിത





# ഒച്ച തുടർച്ചകൾ

ഒച്ചയിലിണയിമ്പം ചേർത്തു
തുമ്പമലിഞ്ഞു പാടിയോരുഭയജീവി
ശബ്ദവിന്യാസത്തോടു മല്ലിട്ട്
സുല്ലിടാതെ സ്വരസാധകം ചെയ്ത്
വട്ടക്കിണർജീവിതപൊയ്മറ താണ്ടി
തലവിരിഞ്ഞോരാകാശം കണ്ടന്തിച്ചു നിൽപ്പുണ്ട്,
പടരുമിമ്പമാമൊച്ചത്തോർച്ചയിൽ
വീണ്ടും നനഞ്ഞുണരാൻ.

ഇമ്പം മുറിച്ചയിടർച്ചാ സ്വരങ്ങൾ
വാക്കീണത്തിലിണഞ്ഞുപിണഞ്ഞ്
ഉൾത്തൊണ്ടയിലൊളിച്ചിരുപ്പുണ്ട്,
ഇമ്പകാമ്പാർന്ന വാക്കിനെ
ചൊറിച്ചുമല്ലി ഉൾത്തരിപ്പുണർത്താൻ.

ഇളവെയിലൊച്ചയിൽ
ഒരൊച്ചരിച്ചരിച്ചു നീങ്ങുന്നു.
ഒച്ചയിടാത്ത മൗനം
വാക്കുലയിൽ വെന്തു നീറുന്നു.

ഉച്ചവെയിലിൽ നിഴലൊളിപ്പിച്ചോരൊച്ച
സ്വരസ്ഥാനത്തണൽ
മാറ്റിയുരുകി ഉച്ചസ്ഥായിയിൽ പാടുന്നു.

ചോര ചൂടേറ്റിയ വാക്കിടർച്ചയിൽ
ഓർമ്മയൊച്ചപ്പെയ്ത്തുകളൊക്കെ
അഴിഞ്ഞൊരു കാലം.

അറിയാതെ നിറഞ്ഞു തഴുകുന്ന
കാറ്റൊച്ചയുയിരലിഞ്ഞൊരു
പാട്ടലയിലൊളിക്കുന്നു.

ഉൾത്തുടിപ്പാൽ
തല തെറിച്ചുണർന്ന വിത്ത്
മാറിൽ മണ്ണൊച്ചയൊളിപ്പിക്കുന്നു.

സ്നേഹപകർച്ച മുറിഞ്ഞോരൊച്ചയൊളിപ്പിച്ച
രാവിൻ കടൽക്കരയിൽ പൂന്തിയ
കാൽപ്പാടുകൾ പിൻതിരയിലലിഞ്ഞു മായുന്നു.

ഒച്ച മയങ്ങിയ മച്ചിലെ
പഴകിയ മണമരിച്ചിറങ്ങി
മൂക്കുപിടഞ്ഞു തുമ്മിയയൊച്ച
ഒറ്റമുറി വീടിന്നുണർച്ചയായി;
തുടരൊച്ചയായി പടരുന്നു...!

ഇന്ദിരാ ബാലൻ കവിത



# പദപ്രശ്നം




പകൽ ഒരു പദമായി
നിലകൊള്ളുമ്പോൾ
അതിന് അർത്ഥം
തരുന്നത് രാത്രിയാണ്.
ആരും കാണാത്ത
അക്ഷരങ്ങൾ പോലെ
ജീവിതം വാക്കുകളില്ലാതെ ഒഴുകുന്നു.

സ്നേഹത്തെ ചേർത്തുവെച്ചാൽ
ഉച്ചരിക്കുമ്പോളത്
പിളർന്ന് പോകുന്നു.
ഒരു ഭാഗം തേടുമ്പോൾ
മറുഭാഗം അറ്റം കാണാതെ കിടക്കുന്നു.

മരണം എന്ന് പറയുമ്പോൾ
അത് മറ്റൊന്നിന്റെ തുടക്കമാകുന്നു.
എന്നാൽ കടലാസിൽ
ആ പദം കുറിയ്ക്കുമ്പോൾ
അതൊരു അവസാനമാകുന്നു.

ഇവിടെ എഴുതാൻ
നോക്കുന്ന ഓരോ വരിയും
പൂർണ്ണമാകുന്നതിന് മുമ്പ്
പുതിയൊരു സംശയം
പടി കയറി വരുന്നു,
പൂരിപ്പിക്കാൻ കഴിയാത്ത
പദപ്രശ്നമായി!

# ഓണവും എഴുത്തും: അഭിമുഖം

## ഇന്ദിരാ ബാലൻ/ സതീഷ് കളത്തിൽ

പഴയ കാലത്ത് ഓണം പഞ്ഞ മാസത്തിൽ നിന്നും പുന്നെല്ലിന്റെ മണമുള്ള ചിങ്ങമാസത്തിന്റെ സമൃദ്ധിയായിരുന്നു.

- ഇന്ദിരാ ബാലൻ





അടുത്തിടെ വായിച്ച ആർ. രാജശ്രീയുടെ ആത്രേയകം, ഇ. സന്തോഷ് കുമാറിന്റെ തപോമയിയുടെ അച്ഛൻ, ഹരിത സാവിത്രിയുടെ സിൻ തുടങ്ങിയ ഇഷ്ടം തോന്നിയ കൃതികൾ ധാരാളം ഉണ്ട്.

ഓണം 2025

മലയാളത്തിലെ പ്രിയ എഴുത്തുകാരി ഇന്ദിരാ ബാലൻ, തന്റെ ചെറുപ്പകാലത്തെ ഓണം ഓർമ്മകളും എഴുത്തുജീവിതത്തിലെ സുപ്രധാന വിഷയങ്ങളും പ്രതിഭാവത്തിനോടു പങ്കുവെയ്ക്കുന്നു.

**ബാംഗ്ളൂർ 'ധ്വനി' വനിതാ വേദിയുടെ ചെയർപേഴ്സൺ, ഓൾ ഇന്ത്യ ക്രിയേറ്റീവ് വുമൺ(മലയാളി) സംഘടനയുടെ ജോയിന്റ് സെക്രട്ടറി, മലയാളം മിഷൻ കർണ്ണാടക ചാപ്റ്റർ ഉപദേശക സമിതി അംഗം എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്ന ഇന്ദിര ബാലൻ, പ്രശസ്ത കഥകളി നാട്യാചാര്യൻ പത്മശ്രീ വാഴേങ്കട കുഞ്ചുനായരുടെ മകളാണ്.**

**ഓണം 2025. തിരിഞ്ഞു നോക്കുമ്പോൾ ഓണത്തിനു വന്ന പുതുമകൾ?**

പഴയ കാലത്ത് ഓണം പഞ്ഞ മാസത്തിൽ നിന്നും പുന്നെല്ലിന്റെ മണമുള്ള ചിങ്ങമാസത്തിന്റെ സമൃദ്ധിയായിരുന്നു. അന്നിത്രയും സാമ്പത്തിക സമത്വം കേരളത്തിലെ വീടുകളിൽ ഉണ്ടായിരുന്നില്ലല്ലൊ. അതുകൊണ്ട് തന്നെ, കൊല്ലത്തിൽ ഒരിക്കൽ വരുന്ന ഓണം ഏകത്വത്തിന്റെ, മാനവികതയുടെ, നന്മയുടെ സന്ദേശമാണ് നൽകിയിരുന്നത്.

ഇന്ന് ആർഭാടത്തിന്റേയും ആഘോഷങ്ങളുടെയും ഇൻസ്റ്റന്റ് സദ്യകളുടെയും കാലമാണ്. പുതുമയും തനിമയും നഷ്ടപ്പെട്ടു. കൂട്ടുകാർക്കൊപ്പം പൂപറിച്ചും പൂവിട്ടും ഓണക്കളികളിലേർപ്പെട്ടും നാടും വീടും ഉല്ലാസപ്രദമാക്കി അന്ന് നടന്നു. ഇന്ന്, പ്രത്യേകിച്ച്, മറുനാട്ടിലായതിനാൽ തിരുവോണം മാത്രം വലിയ പുതുമകളൊന്നുമില്ലാതെ പുതുതലമുറക്കൊപ്പം ആഘോഷിക്കുന്നു.

**ഓണവുമായി ബന്ധപ്പെട്ട എഴുത്തുകളിൽ മനസ്സിൽ തങ്ങി നിൽക്കുന്നത്?**

ഓണപ്പാട്ടിൽ മുന്നിലിന്നും 'മാവേലി നാടു വാണീടും കാലം' തന്നെയാണ്. പിന്നെ പേരെടുത്ത് പറയാൻ കഴിയാത്തത്രയും കവിതകളും ഗാനങ്ങളും കഥകളും ഉണ്ട്.

**ഓണക്കളികളിൽ/ ആഘോഷങ്ങളിൽ പ്രിയപ്പെട്ടത്?**

ആഘോഷങ്ങൾ എല്ലാം ഇഷ്ടമുള്ളതാണ്.

**ഓണവിഭങ്ങളിൽ പ്രിയപ്പെട്ടത്?**

മധുരവും കയ്പും ഉപ്പും പുളിയും എരിവും എല്ലാം ചേർന്ന എല്ലാ വിഭവവും ഒരുപോലെ ഇഷ്ടമാണ്. ഒന്നും താരതമ്യത്തിന് അർഹമാണെന്ന് തോന്നുന്നില്ല.

**കുട്ടിക്കാലത്തെ ഓണക്കാലത്തു കണ്ട സിനിമ/ നാടകം എന്നിവയിൽ ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നത്?**

കഥകളി കുടുംബമായിരുന്നു ഞങ്ങളുടേത്. കുട്ടിക്കാലത്ത് സിനിമയെക്കാളേറെ കണ്ടത് കഥകളി എന്ന കലയായിരുന്നു.

**ആദ്യത്തെ എഴുത്ത്?**

കുട്ടിക്കാലത്ത് എഴുതിയ 'പെൻസിലിന്റെ ആത്മകഥ' എന്ന കഥ.

**ആദ്യത്തെ പുസ്തകം?**

2005ൽ പ്രസിദ്ധീകരിച്ച 'കൃഷ്ണപക്ഷം' എന്ന കവിതാ സമാഹാരം.

**ഇതുവരെ വായിച്ചതിൽ ഏറ്റവും ഇഷ്ടപ്പെട്ട കൃതി?**

അടുത്തിടെ വായിച്ച ആർ. രാജശ്രീയുടെ ആത്രേയകം, ഇ. സന്തോഷ് കുമാറിന്റെ തപോമയിയുടെ അച്ഛൻ, ഹരിത സാവിത്രിയുടെ സിൻ തുടങ്ങിയ ഇഷ്ടം തോന്നിയ കൃതികൾ ധാരാളം ഉണ്ട്. ഒന്ന് മാത്രമായി പറയാൻ ബുദ്ധിമുട്ടാണ്.

**ഇഷ്ടപ്പെട്ട എഴുത്തുകാർ?**

സാറാ ജോസഫ്, കെ. ആർ. മീര, അഷിത, അനിതാ തമ്പി, വിജയലക്ഷ്മി, ഇ. സന്തോഷ് കുമാർ... അങ്ങനെ പോകുന്നു. ജീവിച്ചിരിക്കാത്തവരിൽ കുമാരനാശാൻ, പി, മാധവിക്കുട്ടി, എം.ടി, സുഗതകുമാരി തുടങ്ങി പൂർവ്വസൂരികളായ പലരേയും ഇഷ്ടമാണ്.

**എഴുത്തുയാത്രയുടെ സംക്ഷിപ്തം?**

പട്ടാമ്പി സംസ്കൃത കോളേജിൽ നിന്നാണ് മലയാളത്തിൽ എം.എ. ബിരുദം എടുത്തത്. കവിതകൾ, കഥകൾ, നോവൽ, ലേഖനങ്ങൾ, ജീവചരിത്രം, ആന്തോളജി തുടങ്ങിയ വിഭാഗങ്ങളിലായി പതിനാല് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

**ലഭിച്ച അംഗീകാരങ്ങൾ?**

കർണ്ണാടക തെലുഗു അന്തർദ്ദേശീയ മാതൃഭാഷാ ഉഗാദി പുരസ്ക്കാരം, പ്രഥമ ജോസഫ് വന്നേരി സാഹിത്യ പുരസ്ക്കാരം, പാലക്കാട് ഫോറം വുമൺ അച്ചീവ്മെന്റ് അവാർഡ്, തിരുവനന്തപുരം ബുക് കഫെ പെൺ പെരുമ സാഹിത്യ പുരസ്ക്കാരം- 2024, കാഞ്ഞങ്ങാട് സപര്യ സാംസ്കാരിക സമിതിയുടെ 'രാമായണ കവിതാ പുരസ്ക്കാരം' തുടങ്ങിയ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**എഴുത്തിനു പുറത്തുള്ള അഭിരുചികൾ?**

സർഗ്ഗധാര കലാസാംസ്കാരിക സംഘടനയുടെ സ്ഥാപക പ്രസിഡണ്ട്, റൈറ്റേഴ്സ് ആൻഡ് ആർട്ടിസ്റ്റ് ഫോറം പ്രസിഡണ്ട്, കേരള ഭൂഷണം ദിനപത്രം കോളമിസ്റ്റ്, സാർത്ഥകം ന്യൂസ് ചീഫ് എഡിറ്റർ എന്നീ പദവികളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഇപ്പോൾ, സർഗ്ഗധാര പ്രസിഡണ്ട്, ബെംഗളൂരു ആസ്ഥാനമായി പ്രവൃത്തിക്കുന്ന 'ധ്വനി വനിതാവേദി' യുടെ ചെയർപേഴ്സൺ, ബാംഗ്ളൂർ മലയാളി റൈറ്റേഴ്സ് ഫോറം വൈസ് പ്രസിഡണ്ട്, അഖിലേന്ത്യാ മലയാളി വനിതാ സംഘടനയായ ക്രിയേറ്റീവ് വുമൺ ഫോറം ജോയിന്റ് സെക്രട്ടറി, മലയാളം മിഷൻ കർണ്ണാടക ചാപ്റ്റർ ഉപദേശക സമിതിയംഗം എന്നീ സ്ഥാനങ്ങൾ വഹിക്കുന്നു. അഖില ഭാരത സാഹിത്യ പരിഷത്തിൽ മലയാളത്തിന്റെ പ്രതിനിധിയായി രണ്ട് തവണ പങ്കെടുത്തിട്ടുണ്ട്.

**കുടുംബം?**

മലപ്പുറം വാഴേങ്കട സ്വദേശിനിയാണ്. അച്ഛൻ: കഥകളി നാട്യാചാര്യൻ പത്മശ്രീ. വാഴേങ്കട കുഞ്ചുനായർ. അമ്മ: ലക്ഷ്മിക്കുട്ടിയമ്മ. ഭർത്താവ്: ആർ. ബാലൻ. മക്കൾ: സൗമ്യ, വിഷ്ണു. മരുമക്കൾ: രഞ്ജിത്, സ്നേഹ. കൊച്ചുമക്കൾ: മാസ്റ്റർ പ്രത്യൂഷ്, മാസ്റ്റർ പ്രണവ്, ബേബി റിയ. കഴിഞ്ഞ 35 വർഷമായി ബാംഗ്ളൂരിൽ താമസിക്കുന്നു.



## സമദ് പനയപ്പിള്ളി

### രണ്ട് കഥകൾ





### ഒന്നാം കഥ

# പാഠം ഒന്ന് : എന്റെ അമ്മ

"അമ്മ എനിക്ക് കാച്ചിയ പാൽ തരും. അത് കുടിക്കാഞ്ഞാൽ അമ്മ കരയും. എന്തിനാണ് അമ്മ കരയുന്നത്?"

ടീച്ചർ പാഠമെടുത്ത് തീർക്കുന്ന തിരക്കിലായിരുന്നു. ടീച്ചറുടെ ഈ പാഠവിവരണത്തിലൂടെ കുട്ടികൾ സ്നേഹനിധിയായ ഒരമ്മയുടെ സാമിപ്യം അനുഭവിക്കുകയായിരുന്നു.

കുട്ടി അവന്റെ അമ്മയെ ഓർത്തു. അമ്മ കുട്ടിക്ക് തൊട്ടതിനും പിടിച്ചതിനുമൊക്കെയുള്ള ശിക്ഷയാണ്. തോർച്ചയില്ലാത്ത ശകാരമാണ്. ഇങ്ങനെയൊരു അമ്മ ഉണ്ടാകുന്നതിലും ഭേദം ഇല്ലാതിരിക്കുന്നതല്ലേ എന്നും കുട്ടി ചിന്തിക്കാറുണ്ട്.

കുട്ടി അവന് പ്രിയപ്പെട്ടവരുടെ പേരുകൾ ഓർക്കുകയായിരുന്നു. അഖിൽ, അമൽ, ഡേവിഡ്, ആസിഫ്, താഹിറ, അശ്വതി, സിന്ധു, മേരി. എല്ലാം അനാഥർ.

അന്നൊരു നിലവിളിയായാണ് കുട്ടി വീടണഞ്ഞതും...

# ഒരു കഥയ്ക്കു വേണ്ടി

മകനൊരു കഥയ്ക്ക് നിർബന്ധിക്കുകയാണ്. ഇത് പതിവില്ലാത്തതാണ്. സാധാരണ അയാൾ എത്തുന്ന രാത്രികളിൽ മകൻ ഉറങ്ങുകയാകും. ഏത് കഥയാണ് മകനോട് പറയേണ്ടതെന്ന വേവലാതിയാൽ അയാൾ അസ്വസ്ഥനാകുമ്പോഴേക്കും മകൻ ഉറങ്ങിയിരുന്നു.

പിന്നെ അയാളും കണ്ണുകളടച്ചു. വേഗം ഉറങ്ങണേയെന്ന പ്രാർത്ഥനയോടെ...

ജയചന്ദ്രൻ പൂക്കരത്തറ കവിത





# സന്ധ്യ

വെറുതെയിരുന്നൊരു
പാട്ടുകുറിക്കെ
കയറി വരുന്നുണ്ടദ്ദേഹം
കൈയിൽ നല്ലൊരു പൊതിയുണ്ടതിലേ-
ക്കെന്നുടെ മിഴികൾ പായുന്നു
പടിയിൽ മെല്ലെയിരുന്നിട്ടല്പം
ക്ഷീണം തീർക്കാനെന്നോണം
കൺകൾ മെല്ലെയടച്ചൂ പുഞ്ചിരി
മുഖകമലത്തിൽ വിളയാടീ
മുറ്റത്തങ്ങനെ മേഞ്ഞുനടക്കും
നായിൻ കുര കേട്ടിട്ടാകാം
കണ്ണു തുറന്നൂ പടിയിൽ വെച്ചൊരു
ചെല്ലമെടുത്തൂ, വെറ്റിലയും.
കണ്ണുകളല്പം മേല്പോട്ടോടി
താഴേക്കെത്തിയ നേരത്തായ്.

എം. വി. ഷാജി | കവിത



# ആക്രി

നാടായ നാട്ടിലെല്ലാം
പഴയ പ്ലാസ്റ്റിക്, ഇരുമ്പ്,
കടലാസ്, പാട്ട, കുപ്പികൾ
മുന്നിലും പിന്നിലും ഇടത്തും
വലത്തും കുന്നു കൂട്ടി
പൊട്ടിയതും പൊളിഞ്ഞതും
കച്ചവടം ചെയ്യുന്ന
അപകർഷതയേതുമില്ലാതെ
അന്തസ്സോടെ ആക്രിക്കടകൾ
തലയുയർത്തി നിൽക്കും
മുമ്പൊരു കാലത്ത്
പാട്ട പെറുക്കാൻ
പൊള്ളാച്ചിയിൽ നിന്നൊരു
പവിഴം പതിവായി
ഞങ്ങളുടെ നാട്ടിൽ വരുമായിരുന്നു.

ചുവന്ന വൈരക്കൽ മൂക്കുത്തി.
ചിരിച്ചു കുഴഞ്ഞ്, മുറുക്കിച്ചുവന്ന
മുഴുത്ത ചുണ്ട്.
കടഞ്ഞെടുത്തപോലെ,
എണ്ണക്കറുപ്പിൽ മിനുത്ത
ഉടൽ തിളപ്പ്!

കാറ്റിൽ പറക്കുന്ന, എണ്ണമയമില്ലാത്ത
മുടിയിഴകൾക്കുപോലും
കലർപ്പറ്റ കാവ്യഭംഗി!

നീട്ടിക്കിട്ടിയ ആയുസ്സ്
നാരാണേട്ടന്റെ ചായപ്പീട്യേന്റെ
തിണ്ണയിൽ ലൊട്ട പറഞ്ഞ് തീർക്കുന്ന
തൊണ്ടന്മാരെന്നല്ല,
രണ്ടറ്റാക്കിനെ അതിജീവിച്ച്
ചായപ്പോഞ്ചി പീയുന്ന
നാരാണേട്ടൻപോലും
ഗജഗാമിനിയുടെ അലസ-
മദാലസ നടപ്പിനൊപ്പം
കഴുത്തു കടയുവോളം
കണ്ണുകൊണ്ടനുയാത്ര ചെയ്തു!

'കീറിയ പ്ലാസ്റ്റിക് ബക്കറ്റ്
ഒട്ടിക്കാനുണ്ടോ,
അലുമിനിയ പാത്രത്തിന്റെ
ഓട്ടയടക്കാനുണ്ടോ' എന്ന മട്ടിൽ
വീടായ വീട്ടിലൊന്നും
ആക്രി പെരുകാത്ത,
പ്ലാസ്റ്റിക് ബോട്ടിലെന്നാൽ
അത്യപൂർവ്വവസ്തുവായിരുന്ന,
ഉപയോഗിക്കാനുള്ളതൊന്നും
പാഴാവാതിരുന്ന അക്കാലത്തും
ബെങ്കല്ലും ബെല്ലവും
വെളഞ്ഞീറുമെല്ലാം ഉരുക്കിപ്പറ്റിച്ച്
പലവട്ടം ഓട്ടയടച്ചിട്ടും
ചോർച്ച നിൽക്കാത്ത
അലുമിനിയപ്പാത്രമോ
കീറലൊട്ടിച്ച് നാനാവിധമായ
പ്ലാസ്റ്റിക് ബക്കറ്റോ
ഉസ്ക്കൂൾ പിള്ളറെ നോട്ടുപുസ്തകോ
തങ്കര്യം ബെച്ച്
പവിഴത്തെ കാത്ത്
ഞങ്ങളുടെ നാടിന് കണ്ണു കഴച്ചു.

പാട്ട പൊറുക്കുന്ന പവിഴം
അങ്ങനെ ഞങ്ങളെ നാട്ടിലെ
പത്രാസുള്ള വിരുന്നുകാരിയായി.

അവളുടെ ഉടൽവടിവിന്റെ നിഗൂഢതയിൽ
ഞങ്ങളുടെ നാടിന്റെ
പൗരുഷം ഉരുകിയൊലിച്ചു.

തങ്ങളുടെ പുരുഷന്മാരെ
വശീകരിക്കാതിരിക്കാൻ
കുടുംബിനികൾ
വലിയ കിണ്ണത്തിൽ കഞ്ഞിയും
ഉപ്പിലിട്ട മാങ്ങയും
അതിൽ ഞെലക്കാൻ
കാന്താരിമുളകുമായി
അവളെ സൽക്കരിച്ചു.
അവൾ വരുമ്പം ഉപ്പും
കടുകും ഉണക്കപ്പറങ്കിയും
ഉഴിഞ്ഞ് അടുപ്പിലിട്ടു.



പെണ്ണുങ്ങളില്ലാ നേരം
പവിഴം വീട്ടിലെത്തുന്നത് സ്വപ്നം കണ്ട്
അയലക്കത്തെ പറമ്പിൽപോലും
തെണ്ടിനടന്ന് പുരുഷന്മാർ,
ഇല്ലാത്ത ആക്രി പെറുക്കിക്കൂട്ടിവെച്ചു.

അവളുടെ ദർശനവും സ്പർശനവും
കൊതിച്ച് കാത്തുകാത്ത്
കിട്ടാതെ നരച്ച ഏതോ ഒരുത്തന്റെ
പെരുത്ത നുണയിൽ
പവിഴം **HIV** പോസിറ്റീവായി.
പിന്നെ, വീടായ വീടെല്ലാം
അവളെ പേപ്പട്ടിയെപോലെ അകറ്റി.

കാലം മാറി, കഥ മാറി,
കാലാവസ്ഥ പാടെ മാറി.

വീടായ വീടെല്ലാം, നാടായ നാടെല്ലാം
ആക്രിയുല്പാദന ശാലകളായി.
ഉപയോഗിക്കുന്നതിന്റെ പത്തിരട്ടി
പാഴാക്കുന്ന പുതിയ ശീലം
ഞങ്ങളെ അൾട്രാ മോഡേണാക്കി.
വാർഡായ വാർഡിലെല്ലാം
നാലും അഞ്ചും ആക്രിക്കടകൾ പൊങ്ങി.

പ്ലാസ്റ്റിക് എടുക്കാൻ വരുന്ന
പഞ്ചായത്തിന്റെ
ഹരിതകർമ്മസേനയിലെ
പെണ്ണുങ്ങൾപോലും
മാസാമാസം കിലോ കണക്ക്
പ്ലാസ്റ്റിക് കൊടുത്തില്ലെങ്കിൽ വീട്ടമ്മമാരെ
ദുർമുഖം കാട്ടി.

ആഴ്ചയിൽ അഞ്ച് ആക്രിവണ്ടികൾ
എന്റെ വീടിനു മുമ്പിൽ ഹോണടിച്ചു.

ഗൃഹാതുര ഗുരുത്വത്തോടെ
ദീർഘകാലം ശേഖരിച്ചുവെച്ച,
കൊടുക്കാൻ മനസ്സുവരാതെ
പലവട്ടം പൊടിതട്ടിയടുക്കിവെച്ച
പഴയ പത്രമാസികകൾ,
സ്മരണാഖേദമില്ലാതെ
ഞങ്ങൾ തൂക്കിവിറ്റു.

ആഴ്ചയ്ക്കാഴ്ചയ്ക്ക് കുമിഞ്ഞ
കുടിവെള്ള കുപ്പികൾ,
ഡിറ്റർജെന്റ് ബോട്ടിലുകൾ,
ഫാസ്റ്റ് ഫുഡ് കണ്ടെയ്നറുകൾ...
ആക്രിവണ്ടികൾ നിറയ്ക്കാൻ
ഞങ്ങൾ മത്സരിച്ചു.



ഞങ്ങളുടെ ജീവിതത്തിന്റെ
മുഖ്യവ്യവഹാരം
ആക്രിക്കച്ചവടമായി.
ആക്രി ചലഞ്ചിലൂടെ
ജീവകാരുണ്യംപോലും നടത്തി.
ഞങ്ങൾ മര്യാദാ-
പുരുഷോത്തമന്മാരായി!

ഇന്ന്,
ഓർമയുടെ ഗ്യാലറിയിൽ
കുമിഞ്ഞുകൂടിയ വർഷങ്ങളുടെ
ആക്രിച്ചിത്രങ്ങൾ
ഒന്നാകെ ഡിലീറ്റ് ചെയ്യാൻ
പാടുപെടുമ്പോൾ,
ഞാൻ എന്തിനാണ്
പവിഴത്തെ ഓർത്തത്!

എം ചന്ദ്രപ്രകാശ് | കവിത






# എന്റെ പ്രണയത്തിന്റെ ചിറകൊച്ച

പ്രണയം പിടഞ്ഞുവീണ സന്ധ്യയുടെ
നിഴലുകളിൽ നിന്റെ കാലൊച്ച ഞാൻ കേട്ടിരുന്നു;
കരിയിലകളുടെ കിരുകിരുപ്പിൽ
കരിനാഗങ്ങൾ ഇണചേർന്നുകിടന്നിരുന്നു.
ആരവമില്ലാത്ത മഴ രാത്രിയിലേക്ക്
വരുന്നതറിയാതെ ഞാൻ
നിന്റെ നെഞ്ചിലെ ചൂടുനുണഞ്ഞ്
ഒരു ശിശുവായി ചേർന്നുകിടന്നിരുന്നു.
പ്രണയം കുടിച്ച കാറ്റിന്റെ
ചെറുശ്വാസത്തിൽ നിന്റെ
ഇമകളുടെ പക്ഷി വിറക്കുന്നുണ്ടായിരിന്നു.
കരിനാഗക്കണ്ണിൻ കനൽത്തിളക്കത്തിൽ
നിന്റെ ആത്മാവിന്റെ വെളിച്ചം കണ്ണടച്ചിരുന്നു.

മഴയുടെ മതിവരാത്ത പ്രണയാസക്തിയിൽ
മരച്ചില്ലകൾ കുടഞ്ഞ് മഴപ്പക്ഷികൾ
നമുക്കുള്ളിൽ അഗ്നിത്തൂവലുകൾ മുറിച്ചിട്ടതും
മണ്ണിന്റെ ഭ്രാന്തൻ കരവലയത്തിൽ
മഴത്തുള്ളികളിൽ രതിയുടെ
മന്ദാരങ്ങൾ പൊഴിച്ചതും അറിയാതെ
നമ്മുടെ പ്രണയം മൗനത്തിന്റെ താഴ്വരയിലേക്ക്
നിലതെറ്റി വീണതും...

അപ്പോഴും ആ കാലൊച്ച
കരിയിലകളിൽ അമർന്നിരുന്നു.

രജനി മാധവിക്കുട്ടി കവിത




# പ്രണയാത്മകം

വന്നു നിൽക്കുകയാണു
ഞാനൊരു മഞ്ഞുതുള്ളിപോൽ
നിൻ നെറുകയിൽ വീണൊരു
നിലാവൊളിയായ് തിളങ്ങുവാൻ.

ഒരു നൂറ് ജൻമം ഞാൻ കാത്തിരിക്കാം,
നിൻ നനവൂറും മിഴിയുടെ പ്രണയമാവാൻ.
ഒരു നൂറ് വർഷം ഞാൻ നോമ്പു നോൽക്കാം,
നിൻ കനവൂറും ഹൃദയത്തിൻ ഭാഗമാവാൻ.

ജീവസരണിയിലുണ്മയാമുയിർ
പടർത്തി, ഓരോ നിലാവിലും
വന്നെനിക്കൊരു ചന്ദനക്കുറി
വരയ്ക്കാൻ, അനുനിമിഷമെൻ
ചാരത്തു കൂട്ടിരുന്നീടണ്ട, പകരമൊരു
നിമിഷത്തിന്നോർമ്മയിൽ തരുമൊരു
വാക്കിൻ മകരന്ദം മാത്രം മതിയല്ലോ.

ഹൃദയമാം ശിഥിലശാഖിയിൽ
പടരുമൊരമര ഗീതിയായ്
'നീ' എന്ന വാക്കെന്റെ വാസന്തമാകുന്നു,
ജടില കല്പന നൃത്തമാടുന്നൊരീ
സായംകാല തുലാവർഷത്തിലിന്നും!

ഡോ. വി. വി. ഉണ്ണികൃഷ്ണൻ

കവിത

# നഖങ്ങൾ




“നിന്റെ നഖങ്ങളെന്നെ
ഭ്രാന്തുപിടിപ്പിക്കുന്നു പെണ്ണേ...”
പിന്നെയവളിൽ നഖങ്ങളുടെ
ഉൽസവകാലമായിരുന്നു.
നഖങ്ങളിൽ ചായങ്ങളാൽ
വരഞ്ഞ ചിത്രങ്ങൾ,
നഖം വെട്ടികൾ, അരങ്ങൾ, അങ്ങനെ...

കപടകോപത്തിന്റെ ഉന്മാദവേളയിൽ
ഒന്നുചേരലിന്റെ പിറ്റേന്നുകളിൽ
അയാളുടെ കഴുത്തിൽ, നെഞ്ചിൽ,
തുടകളിൽ തിണുർത്തുകിടക്കുന്ന
നഖപ്പാടുകൾ, വിജയചിഹ്നങ്ങൾ...

‘ഇത് ആരോഗ്യത്തിനത്ര നല്ലതല്ല പെണ്ണേ’ എന്ന്
പിന്നീടൊരിക്കൽ, നഖം വെട്ടിയൊതുക്കുമ്പോൾ...
‘ആരുടെ..?’ എന്ന ചോദ്യം
തിണർത്തു നിൽക്കുന്നു.
ഉൽസവങ്ങളുടെ കൊടിപടങ്ങൾ താഴുന്നു...

സ്നേഹാലയത്തിലെ വളന്റിയർ
നഖം വെട്ടുമ്പോൾ ഉറക്കെ പറയുന്നു,
“നഖങ്ങൾ വൃത്ത്യായി സൂക്ഷിക്കണം....
വല്യമ്മ കേൾക്കണുണ്ടോ...?”

ആസിഫ് കാസി കവിത



കുമ്പം മൂടിയാൽ
കൊയ്ത്ത് പാട്ടിൽ ഒറങ്ങിയ
കറ്റപുല്ല് കടുംകെട്ടിൽ
മേപ്പൊര കേറും

മെതികഴിഞ്ഞ്
മടങ്ങുന്നോർക്കൊപ്പം
കൊക്കിൽ പൈപ്പുമായി
പക്കിച്ചികൾ കൂട് പിടിക്കും

'കക്കും കാച്ചിലും കേങ്ങും ഇല്ല
കുത്തരിയും മത്തിയും ജോറായുണ്ട്...
കക്കും കാച്ചിലും കേങ്ങും ഇല്ല
കുത്തരിയും മത്തിയും ജോറായുണ്ട്..'
ന്ന് ഒപ്പരം മേപ്പൊരപാടും

വെളിച്ചം നീങ്ങുന്നതും കാത്ത്
നാലുമണിക്കപ്പ ആവിയിൽ
വേകുന്നതിൽ
കാന്താരി മൊട്ടുകൾ കരയും




# പൊര പൊതക്കൽ

കൊളത്തോട് കോപിച്ചാൽ
കുണ്ടി നാറും പോലെ
പുല്ലോട് മുരണ്ടാൽ
കയ്യും കീറും

ചേട്ടത്തി താളത്തിലാട്ടി കറ്റകൾ,
മുറുക്കിതുപ്പണ
മൊട്ടന്മാർക്ക് മേലേക്ക് വീശും

മൊട്ടവെയിലത്തും കറ്റയിൽ പീക്കിരികൾ
മത്തീന്റെ മണത്തിൽ
കുത്തി മറിഞ്ഞത്,
മേലിൽ വെള്ളം വീണാൽ തിരിയും

നീളത്തിൽ ഇലയിട്ട്
വട്ടത്തിൽ തട്ടാൻ
മൊട്ടനും ചേട്ടത്തിയും
ഞമ്മളും കൂടും

* പൈപ്പ്: വിശപ്പ്
* പക്കിച്ചികൾ: പക്ഷികൾ
* കക്കും കാച്ചിലും: കിഴങ്ങ് വർഗം

## സുരേന്ദ്രൻ മങ്ങാട്ട്

ചെറുകഥ



**നമ്മുടെ വീടിരിക്കുന്ന പറമ്പിന്റെ ആധാരം എവിടെയാണ് എന്നുള്ള അവന്റെ ചോദ്യം വളരെ അസാധാരണമായതുകൊണ്ട് ഷോപ്പിനുള്ളിലെ തുണിമടക്കുന്ന പ്രവർത്തിയിലേർപ്പെട്ടിരുന്ന അയാൾക്ക് പിന്നെ ജോലിയിൽ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. നാലുവർഷം മുമ്പാണ് സ്വന്തം പേരിലുള്ള പത്ത് സെന്റ് ഭൂമിയിൽ അയാൾ വീട് വെച്ചത്. വീടുപണി ഒന്നര വർഷത്തോളം ഇഴഞ്ഞു നീങ്ങിയതിന്റെയൊപ്പം കടക്കണക്കുകൾ പെരുകി വന്നിരുന്നു.**

ഉച്ചയ്ക്ക് പെട്ടെന്ന് തന്നെ ഹാഫ് ഡേ ലീവ് അയാൾ ചോദിച്ചപ്പോൾ ഫ്ളോർ സൂപ്പർ വൈസർ അത്ഭുതം കൂറി.

"എന്താ രവി, ഇത്ര അത്യാവശ്യം, വീട്ടിൽ വിരുന്നുകാർ ആരെങ്കിലും..."

"ഹേയ് ഇല്ല. ബാങ്ക് വരെ ഒന്നു പോകണം...." അയാൾ അക്ഷമനായി.

"രണ്ടു ഫ്ളോറിലും കസ്റ്റമേഴ്സിന്റെ തിരക്കുണ്ട്."

സൂപ്പർവൈസറുടെ സംഭാഷണത്തെ സമയമില്ലെന്ന ആംഗ്യത്തിൽ ഖണ്ഡിച്ചു കൊണ്ട് അയാൾ ധൃതിയിൽ പുറത്തേക്കിറങ്ങി. വസ്ത്രാലയത്തിന്റെ മുൻവശത്തെ പടിക്കെട്ടുകൾ ഇറങ്ങുമ്പോൾ തന്റെ കാലുകൾക്ക് വേഗതകുറവ് പോലെ അയാൾക്ക് അനുഭവപ്പെട്ടു.

"രവിയേട്ടാ, ഓടിച്ചാടി പോകല്ലേ നിലത്തു വീഴും, പ്രായൊക്കെ ആയി, മനുഷ്യാ..."

പിന്നിൽ നിന്നും സെക്യൂരിറ്റിക്കാരന്റെ ചിരിയിൽ പുരണ്ട വാചകം അയാൾ കേട്ടില്ലെന്ന് നടിച്ചു.

സ്റ്റാഫുകൾക്കായി വാഹനം പാർക്ക് ചെയ്യുന്നിടത്ത് നിന്ന് തന്റെ പഴഞ്ചൻ സ്കൂട്ടർ പിന്നിലേക്കുരുട്ടുമ്പോൾ അയാൾ വല്ലാതെ കിതക്കാൻ തുടങ്ങിയിരുന്നു.

സ്കൂട്ടറിൽ കയറിയശേഷം റോഡിലേക്ക് പോകവേ തനിക്ക് സഞ്ചരിക്കേണ്ടതെവിടേക്കെന്ന് മറന്നുപോയ പോലെ അയാൾ പതറി, പിന്നെ വണ്ടി നിർത്തി. അയാൾ സ്കൂട്ടർ നിർത്തിയിട്ടതും അല്പ നിമിഷം കഴിഞ്ഞ് പെട്ടെന്ന് വാഹനം ഓടിച്ചു പോകുന്നതും അകലെ നിൽക്കുന്ന സെക്യൂരിറ്റിക്കാരന് കാണാമായിരുന്നു.

സ്കൂട്ടർ അയാളെയും കൊണ്ട് മുന്നോട്ട് കുതിക്കുമ്പോൾ അയാളുടെ ചിന്ത മുഴുവൻ തന്റെ മകന്റെ ഫോൺ വിളിയിലായിരുന്നു.

വളരെ അപൂർവ്വമായിട്ടാണ് യൗവ്വനത്തിലെത്തിയ അയാളുടെ മകൻ നേരിട്ടോ ഫോണിലോ അയാളോട് സംസാരിക്കാറുള്ളത്.

വീടിന്റെ പിന്നാമ്പുറത്തേക്കു പോലും ഇറങ്ങാത്ത മകന്, എത്ര സെന്റ് സ്ഥലം ഉണ്ടെന്നോ, തന്റെ ബാധ്യതകളോ അറിയില്ലെന്ന് ഉറപ്പാണ്. അപ്പോൾ എന്തിനായിരിക്കും അവൻ ആധാരമന്വേഷിച്ചത്.

വീട്ടിൽ അവനറിയാവുന്ന രണ്ടിടങ്ങൾ, അവൻ ഉറങ്ങുന്ന കിടപ്പുമുറിയും ഡൈനിങ് റൂമും മാത്രമാണെന്ന് ഭാര്യ ഇടക്കെല്ലാം തമാശയായി പറയാറുള്ളത് അയാൾ ഓർത്തു.

തുണിക്കടയിലെ ജോലിക്കാരനാണ് അച്ഛനെന്നത് മോശക്കേടാണെന്ന് പലതവണ അവൻ പറഞ്ഞിട്ടുണ്ട്, നേരിട്ടല്ലെങ്കിലും...

അവന്റെ അഭിപ്രായങ്ങൾ ഭാര്യ അറിയിക്കുമ്പോൾ അയാൾ ഉള്ളിൽ വേദനിച്ചെങ്കിലും പുറമേ ചിരിക്കാൻ ശ്രമിച്ചു.



മകൻ ബാങ്കിൽ നിൽക്കുകയാണ് എന്നാണ് അറിയിച്ചത്.

“അച്ഛനൊന്ന് വരണം, ലോൺ കാര്യത്തിനാണ്....”

അവൻ മൊബൈൽ കട്ട് ചെയ്യുന്നതിന് മുമ്പായി പറഞ്ഞ വാക്കുകൾ. കാര്യങ്ങളൊന്നും വ്യക്തമാകുന്നില്ല. എന്ത് ലോൺ ആണ്. തന്റെ ലോൺ ആണോ. ബാങ്കിൽ നിന്ന് ആളുകൾ വീട്ടിൽ വന്നു കാണുമോ? അവൻ സാധാരണ ഇക്കാര്യങ്ങളിലൊന്നും തലയിടാറില്ലല്ലോ.

ഇരുചക്രവാഹനം വേഗത കൂടുന്നത് അയാൾ അറിയാതെ തന്നെയായിരുന്നു. എന്തിനാണ് താൻ ഇത്ര വേവലാതിപ്പെടുന്നതെന്ന് അയാൾ സ്വയം ചോദിച്ചു. സത്യത്തിൽ മകനെ കണ്ടിട്ട് മൂന്നോ നാലോ ദിവസങ്ങളായി. വസ്ത്രാലയത്തിലെ ജോലികഴിഞ്ഞ് അയാൾ വീട്ടിൽ എത്തുമ്പോൾ രാത്രി ഒൻപതു മണിയാകും. മകൻ ഉറങ്ങിയിട്ടുണ്ടാകില്ലെങ്കിലും അത്താഴം കഴിഞ്ഞ് അവന്റെ മുറിയിൽ പോയിട്ടുണ്ടാകും. ബിരുദ പഠനം കഴിഞ്ഞതിനുശേഷം അവൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അയാൾക്ക് ഒരു ഊഹവും ഉണ്ടായിരുന്നില്ല . അവന്റെ ഉള്ളിലിരിപ്പ് അറിയാൻ ഭാര്യയോട് അയാൾ പറഞ്ഞു നോക്കിയെങ്കിലും മകന്റെ പദ്ധതികളെക്കുറിച്ച് അവർക്കും ധാരണയൊന്നും ഉണ്ടായിരുന്നില്ല. കമ്പ്യൂട്ടറിൽ കുറേസമയം ചെലവഴിക്കുന്നതിനാൽ ഉച്ചഭക്ഷണം  അവന്റെ റൂമിൽതന്നെ എത്തിക്കാറാ ന് പതിവ്.

ഒരു ലോറിയെ ഓവർടേക്ക് ചെയ്യുന്നതിനിടയിൽ എതിരെ വന്ന മറ്റൊരു ഇരുചക്രവാഹനം തൊട്ടരുകിലൂടെ ചീറിപാഞ്ഞ് പോയപ്പോൾ വഴിയരികിലെ കടയിൽ നിന്നിരുന്ന രണ്ടുമൂന്നു പേർ ഉറക്കെ ശബ്ദം ഉണ്ടാക്കി. അവർ ആരെയാണ് തെറി പറഞ്ഞതെന്ന് അയാൾക്ക് മനസ്സിലായില്ല. മകൻ തന്റെ സ്കൂട്ടർ ഉപയോഗിക്കാറില്ല . അവന് പുതിയ തരം ബൈക്ക് വാങ്ങിക്കൊടുക്കുവാൻ ഭാര്യ സ്നേഹപൂർവ്വം നിർബന്ധിക്കാറുണ്ടായിരുന്നു. ലോണുകളുടെ അടവുകൾ, കടങ്ങൾ എന്നിവയൊക്കെയടച്ചാൽ കയ്യിലുള്ള ശേഷിപ്പുകൊണ്ട് ഒരു മാസത്തേക്കുള്ള ചെലവുകളെ എങ്ങനെ പരിഹരിക്കപ്പെടുമെന്നുള്ള ചിന്ത ഒരു നെരിപ്പോടായി എരിയുന്നത് അയാളുടെയുള്ളിൽ മാത്രമായിരുന്നു.

ബാങ്കിനു മുന്നിൽ ഒരു വശത്തു മാറി പാർക്കിങ്ങ് ഏരിയായിൽ സ്കൂട്ടർ പാർക്ക് ചെയ്ത് അയാൾ ധൃതിയിൽ ബാങ്കിനകത്തേക്ക് കയറി. പുറത്തുള്ള വെയിൽചൂടു കൊണ്ട് അയാൾ വിയർത്തിരുന്നു. മാനേജരുടെ ശീതീകരിച്ച ക്യാബിനുള്ളിൽ മകൻ ഒരു കസേരയിൽ ഇരിക്കുന്നുണ്ടായിരുന്നു. കഷണ്ടി കയറി തിളക്കമുള്ള തലയും സാമാന്യം തടിച്ച ശരീരപ്രകൃതവുമുള്ള, മുഖത്ത് ആകാംക്ഷയുള്ള കണ്ണുകളും തുറന്നുവച്ച മാനേജർ അകത്തേക്ക് കടന്നുവന്ന അയാളോട് ഇരിക്കാൻ പറഞ്ഞു.

എന്തിനാണ് താൻ ഇവിടെ എത്തിയതെന്ന് ആശങ്ക നിറഞ്ഞ അയാളുടെ മുഖഭാവത്തെ തൊട്ടടുത്ത കസേരയിലിരുന്ന മകൻ ശ്രദ്ധിച്ചില്ല. മാനേജർ  മകന്റെ മുഖത്തേക്ക് നോക്കി.

“എനിക്ക് ഇരുപത് ലക്ഷം രൂപ വേണം.”

മുറിയിൽ മുഴങ്ങിയ ശബ്ദം മകന്റെ തന്നെയാണോ എന്നറിയാതെ അയാൾ ഒന്നു പകച്ചു. അയാളുടെ ഭാവമാറ്റമുൾക്കൊണ്ടത് അഭിമുഖമായിരിക്കുന്ന മാനേജരായിരുന്നു.

“രവിയുടെ മകനല്ലേ....?”

മാനേജരുടെ ചോദ്യത്തിന് അയാൾ  തലയട്ടി.

“അപ്പോൾ വീട്ടിൽ ഇക്കാര്യം ഒന്നും ചർച്ച ചെയ്തിട്ടില്ല?”

ആ ചോദ്യത്തിന്റെ മുന കൊണ്ട് മുറിഞ്ഞ അയാൾ മകനെ അപരിചിതനെന്ന പോലെ നോക്കി.

“എനിക്ക് പഠിക്കാൻ യു.കെ.യിൽ പോണം.”

അയാൾ ഒന്നും മിണ്ടിയില്ല. അല്പനിമിഷം കഴിഞ്ഞ് നിശബ്ദതയ്ക്ക് വിരാമമിട്ടുകൊണ്ട് ബാങ്കിന്റെ അധികാരി ഉരുവിട്ടു,

“മകന് ലോൺ വേണമെന്നാണ് പറയുന്നത്. ആധാരമാണെങ്കിൽ കൊണ്ടുവന്നിട്ടില്ല. എത്ര സ്ഥലം ഉണ്ടെന്നോ വീടിന്റെ സ്ക്വയർ ഫീറ്റ് അളവ് കണക്കുകളോ ഒന്നും ഇയാൾക്കറിയില്ല.”

അയാൾ ഒരക്ഷരം പറയാതെ നെഞ്ചിലെന്തോ ഘനമേറിയ വസ്തു തൂങ്ങുന്ന ഭാരത്താൽ തലകുനിച്ചിരുന്നു.

“ഡോക്യുമെന്റ് എവിടെയാണെന്ന്  പറഞ്ഞാൽ മതി. അമ്മയോട് പറഞ്ഞു ഞാൻ അതെടുത്തു കൊണ്ടുവരാം.”

മകൻ തലയുയർത്തി കൊണ്ട് തുടർന്നു, “എന്റെ കൂട്ടുകാരൊക്കെ വിദേശത്തേക്ക് പോകുന്നുണ്ട്. എനിക്കും പോകണം.”

അയാൾ മറുപടി പറഞ്ഞില്ല. അയാളുടെ ചിന്തകൾ ദിശ തെറ്റി സഞ്ചരിക്കുകയായിരുന്നു അപ്പോൾ. മകന്റെ കുട്ടിക്കാലത്ത് പലപ്പോഴും അയാൾ ഭാര്യയോട് പറയാറുണ്ട്. അവനെ മണ്ണിൽ ഇറക്കി കളിപ്പിക്കണമെന്ന്. കുഞ്ഞു നിലത്തു വീഴും, മുറിവ് പറ്റും, അഴുക്കാകും എന്ന ഭയമാണവൾക്ക്. സുരക്ഷിതമായി കൈകളിൽ കോരി ആകാശത്തേക്കുയർത്തിയിട്ടായിരുന്നു അമ്മ മകനെ കളിപ്പിച്ചിരുന്നത്, നടത്തിയിരുന്നത്. കുഞ്ഞു കുട്ടിയായിരുന്നപ്പോൾ തന്നെ നോക്കി ചിരിച്ചിരുന്ന മകന്റെ മുഖം അയാൾ ഓർത്തു. മണ്ണിൽ കളിക്കാൻ താല്പര്യമില്ലാത്ത ബാല്യകാലമായിരുന്നു അവന്.

അയാൾ കസേരയിൽ നിന്ന് എഴുന്നേറ്റു.എന്നിട്ട് മാനേജരെ ശാന്തമായി നോക്കി. “ഇതു പോലുള്ള  മറ്റൊരുയർന്ന സ്ഥാപനത്തിലാണ് ആധാരത്തിന്റെ കടലാസുകൾ ഇരിക്കുന്നത്. പെട്ടെന്ന് എടുത്തു കൊണ്ടുവരാൻ കുറച്ച് ബുദ്ധിമുട്ടുണ്ട്.”

# ആധാരം

**മകന്റെ മുഖത്തേക്ക് നോക്കാതെ ശക്തിയായി ക്യാബിന്റെ ചില്ലുവാതിൽപാളി തുറന്ന് അയാൾ പുറത്തേക്ക് കടന്നു. പാർക്കിങ്ങ് ഏരിയായിൽ അയാളേയും കാത്തിരുന്ന ആ പഴഞ്ചൻ സ്കൂട്ടറിനെപ്പൊതിഞ്ഞ വെയിലിനപ്പോൾ ചൂട് കുറവായിരുന്നു....**

സഹീറ എം

ചെറുകഥ



രണ്ട് ലോകമഹായുദ്ധങ്ങൾ കണ്ട സാമുവേൽ പാട്രിക് ഇപ്പോഴും ജീവിച്ചിരിക്കുന്നെന്ന വാർത്ത അതിശയോക്തിയല്ല. കാലപ്രവാഹത്തിൽ അയാളിൽ എപ്പോഴോ കുടഞ്ഞുണർന്ന ആഗ്രഹത്തിന്റെ അഗ്നി കെടാതെ കിടക്കുകയാണ്. സ്വച്ഛന്ദ മൃത്യു എന്നൊന്നുണ്ടങ്കിൽ തനിക്കും അതുതന്നെ വേണമെന്ന ശക്തമായ ആഗ്രഹം. കൈകാലുകൾ ചലിപ്പിക്കാതെ അനുഭവത്തിന്റെ ശരശയ്യയിൽ കിടന്ന്, തീക്ഷ്ണമായ ആഗ്രഹത്തിന്റെ ജീവാഗ്നി സ്വയം കത്തിച്ച്, കാതോർത്തു കിടക്കുകയാണ്, മുതുമുത്തച്ഛനായ സാമുവൽ പാട്രിക്.





അടിമത്തവും ഉച്ചനീചത്വവും കൊടികുത്തി വാണകാലം. അത്, ക്രൂരമായ പീഡാനുഭവങ്ങളുടേതു കൂടിയായിരുന്നു. ചെറുപ്പത്തിൽ അനുഭവിച്ച പീഡനനോവുകൾ ശരംപോലെ മനസ്സിലും ശരീരത്തിലും കുത്തിയിറങ്ങുന്നു. കാരിരിമ്പുപോലെ ഉറച്ച പേശിയിൽ അന്നതൊന്നും ഏശിയില്ല. ഇന്ന് ഒരേയൊരു ആഗ്രഹമേയുള്ളൂ; നാലഞ്ച് തലമുറകൾക്കു കഥകൾ പറഞ്ഞുകൊടുക്കാനും കനലുകൾ കെടാതെ പെരുപ്പിടാനും കഴിയണം. ചരിത്രത്തിലെ കറുത്ത ഏടുകൾ പുതുമയോടെ ഇരിക്കണം.

ഹന്ന എലിസയെന്ന പ്രിയപത്നി അമ്പതു വർഷം മുൻപേ മണ്ണിലമർന്നു. ആ കാഴ്ച മനഃക്കണ്ണിലുണ്ട്. യജമാനന്മാരുടെ കൂർത്ത കണ്ണുകൾ കൊത്തിവലിച്ച കൃഷിയിടത്തിൽ നിന്നും കാടുപിടിച്ച, ഇരുണ്ട മൂലയിൽ കടിച്ചുപ്പറിക്കപ്പെട്ട ആ ജീവൻ ഇരച്ചു വീണതോർക്കുമ്പോൾ സാമുവേൽ പാട്രിക്കിനിപ്പോഴും രക്തത്തിളപ്പിന്റെ ചെറുപ്പം.

അരുതേയെന്ന യാചന... അവളുടെ ആ നോട്ടം... അതു തന്റെ നേരെവരെ നീളുന്നത്, പച്ചിലക്കാടുകൾക്കിടയിലൂടെ കണ്ടതാണ്. യജമാനന്മാരുടെ മുഖത്ത് അടിമയോടുള്ള അവജ്ഞ. അടിമയുടെ മുഖത്ത് ഭയം. ഒന്നിനും കരുത്തില്ലാത്ത നിസ്സഹായാവസ്ഥ..!

പിന്നീട്, നിർബന്ധിത സൈനിക സേവനത്തിനിടയിൽ കണ്ടകൊടും ക്രൂരതകൾ! അവിടെയും ഇരകൾ സാധാരണക്കാർ. നിറം നോക്കി, കന്നുകാലികളെപോലെ കണക്കാക്കിയിരുന്നവർ. പരാതിയില്ലാത്ത അടിമകൾ!

സാമുവേൽ പാട്രിക്കിന്റെ നാലാം തലമുറയിലെ ജാനെറ്റ് ഗ്രാമിയുടെ മിടുക്കിയായ മകളാണ്, സാമന്ത സോളമൻ. മൂന്നാം ക്ലാസ്സിലാണെങ്കിലും ബുദ്ധിയിൽ അമ്പതുകാരേക്കാൾ മുന്നിലാണ്.

പതിവായി വന്നുകൊണ്ടിരിക്കുന്ന യുദ്ധവാർത്തകളും ചിത്രങ്ങളും അവളെ കുറച്ചൊന്നുമല്ല ചിന്തിപ്പിച്ചതും വിഷമിപ്പിച്ചതും. മണ്ണിന്റെ മക്കൾക്ക് പണ്ടേയുള്ള മനുഷ്യസ്നേഹം അവളിലും ജനിതകമായി കടന്നു കൂടിയതാകണം. നിറം കൊണ്ടും മുടി കൊണ്ടും അവളും അമ്മ ജാനെറ്റ്ഗ്രാമിയും തന്റെ ഹന്ന എലിസയുടെ പകർപ്പ് തന്നെ. കറുത്ത മുഖത്തെ തിളങ്ങുന്ന വെളുത്ത പല്ലുകൾ കാട്ടിയുള്ള സാമന്തയുടെ ചിരിയുടെ ചന്തം ഒന്നു വേറെതന്നെയാണ്. യുദ്ധത്തിൽ ഷെല്ലുകൾ പൊട്ടിത്തെറിച്ചു മുറിവേറ്റ കുട്ടികളുടെ ചിത്രങ്ങളാണ്, കഴിഞ്ഞ ഒരു വർഷമായി അവളുടെ ശേഖരത്തിൽ ഏറെയും.

ഇരുട്ടിൽ നോക്കിക്കിടന്ന്, അതിജീവനയുദ്ധക്കഥകൾ പറയുന്ന സാമുവേൽ പാട്രിക്കിക്കിനടുത്തേക്കു സാമന്ത സോളമൻ വന്നു മുട്ടുകുത്തി, കൈകളിൽ തടവി. ഒരുചിത്രവും വാർത്തയും കാട്ടി വായിച്ചു കൊടുത്തു.

"യുദ്ധത്തിൽ മാരകമായി പരിക്കേറ്റ ആറുമാസം ഗർഭിണിയായ യുവതിയുടെ കുട്ടിയെ സിസ്സേറിയനിലൂടെ രക്ഷപ്പെടുത്തി. കുട്ടി അതിജീവിക്കുമെന്ന് ഡോക്ടർമാർ."

പാട്രിക്കിന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞുപോയി. ആ കണ്ണുനീർ തുടച്ചുകൊണ്ട് അവൾ ചോദിച്ചു,

"ഈ കുട്ടിയും ഹിബാകുഷയല്ലേ ഗ്രേറ്റ് ഗ്രേറ്റ് പപ്പാ?"

പാട്രിക്ക് പുഞ്ചിരിച്ചുകൊണ്ടു തലകുലുക്കി. രണ്ടു ദിവസം മുമ്പാണ് താനവൾക്കു ലിറ്റിൽ ബോയിയുടെയും ഫാറ്റ് മാന്റെയും കഥകൾ പറഞ്ഞു കൊടുത്തത്. അയാൾ ഓർത്തു.

പേരുകേട്ട് ഇഷ്ടം കൂടിയ കഥയുടെ അന്ത്യത്തിലെത്തിയപ്പോൾ അവളും ചോദിച്ചത്, എന്തിനാ ഇത്രയും നല്ല പേരൊക്കെ ഡെവിളുകൾക്കിടുന്നത് എന്നാണ്. കണ്മുന്നിൽ കാണുന്നതുപോലെയാണ് അക്കഥകൾ സാമുവേൽ സാമന്തയ്ക്കു പറഞ്ഞു കൊടുത്തതും. ഒടുവിൽ, കടലാസ്സുകൊണ്ട് കൊക്കുകൾ നിർമ്മിച്ച, തീരാവേദനയിലും ജീവിക്കാനുള്ള കൊതി നിലനിർത്തി മരണത്തിനു കീഴടങ്ങിയ സഡാക്കോസസാക്കിയെന്ന കൊച്ചുബാലികയെ കുറിച്ചും...

"ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബു വീണയിടത്തു സ്ഫോടനത്തിന്റെ സ്മാരകങ്ങളുണ്ട്." നെഞ്ചു തടവിക്കൊണ്ട് പാട്രിക്ക് തുടർന്നു. "അവിടെ, കുട്ടികളുടെ സ്മാരകോദ്യാനത്തിൽ എപ്പോഴും മുഴങ്ങുന്ന മണിയുണ്ട്. അതിന്റെ ഒച്ച നീ കേൾക്കുന്നില്ലേ മകളേ... സമാധാനത്തിനുവേണ്ടി, നല്ല മുഴക്കത്തിൽ അതു നിലവിളിക്കുന്നത്?

ആര് കേൾക്കാൻ അല്ലേ..?

മണിയുടെ പുറത്ത്, ലോകഭൂപടത്തോടൊപ്പം 'സ്വയം നിങ്ങളെ അറിയുക' എന്ന് ജാപ്പനീസ്, ഗ്രീക്, സംസ്കൃതം തുടങ്ങിയ ഭാഷകളിൽ ആലേഖനം ചെയ്തിരിക്കുന്നത്, ആരു കാണുന്നു...?"

സാമുവേൽ പാട്രിക്കിന്റെ ഈ പിറുപിറുക്കൽ കൊച്ചു സാമന്തയ്ക്കു മനസിലായില്ല. പാട്രിക്ക് നിർത്തിയില്ല.

"ഇത്രയൊക്കെയായിട്ടും നൂറ്റാണ്ടുകളിലൂടെ കടന്നുവന്നിട്ടും യുദ്ധങ്ങൾ... യുദ്ധങ്ങൾ... ഇതിഹാസങ്ങൾ... മണിയുടെ നിലവിളി മാത്രം ഉച്ചത്തിൽ തുടർന്നുകൊണ്ടേയിരിക്കുന്നു!

മിസൈലുകൾ... നിലവിളികൾ... പലായനങ്ങൾ... ഇരുട്ട്!"

പാട്രിക്കിന്റെ ശബ്ദം നേർത്തു നേർത്തു വന്നു.

"മകളേ... സമാധാനത്തിനു പോയവർ മടങ്ങി വന്നിട്ടില്ല. ഞാനും ഒരു യാത്ര പോകുന്നു. എന്നിലെ കനൽ നിനക്കു തരുന്നു. ഊതിപ്പെരുപ്പിക്കുക നീ..."

സാമുവേൽ പാഡ്രിക്കിന്റെ കണ്ണുകൾ ഒന്നു വെട്ടി. കൺപോളകൾ താനേ അടഞ്ഞു.

# നിലയ്ക്കാത്ത മണിയൊച്ച

അശ്വതി അശോകൻ

കഥ



# കൈയറുത്താം പൂ

കട്ടിയുള്ള തുകൽ പുതപ്പ് മൂടിപ്പുതച്ചു കിടന്നിട്ടും മുഖത്തേക്ക് ആ തുമ്പികൾ കല്ലിട്ടുകൊണ്ടേയിരുന്നു. കൂട്ടമായിട്ടാണ് ആക്രമണം. എല്ലാവരും കല്ലുകൾ കരുതിയിട്ടുണ്ട്. കുഞ്ഞു കുഞ്ഞു പാറക്കല്ലുകൾ...

അവൾ എഴുന്നേറ്റ് ലൈറ്റ് ഓൺ ചെയ്തു. കണ്ണകൾ അടക്കുകയും തുറക്കുകയും ചെയ്തു. അപ്പോഴും നിറയെ തുമ്പികൾ. കല്ലുകൾ മഴയായി പെയ്തുകൊണ്ടിരിക്കുന്നു. അവ അവളുടെ കണ്ണുകളിൽ കുന്നായി ഉയർന്നപ്പോൾ അവിടേക്ക് ഒഴുകിയെത്തിയ തുമ്പികളുടെ എണ്ണവും കൂടി കൂടി വന്നു. അരയോളം പൊക്കത്തിൽ കല്ലുകളും വിശ്രമമില്ലാതെ പറന്നെത്തുന്ന തുമ്പികളും അവളിൽ ഭയവും തെല്ലൊരാശങ്കയും സൃഷ്ടിച്ചു.

തെല്ലിടക്കു ശേഷം, തന്റെ കണ്ണിനു മുന്നിൽ വട്ടമിട്ടു പറന്ന ഒരു തുമ്പിയെ മെല്ലെ പിടിച്ചു. വലിപ്പമുള്ള രണ്ടു കണ്ണുകൾ. അതവളെ തുറിച്ചു നോക്കും പോലെ. നീലനിറത്തിലുള്ള നീളൻ ചിറകുകളിൽ നര വീണിരിക്കുന്നു. ശോഷിച്ച കാലുകൾക്ക് ബലക്ഷയം. ചിറകുകളിൽ മഞ്ഞനിറത്തിൽ എന്തോ ഒന്ന് പറ്റിപ്പിടിച്ചിരിക്കുന്നു. തന്റെ ഇടതു കൈ കൊണ്ടെടുത്ത് അവളതിനെ കണ്ണോടടുപ്പിച്ചു.

പെട്ടെന്ന്, കണ്ണുകളിൽ നെടിഞ്ഞിക്കുന്ന്. കുന്നിന്റെ ഉച്ചിയിൽ, പണ്ട് ബ്രിട്ടീഷുകാർ പണിതതെന്നു പറയപ്പെടുന്ന വാട്ടർ ടാങ്ക്. ചുറ്റിലും വലിയ ജലക്കുഴലുകൾ. പിന്നെ, കാറ്റത്ത് പറന്നുകളിക്കുന്ന കൈയറുത്താം പുല്ല് പുല്ലിൽ പൂച്ചവാല് പോലെ, നീളത്തിൽ കയ്യറുത്താമ്പൂവ്.

അവിടെനിന്നും താഴേക്ക് ഒഴുകിയിറങ്ങുന്ന വീടുകൾ. അതിനും താഴെ തോടും വയലും. നടുവിൽ തോടിനെയും വയലിനെയും മുട്ടിയുരുമ്മി, അങ്ങ് കോവിലുവിളവരെ നീണ്ടുപോകുന്ന വരമ്പ്.

നെടുഞ്ഞിക്കുന്നിന് തൊട്ടുതാഴെ തറവാട്. തറവാട് ഇറങ്ങി വന്നാൽ തന്റെ വീട്. എല്ലാമിപ്പോൾ ഒരു ചിത്രം പോലെ കാണാം. കയ്യിലിരിക്കുന്ന തുമ്പിക്കിപ്പോൾ അമ്മമ്മയുടെ മുഖം. ചുറ്റും പാറുന്ന തുമ്പികൾക്ക് അപ്പൂപ്പൻ, കല്യാണി അമ്മച്ചി, അപ്പച്ചൻ... അങ്ങനെ... അങ്ങനെ... ചുറ്റും നിറയെ പ്രിയപ്പെട്ടവരുടെ മുഖങ്ങൾ... മരണമുഖങ്ങൾ!

Surya

നാട്.... നാട്.... നാട്.

നാട് അവളുടെ കഴുത്തിനു പുറകിലെ അസ്ഥിയിൽ പിടിമുറുക്കി. തൊണ്ട വരണ്ടു. അവളുടെ ശരീരത്തിൽ നിന്നും പുറത്തിറങ്ങാനാവാതെ കുടുങ്ങിപ്പോയ ഒരു തുമ്പി ചിറകിട്ടടിച്ചുകൊണ്ടിരിക്കുന്നു. ആ പിടച്ചിലിൽ കണ്ണുകൾ ക്ലോക്കിലേക്കോടി. സമയം 1. 45. ഇപ്പോളിറങ്ങിയാൽ പുലരുമ്പോഴേക്കും നാട്ടിലെത്താം. എത്ര നിയന്ത്രിച്ചിട്ടും ഉള്ളിലിരുന്ന് ആരെക്കൊയോ പിറുപിറുക്കുന്നു. തുമ്പികളിൽ നിന്നും പുറത്തിറങ്ങി പെട്ടെന്ന് ട്രാവൽ ബാഗ് ഒരുക്കി. തുമ്പികൾ ഒളിക്കണ്ണിട്ട് നോക്കുന്നു. ആ സമയമവൾ പരിചിതമല്ലാത്ത ഒരു ലോകത്തിലായിരുന്നു. മരിച്ചവരുടെ ലോകത്ത്. നെടിഞ്ഞിക്കുന്നിന് താഴെ, മരിച്ചു വേരായി തീർന്നവരുടെ ലോകത്ത്.

**അന്നും നെടിഞ്ഞിക്കുന്നിന്റെ ഉച്ചിയിൽ അവരുണ്ടായിരുന്നോ... ആ ഉച്ചവെയിലിൽ... ചിറക് മിനുക്കി, സൊറ പറഞ്ഞ് പാറി നടന്നിരുന്നോ... ഉണ്ടായിരുന്നിരിക്കണം. എന്നെ അവർ കണ്ടില്ലായിരുന്നോ...**

നാട്... നാടിന്റെ മണം... നാടിന്റെ കാറ്റ്...
വെയിലേറ്റ്, കാറ്റിൽ പാറിക്കളിക്കുന്ന കയ്യറത്താം പുല്ലിന്റെ സ്വർണ്ണപ്പൂക്കൾ.

ബസ്റ്റാന്റിലേക്കുള്ള യാത്രയിൽ, നാട്ടിൽ അവസാനമായി പോയതോർത്തു. അപ്പച്ചൻ മരിച്ച ദിവസം. അന്നും നെടിഞ്ഞിക്കുന്നിന്റെ ഉച്ചിയിൽ അവരുണ്ടായിരുന്നോ... ആ ഉച്ചവെയിലിൽ... ചിറക് മിനുക്കി, സൊറ പറഞ്ഞ് പാറി നടന്നിരുന്നോ... ഉണ്ടായിരുന്നിരിക്കണം. എന്നെ അവർ കണ്ടില്ലായിരുന്നോ... താനും അന്നാരെയും കണ്ടില്ലല്ലോ...
ഉപ്പുനീർ നിറഞ്ഞ കണ്ണിൽ ഇരുട്ട് മാത്രമായിരുന്നു അന്ന്. മരണത്തിന്റെ ഇരുട്ട്.
അവിടന്നു പോന്നതിൽ പിന്നെ, വർഷങ്ങൾ ഇലകൾപോലെ കൊഴിഞ്ഞുവീണു. രണ്ടുമുറി അമ്മവീട് അഞ്ചാറുമുറികളുള്ള ആങ്ങളവീടായി. ആവശ്യങ്ങൾ, മരണമായും കല്യാണമായും പാലുകാച്ചലായും കതകിൽ മുട്ടി വിളിച്ചെങ്കിലും നാട് തനിക്ക് അന്യമായിപ്പോയിരുന്നു.

നാട്ടിലേക്ക് ഓടിക്കൊണ്ടിരുന്ന വണ്ടിയിലിരിക്കുമ്പോൾ, ഓർമ്മകളുടെ നനവിലേക്ക് ആഴത്തിലേക്കിറങ്ങിയപ്പോയ വേദനയുടെ അടിവേരുകൾ കാലിലെ ചിലമ്പുന്ന പാദസരത്തിൽ ശ്വാസംകിട്ടാതെ കുടുങ്ങി.
ബസിലേക്ക് തണുത്തകാറ്റ് നുഴഞ്ഞു കയറിയപ്പോഴാണ് അവൾ വീണ്ടും ഓർത്തത്. ‘എവിടെ തുമ്പികൾ..?’
അവൾ പുറകിലേക്ക് മുഖം തിരിച്ചു. ഞങ്ങളിവിടെ ഉണ്ടെന്ന് പറഞ്ഞൊരു തുമ്പി, അവളുടെ മൂക്കുത്തിയിൽ വന്നിരുന്നു. അവൾ ബസ്സാകെ കണ്ണോടിച്ചു. സീറ്റുകളിലും എല്ലായിടത്തും നിറയെ തുമ്പികൾ. കണ്ണുകൾ അടച്ച്.. യാത്ര ആസ്വദിച്ച്... ചിലത് ഇരിക്കുന്നു. ചിലത് മെല്ലെ മെല്ലെ പാറുന്നു.

അവളും മിഴികളടച്ചു. അത് ഇഷ്ടപ്പെടാതെയോ എന്തോ... കാറ്റ് മുഖത്തേക്ക് മുടിയിഴകളെ കൊണ്ടുവന്നിട്ടു. നാട്ടിലെ സ്റ്റാന്റിൽ എത്തിയപ്പോഴേക്കും തുമ്പികൾക്കെല്ലാം നന്നേ മടുത്തിരുന്നു. തനിക്കും. തൊട്ടടുത്തുള്ള കംഫർട്ട് സ്റ്റേഷനിൽനിന്നും ഫ്രെഷായി കടുപ്പത്തിലോരോ ചായ കുടിച്ചു. അവളായിരുന്നു പേ ചെയ്തത്. തുമ്പികളുടെയും കടക്കാരന്റെയും മുഖത്ത് ഒരുപോലെ സന്തോഷം.
അവർ മറ്റൊരു ബസിൽ ആര്യൻകോടിലേക്ക് ടിക്കറ്റ് എടുത്തു. കണ്ണടച്ച് തുറന്നപ്പോഴേക്കും ആര്യൻകോട് എത്തി. അവിടെ നിന്ന് വീട്ടിലേക്ക് പാടവരമ്പാണ്. നടക്കണം. അല്ലെങ്കിൽ ഓട്ടോ വിളിച്ച് ചുറ്റി പോകണം. പണ്ട് ഒത്തിരി നടന്നതല്ലേ... ‘അങ്ങ് നടക്കുന്നേ...’ ന്ന് കാലും വരമ്പും ഒരുപോലെ പറഞ്ഞപ്പോൾ നടക്കാൻ തുടങ്ങി.

ഉള്ളിൽ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ വിതുമ്പിയും ഭ്രാന്തിയെപോലെ ചിരിച്ചും മുന്നോട്ട് നീങ്ങാൻ തുടങ്ങുമ്പോൾ പുറകിൽ അനിയൻ.

"അല്ല, ണേ....നീയെങ്ങനെ വന്ന്?"

"പറന്ന് വന്ന്. നീ കണ്ടില്ലേ... ലാൻഡിംഗ് ഒക്കെ സ്മൂത്തായിരുന്നു."

"ഓ ഞാൻ കണ്ടില്ല കേട്ടാ.. നീ വന്ന് വണ്ടീ കേറ്."

വർഷങ്ങളുടെ ഇടവേള ഒന്നുമില്ലാതെ അവൾ അവനൊപ്പം കയറി. വണ്ടിയിൽ ഇടമില്ലാത്തതു കൊണ്ട്, തുമ്പികൾ അവരുടെ പുറകെ വരിവരിയായി വന്നുകൊണ്ടിരുന്നു.

ഇതേ വരമ്പിൽ വച്ചാണ് ആദ്യമായി താൻ തുമ്പികളെ കണുന്നത്. അന്ന്, അച്ഛനൊപ്പം സ്കൂളിൽ ചേരാൻ പോയപ്പോഴും തിരിച്ചു വരുമ്പോഴും അവൾക്കൊപ്പം തുമ്പികളും ഉണ്ടായിരുന്നു. പിന്നെ പിന്നെ, എന്നും കൂട്ട് വരും. ഉച്ചക്ക് ഗ്രൗണ്ടിൽ ഓടി മടുക്കുമ്പോൾ, ചിറക് വീശി ഇത്തിരിക്കാറ്റ് തന്ന്, വീണ്ടും വീണ്ടും ഓടിപ്പിക്കും. അന്നെല്ലാം എവിടെ പോകുമ്പോഴും കൂട്ട് അവരാണ്, പിന്നീടെപ്പോഴോ അവളറിയാതെ, അവളിൽ നിന്നും ഇറങ്ങിപ്പോയ തുമ്പികൾ.

അനിയന്റെ വീടും വീട്ടിലെ വസ്തുക്കളും വല്ലാതെ പരിചയക്കുറവ് കാട്ടി. പുതിയതിൽ നിന്നും ഏറ്റവും പഴയതിനെ തിരഞ്ഞ്, ഒടുവിൽ കണ്ടെത്തി. അമ്മയുടെ കട്ടിൽ. ഉപയോഗിക്കാത്തതു കൊണ്ടുള്ള ഒരു മണം കട്ടിലിനെ മൂടിപ്പൊതിഞ്ഞിരുന്നു.

അതിൽ നീണ്ടു നിവർന്നു കിടന്നപ്പോൾ, ഒരു നിമിഷം താൻ അമ്മയായിന്ന് ഒരു തോന്നൽ. അമ്മയുടെ ചൂരും ചൂടും തന്നിലേക്ക് ചേരുന്നത് പോലെ. കണ്ണുകൾ മെല്ലെ അടയുമെന്ന് തോന്നിയ സമയം അമ്മത്തുമ്പി കല്ലുമായി അവളുടെ കണ്ണിനു മീതെ വന്നു. കണ്ണിൽ വീഴാതിരിക്കാൻ അവൾ എഴുന്നേറ്റിരുന്നു. അപ്പോൾ, അമ്മത്തുമ്പിയുടെ ചിറകിൽ പറ്റിച്ചേർന്നിരുന്ന കയ്യറത്താംപൂ അവളുടെ കയ്യിലേക്ക് വീണു. അവൾ മുറ്റത്തിറങ്ങി. നെടിഞ്ഞിക്കുന്നിനെ നോക്കി. കുന്ന് ചെറുതായോ, താൻ വലുതായോ...

അവൾ കുന്നിലേക്ക് നീങ്ങി.

"ണേ ചേച്ചി... നീയെങ്ങോട്ട് പോണ്."

അനിയനാണ്.

"കുന്നില്... പൂവ്.."

"കഷ്ടം തന്നെ ട്ടാ... നിന്റെ പിള്ളകളി ഇതുവരെ തീർന്നില്ലേ, ണേ.. അവിടെ മൊത്തം കാടുപിടിച്ചു. പാമ്പ് കുട്ടിയിട്ട് കിടക്കണ്. പോണ്ടാ."

"അത് കുഴപ്പമില്ല. ഞാൻ ശ്രദ്ധിച്ചോളാം."

"ന്നാ പിന്നെ ഞാൻ വണ്ടിയിൽ കൊണ്ടാക്കാം. അവിയൻകോട് വഴി പോയാൽ ഇപ്പോൾ കുന്നിന്റെ മുകളറ്റം വരെ വണ്ടിയിൽ പോകാം."

"വേണ്ടടാ. എനിക്ക് തനിച്ചു പോകണം, നടന്ന്. ഞാൻ പതിയെ അങ്ങ് കയറിക്കോളാം."

അവൾ മുന്നോട്ട് നീങ്ങി. കാടും പടർപ്പും പൊത്തും കുട്ടിയിട്ടു കിടക്കുന്ന പാമ്പുകളും കടന്ന് കുന്നിന്റെ മുകളിലെത്തി. അവളിൽ കുന്നും കുന്നിൽ അവളുംമാത്രം. ചിറകുകൾക്ക് ചായം തേച്ച് വെയിലത്ത് ഉണങ്ങാനായി പാറുന്ന തുമ്പികൾ.... വെയിൽ കാഞ്ഞ്, നിലത്തും പാറകളിലും ചാഞ്ഞു കിടക്കുന്ന തുമ്പികൾ.... കയ്യറത്താം പൂക്കളിൽ, ചെടിത്തുമ്പുകളിൽ, മരച്ചില്ലകളിൽ വിശ്രമിക്കുന്ന, തേനുണ്ണുന്ന തുമ്പികൾ....

ഒരു കൊച്ചുകുട്ടിയെപ്പോലെ അവൾ കയ്യറത്താം പൂക്കളെ ഒടിച്ചെടുത്തുകൊണ്ടിരുന്നു. ദീർഘക്കാലത്തെ അപരിചിതത്വം തോന്നിയതുകൊണ്ടാകണം, കയ്യത്താമ്പുല്ല് അവളുടെ കയ്യിനെ ചെറുതായൊന്ന് നോവിച്ചു. ആ നോവിൽ ഒരു സൂചി ചോര പൊടിഞ്ഞു. ചെറിയൊരു നീറ്റലോടെ അവൾ നെടിഞ്ഞിക്കുന്നിന്റെ മാറിലെ പുൽത്തകിടിയിൽ അമർന്നുക്കിടന്നു. പതിയെ ഉറക്കത്തിലേക്കു വഴുതിയ, മുഴുവനായും അടയാത്ത കണ്ണുകൾ കുന്നിന്റെ മേൽത്തട്ടും കടന്ന് അടിയിലെ മണ്ണിലേക്ക് ആഴ്ന്നിറങ്ങി...



തറവാട്ടിലെ പത്തായക്കട്ടിലിൽ ഒരു സാരിപുതപ്പിനുള്ളിൽ പറ്റിച്ചേർന്ന് അമ്മമ്മയും പേരക്കുട്ടിയും.

"അമ്മമ്മേ... ഈ നെടിഞ്ഞിക്കുന്നിൽ നിധി ഉണ്ടോ?"

"ഉണ്ടല്ലോ... നിറയെ ഉണ്ട്."

"അവിടാരാ നിധി കുഴിച്ചിട്ടത്?"

"പണ്ട്... വളരെ പണ്ട്... ബാങ്കൊന്നും അന്ന് ഇല്ലല്ലോ. ധനികരായ രാജാക്കൻമാരും പ്രഭുക്കന്മാരും ജൻമിമാരും തങ്ങളുടെ സമ്പാദ്യം കുടത്തിലും വാർപ്പിലും ഒക്കെ ഭദ്രമായി അടച്ചുവെച്ച്, കുന്നിന്റെ മുകളിൽ കുഴിച്ചിടും, ആവശ്യം വരുമ്പോ എടുക്കാനായി. ആരോടും അവരത് പറയില്ല. സ്വന്തം വീട്ടിൽ ഉള്ളവരോട് പോലും. അവർ മരണപ്പെട്ടാൽ നിധിയെപറ്റി പിന്നെ ആർക്കും അറിയാൻ പറ്റില്ല. അതങ്ങനെ രഹസ്യമായി അവിടെതന്നെ കിടക്കും."

Surya

രണ്ടോ മൂന്നോ കുഞ്ഞു ശ്വാസ- നിശ്വാസങ്ങളുടെ ഇടവേള.

"ഈ നിധിയിൽ എന്തൊക്കെ കാണും?"

"വിലമതിക്കാനാവാത്തത്രയും പൊന്ന്. പൊന്നിന്റെയും വെള്ളിയുടെയും നാണയങ്ങൾ, രത്നങ്ങൾ... അങ്ങനെ, വിലപിടിപ്പുള്ള, അമൂല്യമായ പലതും കാണും. അതെല്ലാം കുഴിച്ചിടുന്ന ആളോൾടെ കയ്യിലുള്ള വഹകൾപോലെണ്ടാകും. എല്ലാ നിധിയിലും എല്ലാം കാണില്ല. ചിലപ്പോൾ, സ്വർണ്ണ നാണയങ്ങൾ മാത്രം ഉള്ളതാകാം. അല്ലെങ്കിൽ രത്നങ്ങൾ... പവിഴങ്ങൾ... അങ്ങനെ പലതും."

വീണ്ടും രണ്ടോ മൂന്നോ കുഞ്ഞു ശ്വാസ- നിശ്വാസങ്ങളുടെ ഇടവേള.

"അമ്മമ്മേ... ഞാൻ ഒരു സൂത്രം പറയാം, ചെവി കാണിച്ചേ..."

അമ്മമ്മ അവളോട് നല്ലോണം ചേർന്നുകിടന്നു.

"ഞാനെ... വളർന്നു വലുതാകുമ്പോ ഒരു ജെസിബിയുമായി ചെന്ന് ആ നിധിയൊക്കെ എടുക്കും. നോക്കിക്കോ...'

അമ്മമ്മ കുറച്ചുറക്കേ ചിരിച്ചു. അവളെ മാറോടു ചേർത്തു.

"എന്റെ പൊട്ടി പെണ്ണേ.... അതങ്ങനെ കണ്ടോർക്കൊന്നും എടുക്കാൻ പറ്റില്ല. മരിച്ചു കഴിഞ്ഞാലും അവരാ നിധിക്ക് കാവലിരിക്കും. പാമ്പായും ഭൂതമായുമൊക്കെ. അവരുടെ ഒരായുസിന്റെ സാമ്പാദ്യമാണത്. അങ്ങനെ പെട്ടെന്നൊന്നും അവരത് ആർക്കും വിട്ടുകൊടുക്കില്ല. അതുകൊണ്ട്, അത്തരം നിധികളൊക്കെ ആരുടേം കണ്ണിൽ അത്ര പെട്ടെന്നൊന്നും പെടില്ല."

"അപ്പൊ... അതാർക്കും കിട്ടില്ലേ?"

"കിട്ടും. യോഗമുള്ള ചിലർക്ക്. സമയമാകുമ്പോളത് അവർക്കു മുന്നിൽ കാണും. താനേ കുന്നിറങ്ങി വരും."

ഇത്തവണ ശ്വാസ- നിശ്വാസങ്ങളുടെ ഇടവേള കുറച്ചു നീണ്ടുനിന്നു.

"എനിക്ക് കിട്ടുവോ നിധി?"

"കിട്ടൂലോ ... എന്റെ കൊച്ച് ഭാഗ്യമുള്ളവളല്ലേ... നിനക്കും കിട്ടും നിധി. ഒരു ദിവസം, ഒരു മഴരാത്രിയിൽ, നെടിഞ്ഞിക്കുന്നിറങ്ങി വരുന്ന വെള്ളത്തോടൊപ്പം നിധി നിന്റെ ജനാലയിൽ വന്ന് മുട്ടും. അന്നേരം നീ വാതിൽ തുറക്കണം. നിന്റെ കണ്ണിൽ മാത്രമേ അത് തെളിയൂ..."

"ഉം..."

ആഹ്ലാദത്തിന്റെ നീട്ടിയ ഒരു കുഞ്ഞുമൂളൽ..

തെല്ലിടക്കുശേഷം,

"അമ്മമ്മേ... അവിടെള്ള കയ്യറത്താം പൂക്കൾക്കൊക്കെ സ്വർണ്ണത്തിന്റെ നെറമാണല്ലോ... അതെന്താ..."

"അത്... അവിടത്തെ മണ്ണിനടിയിൽ നെറയെ പൊന്നല്ലേ... ആ പൊന്നിലേക്കാണ് അവിടെയുള്ള കയ്യറത്താം ചെടികളുടെ വേരുകൾ പോകുന്നത്. അതുകൊണ്ടാണ് അതിന്റെ പൂക്കൾക്ക് ആ നിറം."

പിന്നെയും പിന്നെയും കുഞ്ഞുകുഞ്ഞു ചോദ്യങ്ങൾ... ഉത്തരം കിട്ടാതെ, നേർത്ത കൂർക്കംവലിയിൽ അലിഞ്ഞു പോയവ.




പിന്നീടവൾ കണ്ണ് തുറക്കുമ്പോൾ, അവൾക്കരികിൽ മരിച്ചു കിടക്കുന്ന തുമ്പികളും ചിതറിക്കിടക്കുന്ന പാറക്കല്ലുകളും മാത്രം. അവളുടെയും തുമ്പികളുടെയും കൈകളിൽ കയ്യറത്താമ്പൂക്കൾ. പുറത്ത്, ആകാശം കരയുന്നുണ്ടായിരുന്നു. ഫ്ളാറ്റിലെ ബാൽക്കണിയിൽനിന്നും ചെടികളുടെ കരച്ചിലും കേൾക്കുന്നുണ്ട്.

"മോളെ... ഡീ... ഒന്നിങ്ങോട്ട് വന്നേഡീ..."
അവൾ ഉറക്കെ വിളിച്ചു. അടഞ്ഞ വാതിൽ തുറന്ന് ഒരു യുവതി ഉറക്കച്ചടവോടെ വന്നു. മുറിയിൽ വെളിച്ചം നിറഞ്ഞു.
"എന്താ അമ്മേ.. ടോയ്‌ലറ്റിൽ പോണോ?"
"മോളെ... നീയിത് കണ്ടോ... മുറിയിലാകെ തുമ്പികൾ ചത്തുക്കിടക്കുന്നു. ഒന്നെടുത്തു കളയൂ... ഈ കല്ലുകളും."
"അമ്മ എന്തായി പറയുന്നേ. തുമ്പിയോ... കല്ലോ... ഇവിടെ ഒന്നുമില്ല."
യുവതി ലൈറ്റ് ഓഫ് ചെയ്ത്, നീരസത്തോടെ മുറി വിട്ടു.

മുറിയിൽ വീണ്ടും ചിറകറ്റ, മരിച്ച തുമ്പികൾ വീഴാൻ തുടങ്ങി. ഉണങ്ങിയതും വാടിയതുമായ, സ്വർണ്ണ നിറമുള്ള കയ്യറത്താം പൂക്കളും പാറക്കല്ലുകളും.
പുറത്ത്, കനത്ത മഴ. ജനൽപാളികൾ ശക്തമായ കാറ്റിൽ കൊട്ടിയടഞ്ഞു.
ജനാലയിൽ ആരോ മുട്ടുന്ന ശബ്ദം. അവൾ കാത് കൂർപ്പിച്ചു. പിന്നെയും പിന്നെയും കേൾക്കുന്നു. തന്നെ പ്രതീക്ഷിച്ച് ആരോ പുറത്തുണ്ട്.
"ആരാത്...."
ഉള്ളിൽ ഭയം കവിഞ്ഞു നിന്നിരുന്നെങ്കിലും, കഴിയാവുന്നത്ര ശബ്ദമുയർത്തിയാണ് ചോദിച്ചത്.
"ഒരു ദിവസം, ഒരു മഴരാത്രിയിൽ, നെടിഞ്ഞിക്കുന്നിറങ്ങി വരുന്ന വെള്ളത്തോടൊപ്പം അത് നിന്റെ ജനാലയിൽ വന്ന് മുട്ടും. അന്നേരം നീ വാതിൽ തുറക്കണം. നിന്റെ കണ്ണിൽ മാത്രമേ അത് തെളിയൂ..."

ഉച്ചത്തിൽ മുട്ടിവിളിക്കുന്ന ആ ശബ്ദത്തോടൊപ്പം, അമ്മമ്മയുടെ പതിഞ്ഞ ശബ്ദവും അലിഞ്ഞിരുന്നത് ഇക്കുറി അവൾ വ്യക്തമായി കേട്ടു. [redacted]

ഡോ. രോഷ്നി സ്വപ്ന കവിത



# എനിക്ക് പിന്നിൽ പറക്കാതെ നിൽക്കുന്ന ഒരു പക്ഷിയുണ്ട്

എനിക്ക് പിന്നിൽ
പറക്കാതെ നിൽക്കുന്ന
ഒരു പക്ഷിയുണ്ട്.

നിനക്കൊപ്പം നിൽക്കുന്നത്
ഞാനാണ്
പക്ഷേ
നിനക്കൊപ്പം കാണുന്ന നിഴൽ
എന്റേതല്ല.

ഇലകൾക്കറിയാം-
ഏതു മരത്തിൽ മുളക്കണമെന്ന്!

പക്ഷേ ജലം കൊണ്ടു തുള വീണ
മണ്ണിനെ തിരിച്ചറിഞ്ഞു മുളക്കാൻ
വിത്തിനു മാത്രമേ കഴിയൂ.

നീ സംസാരിക്കുന്നത്
എന്നോടായിരിക്കാം...

പക്ഷി ഇപ്പോഴും എന്റെ മുന്നിൽ
പറക്കാതെ നിൽക്കുന്നു.

അത് മിണ്ടുന്നില്ല.

അതിന്റെ മൗനത്തിൽ
കറുത്ത തിരമാലകൾ തിളക്കുന്ന
ഒരു കടലുണ്ട്.
വെണ്ണ പോലെ ചിറകുകൾ വീശി,
ആ കടലിൽ നീന്തുന്ന
വെളുത്ത കൊക്കുകളുണ്ട്.

ഉരുണ്ടുകൂടിയ പാറക്കല്ലുകൾക്കിടയിൽ
കുരുങ്ങിപ്പോയ മീനുകളോട്
ഞാൻ എന്റെ ജീവിതം പറയുന്നു.

എനിക്ക് കൂട്ടായി
ദൈവങ്ങളും പിശാചുക്കളും
യക്ഷിയും ബുദ്ധനും വരുന്നു.

എന്റെ മരണസമയത്ത് പൂക്കാൻ
ഒരു മുല്ല
തിടുക്കപ്പെട്ട് മരമായ് മുളക്കാൻ ഒരുങ്ങുന്നു.

ആരോ
എനിക്ക് ഒരു കോപ്പ വിഷം തരുന്നു,
ഒന്നും പറയാതെ
ഞാൻ അത് കുടിക്കുന്നു.

Surya





ഇടമൺ രാജൻ

മൊഴിമാറ്റ കഥ

തമിഴ് കഥ:
പി. കരുണാകര മൂർത്തി

# ഉണർവോടു വിളയാടും പറവൈകൾ

ഞാനൊരു വീടു തേടിക്കൊണ്ടിരുന്നു. എന്നാൽ എന്റെ ജോലി സ്ഥലത്തു നിന്നും അൽപ്പം അകലെയായിരുന്നു അത്. യാത്രാസൗകര്യങ്ങൾ ഒരളവ് തൃപ്തികരം. ഫ്ളാറ്റിലെ മൂന്നാമത്തെയോ നാലാമത്തെയോ നിലയിലായിരുന്നു വീട്.

അവസാനം ഹന്നാ എന്നൊരു സ്ത്രീ തന്റെ വീടിന്റെ പകുതി വാടകയ്ക്കു കൊടുക്കാൻ താൽപ്പര്യപ്പെട്ടുകൊണ്ട് Zweitehand പത്രത്തിൽ ഒരു ചെറുപരസ്യം കൊടുത്തിരുന്നതു കണ്ടു. സാധാരണയായി വീടിന്റെ പകുതി വാടകയ്ക്കു കൊടുക്കുന്നവർ പുരുഷൻമാർക്കു കൊടുക്കാറില്ല. എന്നാലും ഒരു വിദേശ പൗരന് വീട് വാടകയ്ക്കു കൊടുക്കുമോ എന്നു ചോദിച്ച് ഞാൻ ഹെന്നയ്ക്ക് ഒരു മെസേജ് അയച്ചു. അന്നു തന്നെ മറുപടി കിട്ടി. ഒരു വാടകക്കാരൻ ഉടമസ്ഥനുമായി സഹകരിച്ചു പോകുന്ന ഒരാളായിരിക്കണമെന്നതാണ് പ്രധാനം. സ്ത്രീ/പുരുഷൻ, സ്വദേശി/ വിദേശി, കറുപ്പ്/ വെളുപ്പ് ഇതൊന്നും എനിക്കു പ്രശ്നമല്ല.

അടുത്ത ദിവസം അവൾ പറഞ്ഞ സമയത്തു പോയി വീടു കണ്ടു. അത് വേണ്ടെന്നു പറയാനുള്ള കാരണങ്ങളൊന്നുമുണ്ടായിരുന്നില്ല. ആ വീട്ടിൽ നേരത്തേ താമസിച്ചിരുന്നവർ കൊടുത്തിരുന്ന എഗ്രിമെന്റ് അവളുടെ കൈവശമുണ്ടായിരുന്നു. ഒരു മാസം താമസിച്ച് മാനസികമായി ഇരുവർക്കും ഒത്തു പോകാൻ കഴിയുന്നില്ലെങ്കിൽ വാടകച്ചീട്ട് റദ്ദാകുമെന്നല്ലാതെ മറ്റൊരു നിബന്ധനകളും അവൾ നിർദ്ദേശിച്ചില്ല. നല്ല വിവരമുള്ള സ്ത്രീയാണവൾ എന്നെനിക്കു തോന്നി. അങ്ങനെ ഞാനവിടെ താമസം തുടങ്ങി.

ആ വീട് ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം 1925ൽ കെട്ടിയതും പഴയ കെട്ടിടങ്ങളുടെ ആയുസ്സ് നിർണ്ണയിക്കുന്ന Landes denk malamtes Berlin, ഇനിയും 100–150 കൊല്ലത്തേക്ക് കെട്ടിടം സുരക്ഷിതമായിരിക്കുമെന്നു സർട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്. പഴയ വീട് തെരഞ്ഞെടുക്കുന്നതിനു കാരണം പുതിയ വീടിനേക്കാൾ അതിന് വാടക കുറഞ്ഞിരിക്കുമെന്നതാണ്. ചില വീടുകളിൽ ലിഫ്റ്റ് ഉണ്ടായിരിക്കുകയില്ല.

എന്റെ വീട് ഒന്നാം നിലയിലിരുന്നതിനാൽ എനിക്കത് പ്രശ്നമായിരുന്നില്ല. ധാർമ്മികമായി നോക്കിയാൽ ഇത്തരം ചിന്തകൾ സ്വാർത്ഥതയാണ്.

വീടിന്റെ ചിത്രപ്പണികൾ ചെയ്ത പ്രധാന മരവാതിൽ ഇരുകൂട്ടർക്കും പൊതുവായതാണ്. അത് റോൾസ് റോയിസിന്റെ ഡോർ പോലെ ശബ്ദമുണ്ടാക്കാതെ മൃദുവായി തുറക്കുകയും അടയ്ക്കുകയും ചെയ്യാം.

അതിന്റെ താക്കോൽ രണ്ടുപേർക്കുമുണ്ടായിരുന്നു. ഞങ്ങളുടെ ബെഡ്റൂമുകൾക്കിടയിൽ ഒരു നീണ്ട ഇടനാഴിയുണ്ട്. അതിന്റെ അവസാനത്തിൽ 'L' ആകൃതിയി ലുള്ള പൊതുവായ അടുക്കള. അതിന്റെ ഒരു വശത്ത് നീളത്തിലുള്ള ഒരു തീൻമേശയും ചുറ്റും കസേരകളുമുണ്ടായിരുന്നു. എനിക്ക് വിരുന്നുകാർ ആരെങ്കിലും വന്നാൽ ആ മേശയ്ക്കു ചുറ്റുമിരുത്തിയാണ് ഉപചരിക്കുന്നത്.

ഒരിക്കൽ ഹെന്നയുടെ സഹപാഠിയായിരുന്ന ഒരു യുവതി തെക്കൻ സംസ്ഥാനത്തിലുള്ള Augsburg നഗരത്തിൽ നിന്നും വന്ന് രണ്ടുനാൾ ഇവിടെ തങ്ങിയിരുന്നു. അതല്ലാതെ അവളുടെ ബന്ധുക്കളെന്നു പറഞ്ഞ് ആരും അവിടെ വന്നു താമസിച്ചിരുന്നില്ല. ഇരുവർക്കും അവരുടേതായ ജീവിത രീതികൾ ഉണ്ടായിരുന്നു.

തുടക്കത്തിൽ ഞങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഫ്രിഡ്ജ് ഉണ്ടായിരുന്നു. അവൾക്ക് Chianti Classico, Famiglia Barberad, Asti പോലെയുള്ള ചുവപ്പു വൈൻ വളരെ പ്രിയപ്പെട്ടതാണ്. അവയൊന്നും ഫ്രിഡ്ജിൽ സൂക്ഷിക്കേണ്ട ആവശ്യമില്ല. അവയ്ക്കു കേടു വരാറില്ല. വേണമെങ്കിൽ ഉപയോഗിക്കുന്നതിനു മുമ്പ് അൽപ്പനേരം ഫ്രിഡ്ജിൽ വെച്ചാൽ മതിയാകും.

ഒരിക്കൽ അവൾതന്നെ പറഞ്ഞു,

"ജീവൻ, നിനക്ക് എന്തിനാണ് സ്വന്തമായൊരു ഫ്രിഡ്ജ്? അൽപ്പം ജ്യൂസും ബിയറും മുട്ടകളും മീനും ചിക്കനും മാത്രം വെച്ചാൽ മതിയല്ലോ? നിന്റെ ഫ്രിഡ്ജ് ഓഫ് ചെയ്ത് അതിലുള്ള സാധനങ്ങൾ എന്റെ ഫ്രിഡ്ജിൽ വെച്ചോളൂ. കരണ്ടു ചാർജിനും പരിസ്ഥിതിക്കും അതു നല്ലതാണ്."

അവൾ Femina, Freundin, flow, Brigitte, Gala Cosmopolitan, Vogue മുതലായ വനിതാ മാസികകൾ താൽപ്പര്യപൂർവ്വം വായിക്കുന്നവളാണ്. കൂടാതെ ത്രില്ലറുകൾ, നോവലുകൾ മുതലായവയിലും താൽപ്പര്യമുണ്ട്.

എന്നാൽ അതെല്ലാം പൊതു പുസ്തകവിതരണ കേന്ദ്രത്തിൽ നിന്നോ, ലൈബ്രറികളിൽ നിന്നോ വായിക്കുകയോ, അല്ലെങ്കിൽ ആരെങ്കിലും വായിച്ച് തെരുവിൽ ഉപേക്ഷിക്കുന്നത് എടുത്തുവരികയോ ചെയ്യുന്നതല്ലാതെ പണം മുടക്കി വാങ്ങാറില്ല.

Surya

അവൾ Femina, Freundin, flow, Brigitte, Gala Cosmopolitan, Vogue മുതലായ വനിതാ മാസികകൾ താൽപ്പര്യപൂർവ്വം വായിക്കുന്നവളാണ്. കൂടാതെ ത്രില്ലറുകൾ, നോവലുകൾ മുതലായവയിലും താൽപ്പര്യമുണ്ട്.

എന്നാൽ അതെല്ലാം പൊതു പുസ്തകവിതരണ കേന്ദ്രത്തിൽ നിന്നോ, ലൈബ്രറികളിൽ നിന്നോ വായിക്കുകയോ, അല്ലെങ്കിൽ ആരെങ്കിലും വായിച്ച് തെരുവിൽ ഉപേക്ഷിക്കുന്നത് എടുത്തുവരികയോ ചെയ്യുന്നതല്ലാതെ പണം മുടക്കി വാങ്ങാറില്ല.

അവർക്ക് മറ്റൊരു പൊതുമുറിയും അതിനുള്ളിൽ ഒരു ടെലിവിഷനും രണ്ടു കുഷനിട്ട കസേരകളുമുണ്ടായിരുന്നു. കാലക്രമത്തിൽ അടുക്കളയിലൂടെ ഞങ്ങൾക്കിടയിൽ അടുപ്പവും പരസ്പരം മനസ്സിലാക്കലും ലോക കാര്യങ്ങളെപ്പറ്റിയുള്ള ചർച്ചകളും നടന്നു കൊണ്ടിരുന്നു. ഒരു രാത്രിയിൽ രണ്ടു പേരും ഭക്ഷണം കഴിച്ചു കൊണ്ട് വളരെ നേരം സംസാരിച്ചിരുന്നു. അവൾ ഇടയ്ക്കിടെ അവളുടെ പ്രിയപ്പെട്ട Chianti റെഡ് വൈൻ മുൻപില്ലാത്ത വിധം ധാരാളമായി കുടിച്ച് സമനില തെറ്റാൻ തുടങ്ങിയിരുന്നു.

'ചാരായം ഉള്ളിൽപ്പോയാൽപ്പിന്നെ രഹസ്യങ്ങൾ പുറത്തുവരാതിരിക്കുമോ?'

അന്നാണ് അവൾ തന്റെ കുടുംബം, ചെറുപ്പകാലം ഇതെപ്പറ്റിയെല്ലാം എന്നോടു തുറന്നു പറയുന്നത്. DHL കമ്പനി വാഹനങ്ങളിൽ ചെറു സാധനങ്ങൾ വിതരണം ചെയ്തു കൊണ്ടിരുന്ന എനിക്ക്, എടുത്തു പറയത്തക്ക ഉദ്യോഗ മാഹാത്മ്യങ്ങളൊന്നും ഉണ്ടായിരുന്നില്ല.

"ഹന്നാ, വിവാഹത്തെപ്പറ്റി എന്താണഭിപ്രായം?"എന്ന് ഞാനൊരിക്കൽ ചോദിച്ചപ്പോൾ, താൻ ധാരാളം സ്ത്രീപക്ഷ രചനകളുടെ വായനക്കാരിയാണെന്നും അതുകൊണ്ട് തനിക്ക് കല്യാണത്തിലൊന്നും വലിയ വിശ്വാസമില്ലെന്നു ഞാൻ പറയുമെന്നും ഒരുപക്ഷേ നിങ്ങൾ പ്രതീക്ഷിച്ചിരിക്കും. എന്നാൽ, സ്ത്രീകളെ സംബന്ധിച്ചിടത്തോളം വിവാഹം നല്ലതു തന്നെയാണെന്നാണ് തന്റെ അഭിപ്രായമെന്ന് അവൾ തുറന്നു പറഞ്ഞു.

"എന്തു കൊണ്ടാണ് വിവാഹം പുരുഷൻമാരെക്കാൾ സ്ത്രീകൾക്കാണ് നല്ലതെന്നു പറയുന്നത്? പെണ്ണിനോടൊപ്പം ഒരു പുരുഷനും ചേർന്നു താമസിക്കുന്നതിനാണ് വിവാഹം എന്നു പറയുന്നത്. ചില വിഷയങ്ങൾ ഈ മണ്ടനു മനസ്സിലാകുന്ന രീതിയിൽ ത്തന്നെ പറഞ്ഞു തരൂ..."

"പറയാം, കേൾക്ക്.", എന്നു പറഞ്ഞവൾ തന്റെ ഗ്ലാസ്സിലേക്ക് വീണ്ടും വൈനൊഴിച്ച്, ഒരിറക്കു കുടിച്ച ശേഷം അൽപ്പനേരം മൗനമായിരുന്നു.

ആ മൗനം, ഇവനോട് ഇക്കാര്യം പറയണോ വേണ്ടയോ എന്ന സന്ദേഹമായിരിക്കുമോ എന്നവൻ ഒരു നിമിഷം ചിന്തിച്ചു.

അവൾ തുടർന്നു,

"ഞാൻ ജനിക്കുമ്പോൾ എന്റെ മാതാപിതാക്കൾ വിവാഹിതരാകാതെ കൂടിത്താമസിക്കുകയായിരുന്നു. ഒരിക്കൽ എന്റെ കുടുംബപ്പേര് എങ്ങനെയാണ് കിട്ടിയതെന്ന് ഞാൻ അമ്മയോട് ചോദിച്ചു. നീ ജനിച്ചപ്പോൾ എന്നോടൊപ്പം താമസിച്ചിരുന്ന ജോനസ് എന്നയാളാണ് നിന്റപ്പനെന്നു ഞാൻ കരുതിയിരുന്നതു കൊണ്ടും  അയാളുടെ 'മേയർ' എന്ന കുടുംബപ്പേര് 'പ്രഥമ പൗരൻ' എന്ന അർത്ഥമുള്ളതായിരുന്നതു കൊണ്ടും അതു തന്നെ സ്വീകരിച്ചു എന്ന് അമ്മ പറഞ്ഞു."

ഇതു പറയുമ്പോൾ അവളുടെ കണ്ണുകൾ കലങ്ങിയിരുന്നു. അവളുടെ വിഷമം മാറ്റാനായി ഞാൻ പറഞ്ഞു,

"ജർമ്മനിയിൽ ഒരമ്മ  വിചാരിച്ചാൽ അവർക്ക് അവരുടെ കുടുംബപ്പേര് തന്റെ സ്വന്തം കുട്ടികൾക്കു നൽകാൻ കഴിയുമല്ലോ."

അവൾ വീണ്ടും അൽപ്പനേരം കൂടി മേശയിൽ ചാരിയിരുന്ന ശേഷം എഴുന്നേറ്റ്, ഗുഡ് നൈറ്റ് പറഞ്ഞ്  അൽപ്പം ചാഞ്ചാട്ടത്തോടെ അവളുടെ മുറിയിലേക്കു പോയി.

ഒരിക്കൽ അവൾക്ക് പനി പിടിച്ചു. പ്രേതത്തെക്കണ്ടവളെപ്പോലെ വിറച്ചു കൊണ്ടിരുന്നു. Nova minnsulfon 500 mg ഗുളിക ഒരു സ്ട്രിപ്പ് വാങ്ങിക്കൊടുത്ത ശേഷം ഒരു തുണ്ട് ബാൻഡേജ് നനച്ച് അവളുടെ നെറ്റിയിൽ ഒട്ടിച്ചു കൊടുത്തു. രണ്ടു മണിക്കൂറിനു ശേഷം അളന്നു നോക്കുമ്പോൾ 39 ൽ നിന്നും 37 ഡിഗ്രിയായി പനി കുറഞ്ഞിരുന്നു.

"രണ്ടു ഡിഗ്രിയേ കുറഞ്ഞുള്ളൂ." ഞാൻ പറഞ്ഞു.

"എന്നെ അൽപ്പനേരം കെട്ടിപ്പിടിച്ചാൽ ഇനിയും കുറയും." അവൾ ഗൗരവത്തിൽ പറഞ്ഞു.

Continue ...



ഒരിക്കൽ അവൾക്ക് പനി പിടിച്ചു. പ്രേതത്തെക്കണ്ടവളെപ്പോലെ വിറച്ചു കൊണ്ടിരുന്നു. Nova minnsulfon 500 mg ഗുളിക ഒരു സ്ട്രിപ്പ് വാങ്ങിക്കൊടുത്ത ശേഷം ഒരു തുണ്ട് ബാൻഡേജ് നനച്ച് അവളുടെ നെറ്റിയിൽ ഒട്ടിച്ചു കൊടുത്തു. രണ്ടു മണിക്കൂ റിനു ശേഷം അളന്നു നോക്കു മ്പോൾ 39 ൽ നിന്നും 37 ഡിഗ്രിയായി പനി കുറഞ്ഞിരുന്നു.

"രണ്ടു ഡിഗ്രിയേ കുറഞ്ഞുള്ളൂ."

ഞാൻ പറഞ്ഞു.

"എന്നെ അൽപ്പനേരം കെട്ടിപ്പിടിച്ചാൽ ഇനിയും കുറയും."

അവൾ ഗൗരവത്തിൽ പറഞ്ഞു.

അടുത്ത ദിവസം മാർക്കറ്റിലേക്ക് എന്റെ വാഹനത്തിൽ പോയിരുന്നു. ഹന്നാ ക്ഷീണിതയായിരുന്നതുകൊണ്ട് എനിക്കാവശ്യമുള്ളതു വാങ്ങിയ ശേഷം അവൾക്കു വേണ്ടി വൈൻ, ഗോതമ്പുമാവ്, ഉരുളക്കിഴങ്ങ്, പാചകത്തിനുള്ള എണ്ണ, വെള്ളം എന്നീ അത്യാവശ്യ സാധനങ്ങൾ വാങ്ങിക്കൊണ്ടുവന്നു കൊടുത്തു.

"ഹൗ... ഇതെല്ലാം നീ എന്നെ കെട്ടിയ ശേഷം പോരായിരുന്നോ? എന്തിനാ മിസ്റ്റർ ഇപ്പോഴേ ഇത്രയും കഷ്ടപ്പെടുന്നത്?"

അവൾ ചോദിച്ചു.






"പിന്നെ ആ ഉഷ്ണം എന്നിലേക്ക് വ്യാപിച്ചാൽ ഞാനെന്തു ചെയ്യും?" ഞാൻ ചോദിച്ചു.

"ലഘുവായി ഒന്നു കെട്ടിപ്പിടിച്ചാൽ ആർക്കും വലിയ നഷ്ടമൊന്നും വരാൻ പോകുന്നില്ല, മിസ്റ്റർ..! സാധാരണ ശരീരം ചൂടാകുമ്പോൾ എന്തു ചെയ്യുമോ അതു ചെയ്യാമോ?"

കണ്ണിറുക്കി അവൾ ചോദിച്ചു.

"സാധാരണയായി എന്താണ് ചെയ്യുന്നതെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ!"

എന്ന് കൃത്രിമമായ ഒരു കോപം നടിച്ച് ഞാൻ പറഞ്ഞു.

"വെറുതെയൊരു സാമൂഹ്യ സേവനമാണെന്നു കൂട്ടിക്കോളൂ...."

"നമ്മൾ കെട്ടിയ ശേഷവും ഇതു പോലെ സത്യമായി എനിക്കു സാധനങ്ങൾ വാങ്ങി ചുമന്നു കൊണ്ടുത്തരുമോ, ഡിയർ?"

കണ്ണുകളിൽ കുസൃതിയോടെ അവൾ ചോദിച്ചു.

"വൈ നോട്ട്?"

അവളെന്റെ കൈ പിടിച്ച് ഉമ്മ വെച്ച്, മൃദുവായി തലോടിക്കൊണ്ടിരുന്നു.




ഞങ്ങളുടെ അടുക്കളയുടെ കിഴക്കു ചുവരിലും ഒരു വാതിലുണ്ടായിരുന്നു. അതു വഴിയിറങ്ങി, പിന്നിലുള്ള ഫ്ളാറ്റുകളിലുള്ളവരുടെ കാർപാർക്കിങ്ങിലെത്താം. ഞങ്ങളുടെ വീടിനു മുന്നിലൂടെ ഒരു ട്രാം ഓടുന്നുണ്ട്. ഇത് കിഴക്കോട്ടു രണ്ടോ മൂന്നോ സ്റ്റേഷനുകൾ കടന്ന്, പ്രസിദ്ധമായ Queen Elisabeth ഹൃദ്രോഗാശുപത്രിയിൽ അവസാനിക്കും.

ഒരിക്കൽ ഹന്നാ ആ വാതിലിലൂടെ പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങി ഏതോ ഒരുവനെ കെട്ടിപ്പിടിച്ചു നടന്ന് ട്രാം കയറിപ്പോയി. പണ്ടൊരിക്കൽ എന്നെ വഴിയിൽക്കണ്ടപ്പോൾ "മിസ്റ്റർ, ഇവിടെ വേശ്യാലയങ്ങളുണ്ടോ?" എന്നു ചോദിച്ച ചെറുപ്പക്കാരൻ ഇവൻതന്നെ എന്നു ഞാൻ സംശയിച്ചു. അന്നു ഞാൻ അധികം കുടിച്ചിരുന്നോ? ആ ചെറുപ്പക്കാരനെ ഹന്നാ മറ്റൊരു യുവതിയോടൊപ്പം വീട്ടിൽ കൂട്ടിക്കൊണ്ടു വന്ന് വിരുന്നൊരുക്കിക്കൊടുത്തിരുന്നതുപോലെ എനിക്കു തോന്നി. അന്നു രാത്രിയിൽ നടന്ന സംഭവങ്ങൾ കൃത്യമായി ഓർത്തെടുക്കാൻ കഴിയുന്നില്ല. അവനെയോ കൂടെ വന്ന പെണ്ണിനെയോ ഹന്നാ പരിചയപ്പെടുത്തിയിരുന്നുമില്ല.

"ജീവൻ എന്തിനാണ് കല്യാണം കഴിക്കുന്നത്? അവനൊരു വെപ്പാട്ടിയെ സ്ഥിരമായി വെച്ചിട്ടുണ്ടല്ലോ?" എന്ന് സുഹൃത്തുക്കൾ പറഞ്ഞത് എന്റെ കാതിലുമെത്തി. കുറെക്കൂടി അടുപ്പമുള്ളവർ എന്നോട് കർശനമായി, "ടേയ്, നീയൊരു കൂത്തിച്ചിയോടൊപ്പമാണല്ലോ പൊറുക്കു ന്നത്? പറഞ്ഞു കേൾക്കുന്നു, സത്യമാണോ? നിനക്ക് പേരുദോഷമുണ്ടാകത്തില്ലേടാ..." എന്നൊക്കെപ്പറഞ്ഞ് സഹതപിച്ചു.

"നിനക്കാരും പെണ്ണു തരത്തില്ലെടാ" എന്നവർ ഭയപ്പെടുത്തി. ഇതു കേട്ടാൽ തോന്നും ഞാനെവിടെയോ പോയി പെണ്ണു ചോദിച്ചെന്ന്! എന്റെ കൂട്ടുകാരായ പിശാചുക്കൾ, ഹന്നാ എന്റെ വെപ്പാട്ടിയാണെന്നു കുറ്റപ്പെടുത്താനുള്ള കാരണം അവൾ ചെയ്യുന്ന വിവാദപരമായ തൊഴിലാണ്.

Continue ...

ഒരിക്കൽ ഹന്നാ എന്നോടു പറഞ്ഞു,
“ഞാനെന്തു തൊഴിലാണ് ചെയ്യുന്നതെന്നറിയാൻ നിനക്കു താൽപ്പര്യം കാണും. എങ്കിലും ഇത്ര കാലം നാം ഒരുമിച്ചു കഴിഞ്ഞിട്ടും അതേപ്പറ്റി ചോദിക്കാതിരുന്നല്ലോ, നിന്റെ ആ സംസ്കാരത്തെ ഞാനിഷ്ടപ്പെടുന്നു. 1990-ൽ ബർലിൻ ജർമ്മനിയുടെ തലസ്ഥാന നഗരമായ ശേഷം നമ്മൾ ഉല്ലാസ പൂർവ്വം സംസാരിച്ചു കൊണ്ടിരുന്ന ഒരു സായാഹ്നത്തിൽ ജർമ്മനിയിലെ തൊഴിൽ സാധ്യതകളെപ്പറ്റി നടന്ന ഒരു ചർച്ച നമ്മുടെ സംഭാഷണത്തെ തടസ്സപ്പെടുത്തി. ബർലിൻ തലസ്ഥാനമായതോടെ ഇവിടെയുള്ള താൽക്കാലിക സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ആവശ്യങ്ങളും അവിടെ ജോലിസാധ്യതകൾ വർദ്ധിച്ചതിനെപ്പറ്റിയുമെല്ലാം ചർച്ചകൾ നടന്നു. വിദേശങ്ങളിൽ നിന്നോ ജർമ്മനിയിലെ വിവിധ നഗരങ്ങളിൽ നിന്നോ വ്യാപാര സംബന്ധമായി ബർലിനിൽ വരുന്നവർക്ക് അതേ സംബന്ധിച്ച വിവരങ്ങൾ വളരെ കുറച്ചു മാത്രമേ ലഭിച്ചിരുന്നുള്ളൂ. അങ്ങനെയുള്ളവരുടെ വ്യാപാരാവശ്യങ്ങളെപ്പറ്റി പഠിക്കുന്നതിനും ഇവിടെ പുതിയതായി വ്യാപാരം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനും പ്രത്യേകം സംഘങ്ങളെ നിയോഗിച്ചു. ഒരു പുതിയ ഹോട്ടലോ ചെരുപ്പുകടയോ ആരെങ്കിലും തുടങ്ങാനാഗ്രഹിച്ചാൽ അവിടെ വരുന്ന വാഹനങ്ങളുടെയും കാൽനടയാത്രക്കാരുടെയും കണക്കെടുപ്പു നടത്തും. അതിന് സെക്രട്ടേറിയൽ സർവ്വീസിന്റെ സഹായം വേണം. അവിടെ ജോലി ചെയ്യുന്നവർക്ക് പല വിദേശ ഭാഷകളും തൊഴിൽ പരിചയവും ആവശ്യമാണെന്ന് ഹന്നാ പറഞ്ഞു.

ഒരിക്കൽ Berlin Prenzlauerberg-ൽ ഒരു ജൂത കുടുംബത്തിന് സ്വന്തമായുള്ള 4600 ചതുരശ്രമീറ്റർ നിലം, അതിന്റെ അവകാശികളായ ഓരോരുത്തരെയും കണ്ടു സംസാരിച്ച് സമ്മതം വാങ്ങി Cuxhavense ഒരു കൺസ്ട്രക്ഷൻ കമ്പനിക്ക് വാങ്ങിക്കൊടുത്തതിന് തനിക്ക് ഒരു ലക്ഷം ജർമ്മൻ മാർക്ക് കമ്മീഷൻ ലഭിച്ചതായി അവൾ പറഞ്ഞു. തന്റെ ജോലി വിജയകരമായി നടപ്പാക്കുന്നതിന് പലയിടങ്ങളിലും നല്ലൊരു നടിയായിത്തീരേണ്ടിവരുമെന്നും അവൾ കൂട്ടിച്ചേർത്തു.

USA Noveda യിലെ Las Vegas പോലെയും ബ്രസീലിലെ San Paulo പോലെയും Spain പോലെയും Ibiza പോലെയും ജർമ്മനിയിൽ ബർലിൻ നഗരത്തിലെ രാത്രിജീവിതം ലോക പ്രസിദ്ധമാണ്. ബർലിനിലേക്ക് വ്യാപാര സംബന്ധമായി വരുന്നവർ ഉല്ലാസപ്രിയരായിരുന്നാൽ അവർ ആവശ്യപ്പെടുന്ന ക്ലബ്ബുകൾ, ബാറുകൾ, ഉല്ലാസ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്കെല്ലാം അവരെ കൂട്ടിക്കൊണ്ടു പോകേണ്ടിവരും.

ഒരിക്കൽ ഞങ്ങളുടെ സെക്രട്ടേറിയൽ സർവ്വീസ് ഹോട്ട് ലൈൻ ഫോണിലേക്ക് ഒരാൾ വിളിച്ചു. തെക്കൻ ജർമ്മനിയിലെ Baden-Wurttemberg ലെ Stuttgart നഗരത്തിൽ നിന്നും പുതിയ ഒരു കസ്റ്റമർ സംസാരിച്ചു. അവരുടെ വ്യാപാരസംബന്ധമായ കാര്യങ്ങളെല്ലാം ചർച്ച ചെയ്ത ശേഷം മടിച്ചുമടിച്ച് മൃദുവായ ശബ്ദത്തിൽ ചോദിച്ചത്രേ, ‘ടോക്യോയിലും ലാവോസിലുമെല്ലാം സെക്രട്ടറിമാർ കട്ടിൽ വരെയുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുമത്രേ! നിങ്ങളുടെ സ്റ്റാഫ് എങ്ങനെ? സെക്സ് ചെയ്യുമോ?‘ എന്ന്.

‘അതെല്ലാം വ്യക്തിപരമായ വിഷയങ്ങളാണ്. അത് നിങ്ങൾ തമ്മിലുള്ള ഇടപെടലുകളുമായി ബന്ധപ്പെട്ടതാണ്. അതിലൊക്കെ മാനേജ്മെന്റിന് ഇടപെടാൻ കഴിയുമോ?‘ എന്ന മറുചോദ്യം കേട്ട് സന്തോഷത്തോടെ അയാൾ ഫോൺ കട്ടു ചെയ്തുപോലും...

ഒരു രാത്രി ഭൂഗർഭ റയിലിൽ യാത്ര ചെയ്യുമ്പോൾ എന്റെയടുത്തിരുന്ന, എന്നേക്കാൾ പത്തുവയസ്സ് കൂടുതലുള്ള ഒരു സ്ത്രീ എന്നോട് അവകാശഭാവത്തിൽ ചോദിച്ചു,
“മിസ്റ്റർ എങ്ങോട്ടാണ്?”
“Morit platz”
“അങ്ങനെയോ? അവിടെയിറങ്ങി നമുക്കൊരു ബാറിൽ പോകാമോ?” അവർ ചോദിച്ചു.
“അത് ഇന്ററസ്റ്റിംഗ് ആണ്. എന്നാൽ ചേച്ചി ക്ഷമിക്കണം. അതിനുള്ള തയ്യാറെടുപ്പിലല്ല, ഞാൻ.”
“മിസ്റ്റർ, Then what do you do for sex?”
അവർ സർവ്വ സാധാരണമെന്ന പോലെ ചോദിച്ചു.
‘Never with strangers.’
എന്നു പറയാനാണ് എനിക്കു തോന്നിയത്. എന്തിനാണവരെ വേദനിപ്പിക്കുന്നത് എന്നു കരുതി വളരെ പണിപ്പെട്ട് വാക്കുകളെ അടക്കി.

ഈ അനുഭവം അവൻ ഹന്നയുമായി പങ്കു വെച്ചു.
“സുന്ദരിയായ ഒരുത്തിയെ വീട്ടിനുള്ളിലെ കട്ടിലിൽ കിടത്തിയിട്ട് രാത്രി മുഴുവൻ ഇടനാഴിയിലെ സോഫയിൽ കിടന്നുറങ്ങിയ നിന്നെ കണ്ടപ്പോഴാണ് നിന്റെ ഏതെങ്കിലും അവയവത്തിന് എന്തെങ്കിലും ബലഹീനത കാണുമെന്ന് എനിക്കു തോന്നിയത്, സോറി! ഏതു മിശിഹായായിരുന്നാലും, അവരുടെ ഏകാന്ത രാത്രികളിൽ വന്നണയുന്ന മോഹിനികളിൽ നിന്നും രക്ഷപ്പെടാൻ അവർക്കു കഴിയില്ലെന്നുള്ളത് മനഃശ്ശാസ്ത്രം.”






“എല്ലാ നിയന്ത്രണങ്ങൾക്കും അതീതനായ ‘ഏലിയൻ’ അല്ല ഞാൻ. അപ്പപ്പോൾ തന്നെ മോഹിപ്പിക്കുന്ന അപ്സരസുകൾ വന്നിട്ടുമുണ്ട്.’

“അപ്പോൾ അവരെ എന്തു ചെയ്യും? മോഹിക്കുമോ അതോ ഭോഗിക്കുമോ, അതോ വിരട്ടിയോടിക്കുമോ?”

“അതു വെറും സ്വപ്നമല്ലേ? അതൊന്നും എന്റെ നിയന്ത്രണത്തിലുള്ള കാര്യമല്ല. പലവിധമുള്ളതായിരിക്കും, മാഡം.”

“എങ്ങനെയാ മനുഷ്യാ നിങ്ങളുടെ കാമത്തെ ഒളിപ്പിച്ചു വെയ്ക്കുന്നത്..? മനുഷ്യന് സ്വാഭാവികമായി ഉണ്ടാകുന്ന കാമത്തെ ഒളിച്ചു വയ്ക്കേണ്ട കാര്യമെന്താ? നിന്റെ അവയവങ്ങൾക്കൊന്നും കുഴപ്പങ്ങളില്ലല്ലോ!”

“മനുഷ്യന് അവയവങ്ങൾ അത്യാവശ്യമാണ്. എന്നാൽ കാമേന്ദ്രിയങ്ങൾ എന്റെ വഴി തീരുമാനിക്കാൻ, എന്നെ ഉലച്ചു കളയാൻ ഞാൻ അനുവദിക്കാറില്ല. തൻമൂലമുണ്ടാകുന്ന പ്രലോഭനങ്ങൾ ഇല്ലാതില്ല. എന്നാൽ അതിനെ ഞാൻ എങ്ങനെയെങ്കിലും അതിജീവിക്കും.”

“നിങ്ങളുടെ വരട്ടുത്തത്വവാദങ്ങൾ കൊണ്ട് എന്നെ വറുത്തെടുക്കരുത് മിസ്റ്റർ, എന്നെ വിട്ടേക്ക്...”

എന്നും പറഞ്ഞ് അവൾ പോയിക്കിടന്നു. ഹന്നാ ഒരിക്കലും അവളുടെ ബെഡ്റൂമിന് താഴിടാറില്ല.

**അ**വളുടെ പേര് തേനരുവി. നമ്മുടെ നാട്ടുകാരി. ചുറ്റി വളച്ചു പറഞ്ഞാൽ എന്റെ ബന്ധുവാണ്. അന്ന് മോസ്കോയിൽ പഠിക്കുകയായിരുന്നു. അന്നവൾക്ക് വേനലവധി. അക്കാലത്ത് മോസ്കോ, ബൈലോറഷ്യ, ക്രിമിയ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അവധിക്കാലങ്ങളിൽ ലണ്ടൻ, മാഞ്ചസ്റ്റർ, ഗ്ലാസ്ഗോ തുടങ്ങിയ സ്ഥലങ്ങളിൽപ്പോയി ഏതെങ്കിലും കിയോസ്കുകളിലോ പൂക്കടയിലോ ജോലി ചെയ്ത് കുറെ പണം സമ്പാദിക്കും. അങ്ങനെ അവൾ ലണ്ടനിലേക്കു പോകുന്ന വഴിയാണ് ഇവിടെ വന്ന് എന്നോടൊപ്പം രണ്ടു ദിവസം ചെലവഴിച്ചത്. അവൾക്ക് ലണ്ടനിൽ പോയിവരുന്നതിനുള്ള ടിക്കറ്റ് ഞാനെടുത്തു കൊടുത്തു. അവൾ പോകുന്നതിന്റെ തലേ ദിവസം രാത്രി ഹെന്ന ഞങ്ങൾക്കെല്ലാം വേണ്ടി സീഫുഡുകൾ ചേർത്ത് പാസ്താ ഉണ്ടാക്കിത്തന്നു.

“ഒരുത്തി എന്നോടൊപ്പം വന്നതുകൊണ്ട് ഞാനവളുമായി സെക്സ് ചെയ്യണോ?” “നിങ്ങൾ സെക്സ് ചെയ്തില്ലെന്ന് എനിക്ക് നന്നായിട്ടറിയാം...”

“അതെന്താ, എന്റെ മുറിയിൽ നടക്കുന്നതെല്ലാം നിന്റെ കാതുകൾ ശ്രദ്ധിക്കാറുണ്ടോ?”

“നിന്റെ സ്വകാര്യതയിൽ നുഴഞ്ഞുകയറിയെന്നു കരുതരുത്. അടുത്ത മുറിയിൽ സെക്സ് ചെയ്യുമ്പോൾ കുറഞ്ഞ പക്ഷം പൂച്ച കുറുകുന്നതുപോലെ അൽപ്പം സീൽക്കാരം പുറപ്പെടുവിക്കുകയോ ചിണുക്കങ്ങളും കൊഞ്ചലുകളും ഉണ്ടാകുകയോ ചെയ്യാറുണ്ട്. അങ്ങനെയൊന്നും കേൾക്കാത്തതാണ് എന്നെ അതിശയിപ്പിച്ചത്.

കിട്ടുന്ന പെണ്ണുങ്ങളോട് സെക്സ് ചെയ്യരുതെന്ന് നിങ്ങൾക്ക് വല്ല വ്രതവുണ്ടോ? തിയോളജി പഠിച്ച് ഏതെങ്കിലുമൊരു മിഷനിൽപ്പോയി ചേർന്നിരുന്നെങ്കിൽ, ഭാവിയിൽ നീയൊരു ബിഷപ്പായിത്തീരുമായിരുന്നു.”

“ഉം... ചെയ്യേണ്ടതായിരുന്നു, പക്ഷേ തോന്നിയില്ലല്ലോ!”

“ഇപ്പോഴും വൈകിപ്പോയിട്ടില്ല.”

“ശരി, ആലോചിക്കാം...”

“വിവാഹമെന്നത് എല്ലാവർക്കും മുഖ്യമായ വിഷയമല്ലേ?”

“പലർക്കും അങ്ങനെയായിരിക്കാം. എന്നാൽ എല്ലാവർക്കും എന്നത് ശരിയായ പ്രസ്താവനയല്ല.”

“നിന്നെ ഇഷ്ടപ്പെടുന്ന ഒരു പെണ്ണ് ഇതേ ചോദ്യം ചോദിച്ചാൽ നിന്റെ ഉത്തരം ഇതുതന്നെയായിരിക്കുമോ?”

“ഇതിൽ നിന്നും വ്യത്യസ്തമായ ഒരു ഉത്തരം പറയാൻ തക്ക ഒരു പെണ്ണിനെ ഞാനിതു വരെ കണ്ടിട്ടില്ല.”

“സത്യം പറയൂ, നിനക്ക് ആരോടെങ്കിലും എപ്പോഴെങ്കിലും പ്രേമം തോന്നിയിട്ടുണ്ടോ?”

“വല്ലപ്പോഴും വെറുതെ അങ്ങനെ ചില ആശകളൊക്കെ ഉണ്ടായിട്ടുണ്ട്. അത് പ്രേമമാണെന്ന് ഒരിക്കലും ഞാൻ തെറ്റിദ്ധരിച്ചിട്ടില്ല. എനിക്കു പ്രേമിക്കണമെന്നു തോന്നിയ ഒരുത്തിയെയും ഞാനിതു വരെ കണ്ടുമുട്ടിയിട്ടില്ല. അതുപോലെ ഞാൻ കണ്ടുമുട്ടിയ ഒരുവൾക്കും എന്നെ പ്രേമിക്കാൻ കൊള്ളുന്നവനായി തോന്നിയിരിക്കാനിടയില്ല എന്നുമാകാമല്ലോ!”

“പലരും പെൺവാസനയ്ക്കു വേണ്ടി സങ്കടപ്പെട്ടു കഴിയുന്നു. രാത്രികളിലും ഏകാന്തതയിലും കുളിരിലും നിനക്ക് ഒരു പെണ്ണിന്റെ കൂടെയിരുന്നാൽ നന്നായിരിക്കുമെന്ന് തോന്നിയിട്ടില്ലേ?”

“നീ മാംസദാഹത്തെപ്പറ്റിയാണോ പറയുന്നത്?”

“മാംസത്തെ സ്പർശിക്കുന്നതും പുണരുന്നതും കടിക്കുന്നതും മാത്രമല്ല അതിനപ്പുറവും ചിലതുണ്ട്. എങ്കിലും തൽക്കാലം പെണ്ണിനോടുള്ള ആശ എന്നു മാത്രം കരുതാം.”

“അതെല്ലാം എല്ലാവരെയും പോലെ എനിക്കുമുണ്ട്. ഇല്ലെങ്കിൽ അത് പിറവി ദോഷമായി കരുതുകയില്ലേ?”

“അപ്പോൾ ജീവിതത്തിൽ പ്രേമം, വിവാഹം ഇതിനൊന്നും യാതൊരു പ്രാധാന്യവുമില്ലേ?”

Continue ...

“നിനക്ക് ഞങ്ങളുടെ സമൂഹത്തെപ്പറ്റിയുള്ള അറിവ് തീരെ കുറവാണ്. അവിടെ ഒരാൾ പ്രേമിച്ച് കല്യാണം വരെ എത്തുന്നതിനിടയിൽ പല തടസ്സങ്ങളെയും നേരിടേണ്ടി വരും. മനസ്സിലാകുന്ന തരത്തിൽ ഒന്നു കൂടി വിശദീകരിക്കാം. ഇപ്പോൾ വേണ്ടെങ്കിൽ പിന്നൊരിക്കൽ പറഞ്ഞു തരാം.”

“വിശദമായി അൽപ്പം പറഞ്ഞു തരൂ... മനസ്സിലാക്കാൻ ശ്രമിക്കാം...”

“ആദ്യമായി, അവിടെ ‘ജാതി’ എന്നൊരു ഭൂതമുണ്ട്. അതു കഴിഞ്ഞാൽ സാമൂഹ്യനില, നിന്റെ ഭാഷയിൽ ‘വർഗ്ഗം’ (ലളിതമായിപ്പറഞ്ഞാൽ സോഷ്യലിസ്റ്റ് സമൂഹത്തിൽ), പിന്നെ സൗന്ദര്യം, വശ്യത, ഗാംഭീര്യം എന്നിവയും മുമ്പു പറഞ്ഞതെല്ലാം കൂടിയും കണക്കിലെടുത്തു മാത്രമേ പ്രണയം നിലനിൽക്കുകയുള്ളൂ. ചിലർ പ്രേമിക്കുന്നതിലും പ്രേമിക്കപ്പെടുന്നതിലും സന്തോഷം കണ്ടെത്തുന്നു. ചിലർക്ക് അതൊരു കണ്ണുപൊത്തിക്കളിയായും ചിലപ്പോൾ അത് കാൽച്ചങ്ങലയായും തോന്നും.”

“ഇരുപത് വയസ്സിൽ ഒരു ഫുട്ബോളുമായി ഓടുന്നവൻ അറുപതാം വയസ്സിലും ഫുട്ബോളുമായി അതേ പോലെ തന്നെ ഓടാൻ കഴിയുമോ? ഓരോ കാലഘട്ടത്തിനും പറ്റിയ വിളയാട്ടുകൾ പോലെ തന്നെയാണ് പ്രേമവും.”

“ശരീരബലമുള്ള കാലത്ത്, വികാരത്തിന്റെ ഉച്ചഘട്ടത്തിൽ, ഇനിയും കുറെക്കൂടി ആറാടാം, സുഖിക്കാം എന്നെല്ലാം തോന്നുമത്രേ....”

“നീയൊരു ഭൗതികവാദി അല്ലെന്നറിയാം. എങ്കിലും ഒരു സന്യാസിയെപ്പോലെയാണ് സംസാരിക്കുന്നത്. ആർക്കുവേണ്ടിയോ ഒരു സാധു... ആണെന്ന ഭാവത്തിലാണ് നീ ജീവിക്കുന്നത്.”

ഹന്നാ വികാരവതിയായി സംസാരിക്കുമ്പോൾ, അവളുടെ സുതാര്യമായ ഗൗണിനെ തുളച്ചു നില്ക്കുന്ന ചെറിയ മുലക്കണ്ണുകൾ സാധാരണയിൽ നിന്നും വ്യത്യസ്തമായി കാണപ്പെടും. ഇപ്പോഴും അവ അഴകായി കാണപ്പെട്ടു. മനഃപൂർവ്വമായി മാറിടങ്ങൾ മുന്നോട്ടു തള്ളി, ശരീരത്തെ ‘S’ പോലെ വളച്ച് ഒരു ശൃംഗാരഭാവം വരുത്തിക്കാട്ടിയ ശേഷം അവളുടെ മുറിയിലേക്കു പോയി.

“ജീവിതകാലം മുഴുവൻ മറക്കാൻ കഴിയാത്തവിധം അത്രയും പിണക്കങ്ങളും പ്രശ്നങ്ങളും അവൾ തന്നു കൊണ്ടിരിക്കും, ശ്രദ്ധിച്ചോളൂ...”

സ്ത്രീകളെപ്പറ്റി തത്വജ്ഞാനപരമായ കവിതകളെഴുതുന്ന ഷിനീസി യൂ സുസൂകി എന്ന ഒരു എഴുത്തുകാരിയുടെ വാക്കുകൾ ഓർമ്മയിലെത്തി. ഞാൻ പോയിക്കിടന്നുറങ്ങി.

ഉറക്കത്തിൽ, എന്റെ മുറിക്കുള്ളിൽ ഹന്നായുടെ പ്രിയപ്പെട്ട Black Opium Perfume ന്റെ വാസന വന്നതുപോലെ...

“നിനക്കുള്ള പെണ്ണ് ഞാനല്ലെന്നു കരുതുന്ന റാസ്കൽ...” എന്നു പറയുന്നതും കേട്ടപോലെ...

തുടർന്ന്, കട്ടിലിന്റെ വിളിമ്പിൽ ആരോ ഇരിയ്ക്കുന്നതു പോലെയൊരു തോന്നൽ...

ഞെട്ടിയെഴുന്നേറ്റു നോക്കി. ഒന്നും കാണാൻ കഴിഞ്ഞില്ല. എല്ലാം വെറുമൊരു ഭ്രമം

അന്നു രാവിലെ എനിക്കൊരു കാപ്പി നീട്ടിക്കൊണ്ട് അവൾ ചോദിച്ചു,

“മിസ്റ്റർ, വരുന്ന മേയ് മാസം ആറാം തീയതി നിനക്കൊരു ലീവെടുക്കാൻ പറ്റുമോ? അന്ന് എനിക്കും ലിയോണിനും റജിസ്റ്റർ മാര്യേജ് ആണ്. എന്റെ ഭാഗത്തുനിന്നുള്ള സാക്ഷി നീയാണ്.”

ലിയോൺ ആരാണെന്ന് ഞാൻ ചോദിച്ചില്ല. അന്ന് ഹന്നായെ കെട്ടിപ്പിടിച്ച, പിൻവാതിലിലൂടെ കൂട്ടിക്കൊണ്ടുപോയവൻ തന്നെയാണോ, അതല്ല മറ്റാരെങ്കിലുമോ...




Surya

കവിയൂർ ശിവപ്രസാദ്

പുസ്തകവിചാരം

# കാഴ്ച്ചയുടെ അകവും പുറവും





**"All Work of art is auto biographical pearl is oyeter's autobiography"**

വിഖ്യാത ഇറ്റാലിയൻ ചലച്ചിത്ര സംവിധായകനായ ഫെഡറിക്കോ ഫെല്ലിനി കലയേപ്പറ്റി തന്റെ അഭിപ്രായം പറയുന്നത് ഇപ്രകാരമാണ്.

> **ഒരു ഭൗതിക യാഥാർത്ഥ്യത്തെ ഓരോരുത്തരും എപ്രകാരം വിവക്ഷിക്കുന്നു എന്നുള്ളത് ഉത്കൃഷ്ട കലയുടെ സിദ്ധാന്തമായിട്ടാണ് കരുതപ്പെടുന്നത്. അപ്രകാരം ദർശനാ ടാക്കീസ് ഭൗതികതയിൽ നിന്നും അതീതമായ ഒരു അലിഗറിയായി മാറുന്നുണ്ട്.**

ഇ. വി. റെജി എഴുതിയ ദർശനാ ടാക്കീസ് എന്ന നോവൽ വായിച്ചു കഴിഞ്ഞപ്പോൾ ഫെല്ലിനിയുടെ വാക്യം അന്വർത്ഥമാണെന്ന് എനിക്ക് തോന്നി. ഒരു നാട്ടിൻപുറത്തിന്റെ സ്ഥലരാശിയിൽ സംഭവിച്ച ചില അനുഭവങ്ങളെ ചമൽക്കാരഭംഗി നഷ്ടപ്പെടാതെ നോവലിസ്റ്റ് കയ്യടക്കത്തോടെ ഈ രചനയിൽ പുനഃസൃഷ്ടിച്ചിരിക്കുന്നു.

സിനിമയിലെ റീലുകൾ പോലെ, പതിനൊന്ന് അദ്ധ്യായങ്ങളിലായി ഒരു ഗ്രാമ വ്യവഹാര സ്വരൂപത്ത, ജനതയുടെ വൈകാരികവും വിചാരപരവുമായ തലത്തിൽ നിന്നുകൊണ്ട് ദർശനാ ടാക്കിസ് ആഖ്യാനം ചെയ്യുന്നു. കഥാനായകനായ ബാലകൃഷ്ണന്റെയൊപ്പം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും നോവലിൽ അവിടവിടെയായി പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും ബാലകൃഷ്ണന്റെ പരോക്ഷ സാന്നിദ്ധ്യം ഇതര കഥാപാത്രങ്ങളിലും നമുക്ക് ദർശിക്കാവുന്നതാണ്.

ഒരു ഭൗതിക യാഥാർത്ഥ്യത്തെ ഓരോരുത്തരും എപ്രകാരം വിവക്ഷിക്കുന്നു എന്നുള്ളത് ഉത്കൃഷ്ട കലയുടെ സിദ്ധാന്തമായിട്ടാണ് കരുതപ്പെടുന്നത്. അപ്രകാരം ദർശനാ ടാക്കീസ് ഭൗതികതയിൽ നിന്നും അതീതമായ ഒരു അലിഗറിയായി മാറുന്നുണ്ട്. ഇതിലെ കഥാപാത്രങ്ങളിൽ പലരും വൈവിദ്ധ്യമാർന്ന രീതിയിലാണ് ദർശനാ ടാക്കീസ് എന്ന ഓലപ്പുരയെ കാണുന്നത്. അവിടെ കളിച്ച പല ചിത്രങ്ങളും നോവലിന്റെ സ്വന്തം ജീവിതത്തെ സ്വാധീനിച്ചതാകുന്നു എന്ന് തോന്നുന്ന തരത്തിലുള്ള സാക്ഷ്യപത്രം കൂടിയാണ് ഈ രചന.

ഗ്രാമ വിശുദ്ധിയുടെ പ്രതീകമായി കേരളത്തിലെമ്പാടും ഇത്തരം ഓലക്കൊട്ടകകൾ ഒരു കാലത്ത് നിലനിന്നിരുന്നു. അത് കേവലം ഗൃഹാതുരതയ്ക്കപ്പുറം, ദൃശ്യാനുഭവത്തിന്റെ വ്യാകരണ പൊരുളും സംസ്ക്കാരത്തിന്റെ ഭാഗവുമായിരുന്നു. ഈ ദൃശ്യസംസ്കൃതി അക്കാലത്തെ ജീവിതത്തിന്റെ അഭിഭാജ്യ ഘടകവുമായിരുന്നു.

ദർശനാ ടാക്കീസിന്റെ ശിൽപ്പഘടന ഒരു മികച്ച സിനിമ പോലെയാണ്. ആദ്യത്തെയും അവസാനത്തെയും അദ്ധ്യായങ്ങൾ രണ്ട് ഗാനങ്ങളാൽ ബന്ധിച്ചിരിക്കുന്നു. ഇടയ്ക്കുള്ള മറ്റ് അദ്ധ്യായങ്ങൾ എഴുപതുകളിലും എൺപതുകളിലുമിറങ്ങിയ ഒൻപത് സിനിമകളുടെ പേരുകൾ കൊണ്ടു കോർത്തിണക്കിയിരിക്കുന്നു. ഓരോ അദ്ധ്യായങ്ങളും തലക്കെട്ടായ സിനിമകളിൽ നിന്ന് ഗ്രാമ്യാനുഭവത്തിന്റെ ജീവിതത്തിലേക്ക് സംക്രമിക്കുന്നതും കാണാം. അതിൽ ഗ്രാമീണമായ പ്രേക്ഷകരും പ്രൊജക്റ്റ് ഓപ്പറേറ്ററും സ്ഥാപനത്തിന്റെ ഉടമയും തൊഴിലാളികളുമെല്ലാം ജീവസുറ്റ കഥാപാത്രങ്ങളായി മാറുന്നു. ഒരുകാലത്ത്, കേരളത്തിലെവിടെയുമുള്ള പ്രേക്ഷകർക്ക് ഈ കഥാപാത്രങ്ങളെയൊക്കെ സുപരിചിതരെപ്പോലെ ഈ നോവലിൽ തിരിച്ചറിയാവുന്നതാണ്. ഇവരിലൂടെയൊക്കെ സാമൂഹിക അനീതികളെ ചെറുക്കുന്ന നവീനവും പുരോഗമനപരവുമായ ഒരു ആശയലോകം ഉയർത്തിപ്പിടിക്കാനും നോവലിസ്റ്റിന് കഴിയുന്നു. ഒപ്പം, വർത്തമാനകാലത്തിന്റെ വാണിജ്യവത്ക്കരണത്തിൽ പെട്ടുപോകുന്ന അണുകുടുംബജീവിതത്തിന്റെ ഭീതിദമായ അകവും പുറവും കൂടി ദർശനാ ടാക്കീസിന്റെ അവസാന ഭാഗത്ത് നിഴൽ വീഴ്ത്തുന്നു.

**ടിക്കറ്റ് കൗണ്ടറിലെ കിളിവാതിലിൽ കൈകുടുങ്ങിപ്പോയ കുട്ടനാശ്ശാരിയും നായർ സ്ത്രീയായ സുലോചനയും പുതിയൊരു ജീവിതത്തിലേക്ക് പരിണമിക്കുന്നതിൽ, തെറ്റായ മൂല്യവ്യവസ്ഥയോടുള്ള നിഷേധവും പുരോഗമനമായ രാഷ്ട്രീയത്തിന്റെ ഒരുയർന്ന തലവുമുണ്ട്.**




അതുപോലെതന്നെ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ താലൂക്ക് സമ്മേളനം നടത്താനായി ടാക്കീസ് തുറന്നു കൊടുക്കുന്നതിലും ഈ ഉയർന്ന രാഷ്ട്രീയ മൂല്യം തിരിച്ചറിയാവുന്നതാണ്. ഇ. കെ. നായനാരുടേയും പി. കെ. ചന്ദ്രാനന്ദന്റേയുമൊക്കെ സാന്നിദ്ധ്യത്തിലൂടെ ടാക്കീസിനെ മുൻനിർത്തി നോവലിസ്റ്റ് അവതരിപ്പിക്കുന്ന കലർപ്പില്ലാത്ത രാഷ്ട്രീയം ചർച്ച ചെയ്യപ്പെടേണ്ടതാണ്.

സ്വാമി അയ്യപ്പൻ, ചെന്നായ് വളർത്തിയ കുട്ടി, തെമ്മാടി വേലപ്പൻ തുടങ്ങി ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ വരെയുള്ള ചിത്രങ്ങളിലൂടെ ഏറെ വ്യത്യസ്തമായ അനുഭവങ്ങൾ ആവിഷ്ക്കരിക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്.

എൺപതുകൾക്ക് ശേഷമുണ്ടായിട്ടുള്ള സമാന്തര സിനിമകളോടുള്ള നമ്മുടെ സമൂഹത്തിന്റെ അകൽച്ച, ചെറിയാച്ചന്റെ ക്രൂരക്രൃത്യങ്ങൾ കാണാൻ ദർശനയിലേക്ക് ചെന്നപ്പോഴുണ്ടായ വിരുദ്ധാനുഭവത്തിലൂടെ നോവലിസ്റ്റ് വ്യക്തമാക്കുന്നു. വാണിജ്യവത്ക്കരണത്തിന്റേയും അത് സൃഷ്ടിക്കുന്ന അശ്ലീലതയുടെയും ദു:സ്വാധീനമാണ് ഇതിലൂടെ അടയാളപ്പെടുന്നത്.

കലയിലെ ബഹുസ്വരത ഈ നോവലിൽ ഏറെ സൂക്ഷ്മമാകുന്നുണ്ട്. അവ ഏകീകൃത സ്വഭാവത്തിൽ എത്തപ്പെടുന്നത്, ദർശനാ ടാക്കീസ് എന്ന യാഥാർത്ഥ്യത്തിലേക്കാണ്. അതുകൊണ്ടു തന്നെ നൂറ്റി ഇരുപത് പേജുകൾ മാത്രമുള്ള ഈ ചെറിയ നോവൽ ഭൂതകാലത്തിന്റെയും വർത്തമാന കാലത്തിന്റെയും കാഴ്ചയുടെ അനുഭവങ്ങളെ വലിയൊരു യാഥാർത്ഥ്യമാക്കി തീർക്കുന്നു.

കാരൂർ സോമൻ

യാത്രാ വിവരണം

# നാടകലോകത്തെ വിസ്മയ ഗോപുരം






ഷേക്സ്പിയേർസ് ഗ്ലോബ് തിയേറ്ററിൽ ലേഖകൻ




'കണ്ടു വരേണ്ടത് കേട്ടാൽ മതിയോ?' എന്നൊരു പഴമൊഴിയുണ്ട്, മലയാളത്തിൽ. അങ്ങനെയുള്ള ഒന്നാണ്, നമ്മുടെ ഗംഗാ നദി പോലെ, ഇംഗ്ലണ്ടിന്റെ ഐശ്വര്യദേവതയായ തേംസ് നദിയുടെ തീരത്ത് ശോഭയാർജിച്ച് നില്ക്കുന്ന ഷേക്സ്പിയേർസ് ഗ്ലോബ് തിയേറ്റർ.

ഈ ലോകസാഹിത്യ വിസ്മയത്തെ ആരോടെങ്കിലും പറഞ്ഞാലോ ആരിൽനിന്നും കേട്ടാലോ മതിയാകില്ല; മതിവരില്ല. നേരിട്ടു തന്നെ കാണേണ്ട; തൊട്ടറിയേണ്ട ഒരു സത്യമാണത്.

മുൻപ്, 'ക്ലിയോപാട്ര' നാടകം കാണാൻ അവിടെ ചെന്നപ്പോൾ ആകാശം നിറയെ, ചന്ദ്രന് ചുറ്റും വിളക്കുകളേന്തി നിൽക്കുന്ന നക്ഷത്രങ്ങളെയാണ് കണ്ടതെങ്കിൽ, ഈ പകൽ, സൂര്യന് ചുറ്റും വെള്ളയും നീലയുമണിഞ്ഞ മേഘങ്ങളാണ് എന്നെ വരവേറ്റത്.

ലണ്ടൻ ബ്രിഡ്ജ് ഭൂഗർഭ റെയിൽവേ സ്റ്റേഷനിലിറങ്ങി, മലകയറുന്നപോലെയുള്ള കൺവെയർ ബൽറ്റിലൂടെ മുകളിലെത്തിയപ്പോൾ, കേരളത്തിലെ നൂറു തൊടിയിൽ കൂടുതൽ താഴ്ചയുള്ള ഒരു കിണറ്റിൽനിന്ന്, മുകളിലെത്തിയ പ്രതീതി. പുറത്തിറങ്ങി ബോറോ മാർക്കറ്റിലൂടെ നടന്നു.

2017 ജൂൺ 3ന് നടന്ന മതതീവ്രവാദ ആക്രമണത്തോടെ ലോകശ്രദ്ധയിലെത്തിയ ബോറോ മാർക്കറ്റിൽ അപ്പോഴും ഒരു നൊമ്പരക്കാറ്റ്, തേംസ് നദിയിയെയും കടന്ന്, ലണ്ടൻ ബ്രിഡ്ജിനെ വലംവെച്ച് പോകുന്നുണ്ട്. ഗ്ലോബ് തിയേറ്ററിന് മുന്നിൽ കുട്ടികളടക്കം ജനങ്ങൾ നിറഞ്ഞിരുന്നു. തേംസ് നദിയിലൂടെ സഞ്ചാരികളെ വഹിച്ചുകൊണ്ടുള്ള ബോട്ടുകൾ ഒഴുകുന്നു. മുകളിൽ പാറുന്ന പ്രാവുകൾ. പുറത്തെ തിയേറ്റർ ഭിത്തികളിൽ ഷേക്സ്പിയർ നാടകങ്ങളുടെ പരസ്യങ്ങൾ. തിയേറ്ററിന്റെ മൂലയ്ക്ക് സ്വാൻ റസ്റ്റോറന്റും ബാറും. സെക്യൂരിറ്റി പരിശോധന കഴിഞ്ഞ് അകത്തു കയറി. മുന്നിൽ ഷേക്സ്പിയറിന്റെ കറുത്ത മാർബിൾ പ്രതിമ.

ഷേക്സ്പിയർ നാടകങ്ങളിൽ അഭിനയിച്ച രാജ്ഞിമാരടക്കമുള്ളവരുടെ അലങ്കാരവസ്ത്രങ്ങളടക്കം പലതും ഇവിടെ കാണാം. സന്ദർശകർക്ക് കാണിച്ചുകൊടുക്കാനും വിശദീകരിക്കാനും മറ്റും ഗൈഡുകളുടെ ഗ്രൂപ്പുകളുണ്ട്. അവർ വെറും ഗൈഡുകളല്ല, അദ്ധ്യാപകരാണ്. സഞ്ചാരികൾക്ക് വേണ്ടി ഇവർ പഠനക്ലാസുകളും നാടക ശില്പശാലകളും തിയ്യറ്ററിന്റെ വിവിധ കോണുകളിൽ സംഘടിപ്പിക്കുന്നു.

ഗാലറികൾക്ക് താഴെ ഇൻഫർമേഷൻ സെന്ററും ബുക്കുകളും സോവനീറും ലഭിക്കും. അവിടെ, മൂന്നു കിലോയിൽ കൂടുതൽ ഭാരമുള്ള ഷേക്സ്പിയറുടെ, **'കംപ്ലീറ്റ് വർക്സ് ഓഫ് ഷേക്സ്പിയർ'** എന്ന പുസ്തകം കണ്ടു. ഷേക്സ്പിയറുടെ നാടകങ്ങളും കവിതകളും അടങ്ങിയ രചനകളുടെ സമ്പൂർണ്ണ സമാഹാരമാണ് അത്.







ടിക്കറ്റുകൾ കൂടുതലും ഒരു മണിക്കൂറിനുള്ളതാണ്. സാമ്പത്തിക ശേഷിയില്ലാത്തവരെ സൗജന്യമായും പ്രവേശിപ്പിക്കാറുണ്ട്. മൂന്നുനിലകളിലായി മൂന്ന് ഗാലറികൾ. ഓരോ ഗാലറികളും നാല് ചെറുഗാലറികളായി തിരിച്ചിരിക്കുന്നു. ഗാലറികളിലേക്കുള്ള പ്രവേശനപ്പാതകൾ പിറകിലാണ്. അവിടെനിന്ന് ഗാലറിയിലേക്ക് കയറാൻ അഞ്ച് പടികളുണ്ട്. ഓരോ ഗാലറിയും മുകളിലേയ്ക്കുയർത്തിയിരിക്കുന്നത്, തടികൊണ്ടുള്ള പതിനാറ് തൂണുകൾ കൊണ്ടാണ്. ആറു നിര വീതമുള്ള ചെറു ഗാലറികളിൽ എട്ടോ പത്തോ പേർക്കിരിക്കാം. ഏറ്റവും താഴെ ഗാലറിയുടെ നടുമുറ്റം. തറയിലിരുന്നും നിന്നും നാടകം കാണാനുള്ള സൗകര്യമുണ്ട്. ഗാലറിയുടെ ഓരോ ഭാഗത്തും വീൽചെയറിലിരുന്നും നാടകം കാണാം.

സ്റ്റേജിന്റെ ഇരുഭാഗങ്ങളിലും കസേരയുള്ള ഗാലറികളുമുണ്ട്. അത് ഉന്നതർക്കുള്ള ഭാഗമാണ്. ആ ഭാഗത്ത് മനോഹരങ്ങളായ





ചിത്രരചനകളുണ്ട്. സ്റ്റേജ് ഒരു രാജസദസ്സുപോലെ, തങ്കനിറത്താൽ അലംകൃതമാണ്. രംഗത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഞാൻ റോമിൽ കണ്ട ഫ്ളേവിയൻ ആംഫിതിയേറ്റർ (കൊളോസിയം) പോലെ തോന്നി. അതിന് മേൽക്കൂരയില്ല. ഇവിടെയും മേൽക്കൂരയില്ല. കൊളേസിയത്തിൽ അമ്പതിനായിരം പേർക്ക് ഇരിക്കാമെങ്കിൽ ഇവിടെ മുവ്വായിരം പേർക്ക് ഇരിക്കാനുള്ള സൗകര്യമാണ് ഉള്ളത്.

1599ൽ, വില്യം ഷേക്സ്പിയറിന്റെ 'ലോർഡ് ചേമ്പർലിൻസ് മെൻ' എന്ന നാടക കമ്പനി, തേംസ് നദിയുടെ തെക്കൻ തീരത്ത്, സൗത്ത് വാർക്കിൽ നിർമ്മിച്ച 'ഗ്ലോബ് തീയേറ്റർ' 1613 ജൂൺ 29ന് ഉണ്ടായ തീപ്പിടുത്തത്തിൽ നശിച്ചുപോയിരുന്നു. തുടർന്ന്, അതേ സ്ഥലത്ത് 1614 ജൂണിൽ തീയേറ്റർ ആരംഭിച്ചുവെങ്കിലും 1642-ൽ പൂട്ടി. പിന്നീട് 1997 ജൂണിലാണ്, ഇപ്പോഴത്തെ തീയേറ്റർ നിലവിൽ വന്നത്. ആദ്യത്തെ തീയേറ്റർ നിന്നിരുന്ന സ്ഥലത്തുനിന്നും 230 മീറ്ററോളം മാറിയാണ്, ഷേക്സ്പിയേർസ് ഗ്ലോബ് തിയേറ്റർ.



ഷേക്സ്പിയേർസ് ഗ്ലോബ് തിയേറ്ററിൽ ലേഖകൻ

കാർട്ടൂൺ

സുധീർ നാഥ്





'Yoga is the journey of the self, through the self, to the self.'

# ONLINE BLISS YOGA KENDRA



HAPPY Onam 2025



A HEALTHY LIFE THROGH YOGA

REDUCE STRESS | RELAX BODY | ENJOY OUTDOOR

**Abhitha Subhash**

AYUSH CERTIFIED WELLNESS INSTRUCTOR

**8592860873**

Your

# One-Stop

## Marketing Partner

We craft powerful digital journeys that make
your brand stand out.



Branding & Creative Design | Digital Marketing
Google & Meta Ads | SEO & Website Solutions | Video Ads
Creative Shoots | Corporate Films & Content Production

Let's reprogram what's possible

CONTACT US FOR A FREE CONSULTATION

+91 89218 85849 | info@digital.krizind.com

digital.krizind.com

Onam edition- 2025, a non- paid circulation of Prathibhavam online periodical
edited by Sathish Kalathil for Kriz solutions, Thrissur, Kerala, India- 680 011